3882

[illegible]

# അന്തോണീസ് പുണ്യവാളൻ

SAHITYA PRAVARTHAKA C.S. LTD.
KOTTAYAM

SAHITHYA VILASINI LIBRARY
AYATHIL
KILIKOLLUR
3882

മോപ്പസാങ്ങ് കഥകൾ-2

# അന്തോണീസ് പുണ്യവാളൻ

(Malayalam)
Anthonies Punyavalan
Short Stories
By GUY DE MAUPASSANT

Translated by
MATASSERI MADHAVA WARRIER

First Published February 1961

Printed at
INDIA PRESS, KOTTAYAM

Price Rs. 1.50

Copyright
Sahitya Pravarthaka C. S. Ltd.

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOKSTALL
**Kottayam Kerala State India**

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P.O.
QUILON.
SPORTS CLUB
3882

# അന്തോണീസ് പുണ്യവാളൻ

## മോപ്പസാങ്ങ്

വിവർത്തനം
**മാടശ്ശേരി മാധവവാരിയർ**

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണസംഘം**

---

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.50

## മോപ്പസാങ്ങ് കൃതികൾ

(മലയാളത്തിൽ)

| | |
|---|---|
| കാമുകൻ | നോവൽ |
| ഒരു സ്ത്രീയുടെ ജീവിതം | ,, |
| നമ്മുടെ ഹൃദയങ്ങൾ | ,, |
| തടിച്ചവേശ്യ | ,, |
| പുരോഹിതൻ | ,, |
| പ്രതികാരം | കഥ |
| ഒരു വേശ്യയുടെ കഥ | ,, |
| ഒരു ചുംബനത്തിൻെറ കഥ | ,, |
| വെളുത്തപെണ്ണ് | ,, |
| പിശാചുക്കളുടെ തള്ള | കഥകൾ |
| അന്തോണീസ് പുണ്യവാളൻ | ,, |
| അഞ്ചു കഥകൾ | ,, |
| മോപ്പസാങ്ങിൻെറ ചെറുകഥകൾ | ,, |
| സംസാരിക്കുന്ന തലയോട്ടി | ,, |
| തലതിരിഞ്ഞ കാമുകൻ | ,, |

S1165 B751 65/60-61 1-1000 CRB187

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR P.O.

# ഗെ-ഡെ-മോപ്പസാങ്ങ്
## (1850—1893)

'ഒരു കരാറുചെയ്താലേ നിന്നെ ശിഷ്യനായി സ്വീകരിക്കാൻ സാധിക്കു. സമ്മതമാണോ?'

സാഹിത്യവിദ്യ വശമാക്കാനാണു് ശിഷ്യഭാവം ആ യുവാവു് സ്വീകരിച്ചതു്. അന്നത്തെ ഏററവും നല്ല ഗദ്യകാരനാണു് ഗുരു.

'ആദ്യം എഴുതാൻ പഠിക്കുക, പിന്നീടു് കലയെപ്പററി. ഇതു രണ്ടും ഒത്തുചേന്നു് പരിപൂണ്ണമായി എന്നു് ബോദ്ധ്യം വന്നിട്ടേ വല്ലതും വെളിയിൽ കാണിക്കാവു. അല്ലാതെ വല്ലതും ഭാവിച്ചാൽ അന്നു് ഇവിടുന്നു പുറത്തു്.'

ഏതായാലും ശിഷ്യൻ ഇതു സമ്മതിച്ചു. ഇങ്ങനെ ആ യുവാവു് സാഹിത്യവിദ്യ അഭ്യസിക്കാൻ തുടങ്ങി.

ഏഴുകൊല്ലത്തോളം ഈ ഗുരുശിഷ്യബന്ധം നീണ്ടുനിന്നു. എന്നാൽ ഒരു ഗുരുവിനെ മാത്രമല്ല ഈ ശിഷ്യനു് അവിടെ ലഭിച്ചതു്. അന്നു് ഫ്രാൻസിൽ ജീവിച്ചിരുന്ന മിക്ക എഴുത്തുകാരും അവിടെ ഒത്തുകൂടും. ദാദെ, സോള, ടാർജിനീവ് തുടങ്ങിയവർ എല്ലാം ഫ്ളാബർട്ടിൻെറ ഗൃഹത്തിൽ ഒത്തുചേരും. അവരുടെ ചർച്ച സശ്രദ്ധം ഈ യുവാവും കേൾക്കും. ആരോഗ്യവും കായികാഭ്യാസങ്ങളിൽ ആസക്തിയും ഉള്ള ഈ ചെറുപ്പക്കാരനോടു് ഫ്ളാബർട്ടിനു് സ്നേഹവും ആദ്യം മുതൽ ഉണ്ടായി. ഈ യുവാവിന്റെ മാതാവു് ഫ്ളാബർട്ടിന്റെ ഒരു പഴയ മിത്രമായിരുന്നു.

ഏഴുകൊല്ലം ഇങ്ങനെ കഴിഞ്ഞു. പാരീസിൽ ജീവിക്കുവാൻവേണ്ടി ഒരു ചെറിയ ഉദ്യോഗം സ്വീകരിച്ചു. ആദ്യം തല്ക്കാലത്തേക്കു് ഒരു ക്ലാർക്കു്. പിന്നെ ആ ഡിപ്പാർട്ടുമെൻറിലേക്കു് ആവശ്യമുള്ള ഫാറങ്ങൾ അച്ചടിപ്പിച്ചു് വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥൻ. ആ ഉദ്യോഗജീവിതത്തിനിടയിൽ ഒരു സർട്ടിഫിക്കേററും കിട്ടി. അതായതു് വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗത്തിനു് അത്യാവശ്യമായ ഗദ്യരചനാപാടവം ആ യുവാവിനു് ഇല്ലെന്നു്.

## രണ്ടു്

ഇങ്ങനെ അഭ്യസനം പൂർത്തിയായി. ഗുരുവിനു ചേർന്ന വിധംതന്നെ ആയിരുന്നു ഗുരുദക്ഷിണയും. ഒരു കവിതാസമാഹാരം പുറത്തുവന്നു. ഗവണ്മെൻറു് ഈ പ്രസിദ്ധീകരണത്തിനു് ഗ്രന്ഥകാരൻെറ പേരിൽ കേസെടുത്തു. ഗുരുവിനു് ഇതു് ഇഷ്ടമായി. തന്നെപ്പോലെ ശിഷ്യനും ഇത്തരം നടപടിക്കു വിധേയനായല്ലോ എന്നു്. ഏതായാലും കേസു് മുന്നോട്ടുപോയില്ല. ചില കാരണങ്ങൾകൊണ്ടു് അതു പിൻവലിക്കപ്പെട്ടു.

അധികം താമസിച്ചില്ല. ഒരു കഥാസമാഹാരം പുറത്തിറങ്ങി. അതിലും ഈ യുവഗ്രന്ഥകാരൻെറ ഒരു നീണ്ട ചെറുകഥ ഉണ്ടായിരുന്നു. 'ഇതു് ഒരു ആഭരണംതന്നെ' എന്നു് ഗുരു അനുഗ്രഹിച്ചു ആ അഭിപ്രായം ഇന്നും ലോകം ഏറ്റുപാടുന്നു.

ഇങ്ങനെ ഏഴുകൊല്ലത്തെ അഭ്യസനത്തിനു ശേഷം ഒന്നാംപന്തിയിൽ ഒന്നാമനായി കഥയെഴുത്തുകാരിൽ മാനിക്കപ്പെടുന്ന മോപ്പസാങ്ങ് അദ്ദേഹത്തിൻെറ ഏററവും നല്ല വലിയ ചെറുകഥയായ 'ബാൾ അഫ് ഫാററു'മായി—'തടിച്ചവേശ്യ' ഈ കഥയുടെ വിവർത്തനമാണു്—രംഗപ്രവേശംചെയ്തു. ഈ കൃതിയിൽ ആർജ്ജിച്ച കീർത്തി കുറവുവരാതെ പത്തുകൊല്ലം വച്ചുപാലിക്കാനും ഈ ഗ്രന്ഥകാരനു് സാധിച്ചു.

'ടെല്ലിയർ മദാമ്മയുടെ സ്ഥാപനം' എന്ന കഥ പിന്നീടു പുറത്തുവന്നു. രണ്ടുവിധത്തിൽ അതു് പ്രശസ്തി ആർജ്ജിച്ചു. ഒന്നാമതു് കഥയുടെ ഗുണം. രണ്ടാമതു് അതു് റെയിൽവെസ്റ്റാളുകളിൽ വിററുപോകരുതെന്നു് ഗവണ്മെൻറിൻെറ വിലക്കു്. ഏതായാലും പേരും പണവും ഒരുമിച്ചു് ഈ ഗ്രന്ഥകാരനെ വരിച്ചു. ഉദ്യോഗം രാജിവച്ചു. ആ പേനായിൽനിന്നു് തടവുകൂടാതെ, ഇടയില്ലാതെ, ഗുണം കുറയാതെ, ചെറുകഥകൾ, നോവലുകൾ, യാത്രാവിവരണങ്ങൾ ഇവ പുറത്തുവന്നു. ചില നാടകങ്ങളും. ഒരു സാഹിത്യമാരിതന്നെ ആണു് പിന്നീടു് ഉണ്ടായതെന്നു പറയാം. 300 ചെറുകഥകൾ, 6 നോവലുകൾ, 3 സഞ്ചാരഗ്രന്ഥങ്ങൾ ഇവയാണു് പ്രധാനങ്ങൾ.

## മൂന്നു്

1850-ൽ ആണു് മോപ്പസാങ്ങ് ജനിച്ചതു്. അമ്മ ഒന്നാന്തരം ഒരു തൻേറടക്കാരി; അച്ഛൻ ഒരു നാഗരികൻ. ഇവ

രുടെ ദാമ്പത്യജീവിതം സുഖകരമായിരുന്നില്ല. ഒടുവിൽ ബന്ധം വിവാഹമോചനത്തിൽ അവസാനിച്ചു. രണ്ടു് ആൺകുട്ടികളായിരുന്നു ഇങ്ങനെ ഉടഞ്ഞ ബന്ധത്തിൽനിന്നു് അമ്മയ്ക്കു ലഭിച്ച സമ്പാദ്യം. അതിൽ മൂത്ത ആളാണു് ഗെ–ഡെ–മോപ്പസാങ്ങ്. അമ്മ വളർത്തിയ ഈ മകൻ ഒരു വിചിത്ര ശിശുവായിരുന്നു. നല്ല ആരോഗ്യം, സൗന്ദര്യം, വ്യായാമത്തിൽ അത്യാസക്തി ഇവ ബാല്യംമുതൽ മരണംവരെ ഇദ്ദേഹത്തിൽ നിന്നിരുന്നു. പതിമൂന്നാമത്തെ വയസ്സുവരെ എട്രീററില്ലുള്ള വിദ്യാലയത്തിൽ പഠിച്ചു. അവിടുന്നു് യ്‌വെറേറാട്ടു് വിദ്യാലയത്തിലേക്ക പഠിത്തം മാററി. അദ്ധ്യാപകന്മാരും വിദ്യാർത്ഥിയും ആയി അന്നുതൊട്ടു് നിരപ്പും ഇല്ലാതായി. കാരണം ഈ ബാലൻ കവിത എഴുതും; ആ കവിതകളിൽ കാണുന്നതു് എല്ലാം ശൃംഗാരവും മതദ്രോഹവും. ഇതുകൊണ്ടു് താക്കീതുകൾ മുറയ്ക്കു കിട്ടി. പക്ഷേ, ഇതിനപ്പുറവും ചില അതിക്രമങ്ങൾ ഈ ബാലൻ കാണിച്ചു. സ്ക്കൂൾഅധികാരികൾക്ക മാത്രമായി കരുതിവച്ചിരുന്ന വീഞ്ഞു്, പ്രത്യേകതരത്തിലുള്ള വീഞ്ഞു്, ഈ അക്രമി രുചിച്ചുനോക്കി. ഈ വിവരം അറിഞ്ഞപ്പോൾ സ്ക്കൂൾ അധികാരികൾ ബാലനെ പുറത്താക്കി. പിന്നീടു് റൂവങ്ങിൽ ഉള്ള വിദ്യാശാലയിൽ കുറച്ചു പഠിച്ചു. അന്നു് അവിടത്തെ മഹാകവി ആയിരുന്ന ലൂയി ബ്യൽഹെയുമായി പരിചയമായി. ഫ്ളാബർട്ടും ഈ കവിയും ചങ്ങാതികളായിരുന്നു. രണ്ടുപേരും ഈ ബാലൻെറ സാഹിത്യവാസനയിൽ ശ്രദ്ധ പതിപ്പിക്കയും ചെയ്തു.

1870–ൽ ഫ്രാൻസും പ്രഷ്യ(പിന്നത്തെ ജർമ്മനി)യുമായി യുദ്ധം തുടങ്ങി. പ്രഷ്യക്കാർ ജയിച്ചു് ഫ്രാൻസിൽ കടന്നുകയറി. അന്നു് മോപ്പസാങ്ങിനു് ഇരുപതുവയസ്സായതുകൊണ്ടു് പട്ടാളത്തിൽ നിർബന്ധസേവനം അനുഷ്ഠിക്കേണ്ടതായിവന്നു. റൂവങ്ങിൽനിന്നു് ഫ്രെഞ്ചുസേന പിൻവാങ്ങിയപ്പോൾ ഇവരുടെ കൂട്ടത്തിൽ മോപ്പസാങ്ങും ഉണ്ടായിരുന്നു. ഈ അനുഭവം എല്ലാം വിശദമായി ആദ്യം പ്രസിദ്ധീകരിച്ച 'ബാൾ അഫ് ഫാററിൽ' വിവരിച്ചിട്ടുണ്ടു്. പിന്നീടു് യുദ്ധവിരാമസന്ധിഒപ്പിട്ടു് എട്ടുമാസം കഴിയുംവരെ മോപ്പസാങ്ങ് പട്ടാളത്തിൽ കഴിഞ്ഞുകൂടി.

അവിടെനിന്നു് പാരീസിൽ വന്നപ്പോൾ നടന്നതെല്ലാമാണു് മുൻചൊന്നതു്.

പേരും ധനവും ലഭിച്ചതോട്ടുകൂടി മോപ്പസാങ്ങ്് പ്രണയനാടകങ്ങളും ഏറെ ആടി. ഇവയാണു് വിനാശത്തിനു വഴി തെളിച്ചതും. പേരുകേട്ട കരുത്തൻ, നീന്തൽ വിദഗ്ദ്ധൻ, വള്ളംതുഴയുവാൻ വിരുതൻ, ഹാസസാഹിത്യകാരൻ, ഇടവിടാതെ ഒന്നാന്തരം കഥകൾ ഒന്നിനൊന്നു മെച്ചമായി എഴുതുന്ന സാഹിത്യകാരൻ, ഇങ്ങനെ എല്ലായിടത്തും ഒന്നിച്ചു കണ്ട ആ സാധാരണ മനുഷ്യനിലും രോഗം കടന്നുകൂടി. കണ്ണിന്റെ കാര്യം ഏറെ മനസ്സിനു് വിഷമംചേർത്തു. ഇതും മററു രോഗങ്ങളും മാററാനായി അദ്ദേഹം ആഫ്രിക്കാ, ഇററലി, സിസിലി, കോഴ്സിക്കാ, ഫ്രാൻസിൻെറ തെക്കുഭാഗങ്ങൾ, ഇവ ചുററിസഞ്ചരിച്ചു. സഞ്ചാരഗ്രന്ഥങ്ങളും, മരുപ്പറമ്പിൻെറ ചൂട്ടും, മാമലയുടെ ഗാംഭീര്യവും, പ്രകൃതിസൗന്ദര്യവും എല്ലാം കാണാവുന്നവിധം വായനക്കാരെ മനസ്സിലാക്കുന്ന സരസഗദ്യത്തിൽ പകന്നു് നമുക്കു് ഒന്നാന്തരം വിരുന്നു തരുവാനും അദ്ദേഹത്തിനു സാധിച്ചു.

പിന്നീട്ടു് പലപ്പോഴും ഏകാന്തവാസം സ്വീകരിച്ചു. അതുകൊണ്ടും വിചാരിച്ച ഫലം ലഭിച്ചില്ല. തന്നിൽനിന്നുതന്നെ രക്ഷപ്രാപിക്കണമെന്ന വിചാരം മോപ്പസാങ്ങിനു വന്നു. കണ്ടതു് ദുഃസ്വപ്നങ്ങൾ, കാണാത്തതു് മുന്നിലുള്ളതെല്ലാം. ഈ മായാമോഹം ഏറെ അദ്ദേഹത്തെ വലച്ചു. ഇതിൻെറ എല്ലാം അലയടി 'ഹൊർലയിലും' 'ഭ്രാന്തന്റെ ഡയറി'യിലും നമ്മൾ ഇന്നും കേൾക്കുന്നുണ്ടു്. ഏതോ ഒരു സത്വം തന്നെ പിൻതുടന്നു് ഉപദ്രവിക്കുന്നെന്നു് അദ്ദേഹത്തിനു തോന്നി. ഏറെ മരുന്നുകൾ ഉള്ളിൽ ചെലുത്തി. എഴുതുവാൻ കരുത്തു നൽകാനായി പലതും കഴിച്ചുനോക്കി. കപ്പൽസഞ്ചാരം ഗുണമുണ്ടോ എന്നു പരിശോധിച്ചു. ഒന്നും വേണ്ടഫലം നൽകിയില്ല. ഇല്ലാത്തതു് കാണുക, മുന്നിൽ ഉള്ളതു് കാണാതിരിക്കുക, കാരണം ഇല്ലാതെ എപ്പോഴും വിഷാദിച്ചിരിക്കുക, മനസ്സു് ചഞ്ചലമാവുക, എന്നു് തകർച്ചയ്ക്കുള്ള എല്ലാ കാരണങ്ങളും മുററും ഇദ്ദേഹത്തെ വ്യാപിച്ചു. എന്നല്ല അന്നു് 'മാറുകയില്ല' എന്നു വിചാരിച്ചിരുന്ന ഒരു വ്യാധിയും. ഇങ്ങനെ ആധിയും

വ്യാധിയും ഒന്നിച്ച് അസഹ്യമായപ്പോൾ മരണമേ തനിക്കു് രക്ഷ നൽകൂ എന്നു ബോധം ഉദിച്ചു. തന്നത്താൻ വെടിവെക്കാൻ നിശ്ചയിച്ചു. ദുർഭാഗ്യംകൊണ്ടു് തോക്കിൽനിന്നു് ഉണ്ട നേരത്തെ പരിചാരകൻ ഇതു ശങ്കിച്ചു് എടുത്തു മാററിയിരുന്നു. കടലാസു മുറിക്കുന്ന കത്തികൊണ്ടു് കഴുത്തറക്കുവാനായിരുന്നു അടുത്ത ശ്രമം. അതും ഫലിച്ചില്ല. രക്തപ്രവാഹം അധികമാകുംമുമ്പ് തടഞ്ഞുനിറുത്തപ്പെട്ടു. എന്നാൽ ഇതോടെ അവശേഷിച്ചിരുന്ന ബോധവും നശിച്ചു. അദ്ദേഹത്തിനെ ബന്ധിച്ചിടേണ്ടതായിവന്നു. ഒടുവിൽ ഒരു ഭ്രാന്താലയത്തിൽ അദ്ദേഹത്തിനെ കൊണ്ടാക്കി. 1893—ൽ മോപ്പസാങ്ങ് മരിച്ചു.

നാലു്

മോപ്പസാങ്ങിന്റെ ചെറുകഥകൾക്കാണു് ഗുണക്കൂടുതൽ. കഥയെഴുത്തുകാരൻെറ ആരോഗ്യവും മനസ്ഥിതിയും ഇവരണ്ടും ഉണ്ടാക്കാൻ അദ്ദേഹത്തിനു് സാധിച്ചു. കാലം മാറിയാലും ജീവിതമൂല്യങ്ങൾക്കു വ്യത്യാസം വന്നാലും സാഹിത്യത്തിൻെറ 'സത്ത'യുടെ കാര്യം മറിഞ്ഞാലും 'മഹാമൂല്യങ്ങൾ' തന്നെയായി ഈ കഥകൾ അവശേഷിക്കും. എല്ലാ തലമുറയിലുമുള്ള കഥയെഴുത്തുകാർക്കും പ്രേരണനല്കാൻ ഇവക്കു ശക്തിയും ഉണ്ടു്. കഥയുടെ മാതൃക മോപ്പസാങ്ങിൽനിന്നാണു് പില്ക്കാലത്തുള്ള എഴുത്തുകാർ എല്ലാം സ്വീകരിച്ചതു്. ഏതു ഭാഷയിലും.

അദ്ദേഹത്തെ 'നാച്ചറലിസ്റ്റ്' പ്രസ്ഥാനക്കാരനാണു് എന്നു പറയാറുണ്ടെങ്കിലും എല്ലാ പ്രസ്ഥാനങ്ങളും അത്ര ഒന്നും വകവെക്കാതെ സ്വന്തം പ്രസ്ഥാനംതന്നെ സൃഷ്ടിക്കയാണു് അദ്ദേഹം ചെയ്തതു്. വൈവിദ്ധ്യം ഏറെ ഉള്ള കഥകൾ, എല്ലാത്തരക്കാരെയുംകൊണ്ടു നിറഞ്ഞ കഥകൾ, ഒരു പ്രസ്ഥാനത്തിലും ചേർന്നുനില്ക്കുകയില്ല.

'നമുക്കു് ഒരു ലക്ഷ്യമേയുള്ളു. മനുഷ്യനും ജീവിതവും. അതു കലാപരമായി വിശദീകരിക്കണം.' ഇതായിരുന്നു മാനിഫെസ്റ്റോ മോപ്പസാങ്ങിനു്. ഏഴുകൊല്ലം ഫ്ളാബർട്ടിനു് ശിഷ്യപ്പെട്ട ബലം ഇതിൽ തെളിഞ്ഞുകാണാം. മഹാകവികളെയും ലജ്ജിപ്പിക്കുന്ന വർണ്ണനകൾ, നാടകീയമായ പ്രതിപാദനരീതി, നോക്കി കണ്ടു പഠിച്ച ജീവിതം മറച്ചുവെക്കാതെ

പ്രതിപാദിക്കുവാൻ ഉള്ള ശക്തി, 'ഏവരും കാണുന്നതിൽ ആരുമേ കാണാത്തതു് ഭുവിന്നു നല്കീടുന്നോൻ ആരവൻ കലാകാരൻ' എന്ന മഹാരീതിതന്നെ മനസ്സിലാക്കി ആ ജീവിതമഷിയിൽ പേന മുക്കാനുള്ള ധൈര്യം, ഇതെല്ലാം ഈ കഥകൾക്കു് മിക്കതിനും അനശ്വരത നൽകി. ഒരു കഥ ആർക്കും എഴുതാം. ഒരുപക്ഷേ, ഏറ്റവും നല്ല കഥ എഴുതിയിട്ടുള്ളതു് ഒരു അജ്ഞാതനും ആകാം. എന്നാൽ എഴുതിയിട്ടുള്ള കഥകളിൽനിന്നു തിരഞ്ഞെടുത്താൽ, നല്ല കഥകളുടെ കൂട്ടത്തിൽ ഒന്നാംപന്തിയിൽ ചേർക്കാവുന്ന കഥകൾ ഏറെ എഴുതിയതു് ആരു് എന്ന ചോദ്യത്തിനു് ഒറ്റ മറുപടിയേ പറയാനുള്ളു: 'മോപ്പസാങ്ങ്'. മുന്നൂറു കഥകളിൽനിന്നു് 176 കഥകൾ നന്നാണെന്നു മിക്കവരും സമ്മതിച്ചിട്ടുണ്ടു്. അവ എല്ലാതരത്തിലും ഉൾപ്പെടും. ആരുടെ രുചിക്കും ചേരുന്നതു് ഇതിൽ ഉണ്ടുതാനും.

## അഞ്ചു്

മലയാളത്തിലെ ചെറുകഥാപ്രസ്ഥാനത്തിനു് മോപ്പസാങ്ങിനോടു് ഏറെ കടപ്പാടുണ്ടു്. മിക്ക വലിയ എഴുത്തുകാരും മോപ്പസാങ്ങിനെ അനുകരിച്ചിട്ടുണ്ടു്. വിശ്വസാഹിത്യത്തിലേക്കു തർജ്ജിമമൂലം കടന്നുകൂടാൻ ശ്രമിക്കുമ്പോൾ ചില മലയാളകഥകൾ മററുവിധത്തിൽ മോപ്പസാങ്ങിനെ വ്യാഖ്യാനിച്ചതാണു് എന്നു് പലരും കണ്ടുപിടിക്കയും ചെയ്യും.

മോപ്പസാങ്ങിൻെറ മൂന്നു നോവലുകളും ഏറെ ചെറുകഥകളും മലയാളത്തിൽ കടന്നുകയറിയിട്ടുണ്ടു്. ബെൽ–അമിയുടെ വിവർത്തനമാണു് ശ്രീ എ. ബാലകൃഷ്ണപിള്ളയുടെ 'കാമുകൻ'. 'ഒരു സ്ത്രീയുടെ ജീവിതം' എന്ന നോവൽ 'Une vie' എന്ന കൃതിയുടെ തർജ്ജിമയാണു്. ശ്രീ ബാലകൃഷ്ണപിള്ള തന്നെ 'മോപ്പസാങ്ങിന്റെ ചെറുകഥകൾ' എന്നു് ഒരു സമാഹാരം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ഈ ലേഖകൻതന്നെ 'തടിച്ച വേശ്യ' 'പുരോഹിതൻ' എന്നു രണ്ടു വലിയ ചെറുകഥകൾ പുസ്തകരൂപത്തിൽ പുറത്തിറക്കിയിട്ടുണ്ടു്. കഥാവായനക്കാർക്കു് ഇത്ര വലിയ വിരുന്നു് ഏറെ രുചിയോടെ മററാരും നല്കിയിട്ടില്ല. ഇത്രയും മോഷണവും ചൂഷണവും മറെറാരു കാഥികനും അനുഭവിച്ചിട്ടും ഇല്ല.

—മാടശ്ശേരി

## കഥകഠം


1. വിധവ
2. വാഠംട്ടർസ്റ്റാഫിൻെറ സാഹസകൃത്യം
3. സഞ്ചാരിയുടെ കുറിപ്പുകഠം
4. വിജയാഘോഷം
5. മൊയ്റൺ
6. ഫോർട്ടൻസ് റാണി
7. കുഞ്ഞു്
8. കുമ്പസാരം
9. മാപ്പുകൊടുത്തു.
10. അന്തോണീസ് പുണ്യവാളൻ

മോപ്പസാങ്ങിൻെറ മററു പ്രധാനപ്പെട്ട എല്ലാ കഥകളും ഈ പരമ്പരയിൽ തുടൎന്നു പ്രസിദ്ധപ്പെടുത്തുന്നതാണു്. ഒന്നാമത്തെ പുസ്തകം 'പിശാചുക്കളുടെ തള്ള' ഇതിനകം പുറത്തു വന്നിട്ടുണ്ടു്. ഇതു രണ്ടാമത്തെ പുസ്തകമാണു്. മൂന്നാമത്തെ പുസ്തകം 'കൊക്കററ് കൊച്ചമ്മ' അടുത്ത മാസത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണു്.

SAHITHYA VILASINI LIBRARY
AYATHIL,
... P. O.

# വിധവ

വേട്ടയാടാൻ നല്ല സമയം. ഇലപൊഴിയുംകാലത്തിൽ മഴയും പൊഴിയുന്നുണ്ടു്. പ്രകാശത്തിൻെറ കഥ പിന്നെ പറയേണ്ടല്ലൊ. ചവിട്ടിയാൽ പൊടിയുന്നതിന പകരം കൊഴിഞ്ഞുവീണ ഇലകൾ കിടന്നു് അഴുകിത്തുടങ്ങി. കുണ്ടും കുഴിയും നിറച്ചു് ഇത്തരം ചെളിമഴയും നിറഞ്ഞു. മഴ ചാറുകയല്ല മാനത്തുനിന്നു് ഒഴിയുകതന്നെയാണു പെയ്ത്തും.

ഇലയൊന്നും ഇല്ലാതെനിന്ന കാട്ടിൽ കുളിമുറിയുടെ ശീതബാധതന്നെ അനുഭവിക്കാം. വൻകാറ്റുലയ്ക്കുന്ന മരങ്ങൾനിറഞ്ഞ കാട്ടിൽ കയറിയാൽ വല്ലാത്ത ഒരു വാട നിങ്ങളെ വിഷമിപ്പിക്കും, അഴുക്കിൻെറ ദുർഗന്ധം, വീണ മഴയിൽനിന്നു പുകഞ്ഞു പുറപ്പെടുന്ന ആവി. നനഞ്ഞ പുല്ലും കുഴഞ്ഞ മണ്ണും നിങ്ങളെ വിഷമിപ്പിക്കും. ഇവ നിങ്ങളുടെ ദേഹം നിറച്ചു് അഴുക്കും തണുപ്പും പുരട്ടും. തുടർച്ചയായി പെയ്യുന്ന മഴ ഏററു് വേട്ടക്കാർ തലകുനിച്ചു. പട്ടിയുടെ വാൽ നിവന്നു കീഴോട്ടുതന്നെ കിടന്നു. ആ മൃഗങ്ങളുടെ രോമം ചിടകെട്ടി. ഇറുക്കെക്കെട്ടി, വരിഞ്ഞുമുറുക്കി വേട്ടക്കിറങ്ങിയ യുവതികൾ നനഞ്ഞുകുഴഞ്ഞു് ദേഹവും വസ്ത്രവും വെള്ളം കടന്നു വീത്തു മടങ്ങിവന്നു. മനസ്സിനും ദേഹത്തിനും 'മടുപ്പു്' ഒന്നുപോലെ വന്നു.

ആ വലിയ സല്ക്കാരശാലയിൽ അവർ ഭാഗ്യച്ചിട്ടി നടത്തിനോക്കി വിനോദിച്ചു. എന്നാൽ ഇതിലും ആസക്തി തോന്നിയില്ല. കൊട്ടുങ്കാററ് ജനൽകതകുകളെ വിറപ്പിച്ചു. കാററാടികൾ പമ്പരംപോലെ കറങ്ങി. ആരോ പറഞ്ഞു; പുസ്തകം വായിക്കുന്ന രീതിയിൽ കഥ പറയാൻ നോക്കാമോ എന്ന് ഒന്നു പരീക്ഷിക്കാൻ! എന്നാൽ രസംകൊടുക്കുന്ന വിധത്തിൽ ആർക്കും ഒന്നും സങ്കല്പിക്കാൻ സാധിച്ചില്ല. വേട്ടക്കാർ സാഹസകമ്മങ്ങൾ വിവരിച്ചു പറഞ്ഞു. തോക്കു നിർമ്മിച്ച കഥകൾ. ചെവിയനെ കൊന്നുവീഴ്ത്തിയ കാര്യം മഹാകാര്യമായി. ഇതായിരുന്നു ആണുങ്ങൾ പറഞ്ഞ കഥയുടെ സാമ്പിൾ. അറബിക്കഥയിലെ അത്ഭുതസംഭവങ്ങളെ ജയിക്കുന്ന വിധത്തിൽ ഒന്നും സ്ത്രീകൾക്കും ഉണ്ടാക്കിപ്പറയുവാൻ സാധിച്ചില്ല. അല്ല. ഗുണംകൊണ്ട് അവയ്ക്കൊപ്പംനില്ക്കുന്ന ഒരു കഥയും അവർക്കും പറയാൻ സാധിച്ചില്ല.

ഇത്തരം വിനോദവും മതിയാക്കാൻ അവർ നിശ്ചയിച്ചു. എന്തെന്നാൽ അതും നീരസമായി.

ഒരു യുവതി ചിന്തയൊന്നുംകൂടാതെ തൻെറ അടുത്തിരുന്ന ഒരു വൃദ്ധയുടെ, ആ യുവതിയുടെ ചിററമ്മയുടെ, കൈപിടിച്ചു തലോടിത്തുടങ്ങി. ആ അവിവാഹിതയുടെ വിരലിൽ ചെമ്പൻമുടി ചേർത്തു പൊന്നുകെട്ടിയ ഒരു മോതിരം കിടപ്പുണ്ടായിരുന്നു. അതു മുൻപു കണ്ടിരുന്നെങ്കിലും അതിനെപ്പററി അവൾ കാര്യമായി വിചാരിച്ചിരുന്നില്ല.

ആ മോതിരം വിരലിൽ ചുഴററിക്കൊണ്ട് യുവതി വൃദ്ധയോടു ചോദിച്ചു:

"ചിററമ്മേ! ഈ മോതിരത്തിൻെറ കഥ ഞങ്ങ

ളോടു പറയൂ. ഇതു് ഒരു കുഞ്ഞിൻെറ തലമുടിപോലെ ഇരിക്കുന്നല്ലോ—"

ആ വൃദ്ധയുടെ മുഖം ചുവന്നു. പിന്നെ വിളറി. വിറയ്ക്കുന്ന ശബ്ദത്തിൽ ആ വൃദ്ധ പറഞ്ഞു:

"അതു സങ്കടം നിറഞ്ഞ കഥയാണു്. അത്ര ഏറെ വ്യസനം ആ കഥയ്ക്കു് ഉള്ളതുകൊണ്ടാണു് ഞാൻ അതു പറയാൻ തുനിയാത്തതു്. എൻെറ ജീവിതത്തിൻെറ അസുഖാവസ്ഥ എല്ലാം അതിലാണു് കേന്ദ്രീകരിച്ചിരിക്കുന്നതു്. അന്നു് ഞാൻ ചെറുപ്പമായിരുന്നു. എന്നാൽ അതിൻെറ ഓമ്മ ഇന്നും എന്നെ നീങ്ങിനില്ക്കുന്നില്ല. അതു് വേദനനല്കുന്നതും ആണു്. ഓക്കുമ്പോളെല്ലാം ഞാൻ കരയുകയും ചെയ്യാറുണ്ടു്."

ആ കഥ കേൾക്കാൻ എല്ലാവക്കും ഏറെ കൗതുകം ഉണ്ടായി. എന്നാൽ ആ കഥ പറയുവാൻ ആ വൃദ്ധ വിസമ്മതിച്ചു. അവർ വിട്ടില്ല. കൊണ്ടുപിടിച്ചു് നിർബ്ബന്ധമായി. ഒടുവിൽ അവർ കഥപറയാൻ നിർബ്ബന്ധിതയായി.

"ഞാൻ സന്റേസ് കുടുംബത്തിൻെറ കഥ പറയുന്നതു് നിങ്ങൾ എല്ലാം കേട്ടിരിക്കും. ഇന്നു് ആ കുടുംബം കുററിയററു. ആ കുടുംബത്തിൽ ശേഷിച്ച മൂന്നു പുരുഷന്മാരെയും ഞാൻ അറിയുമായിരുന്നു. അവർ മൂന്നുപേരും മൂന്നു മാസത്തിനകം മരിച്ചു. ഒരുപോലെതന്നെ. ഈ തലമുടി ഒടുവിലത്തെ ആളിൻെറയാണു്. ആ ബാലൻ മരിക്കുമ്പോൾ അവനു് പതിമ്മൂന്നു് വയസ്സെ പ്രായമുണ്ടായിരുന്നുള്ളു. എന്നാൽ അവൻ എനിക്കുവേണ്ടിയാണു് മരിച്ചതു്. അതു വിചിത്രംതന്നെ എന്നു് തോന്നും. ഇല്ലേ?

"അവർ ഒരു പ്രത്യേകവർഗ്ഗക്കാരായിരുന്നു. ഒരുതരം

മണ്ടന്മാർ എന്ന് നിങ്ങൾ പറഞ്ഞേക്കും. എന്നാൽ
ചന്തമുള്ള മണ്ടന്മാർ. സ്നേഹിച്ച മണ്ടന്മാർ. അച്ഛൻ
മക്കളിലേക്ക് ഈ പ്രത്യേകസ്വഭാവം ഒട്ടും കളയാതെ
പകർന്നു. എല്ലാവർക്കും ഈ അസാധാരണാസക്തി കിട്ടി
യിരുന്നു. അതിന്റെ പ്രേരണയാൽ ഏററവും അസാ
ദ്ധ്യമെന്നു തോന്നുന്നതെല്ലാം അവർ ചെയ്യും. ഈ ആ
സക്തിയിൽ അവർ മററുള്ളതെല്ലാം ചുട്ടെരിച്ചു. ഇതി
നുവേണ്ടി കുറ്റമുള്ള കാര്യങ്ങളിലും ദുഷ്കൃത്യങ്ങളിലും ഇ
വർ തലയിട്ടു. ചിലർ സന്യസിച്ചു. സ്വീകരണമുറിയി
ലെ സല്ക്കാരസ്വഭാവം ഇവരിൽനിന്നു പിരിഞ്ഞെങ്കി
ലും മററു ചിലതെല്ലാം പിരിഞ്ഞില്ല. 'സന്റേസ് കുടും
ബക്കാരെപ്പോലെ കാമാസക്തർ' എന്നാണ് ഇവരുടെ
ബന്ധുക്കൾ മററു ചിലരെപ്പററി പറഞ്ഞിരുന്നതു്. ഇ
വരെ കണ്ടാൽത്തന്നെ ഈ സ്വഭാവം മനസ്സിലാവും. അ
വർക്ക് എല്ലാവർക്കും ചുരുണ്ട മുടി ഉണ്ടായിരുന്നു. അതു
നെററിയിൽത്തന്നെ പററിപ്പിടിച്ചു വളരും. ചുരുളുന്ന
മുഖരോമം. വലിയ കണ്ണുകൾ. വളരെ വലിയ കണ്ണു
കൾ. അവ നിങ്ങളുടെ ഉള്ളിൽ കടന്ന് നിങ്ങളെ വിഷ
മിപ്പിക്കും. അവരുടെ നോട്ടംതന്നെ മററുള്ളവരെ വല
യ്ക്കും. കാര്യം എന്തെന്ന് മനസ്സിലാകയും ഇല്ല.

“ഈ ബാലന്റെ, ഈ സ്മാരകത്തിന്റെ ഉടമസ്ഥ
ന്റെ മുത്തച്ഛൻ പല സാഹസോദ്യമങ്ങളിലും ഏർപ്പെട്ടു.
സ്ത്രീകളുമായി ഉണ്ടായ കൂടിയാട്ടത്തിന്റെ ഫലമായി
ചില ദ്വന്ദ്വയുദ്ധങ്ങൾ നടത്തി. അറുപത്തഞ്ചു വയസ്സാ
യപ്പോൾ ഒരു കാര്യസ്ഥന്റെ മകളിൽ കാമാതുരനായി.
എനിക്ക് അവരെ രണ്ടുപേരെയും അറിയാം. അവൾ വെ
ളുത്തു വിളറി, കാഴ്ചയിൽത്തന്നെ ചന്തമുണ്ടായിരുന്ന ഒരു
പെണ്ണ്. നല്ല കണ്ണും, മധുരമായ നോട്ടം, കണ്ടാൽ

കന്യാസ്ത്രീമറിയംതന്നെ. ആ വൃദ്ധൻ അവളെ വീട്ടിൽ കൊണ്ടു താമസിപ്പിച്ചു. അവളില്ലാതെ ഒന്നുംചെയ്യാൻ അദ്ദേഹത്തിനു സാധിച്ചില്ല. അവളെ പിരിഞ്ഞിരിക്കാനും. അദ്ദേഹത്തിൻെറ മകളും മകന്റെ ഭാര്യയും ആ വീട്ടിൽതന്നെ താമസിച്ചിരുന്നു. ഈ ബന്ധം നിസർഗ്ഗജമാണെന്നു് അവരും വിചാരിച്ചു. അവരും ആ കുടുംബത്തിലെ പാരമ്പര്യത്തിൽ വളർന്നവർതന്നെ. കാമാന്ധതി ഉണ്ടായാൽ പിന്നെ ഒന്നും അത്ഭുതത്തിനു് ഇടയുണ്ടാക്കുകയില്ല. അവരുടെ മുന്നിൽവച്ചു് ആശയങ്ങൾക്കു വിപരീതഫലം സിദ്ധിച്ചതും, ബന്ധം മുറിച്ചതും, പ്രതികാരം ചെയ്യുന്നതും, എല്ലാം പറയുകയാണെങ്കിൽ അവരും വിഷാദംകലർന്ന സ്വരത്തിൽ പറഞ്ഞുതുടങ്ങും:

'"അതിൽ, ആ അവസ്ഥയിൽ എത്തിച്ചേരുംമുമ്പു് അവർ എത്ര സങ്കടം അനുഭവിച്ചിരിക്കണം.'

"അത്രമാത്രം. ഹൃദയത്തിലുണ്ടാകുന്ന വികാരങ്ങളാൽ പ്രേരിതങ്ങളായ ഏതു നാടകങ്ങളും അവക്കു് കരുണരസം കലരുന്നതാണു്. അവരുടെ അനുഭാവം കവരുന്നതും ആണു്. അവയെ അവർ പുച്ഛിച്ചു പറയാറില്ല. കുററകരമായാലും ശിക്ഷ ലഭിച്ചതായാലും.

"ഒരു 'ഇല പൊഴിയുംകാലത്തു്,' വേട്ടയ്ക്കായി വിളിച്ചുവരുത്തിയ ഒരു ചെറുപ്പക്കാരൻ ഈ മുത്തശ്ശന്റെ പെൺകൊച്ചിനെ വശീകരിച്ചു. ആ ചെറുപ്പക്കാരൻ എം. ഗ്രഡെൽ, ഇവളെയും തട്ടിക്കൊണ്ടുപോയി, അല്ല, ഒളിച്ചോടി.

"എം. ഡി. സൻേറഴ്സ് ക്ഷോഭിച്ചില്ല. ഒരു വിശേഷവും നടന്നതായി ഭാവിച്ചില്ല. എന്നാൽ ഒരു ദിവസം പട്ടികളെ പൂട്ടിയിടുന്ന മുറിയിൽ, അവയുടെ നടുക്കു് അദ്ദേഹം തൂങ്ങിനില്ക്കുന്നതായി കണ്ടു.

"അദ്ദേഹത്തിൻെറ മകനും ഇതുപോലെതന്നെയാണ് മരിച്ചതു്. പക്ഷേ, സംഭവം നടന്നതു് പാരീസിൽ ഒരു ഹോട്ടൽമുറിയിൽവച്ചും. കാരണം, ഒരു നാടക്കാരി അദ്ദേഹത്തെ ചതിച്ചു. ഇതു് 1841-ൽ നടന്നു.

"അദ്ദേഹത്തിനു് ഭാര്യയും ഒരു കുട്ടിയും ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഭാര്യ എൻെറ അമ്മയുടെ സഹോദരിയാണു്. കുട്ടിക്കു പന്ത്രണ്ടുവയസ്സേ ഉള്ളു. ആ വിധവയും പുത്രനും എന്റെ അച്ഛന്റെകൂടെ വന്നുതാമസിച്ചു. അന്നു് എനിക്കു പതിനേഴുവയസ്സേ പ്രായം ഉണ്ടായിരുന്നുള്ളു. ഈ കൊച്ചുകുട്ടിയും ഒരു അത്ഭുതശിശുതന്നെ. ആ വംശത്തിന്റെ ലാളിത്യമെല്ലാം ഈ ബാലനിലും വിളയാടി. ഒടുവിലത്തെ സന്താനം ആയിരുന്നതുകൊണ്ടു് അവരുടെ ആസക്തചിത്തം എല്ലാം ഈ ബാലനിൽ യോജിച്ചുചേർന്നു. ആ വീട്ടിൽനിന്നു വനത്തിലേക്കു് ഉള്ള വഴിമുഴവൻ 'എല്മ്' മരങ്ങൾവച്ചുപിടിപ്പിച്ചിരുന്നു. അവയുടെ ഇടയിൽക്കൂടി തനിച്ചുനടന്നു ദിവാസ്വപ്നം കാണുകയാണു് ഈ ബാലന്റെ തൊഴിൽ. ഈ വിചിത്രശീലനെ ഞാൻ ജന്നലിൽക്കൂടി ഏറെനേരം നോക്കിനില്ക്കും. അവൻ കൈകൾ പിറകിൽ ബന്ധിക്കും. തല കുനിക്കും. ചിലപ്പോൾ ഇങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നതിനിടയ്ക്കു് തല ഉയർത്തി നോക്കും. പ്രായവും പരിചയവും നല്കിയിട്ടുള്ളതിൽ ഏറെക്കാര്യങ്ങൾ, കടന്ന കാര്യങ്ങൾ ഈ ബാലൻ മനസ്സിലാക്കിക്കഴിഞ്ഞു എന്നു് ഈ നിലപാടു സൂചിപ്പിച്ചു. ഞാൻ ഈ കുട്ടിയെ എൻെറ മുറിയുടെ ജന്നലിൽക്കൂടി നോക്കിനില്ക്കും.

"ഭക്ഷണം കഴിഞ്ഞു്, രാത്രിക്കു നല്ല തെളിവുണ്ടെങ്കിൽ അവൻ എന്നോടു പറയും: 'കസിൻ, നമുക്കു

പോയി സ്വപ്നം കാണാം.' ഞങ്ങൾ ആ മരത്തോപ്പിൽ കടക്കും. വെളിമ്പറമ്പിൽ അയാൾ നടപ്പു നിറുത്തും. അവിടെ വെള്ളമേഘങ്ങളുടെ ഇടയിൽ ഒളിച്ചുകളിക്കുന്ന ചന്ദ്രനെ നോക്കി അവൻ പെട്ടെന്നു നിന്നുപോകും. അവൻ പറയും:

"'നോക്കു. അവിടെ നോക്കു. എന്നാൽ നിങ്ങൾ എന്നെ മനസ്സിലാക്കുന്നില്ല. എനിക്കു് അതു മനസ്സിലായി. നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ, നിങ്ങൾക്കും സൗഖ്യം വന്നുചേരും. അറിവുണ്ടാകണമെങ്കിൽ സ്നേഹിക്കണം.'

"ഞാൻ ചിരിക്കും. ആ ബാലനെ ആലിംഗനം ചെയ്യും. അവൻ എന്നെ ആരാധിച്ചു. എനിക്കുവേണ്ടി, പ്രണയിനിക്കുവേണ്ടി, മരിക്കാൻപോലും, അവൻ തയ്യാറാവും. അത്താഴംകഴിഞ്ഞു് അവൻ അമ്മയുടെ മടിയിൽ കയറി ഇരിക്കും. 'ചിററമ്മേ! ഒരു പ്രണയകഥ പറയൂ' എന്നു് അമ്മയോടു് അഭ്യർത്ഥിക്കും.

"ഒരു വിനോദം എന്നപോലെ അവനോടു് അമ്മ കുടുംബത്തിന്റെ പാരമ്പര്യം എല്ലാം പറഞ്ഞുകേൾപ്പിക്കും. അവന്റെ വംശക്കാരുടെ ആയിരക്കണക്കിനുള്ള പ്രണയകഥകൾ. കള്ളവും വെള്ളയും ഒന്നുപോലെ യോജിച്ച ഐതിഹ്യങ്ങൾ. ഇത്തരത്തിൽ ഉള്ളതുതന്നെ എടുത്തുപറയാനും ഉണ്ടാക്കിപ്പറയാനും വിഷമമില്ല. എന്തെന്നാൽ ഇവർ ഇതിനായി പിറന്നവരായിരുന്നു. അവർ നശിച്ചതും ഈ സാഹസപ്രണയത്തിനുവേണ്ടിത്തന്നെ. അവർ ഭാവനയിൽ വിഹരിച്ചു. കുടുംബത്തിന്റെ കീർത്തി മലിനമാക്കാതെ ജീവിക്കാനാണു് അവർ ശ്രമിച്ചതും.

"ഈ ഭയങ്കരകഥകളും, വികാരം വിളയുന്ന ചരിത്രങ്ങളും കേട്ടു് ആ ചെറുപ്പക്കാരൻ വേഗം വികാരാ

ധീനനാകും. വിഭ്രാന്തനാകും. ചിലപ്പോൾ അവൻ കൈ കൊട്ടിക്കൊണ്ടു പറയും:

"'എനിക്കും അറിയാം, എനിക്കും അറിയാം, എങ്ങനെ സ്നേഹിക്കണം എന്ന് എനിക്കും അറിയാം. അവരെ ഒക്കെക്കൊൾ നല്ലവണ്ണം അറിയാം.'

"പിന്നീട് അവൻ എന്നെ ആരാധിക്കാൻ തുടങ്ങി. ആദ്യം വളരെ നാണിച്ചു്, എന്നാൽ ഏറെ ലാളിത്യത്തോടുകൂടി ആയിരുന്നു അവന്റെ പ്രണയപ്രകടനം. ഞങ്ങൾ ചിരിച്ചുപോയി. എന്നും രാവിലെ അവൻ എനിക്കു പൂവു് പറിച്ചുകൊണ്ടുത്തരും. രാത്രിയിൽ കിടക്കാൻ സ്വന്തം മുറിയിൽ പോകുന്നതിനുമുമ്പു് എന്റെ കൈപിടിച്ചു ചുംബിച്ചുകൊണ്ടു പറയും: 'ഞാൻ നിങ്ങളെ സ്നേഹിക്കുന്നു.'

"ഞാൻ കുററക്കാരി ആയിരുന്നു. ഞാൻ ഏറെ തെററുചെയ്തു. ഞാൻ അധികം കരഞ്ഞു. ഏറെ കണ്ണീർ പൊഴിച്ചു ഇതിനുവേണ്ടിത്തന്നെ. ഇടവിടാതെ ഞാൻ വിലപിച്ചു. ജീവിതം മുഴവൻ തപസ്സുചെയ്തു. ഒരു വൃദ്ധകന്യകയായി ജീവിക്കുന്നതു് ഇതിനു പരിഹാരം ചെയ്യാൻ തന്നെ ആണുതാനും. അല്ല, ഞാൻ അവന്റെ പ്രതിശ്രുതവിധവയാണു്. അവൻെറ വിധവതന്നെ. ഞാൻ ഈ ബാല്യകാലസ്നേഹത്തിനു വളം വച്ചുകൊടുത്തു. അതു് അന്നു് ഒരു വിനോദമായിട്ടാണു് എനിക്കു തോന്നിയതു്. അതിനു ഞാൻ പ്രേരണനൽകിയതാണു തെററും. ഞാൻ നാണംകുണുങ്ങി. പ്രണയകലഹം നടിച്ചു. അവനെ വശീകരിച്ചു. ഒരു യുവാവിന്റെ സമീപം ഒരു യുവതി ചെയ്യാറുള്ളതു് എല്ലാം അഭിനയിച്ചു. അവനെ ലാളിച്ചു, വഞ്ചിച്ചു. ഞാൻ ഈ ബാലനിൽ വികാരം വിളയിച്ചു. ഇതു് എനിക്കു് ഒരു നേരംപോക്കു മാത്രമായിരുന്നു.

എന്റെ അമ്മയും അവന്റെ അമ്മയും ഇതെല്ലാം കുട്ടിക്കളിയായി കാണാനും കഴിഞ്ഞു. ഇതിൽ അവരും വിനോദഭാവം കൈക്കൊണ്ടു് വിഷാദം മറന്നു. അവൻ ആശിച്ചതുയും ചുംബനങ്ങൾ ഞാൻ ആ വിചിത്രബാലനു നല്കി. ഞാൻ പ്രണയലേഖനങ്ങൾ എഴുതി. ഞങ്ങളുടെ അമ്മമാർ ഇവയും വായിച്ചു. അവൻ തീകോരിച്ചൊരിയുന്ന മറുപടി അയച്ചു. അവ ഞാൻ സൂക്ഷിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള സ്നേഹസാമീപ്യം ഒരു പരമരഹസ്യം മാത്രമാണു് എന്നായിരുന്നു അവൻെറ വിചാരം. താൻ ഒരു പുരുഷൻതന്നെ എന്നായിരുന്നു ഭാവം.

"ഞങ്ങൾ മറന്നുപോയി, ആ ബാലനും പിറന്നതു് സൻ്റേസ്കുടുംബത്തിലാണെന്നു്.

"ഈ കുട്ടിക്കളി ഒരുകൊല്ലം നീണ്ടുനിന്നു. തോപ്പിൽവെച്ചു് ഒരുദിവസം എന്റെ മുന്നിൽ മുട്ടുകുത്തി എൻെറ വസ്ത്രാഞ്ചലം ചുംബിച്ചു് ഏറെ വികാരത്തോടുകൂടി അവൻ പറഞ്ഞു, പല പ്രാവശ്യവും:

"'ഞാൻ നിന്നെ സ്നേഹിക്കുന്നു. ഞാൻ നിന്നിൽ പ്രണയാതുരനാണു്. നിന്നിലുള്ള പ്രേമംകൊണ്ടു് ഞാൻ മരിക്കുന്നു. നീ എന്നെ ചതിച്ചാൽ, എന്നെ ഉപേക്ഷിച്ചു് വേറൊരാളെ സ്വീകരിച്ചാൽ, ഞാനും എൻെറ അച്ഛൻ ചെയ്തതുപോലെ ചെയ്യും—' അവൻ ശബ്ദം താഴ്ത്തി പറഞ്ഞു—'അതു് എന്താണെന്നു് നിനക്കു് അറിയാമല്ലൊ.'

"പിന്നീടു് അവൻ എഴുന്നേററു. കാൽവിരലിൽ എത്തിക്കുത്തിനിന്നു. അവനു് എന്നോളം പൊക്കം ഉണ്ടായിരുന്നില്ല അന്നു്. എൻെറ ചെവിയിൽ എന്റെ പേർ ഓതിവിളിച്ചു. എൻെറ ആദ്യത്തെ പേർ. എന്റെ സ്വന്തംപേർ 'ജിനീവീവ്.'

“വിളിച്ചതും ഏറെ മധുരമായി, ഏറെ ചന്തത്തിൽ, ഏറെ ലജ്ജിച്ച്. ഞാൻ കാൽവിരൽവരെ വിറച്ചു. ഞാൻ വിഷമത്തോടെ പറഞ്ഞു: ‘നമുക്ക് വീട്ടിലേക്ക മടങ്ങിപ്പോകാം.’

“അവൻ പിന്നെ ഒന്നും പറഞ്ഞില്ല. എന്നെ പിൻതുടൎന്നു. ഞങ്ങൾ മുകളിലേക്ക കയറിയപ്പോൾ അവൻ ഒന്നുകൂടി പറഞ്ഞു: ‘നീ മനസ്സിലാക്കണം. എന്നെ ഉപേക്ഷിച്ചാൽ ഞാൻ ആത്മഹത്യചെയ്യും.’

ഞാൻ ആവശ്യത്തിൽകൂടുതൽ എടുത്തുചാടിപ്പോയി എന്ന് അപ്പോൾ മനസ്സിലാക്കി. ഞാൻ അതോടെ ഏറെ അടങ്ങി. ഇതിനെപ്പററി എന്നോട്ട പരിഭവം പറഞ്ഞു. ഒരുദിവസം ഞാൻ മറുപടിപറഞ്ഞു: ‘ഈ വിനോദത്തിൻെറ പ്രായം നിനക്ക കടന്നു. എന്നാൽ ഗൗരവത്തിൽ സ്നേഹകാൎയ്യം പറയുവാൻ പൗരുഷവും വന്നില്ല. ഞാൻ കാത്തിരിക്കാം.’

“ആ കൊച്ചുശല്യം ഇങ്ങനെ അവസാനിച്ചു എന്നു ഞാൻ വിശ്വസിച്ചു.

“ഇലപൊഴിയുംകാലത്ത് അവനെ പിന്നെയും പള്ളിക്കൂടത്തിലേക്ക് അയച്ചു. അടുത്ത വേനലിനെ മടങ്ങിവന്നുള്ളു.

“അപ്പോഴേക്കും എൻെറ വിവാഹനിശ്ചയം കഴിഞ്ഞു. അതു് ആ ബാലൻ അറിഞ്ഞു. ഒരു ആഴ്ചക്കാലം അവൻ വല്ലാതെ വിഷമിക്കുന്നതായിത്തോന്നി. നോട്ടത്തിൽപോലും ഈ അവസ്ഥ പ്രത്യക്ഷമായി. ഞാനും വല്ലാതായി. ഇങ്ങനെ മുഖം വീൎപ്പിക്കൽ തുടങ്ങിയ ഒൻപതാംദിവസം രാവിലെ എഴുന്നേററപ്പോൾ വാതലിന്നു താഴെ ഒരു കടലാസ് കിടക്കുന്നതു കണ്ടു. ഞാൻ അതു് എടുത്തുവായിച്ചു:

"'നീ എന്നെ ഉപേക്ഷിച്ചു. ഞാൻ പറഞ്ഞതു് എന്താണു് എന്നു് ഓർമ്മയുണ്ടല്ലോ. നീ എൻെറ മരണത്തിനു് ആജ്ഞനല്കി. എന്നെ ഈ നിലയിൽ ആദ്യം കാണേണ്ടതും നീതന്നെവേണം. കഴിഞ്ഞ ആണ്ടിൽ നിന്നോടു ഞാൻ പ്രണയാഭ്യർത്ഥന നടത്തിയസ്ഥലത്തു്, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പറഞ്ഞിടത്തു്,വന്നു മുകളിലേക്കു നോക്കണം.'

"എനിക്കു ഭ്രാന്തുപിടിച്ചു എന്നുതന്നെ തോന്നി. കഴിയുന്നതുംവേഗത്തിൽ വസ്ത്രംധരിച്ചു. ഞാൻ ഓടി. ആ സ്ഥലത്തു് എത്തിയപ്പോഴേക്കും ഞാൻ ക്ഷീണിച്ചുവീണു. അവൻെറ തൊപ്പി താഴെ ചെളിയിൽ കിടക്കുന്നു.

"രാത്രിമുഴുവൻ മഴപെയ്തിരുന്നു. ഞാൻ കണ്ണുയർത്തി. ഇലച്ചിലിനു് ഇടയിൽ എന്തോ ഒന്നു് ആടുന്നു. ഒരു കാററു്, നല്ല കാററു് അപ്പോഠം വീശുന്നുണ്ടായിരുന്നു.

"ഞാൻ അതിനുശേഷം എന്താണു ചെയ്തതെന്നു് ഓർമ്മിക്കുന്നില്ല. ഞാൻ ഉറച്ചു വിളിച്ചുകാണണം. മോഹാലസ്യംപ്രാപിച്ചുകാണണം. വീണിരിക്കാം. പിന്നീടു്എഴുന്നേററു വീട്ടിലേക്കു തിരിച്ചു് ഓടിപ്പോയിക്കാണണം. ബോധംവന്നപ്പോഠം ഞാൻ കിടക്കുന്നു. അമ്മ അടുത്തുണ്ടു്.

"'ഇതെല്ലാം കിനാവു്' ഞാൻ ആദ്യം വിചാരിച്ചു. ബോധംകെട്ടു് കിനാവു കണ്ടതായിരിക്കാം ഇതെന്നു ഞാൻ വിചാരിച്ചു.

"ഞാൻ ചോദിച്ചു: 'അതേ, അതേ, അവൻ ഗോൺട്രാൻ—?'

"അവർ മറുപടി പറഞ്ഞില്ല.

"എല്ലാം സത്യമായിരുന്നു. ഞാൻ കണ്ടതു വാസ്തവം.

"അവനെ ഒന്നുകൂടി കാണുവാൻ—നോക്കാൻ എനിക്കു ധൈര്യംവന്നില്ല. ആ നിറംമങ്ങിയ മുടിയിൽ അല്പം വേണമെന്നു ഞാൻ പറഞ്ഞു...അതേ, അതാണ് ഇതു്."

വൃദ്ധ കൈനീട്ടി. കരകയറാൻ പാടില്ലാത്ത കയത്തിൽവീണുഴലുന്ന ആളുടെ സ്വരത്തിലാണ്, ഭാവത്തിലാണ് ആ വൃദ്ധ കഥപറഞ്ഞുതീർന്നതു്.

പിന്നെ കൈലേസ് ഏറെപ്രാവശ്യം ഉപയോഗിച്ചു. കണ്ണുനീർ വററിക്കഴിഞ്ഞപ്പോഠം തുടന്നു പറഞ്ഞു:

"ഞാൻ ആ വിവാഹനിശ്ചയം മുറിച്ചു് അവസാനിപ്പിച്ചു. കാരണം പറഞ്ഞില്ല. ഞാൻ പിന്നീടു പതിമൂന്നുവയസ്സു പ്രായമുള്ള ഒരു പുരുഷൻെറ വിധവയായി ജീവിച്ചു."

വൃദ്ധയുടെ ശിരസ്സ്മാറിലേക്കു വീണു. ഏറെനേരം വിഷാദിച്ചു് അവർ എന്തെല്ലാമോ ചിന്തിച്ചുംകൊണ്ടു് ഇരിപ്പായി.

എല്ലാവരും അവരവരുടെ മുറിയിലേക്കു കിടക്കാൻ യാത്രതിരിച്ചു. ഈ കഥകേട്ടു് തൻെറ ശാന്തത നശിച്ച ഒരു തടിയൻ വേട്ടക്കാരൻ അടുത്തുനടന്ന ആളിൻെറ ചെവിയിൽ പറഞ്ഞു:

"ഇങ്ങനെ വികാരഭരിതരാകുന്നതു് ഏറെ വിനയ്ക്കും ദുർഭാഗ്യത്തിനും ഇടനല്കും. എന്താ നിങ്ങളുടെ അഭിപ്രായം? അതുതന്നെ അല്ലേ?"

# വാൾട്ടർസ്സ്റ്റാഫിന്റെ സാഹസകൃത്യം

കടന്നാക്രമിച്ചു് നാടു കൈവശമാക്കിയ പ്രഷ്യൻപട, ഫ്രാൻസിൽ കാലുകുത്തിയതുതന്നെ തന്റെ നാശത്തിനാണെന്നാണു് വാൾട്ടർസ്സ്റ്റാഫ് വിശ്വസിച്ചതു്. ആ വിജയികളുടെക്കൂട്ടത്തിൽ ഉള്ളവരിൽ ഏററവും നിർഭാഗ്യവാൻ താനാണെന്നാണു് ഈ പ്രഷ്യൻപട്ടാളക്കാരന്റെ വിചാരം. ആൾ തടിയൻ. നടക്കാൻ വിഷമം. നടക്കുമ്പോൾ അണയ്ക്കും. കാലിന്റെ വെള്ള കഴയ്ക്കും. അയാളുടെ വീതികൂടി തടിച്ച കാലിനു നടപ്പു് വിഷമമുള്ള പണിയാണു്. കാഴ്ചയിൽ അയാൾ സമാധാനപ്രിയനും, സൗജന്യപ്രിയനും ആണു്. അയാൾ ധീരനല്ല. ചോരചിന്താൻ ആഗ്രഹിക്കുന്ന ആളുമല്ല. അഞ്ചു കുഞ്ഞുങ്ങളുടെ അച്ഛനാണു്. അവരെ അയാൾ ആരാധിച്ചിരുന്നു. ഒരു വെളുത്ത യുവതിയുടെ ഭർത്താവാണു്. ആ സ്ത്രീയുടെ പരിചരണവും പരിലാളനവും അലഭ്യമായിത്തീർന്നതിനാൽ അയാൾ ഈ കാര്യങ്ങൾ വിഷാദത്തോടെ എന്നും സന്ധ്യയ്ക്കു് ഓർക്കും. താമസിച്ചേ ഉണരൂ. നേരത്തേ കിടക്കും. സാവധാനത്തിൽ നല്ല സാധനങ്ങൾമാത്രം ചവച്ചു ഭക്ഷിക്കും. ബിയർ ഏറെ ഉള്ളിലാക്കും. ഇത്തരം ജീവിതം തുടങ്ങിയതിനോടെ ജീവിതത്തിലെ മാധുര്യമെല്ലാം മറഞ്ഞുകഴിഞ്ഞെന്നാണു് അയാൾ വിശ്വസിച്ചിരുന്നതു്. യുദ്ധത്തിന്റെ ഉപകരണങ്ങളോടെല്ലാം അയാൾക്കു ഭയവും, ദ്വേഷവും തോന്നിപ്പോയി. ഇതു സാധാരണക്കാർക്കു സഹജവും, കാര്യകാരണങ്ങൾ ബന്ധിച്ചു യോജിപ്പിക്കുന്ന സ്വഭാവംകൊണ്ടു് വളരുന്നതും

ആണ്. പീരങ്കി, തോക്ക്, കൈത്തോക്ക്, വാള്, കുന്തം ചാർത്തിയ തോക്ക് ഇവയോടെല്ലാം അയാൾക്ക പ്രത്യേക വിരോധമാണ്. ഇതിൽക്കൂടുതൽ വിരോധം കുന്തം ചേർത്ത തോക്കിനോടാണ്. ഇത്തരം ഒരു വിഷമിച്ച പണി വേറെ ഇല്ല. ഇതു് ഉപയോഗിച്ചു തൻെറ ദേഹം രക്ഷിക്ക എന്നതു് അയാൾക്ക വളരെ പ്രയാസമുള്ള പണിയാണ്. ഇതു് എടുത്തു പെരുമാറാൻതന്നെ അയാൾക്ക് വിഷമം. പിന്നെ എങ്ങനെയാണ് ഇതു വൈദഗ്ദ്ധ്യത്തോടെ ഉപയോഗിക്കുന്നതു്.

രാത്രിയാകുമ്പോൾ അയാളും നിലത്തു് ഒരു വിരിപ്പുവിരിച്ചു് ഉറങ്ങാൻ കിടക്കും. അടുത്തു കിടക്കുന്ന കൂട്ടുകാർ കൂർക്കംവലിച്ചുംകൊണ്ടു് ഉറക്കമാകും. താൻ ജന്മനിയിൽ ഉപേക്ഷിച്ചിട്ടുപോന്ന കുടുംബത്തെപ്പററി വിചാരിച്ചുംകൊണ്ടു് അയാൾ ഉറങ്ങാതെ കഴിച്ചുകൂട്ടും. ആ വഴിയിൽ വിതച്ച വിപത്തിനെപ്പററിയും. "ഞാൻ കൊല്ലപ്പെട്ടുപോയാൽ കുഞ്ഞുങ്ങൾക്ക് എന്താണു വരാൻ പോകുന്നതു്?" അയാൾ വിചാരിക്കും. "അവരെ ആരു തീററിപ്പോററി വളർത്തും? അവരുടെ ധനസ്ഥിതി അത്ര മെച്ചമൊന്നുമല്ല. യുദ്ധത്തിനു പുറപ്പെടുന്നതിനുമുമ്പു പലരെയും കണ്ടു് ഏറെ കടം വാങ്ങിച്ചാണ് ഒരു തുക വീട്ടിൽ ഏല്പിച്ചിട്ടു പോന്നതു്." ചിലപ്പോൾ വാൾട്ടർ കരഞ്ഞുപോയിട്ടുണ്ടു്.

യുദ്ധം തുടങ്ങിയപ്പോൾ അയാളുടെ കാൽമുട്ടുകളുടെ ശക്തി ശോഷിക്കുന്നു എന്നു് അയാൾക്ക തോന്നി. അയാൾ വീണുകിടക്കുമായിരുന്നു. എന്നാൽ അതു നില്ക്കുന്നതിൽക്കൂടുതൽ വിഷമത്തിനു കാരണമാകും. അയാൾക്ക് അറിയാം വീണ ആളിൻെറ പുറം ചവിട്ടിമെതിച്ചുംകൊണ്ടു് ആ പട്ടാളം മുഴുവൻ മുന്നോട്ടു കടക്കും. ആ

അണിനിരന്ന പട്ടാളം മുഴുവൻ വീണുകിടക്കുന്ന ആളി ൻെറ പുറത്തുകൂടി അണിനിരന്ന് ആണി അടിച്ച ചെരു പ്പും ചവിട്ടി കടന്നുപോവുക എന്നതു് പട്ടാളച്ചട്ടമാ ണെന്നു് അയാഠം പഠിച്ചിട്ടുണ്ടു്. വെടിയുണ്ട പായു മ്പോഠം ഉണ്ടാകുന്ന ചൂളംവിളി അയാളുടെ തലയിലെ രോമങ്ങളെ എഴുന്നേല്പിച്ചുനിറുത്തി. കുറച്ചുമാസങ്ങഠം, ഇങ്ങനെ ഭയന്നും, കരഞ്ഞും, വിഷമിച്ചും അയാഠം കഴി ച്ചുകൂട്ടി.

ആ പട്ടാളം നാർമൻഡിയുടെ നേക്കു് യാത്രയായി.

ഒരുദിവസം മുന്നിൽ സഞ്ചരിച്ചു നാടു നോക്കിക്കാ ണ്മാൻ ചിലരുടെക്കൂട്ടത്തിൽ അയാളേയും നിയോഗിച്ചു. ആ നാട്ടുംപുറം ശാന്തം. ആക്രമണം തടയുവാൻ ഉള്ള കരുതലൊന്നും അവിടെ ചെയ്തിരുന്നില്ല. അല്ലെങ്കിൽ അവക്കു കാണ്മാൻ സാധിച്ചില്ല.

അവർ ഒരു മലഞ്ചരിവിലേക്കു് ഇറങ്ങുകയാണു്. കട്ടത്തുക്കായിക്കിടന്ന മല അവരെ മറച്ചിരുന്നു. മുറയ്ക്കു പറന്നുവന്ന വെടിയുണ്ടകളുടെ വഷം അവരെ പെട്ടെന്നു തടഞ്ഞുനിറുത്തി. ആ നാടുനോക്കാൻ പുറപ്പെട്ടവരിൽ ഇരുപതിൽ ഒന്നുവീതം താഴെവീണു. വേഗം വെടി വെക്കാൻ ശീലിച്ച ഒരുപററം ആളുകഠം തോക്കിൻെറ അററത്തു് കുന്തവും കുത്തിക്കൊണ്ടു് ഇവരുടെ നേക്കു പാഞ്ഞു. ഒളിച്ചിരുന്നു് കാട്ടിൽനിന്നു വെടിവച്ചവർ ഇ ങ്ങനെ വെളിച്ചത്തുവന്നു.

ആ ജമ്മൻപട്ടാളക്കാരൻ അനങ്ങാതെ നിന്നനില യിൽത്തന്നെ കുറച്ചുനേരം കഴിച്ചുകൂട്ടി. അയാഠം അമ്പ രന്നു. നിരാശനായി. പലായനംചെയ്യാൻപോലും മറന്നു നിന്നു. ഈ കാര്യംതന്നെ വാഠംട്ടർ ആലോചിച്ചില്ല. കുറ ച്ചുകഴിഞ്ഞപ്പോഠം ഓടിപ്പോകാൻതന്നെ അയാഠംക്കും

ആശയുദിച്ചു. എന്നാൽ ഈ വിചാരം ഒരു മണ്ടത്തരം തന്നെ എന്നു് അയാൾക്കു നിശ്ചയംവന്നു. താൻ ഓടുന്നതിന്റെ വേഗം ആമയുടേതു്. ദേഹം സ്വാധീനമുള്ള ആ ചടച്ച ഫ്രഞ്ചുകാരൻ, ചാടിക്കുതിച്ചു് ആട്ടിൻപററത്തെപ്പോലെയാണു വരുന്നതും. അടുത്തുതന്നെ ഒരു കുഴി കണ്ടു. അതിനകത്തു് ഉണങ്ങിയ ഇലയും കമ്പും കവരവും എല്ലാം കിടപ്പുണ്ടു്. ഇതൊന്നും ആലോചിക്കാതെ താൻ നിന്നിടത്തുനിന്നു് ആറടിമാത്രം ദൂരത്തിൽകണ്ട ആ കുണ്ടിലേക്കു് എടുത്തു് ഒരു ചാട്ടം ചാടി. പാലത്തിൽനിന്നു് ആററിലേക്കു് ആലോചനയില്ലാതെ ചാടുംപോലെ ആയിരുന്നു ഇതു്. കുഴിക്കു് എന്താഴംകാണുമെന്നുപോലും ആലോചിക്കാതെ ആയിരുന്നു ആ പെട്ടെന്നുള്ള ചാട്ടം. ഒരമ്പുപോലെ അയാൾ താഴെയ്ക്കു വീഴാൻ തുടങ്ങി. വള്ളികൾ, അററംക്രൂത്ത കമ്പുകൾ, ഇവ വീഴ്ചക്കിടയ്ക്കു് ഈ മനുഷ്യന്റെ മുഖം മുറിച്ചു. പെട്ടെന്നു് ഒരു കുന്നു്പാറകളിൽ അയാൾ ഇരിപ്പായി. ചടഞ്ഞുവീണ ആയംകൊണ്ടു് ഇരുന്നുപോയതാണു്. തലപൊക്കിനോക്കിയപ്പോൾ താൻ വീഴുമ്പോൾ നിർമ്മിച്ച ദ്വാരത്തിൽക്കൂടി ആകാശം അയാൾ കണ്ടു. ഈ ദ്വാരം കണ്ടുപിടിച്ചു് ആളുകൾ തന്നെയും കണ്ടുപിടിച്ചെങ്കിലോ എന്നു് അയാൾക്കു ഭയമായി. അയാൾ നാലുകാലിൽ സൂക്ഷിച്ചു ചരിച്ചു്, മരക്കൊമ്പുകളായ മേലാപ്പിന്റെ താഴെ എത്രയും ദ്വാരത്തിൽനിന്നു് ഒഴിഞ്ഞുമാറാമോ അത്രയും അയാൾ നിരങ്ങിയും നീന്തിയും മാറി ഇങ്ങനെ മുകളിൽ നടക്കുന്ന യുദ്ധത്തിൽനിന്നു് അയാൾ ഒഴിഞ്ഞുമാറി രക്ഷനേടി. പിന്നീടു് എഴുന്ന പുല്ലിനിടയിൽ ഒളിക്കുന്ന മുയലെന്നപോലെ അയാളും അവിടെ കുത്തിയിരുന്നു.

പിന്നെയും കുറച്ചുനേരം വെടിയുടെ ശബ്ദം കേട്ടു കൊണ്ടിരുന്നു. മുറിവേററവരുടെ വിലാപം. പോരിന്റെ ബഹളം. ഇവയെല്ലാം ക്രമേണ കേൾക്കാതായി. എല്ലാം ശാന്തം. നിശ്ശബ്ദത പിന്നെയും അവിടെ പരന്നു.

അപ്പോൾ അടുത്തു് എന്തോ അനങ്ങി. അയാൾ വല്ലാതെ ഞെട്ടിപ്പോയി. അതു് ആ കവരങ്ങളിൽ ഒന്നിൽ വന്നിരുന്ന ഒരു കൊച്ചു പക്ഷിയായിരുന്നു. അതു വന്നിരുന്നപ്പോൾ വലിച്ചു കരിയിലകളാണു് ഈ ശബ്ദം വല്ലാതെ ഇളക്കിവിട്ടതു്. ഒരു മണിക്കൂർനേരത്തേക്കു് അയാളുടെ ഹൃദയം വേഗത്തിൽ അടിച്ചുംകൊണ്ടിരുന്നു.

രാത്രി പതുക്കെ വന്നു. ആ മലഞ്ചരിവിൽ ഇരുട്ടു വ്യാപിച്ചുതുടങ്ങി. പട്ടാളക്കാരൻ ആലോചിക്കാൻ തുടങ്ങി. താൻ ഇനി എന്തുചെയ്യണം? തനിക്കു് എന്താണു സംഭവിക്കാൻ പോകുന്നതു്? അയാൾ മടങ്ങി തന്റെ പട്ടാളപ്പാളയത്തിൽ എത്തണോ? അതു് എവിടെയാണു കിടക്കുന്നതു്? എങ്ങനെയാണു് അവിടെ എത്തുന്നതു്? ഒന്നുകൂടി ആ ജീവിതം ആവർത്തിക്കണോ? അതിൻെറ ആവശ്യം ഉണ്ടോ? വ്യസനം, ഭയം, ക്ഷീണം, ക്ലേശം, യുദ്ധം തുടങ്ങിയതുമുതൽ ഇതെല്ലാമാണു് അനുഭവം. വേണ്ടാ! അതിനുള്ള ധൈര്യം അയാൾക്കു് ഇല്ല. ഇങ്ങനെ മാർച്ചുചെയ്തു നാടൊക്കെ സഞ്ചരിക്കാൻ അയാൾക്കു ധൈര്യമില്ല. അതിനുള്ള ശക്തിയും അയാൾക്കില്ല. അതുമല്ല മിനിട്ടിനു മിനിട്ടിനു നേരിടേണ്ടിവരുന്ന ആപത്തുകൾ നേരിടാൻ അയാൾക്കു സാദ്ധ്യവും അല്ല.

എന്നാൽപ്പിന്നെ ചെയ്യേണ്ടതു് എന്താണു്? ഈ കുഴിയിൽത്തന്നെ കിടന്നു സന്ധിയുണ്ടാകുന്നിടംവരെ ജീവിക്കാൻ സാധിക്കുമോ? അതുവരെ ഈ മലഞ്ചരിവിൽ ഒളിച്ചുകഴിയുവാൻ സാധിക്കയില്ല. അതു്

അസാദ്ധ്യം. വിശപ്പ് എന്നൊരുകാര്യം മനുഷ്യന് ഇല്ലായിരുന്നെങ്കിൽ ഇതു സാധിക്കുമായിരുന്നു. എന്നാൽ ഭക്ഷിക്കാതെ ജീവിക്കാൻ സാധിക്കയും ഇല്ല. അതു് എന്നും വേണം താനും. അയാൾ തനിച്ചാണു്. ആയുധം ഉണ്ടു്. യൂണിഫാറം ധരിച്ചിട്ടുണ്ടു്. ശത്രുവിൻെറ കൈവശം ഇരിക്കുന്ന സ്ഥലത്താണു് നില്ക്കുന്നതു്. സ്വന്തം ആളുകൾ തങ്ങുന്നിടത്തുനിന്നും ഏറെ അകലെ. തനിക്കു രക്ഷനല്കാൻ ആരും അടുത്തില്ലാത്തവിധം ഏറെ അകലെ. അയാൾ വിറച്ചു. പക്ഷേ, ഈ വിറയൽ തണുപ്പാണു് അയാൾക്കു നല്കിയതു്. ചൂടല്ല.

"ഞാൻ ഒരു തടവുകാരനായിത്തീർന്നാലോ?" അയാൾ ഉടൻ ആലോചിച്ചുനോക്കി. അതെ, മനസ്സിൽ അത്യാഗ്രഹം തോന്നി. ആ വിചാരം ഒരു ഭ്രാന്തായി. ഫ്രഞ്ചുകാർ തന്നെ ഒരു തടവുകാരനായി പിടിച്ചിരുന്നെങ്കിൽ! രക്ഷിച്ചു താമസിപ്പിക്കും. സമയത്തിനു് ആഹാരം ലഭിക്കും. വാളും വെടിയുണ്ടയും ഭയപ്പെടേണ്ട. വേറെ ഭയവും ഉണ്ടാവില്ല. ഒരു നല്ല ജയിലിൽ നല്ലവണ്ണം സൂക്ഷിച്ചു പാർപ്പിക്കും. ഒരു തടവുകാരൻ. നല്ല ഒരു സ്വപ്നം.

ഉടൻതന്നെ അയാൾ തീരുമാനവും ചെയ്തു. "ഞാൻ പോയി ഒരു തടവുകാരനായി കീഴടങ്ങും." ഒരു മിനിട്ടും താമസിക്കാതെ ഈ നിശ്ചയം നടപ്പിൽവരുത്താനായി അയാൾ എഴുന്നേററു. പക്ഷേ, കാലു് അനങ്ങിയില്ല. വേറെ ചില പുത്തൻ പേടികൾ അയാൾക്കു വന്നുചേന്നു. മററു പല പുതിയ വിചാരങ്ങളും.

താൻ കീഴടങ്ങിയവനാണെന്നു പറയുവാൻ എങ്ങോട്ടാണു് പോകേണ്ടതു്? എങ്ങനെ പോകും! ഏതു ഭാഗത്തേക്കു പോകും? എന്നുമല്ല ഭയംനല്കുന്ന മാരണത്തു

പങ്ങൾ അയാളുടെ ഉള്ളിൽ നിറഞ്ഞു. ഇങ്ങനെ ഈ നാട്ടിൽക്കൂടി ലോഹാഗ്രമുള്ള പട്ടാളത്തൊപ്പിയും വച്ചുകൊണ്ടു് തനിച്ചു നടന്നാൽ ഏറെ ആപത്തുകൾക്കു താൻ വിധേയനാകും. വല്ല ഗ്രാമീണരുമാണു തന്നെ കണ്ടുമുട്ടുന്നതെങ്കിൽ! വഴിതെററി കൂട്ടംപിരിഞ്ഞുനടക്കുന്ന ഒരു പ്രഷ്യൻപട്ടാളക്കാരനെ കണ്ടാൽ, സഹായം രക്ഷയ്ക്കു് അവകാശം നല്കാതെ അവർ ഒരു പട്ടിയെപ്പോലെ തന്നെ തല്ലിക്കൊല്ലും. അതെ, അവർ കൊല്ലുന്നതു ചിലപ്പോൾ ഇരുമ്പുപല്ലികൊണ്ടോ മൺവെട്ടികൊണ്ടോ ആയിരിക്കും. അല്ലെങ്കിൽ അരിവാളോ, തൂമ്പായോ ഉപയോഗിച്ചായിരിക്കും. അവർ തന്നെ തല്ലി ചതച്ചുകളയും. അരിഞ്ഞരിഞ്ഞു ചെറിയ തുണ്ടുകളാക്കും. അതെ, വിജയികൾ സാധാരണ ക്രൂരമായാണു പെരുമാറാറുള്ളതു്.

കാണുമ്പോൾത്തന്നെ വെടിവച്ചു മലത്തുന്നവരുടെ നടുവിലാണു താൻ ചെന്നു ചാടിയതെങ്കിലോ? ഈ ഭ്രാന്തന്മാർ നിയമമോ മുറയോ നോക്കുമോ? തങ്ങളുടെ വിനോദത്തിനായി തന്നെ വേട്ടയാടും. ഒരു മണിക്കൂർ രസിച്ചുകഴിയുവാൻ, തന്റെ മുഖം കാണുവാൻ, ഇതിനായി മാത്രം അവർ തന്നെ ഉപദ്രവിക്കും. ഒരു മതിലിനുചേർത്തു നിറുത്തി തന്റെനേക്ക് ഒരുമിച്ചു് ഒരുഡസൻ തോക്കു ചൂണ്ടപ്പെടും. ആ തോക്കിന്റെ കറുത്ത കൊച്ചു കണ്ണുകളുടെ എല്ലാം ലക്ഷ്യം താൻതന്നെ. ഈ അവസ്ഥയിൽ താൻ ചെന്നുചേൻ എന്നാണു് അയാൾക്കു് അപ്പോൾ തോന്നിയതു്.

അല്ല ഫ്രഞ്ച് പടയെ ആണു കണ്ടതെങ്കിലോ? അവരുടെ മുന്നണിക്കാർ തന്നെ ഒരു ചാരനായി ഗണിക്കും. ഒരു കരുത്തനും ചങ്കുറപ്പുള്ളവനും ആയ ഒരു തെമ്മാടിയായി അയാളെ കണക്കാക്കും. സ്ഥലംകണ്ടു തിട്ടംവരു

ത്താനാണു താൻ നടക്കുന്നതു് എന്നും അവർ വിചാരിക്കും. ഉടൻതന്നെ തന്നെ വെടിവയ്ക്കും. കഥയും അതിനോടെ അവസാനിക്കും. കാട്ടിൽ ഒളിച്ചുനടക്കുന്നവരായ 'തല്ലൂാലം ഫേത്ത്' പട്ടാളക്കാരുടെ വെടിപൊട്ടുന്ന ഒച്ച തനിക്കു കേൾക്കാമെന്നുപോലും അയാൾക്കു തോന്നി. ഒരു 'അരിപ്പ'പോലെ തന്റെ ദേഹംമുഴുവൻ ഉണ്ടകൊണ്ടു് കുഴിഞ്ഞുകാണുന്നു എന്നും അയാൾ സങ്കല്പിച്ചു. തന്റെ മാംസത്തിൽ ഉണ്ട തുളച്ചുകയറുന്നതായി അയാൾക്കു തോന്നി. ഇങ്ങനെ ഒരു രക്ഷയും കാണാത്തവനായി അയാൾ പിന്നെയും ഇരുന്നു വിഷമിച്ചു. ഈ അവസ്ഥയിലും രക്ഷയില്ല.

രാത്രി പരന്നു കഴിഞ്ഞു. നിശ്ശബ്ദതയും ഇരുട്ടും എല്ലായിടത്തും വ്യാപിച്ചു. അയാൾ അനങ്ങാതെ ഇരിക്കുകയാണു്. ഈ ഇരുട്ടിൽ കൂടുതൽ കട്ടിയിൽ കണ്ട ഏതു നിഴലും അയാൾക്കു് ഭീതി നല്കി. മാളത്തിൽ ഒന്നനങ്ങുന്ന 'ചെവിയന്റെ' ശബ്ദംപോലും വാൾട്ടറിനു് ഭയം നൽകി. അയാൾ ഓടാൻതന്നെ ഇടയാക്കിതീർത്തു. മൂങ്ങായുടെ മൂളക്കംകേട്ടു് അയാളുടെ ഉള്ളു് തകൎന്നു. അതെ ആ 'ഒച്ചപ്പാടു്' അയാൾക്കു് പേടിയുണ്ടാക്കി. വേദനയും. മുറിവേററാലുണ്ടാകുന്ന വേദന ഇതു കേട്ടപ്പോൾ അയാൾക്കു് ഉണ്ടായി. ഈ ഇരുട്ടിൽ അയാൾ വലിയ കണ്ണുമുഴുവൻ തുറന്നു് പരിശോധനതുടങ്ങി. എന്തനങ്ങിയാലും ആരോ അടുത്തുകൂടി നടന്നു് അടുക്കുകയാണെന്നാണു് അയാളുടെ വിചാരം.

നശിച്ചവന്റെ ഭാവത്തിൽ ഇങ്ങനെ ഏറെ മണിക്കൂറുകൾ അയാൾ വിഷമിച്ചു് വ്യസനിച്ചു. തന്റെ ഇരിപ്പിടത്തിന്റെ മുകളിലുള്ള വിള്ളലിൽക്കൂടി നോക്കിയപ്പോൾ ആകാശത്തിൽ പ്രകാശം വ്യാപിക്കുന്നുണ്ടെന്നു്

അയാഠം കണ്ടറിഞ്ഞു. അതോടുകൂടി അയാഠംക്ക് ഏറെ ആശ്വാസവും വന്നു. അയാളുടെ അംഗങ്ങഠംക്ക് അസ്വസ്ഥത അവസാനിച്ചു. ഹൃദയഭാരം കുറഞ്ഞു. കണ്ണു് അടഞ്ഞു. അയാഠം ഉറങ്ങി.

ഉണൎന്നപ്പോഠം സമയം ഉച്ചയായി എന്നു് അയാഠംക്ക തോന്നി. സൂൎയ്യൻ മിക്കവാറും തൻെറ മുകളിലായി നില്ക്കുന്നു. പാടങ്ങളിലെ നിശ്ശബ്ദത യാതൊന്നും ചലിപ്പിക്കുന്നില്ല. വാഠംട്ടറിന്നു് മനസ്സിലായി. തന്നെ വിശപ്പു് വല്ലാതെ പിടികൂടിക്കഴിഞ്ഞു. അയാഠംക്കു് കോട്ടുവാ വന്നു. വായിൽക്കൂടി വെള്ളം വന്നു. ഇറച്ചിക്കഷണത്തിൻെറ കഥ ഓൎത്തപ്പോഠംത്തന്നെ. അതെ പട്ടാളക്കാൎക്കു കിട്ടാറുള്ള നല്ല ഇറച്ചിക്കൂട്ടു്. അയാളുടെ വയറു് വേദനിച്ചു.

അയാഠം എഴുന്നേററു. രണ്ടടി മുന്നോട്ടുവച്ചു. തന്റെ കാലുകഠംക്ക ശക്തി നശിച്ചു. പിന്നയും ആലോചിച്ചുംകൊണ്ടു് അയാഠം ഇരിപ്പായി. എന്താണു് വേണ്ടതെന്നു് നാലുമണിക്കൂർ അയാഠം ആലോചിച്ചു. താൻ ചെയ്യാൻ നിശ്ചയിച്ചതിൽനിന്നു് തനിക്കുണ്ടാകുന്ന ഗുണവും ദോഷവും. ഇവയെപ്പററി അയാഠം തന്നത്താൻ ചൎച്ച നടത്തി. മനസ്സു് പെട്ടെന്നു മറിഞ്ഞുതുടങ്ങി. അസുഖം വൎദ്ധിച്ചു. അയാഠം അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ചാടി. തമ്മിൽ പൊരുത്തമില്ലാത്ത വാദമുഖങ്ങഠം അയാളെ അന്യോന്യം വലിച്ചു് ബലംപ്രയോഗിച്ചു വിഷമിപ്പിച്ചു.

ഒരു കാൎയ്യം മാത്രമാണു് അയാഠംക്കു് ബുദ്ധിപൂൎവ്വവും ചെയ്യേണ്ടതും ആയിത്തോന്നിയതു് തനിച്ചു് വല്ല നാട്ടുകാരനും അതിലെ കടക്കുന്നതുവരെ കാത്തിരിക്കുക. അയാളുടെ കൈവശം ആയുധങ്ങളോ, അപായംവരു

ത്തുന്ന മറ്റ് ഉപകരണങ്ങളോ ഉണ്ടായിരിക്കരുത്. ഓടിച്ചെന്ന് അയാളുടെ മുന്നിൽ വീഴണം. താൻ അയാൾക്ക കീഴടങ്ങുകയാണെന്നു മനസ്സിലാക്കണം. തൊപ്പി അയാൾ ഊരി. അതിൽ ഘടിപ്പിച്ചിരുന്ന ഇരുമ്പിന്റെ മുന അയാളുടെ അപ്പോഴത്തെ ഒളിച്ചിരുപ്പ് വെളിപ്പെടുത്തും. പിന്നീട് സൂക്ഷിച്ചു സൂക്ഷിച്ച് തല പുറത്തേക്കു കാട്ടി ചുറ്റും നോക്കി.

ഒരു മനുഷ്യനെപ്പോലും കാണാനില്ല. താഴെ വലത്തു ഭാഗത്തായി ഒരു ഗ്രാമം കാണാം. അവിടുന്ന് പുക ആകാശത്തേക്ക് ഉയരുന്നുണ്ട്. അടുക്കളയിൽനിന്നു പുറപ്പെടുന്ന പുക. ഇടത്തുവശത്ത് ചോലമരങ്ങൾ നട്ടുപിടിപ്പിച്ച നടക്കാവ്. അതിനപ്പുറം ചെറിയ ഗോപുരങ്ങളുള്ള ഒരു കോട്ട.

അയാൾ പകലേവരെ ഇങ്ങനെ കാത്തുനിന്നു. ഏറെ വേദന അയാൾ അനുഭവിച്ചു. കാക്ക പറക്കുന്നതു മാത്രം കണ്ടുംകൊണ്ടു നിന്നു. കേട്ടതു് വയറ്റിൽ ഉണ്ടായ 'വെപ്രാളത്തിൻെറ' ശബ്ദവും.

പിന്നെയും രാത്രിവന്നു. അയാൾ തന്റെ 'ഒളിവിൽ' നീണ്ടുനിവന്നു കിടന്നു. അല്പം ജ്വരംബാധിച്ചവൻെറ മയക്കമായിരുന്നു അയാളെ ബാധിച്ചതു്. വിശപ്പുകൊണ്ട് വലഞ്ഞ ഒരു മനുഷ്യൻ കാണാറുള്ള ദുഃസ്വപ്നമെല്ലാം അയാളെയും ബാധിച്ചു. പിന്നെയും പുലരിപിറന്നു. അയാൾ ഉണർന്നു. അയാൾ പിന്നെയും സൂക്ഷിച്ചുനോക്കി ത്തുടങ്ങി. നാട്ടുമുഴുവൻ വിജനം. വാൾട്ടർ സ്റ്റാഫിന് വേറൊരു ഭീതി. വിശപ്പുകൊണ്ടു് മരിച്ചുപോകും എന്നതു്. താൻ ഈ കുഴിയിൽ നീണ്ടുനിവന്നു വീണുകിടക്കും. കണ്ണു് അടഞ്ഞുപോകും. പിന്നെ ചില പ്രാണികൾ, അല്പപ്രാണികൾ. എല്ലാത്തരത്തിലും ഉള്ളവ,

ചേർന്നുവന്നു് ഒരുമിച്ചു് തന്റെ ദേഹം തിന്നുതുടങ്ങും. തന്റെ വസ്ത്രങ്ങൾക്കകത്തു കടക്കും. തന്റെ പച്ചയിറച്ചിതന്നെ ഇവക്കു് പലഹാരമാകും. ഒരു വലിയ മലങ്കാക്ക വന്നു് തന്റെ കണ്ണു് കൊത്തിക്കൊണ്ടു പറക്കും.

അയാൾക്കു ഭ്രാന്തായി. താൻ ക്ഷീണംകൊണ്ടു മോഹിച്ചു വീണു എന്നുതന്നെ അയാൾക്കു തോന്നി. അയാൾക്കു നടക്കാൻ കെല്പില്ല. ആ ഗ്രാമത്തിലേക്കു തിരിക്കാൻ അയാൾ നിശ്ചയിച്ചു. എല്ലാ ഭയവും മാററിനിറുത്തി എല്ലാം സഹിച്ചു മുന്നോട്ടു പോകണം. പല്ലിയും തോളിൽവച്ചു മൂന്നു കൃഷിക്കാർ പാടത്തേക്കു പോകുന്നുണ്ടു്. അവരെ കണ്ടപ്പോൾ അയാൾ തിരിച്ചു് ഒളിവിലേക്കു കയറി.

പിന്നെയും ഇരുട്ടു പരന്നു. ആ മലഞ്ചെരിവു് ഏകാന്തതയിൽ ലയിച്ചു. അയാൾ ആ കുഴിയിൽനിന്നു വെളിയിൽ ഇറങ്ങി. അയാൾ വഴിയിലേക്കു നിരങ്ങി. ഭയന്നു്, വിറച്ചു്, ഹൃദയം വല്ലാതെ അടിച്ചു. അയാൾ തിരിച്ചതു് കോട്ടയിലേക്കാണു്. ഗ്രാമത്തിലേക്കല്ല. ആ ഗ്രാമം കടുവാകളുടെ ഗുഹകൾ ആണെന്നാണു് അയാൾ ഭയംകൊണ്ടു കരുതിയതു്.

താഴത്തെ നിലയിൽ വെളിച്ചം നല്ലവണ്ണം ഉണ്ടെന്നു് തുറന്നുകിടന്ന ജനലിൽക്കൂടി അയാൾക്കു കാണാം. ആ ജന്നൽവഴി ആഹാരസാധനങ്ങളുടെ, വെച്ചുതയാറാക്കിയ ഭക്ഷണത്തിന്റെ ഗന്ധം പുറത്തേക്കു പരക്കുന്നുണ്ടു്. ഈ മണം വാൾട്ടറുടെ മൂക്കിൽക്കൂടി കടന്നു് ഉള്ളിൽ മുഴുവൻ വ്യാപിച്ചു. അയാളുടെ ദേഹം സ്തംഭിച്ചു. ശ്വാസം തടഞ്ഞു. ആ മണം അയാളെ ആകർഷിച്ചു. തടുക്കാൻ പാടില്ലാത്തവിധത്തിൽ ആകർഷിച്ചു. അയാളുടെ ഹൃദയത്തിൽ ധൈര്യവും കടന്നുകൂടി. വിചാ

രിക്കാതെതന്നെ പട്ടാളത്തൊപ്പിയും തലയിൽ വച്ചും കൊണ്ടു് അയാൾ ആ തുറന്നുകിടക്കുന്ന ജന്നാലിൻെറ സമീപം ചെന്നുനിന്നു.

എട്ടു പരിചാരികർ ഒരു വലിയ മേശയ്ക്കു ചുററും ഇരുന്നു് ഭക്ഷണം കഴിക്കയാണു്. ആ രൂപംകണ്ടു പരിചാരികകൾ വായുംപൊളിച്ചു് അനങ്ങാതെ ഇരുന്നു. അവരുടെ കൈയിൽ പിടിച്ചിരുന്ന ഗ്ലാസ് താഴെവീണു. കണ്ണു തുറിച്ചുപോയി. എല്ലാവരുടേയും നോട്ടം അങ്ങോട്ടായി.

അവർ ശത്രുക്കളെ കണ്ടു. എൻെറ കത്താവേ! പ്രഷ്യാക്കാർ ഈ കോട്ടയും ആക്രമിക്കാൻ തുടങ്ങിയോ? ആദ്യം ഒരാൾ ഉറച്ചു കരഞ്ഞു. പക്ഷേ, എട്ടുപേരും ഒന്നിച്ചു കരഞ്ഞതുകൊണ്ടാണു് ഒരാളുടെ ശബ്ദമാണു കേട്ടതെന്നു തോന്നിപ്പോയതു്. മഹാഭീതികൊണ്ടു് ഉണ്ടായ രോദനം. എല്ലാവരും വല്ലാതെ പിടഞ്ഞെഴുന്നേറ്റു. തിക്കും തിരക്കുമായി. ഏററവും അകഞ്ഞയററത്തേക്കു് ഒരോട്ടം. കസേരകൾ മറിഞ്ഞുവീണു. ആണുങ്ങൾ പെണ്ണുങ്ങളെ തള്ളിയിട്ടിട്ടു മുമ്പിൽ ചാടിക്കടന്നു. അവക്കു് ആദ്യം രക്ഷപെടണം. രണ്ടു മിനിട്ടല്ല, സെക്കൻഡുകൾക്കിടയിൽ, ആ മുറി ഒഴിഞ്ഞു. ഒരു മേശപ്പുറം നിറച്ചു തീററസാധനങ്ങൾ. അവ എല്ലാം ഉപേക്ഷിച്ചിട്ടു് എല്ലാവരും ഓട്ടമായി. ഇതെല്ലാം നോക്കി കണ്ടുംകൊണ്ടു വാൾട്ടർസ്ലാഫ് ജന്നാലിൻെറ സമീപത്തും.

അല്പം സംശയിച്ചുനിന്നശേഷം ഒരു കുതിപ്പിനു് അയാൾ ജന്നൽപ്പടി ചാടിക്കടന്നു. മേശയ്ക്കു സമീപത്തേക്കു നടന്നു. വർദ്ധിച്ച വിശപ്പുകൊണ്ടു് അയാൾ ജ്വരബാധിതനെപ്പോലെ വിറയ്ക്കുന്നുണ്ടു്. എങ്കിലും

മഹാഭീതി അയാളെ അപ്പോഴും ബാധിച്ചിരുന്നു. അയാൾക്ക് സ്തംഭനാവസ്ഥതന്നെ അല്പനേരത്തേക്ക് ഉണ്ടായി. അയാൾ ശ്രദ്ധിച്ചു. വീടെല്ലാംതന്നെ കുലുങ്ങുന്നു. വാതിലുകൾ തുറക്കുന്നതും അടയ്ക്കുന്നതും ആയ ശബ്ദം. മുകളിലത്തെ നിലയിൽ ഓടുന്ന കാലുകൾ നിലത്തടിച്ച് ഉണ്ടാക്കുന്ന ശബ്ദം. ഇങ്ങനെ പലതുംകൂടി ഉണ്ടാക്കുന്ന ബഹളത്തിനിടയിൽക്കൂടി വല്ലതും തിരിച്ചറിഞ്ഞു് കേട്ട് മനസ്സിലാക്കാമോ എന്നു് വാൾട്ടർ ശ്രമിച്ചുനോക്കി. എന്തെല്ലാമോ ചിലതു താഴെ പുല്ലിൽ വീഴുന്ന ശബ്ദങ്ങൾ കേട്ടു തുടങ്ങി. ചിലരുടെ വീഴ്ചകൊണ്ടു് ഉണ്ടായ ഒച്ചയാണു് ഇതെന്നു് അയാൾക്കു തോന്നി. മുകളിലത്തെ നിലയിൽ നിന്നു ചാടി താഴെ വീണവരുടെ വീഴ്ചയുടെ ശബ്ദം.

പിന്നീട് എല്ലാ അനക്കവും ഒച്ചയും അടങ്ങി. എല്ലാം ശാന്തം. ശവക്കല്ലറയിലെ നിശ്ശബ്ദത അവിടെ വ്യാപിച്ചു.

ഒഴിയാതെ, ആരും തൊടാതെവച്ചിരുന്ന ഒരു പ്ലേററിൻെറ മുൻപിൽ വാൾടർ ഇരുന്നു. അയാൾ അതിൽ നിന്നു ഭക്ഷിക്കാൻ തുടങ്ങി. പെട്ടെന്നു വല്ലവരും വന്നു തടഞ്ഞെങ്കിലോ എന്നുള്ള വിചാരംകൊണ്ടു് വാ നിറച്ചു് ആഹാരസാധനങ്ങൾ തുരുത്തിക്കയററി. തനിക്കു് ആവശ്യമുള്ളത്രയും വയററിൽ കടത്തുംമുമ്പു വല്ലവരും കടന്നു വന്നെങ്കിലോ എന്നായിരുന്നു അയാളുടെ ഭയം. രണ്ടു കൈകൊണ്ടും മുന്നിൽ കണ്ടതെല്ലാം വായിലേക്കു വാരിയിട്ടു. വായ് എല്ലാം സ്വീകരിക്കാൻ തയ്യാറായി തുറന്ന ഒരു ചാക്കിൻെറ വായായിത്തീർന്നു. വലിയ വലിയ കഷണങ്ങൾ ഇടയില്ലാതെ വയററിലേക്കു മുറയ്ക്കു കടന്നു. ഈ യാത്ര തൊണ്ടയ്ക്കു വിഷമമുണ്ടാക്കി. ഈ യാത്രയ്ക്കു വാൾട്ടർമാത്രം ചിലപ്പോൾ തടസ്സമുണ്ടാക്കി. പെട്ടെന്നു

തൻെറ വയർ പൊട്ടിപ്പോകുമോ എന്ന ഭയം ചിലപ്പോൾ ആ പട്ടാളക്കാരൻതന്നെ ഉണ്ടാകും. സിഡാർ നിറച്ചുവച്ചിരുന്ന മൊന്ത ഒന്നിച്ചെടുത്തു വായിലേക്ക കമത്തിനോക്കി. അടഞ്ഞുകിടക്കുന്ന ഓവുകളിലെ തടസ്സം മാററാൻ ഒന്നിച്ചു വെള്ളംഒഴിച്ചുനോക്കുന്ന വിധത്തിൽ. തൊണ്ടയിൽ തടഞ്ഞിരുന്നതെല്ലാം ഈ പാനീയത്തിൻെറ പ്രവാഹം ഒഴുക്കി മുന്നോട്ടുകൊണ്ടുപോയി വയററിൽച്ചെന്നു് വ്യാപിച്ചു.

അയാൾ എല്ലാ പ്ലേററും ഒഴിച്ചു. പിഞ്ഞാണികളിൽ ഉണ്ടായിരുന്നതെല്ലാം കഴിച്ചു. കുപ്പികളിൽ ഒന്നും കാണാനില്ലാതായി. ഇങ്ങനെ തിന്നാനും കുടിക്കാനും ഉള്ളതെല്ലാം ഒളിച്ചുവെച്ചിരിക്കുന്ന ഒരു കലവറയായി അയാൾ തീൎന്നു. മനസ്സും ദേഹവും തളൎന്നു. മുഖംമാത്രമല്ല ദേഹവും ചുവന്നു. ഇക്കിൾ മുറയ്ക്കു വന്നു. ഏമ്പക്കവും. വാ മുഴുവൻ അഴുക്കു നിറഞ്ഞു. മനസ്സുപോലും വിഷമിച്ചു. ശ്വാസംവിടാനായിട്ടു് യൂണിഫോറത്തിൻെറ ബട്ടൺ വേർപെടുത്തേണ്ടതായിവന്നു. ഒരടി മുന്നോട്ടുവെയ്ക്കാൻ വിഷമമായി. അയാൾ കണ്ണടച്ചു. അല്ല, തനിയേ അടഞ്ഞു. എല്ലാം അവ്യക്തമായി. കൈകൾ പിനച്ചു മേശമേൽവച്ചു. തല ആ തലയിണയിൽ നിക്ഷേപിച്ചു. ഇങ്ങനെ സന്തോഷിച്ചു ചുററുപാടു് എല്ലാം അയാൾ വിസ്മരിച്ചു.

ആ മരത്തോപ്പിനിടയിൽക്കൂടി ക്ഷീണിച്ച ചന്ദ്രൻ വിളറിയ പ്രകാശം ചക്രവാളത്തിൽപരത്തി. ഉഷസ്സും പുറപ്പെട്ടു. പ്രഭാതത്തിൻെറ മുന്നെ നടക്കുന്ന പരിചാരികയെപ്പോലെ. കുററിക്കാട്ടിൽ തടിച്ചുകൂടിയ ഇരുട്ടിനിടയിലും ലോഹദ്യുതിപോലെ ഒരു തിളക്കം ചന്ദ്രൻെറ ചില കിരണങ്ങൾ നിൎമ്മിച്ചു.

നിശ്ശബ്ദമായി വത്തിച്ച ആ വൻകോട്ട തെളിഞ്ഞ ആകാശത്തിനിടയിൽ ഒരു നിഴൽചിത്രമാണെന്നു തോന്നി. രണ്ടു ജന്നലിൽക്കൂടിമാത്രം കുറച്ചു വെളിച്ചം പുറത്തേക്കു കടക്കുന്നുണ്ടു്. അവിചാരിതമായി ഒരു ഗംഭീര സ്വരം കേൾക്കായി:

"മുന്നോട്ടു്. കടന്നാക്രമിക്കിൻ. വരിൻ. പയ്യന്മാരെ ചുണക്കുട്ടികളേ വരിൻ."

ഉടൻതന്നെ വാതിലുകൾ, ജന്നലുകൾ, ഇവയെല്ലാം തല്ലിത്തകർത്തുംകൊണ്ടു് ആളുകൾ കുതിച്ചുകയറി. മുന്നിൽ കണ്ടതെല്ലാം ചവിട്ടി ഒടിച്ചു. അവർ ആ കോട്ട കൈവശമാക്കാൻ ശ്രമിക്കയാണു്. സർവ്വവിധമായ ആയുധങ്ങളുമായി അൻപതുപേർ വാൾട്ടർസ്റ്റാഫ് ഇരുന്നു ക്രൂക്കംവലിച്ചുറങ്ങുന്ന കുശിനിമുറിയിലെത്തി. നിറച്ച തോക്കെല്ലാം ആ ഉറങ്ങിക്കഴിയുന്ന മനുഷ്യന്റെ നെഞ്ചത്തേക്കു നീട്ടി. അവർ അയാളെ മറിച്ചിട്ടു. പിടിച്ചു ബന്ധിച്ചു. താഴെയിട്ടു് ഉരുട്ടി. കാലും കൈകളും കെട്ടി. അയാൾ അമ്പരന്നു ശ്വാസംമുട്ടി. കാര്യം ഒന്നും ശരിക്കു മനസ്സിലായില്ല. അടികൊണ്ടു. ചതഞ്ഞു. അടിപെട്ടു. പോരെങ്കിൽ വലിയ ഭയംകൊണ്ടു ഭ്രാന്തും അയാൾക്കുണ്ടായി. ഒരു തടിയൻ പെട്ടെന്നു മുന്നോട്ടുവന്നു. കാഴ്ചയിൽത്തന്നെ ഒരു പട്ടാളക്കാരൻ. സ്വർണ്ണക്കസവു ചാർത്തിയ ഗംഭീരൻ. ആ മാന്യൻ കാലുപൊക്കിക്കെട്ടിയിരുന്ന വാൾട്ടറുടെ നെഞ്ചത്തു് ഉറപ്പിച്ചു ചവിട്ടി. ശൗര്യത്തോടെ വിളിച്ചുചോദിച്ചു:

"നിങ്ങൾ എൻെറ തടവുകാരനായിത്തീന്നിരിക്കുന്നു. കീഴടങ്ങൂ."

'തടവുകാരൻ' എന്ന വാക്കുമാത്രമേ ആ പ്രഷ്യാ

ക്കാരനു മനസ്സിലായുള്ളൂ. അയാഠം മുക്കിമൂളി—"ജാ, ജാ, ജാ." അയാളെ പിടിച്ചു് എഴുന്നേല്പിച്ചു. ഒരു കസേരയിൽ ഇരുത്തിക്കെട്ടി. വിജയികഠം എല്ലാവരുംകൂടി അയാളുടെ ചുററുംകൂടി പരിശോധനയായി. അവർ എല്ലാവരും വല്ലാതെ *പോർപോയിസ്സിനെപ്പോലെകിതയ്ക്കുന്നുണ്ടു്. മിക്കവരും ക്ഷീണംകൊണ്ടും കോപംകൊണ്ടും നില്ക്കാൻപോലും വിഷമിച്ചു താഴെ വീണുപോയി.

വാഠംട്ടർ ചിരിച്ചു. അയാഠംക്കു് ഇനി ചിരിക്കാൻ ഭയമില്ല. തടവുകാരനായി താൻ പിടിക്കപ്പെട്ടല്ലോ. ഒടുവിൽ വിചാരിച്ചതു സാധിച്ചല്ലോ.

ഒരു മേലുദ്യോഗസ്ഥൻ അകത്തു പ്രവേശിച്ചു പ്രസ്താവിച്ചു: "കേണൽ! ശത്രുക്കഠം പാലായനംചെയ്തുകഴിഞ്ഞു. അവരിൽ പലക്കും മുറിവേററിരിക്കണം. ഈ സ്ഥലം നമ്മഠം തിരിച്ചുപിടിച്ചുകഴിഞ്ഞു."

ആ തടിയൻ കേണൽ ഗംഭീരഭാവത്തിൽ നെററി തുടച്ചു. ഉറച്ചു് വിളിച്ചുപറഞ്ഞു.

"വിജയിച്ചു."

പാക്കററിൽനിന്നു് ഒരു നോട്ടുപുസ്തകം വലിച്ചെടുത്തു് അദ്ദേഹം മുറയ്ക്കു കുറിച്ചു:

"എന്തും വന്നുകൊള്ളട്ടെ എന്നുള്ളവിധത്തിൽ ഏറെനേരം പ്രഷ്യാക്കാർ യുദ്ധംചെയ്തു. ഒടുവിൽ പലായനംമാത്രമാണു തങ്ങളാൽ സാധിക്കാവുന്നതെന്നു് അവർക്കു ബോദ്ധ്യമായി. മൃതരായവരെയും ക്ഷതാംഗരെയും വഹിച്ചുംകൊണ്ടു് അവർ പിൻവാങ്ങി. മൃതരും ക്ഷതാംഗരുംകൂടിത്തന്നെ അമ്പതുപേർ ഉണ്ടായിരുന്നു. പലരെയും തടവുകാരായി ഞങ്ങഠം പിടിച്ചു." കൊച്ചുദ്യോഗസ്ഥൻ

*അഞ്ചടി നീളമുള്ളതും കടലിൽ ജീവിക്കുന്നതും ആയ ഒരു ജന്തു. ശ്വസിക്കാനായി അതു് ഇടയ്ക്കിടയ്ക്കു ജലപ്പരപ്പിൽ വരും.

ചോദിച്ചു: "ഇനിയും മേൽനടത്തേണ്ട നടപടി എന്താണെന്നു് ഉത്തരവിടണം. അതാണു് അടുത്തു വേണ്ടതു്."

കേണൽ മറുപടി പറഞ്ഞു: "നമ്മൾക്കും പിൻവാങ്ങണം. വൻതോക്കുകളും കൂടുതൽ പടയുംകൊണ്ടു് ശത്രു ഈ നടപടി ഉടൻതന്നെ കൂടുതൽ ഉഗ്രമായി ആരംഭിക്കാൻ സാദ്ധ്യത ഏറെ കാണുന്നുണ്ടു്."

പിന്നെയും അണിനിരന്നു. ആ കോട്ടമതിലിന്റെ നിഴലിൽനിന്നു് ആളുകളുടെ വിവരം വെളിയിലുള്ളവർക്കു നല്കുവാൻ കഴിയാത്തവിധം, രഹസ്യമായിട്ടായിരുന്നു പിന്നത്തെ സഞ്ചാരം. വളരെ സൂക്ഷിച്ചു് ആണു് മുന്നോട്ടുള്ള യാത്ര. കാലും കൈകളും കെട്ടിയ വാൾട്ടർസ്റ്റാഫിനെ കൈത്തോക്കും പിടിച്ചു് ആറു പട്ടാളക്കാർ ചുററിക്കൂടി പ്രത്യേകം സൂക്ഷിച്ചു. വഴി പരിശോധിക്കാനായി കുറച്ചുപേരെ മുന്നിലയച്ചു. വളരെ കരുതലോടായിരുന്നു ഈ പട്ടാളം മുന്നോട്ടു നീങ്ങിയതു്. ഇടയ്ക്കിടയ്ക്കു വിശ്രമിക്കുവാനും കല്പന നല്കിയിരുന്നതു് ഈ സൂക്ഷ്മതയുടെ ലക്ഷ്യമായിട്ടായിരുന്നു. വെളുപ്പിനുതന്നെ അവർ ലാ-റൊച്ചു്-ഓയ്സൽ എന്ന സ്ഥലത്തെത്തി. അവിടുത്തെ നാഷണൽഗാർഡുകളാണു് ഈ ധീരസാഹസകൃത്യം നടത്തിയതു്. ആ പട്ടാളത്തിനു മുഴുവൻ കീത്തി ചാത്തിയ ഒരു ധീരകൃത്യവും!

ആ നഗരവാസികൾ എല്ലാംതന്നെ ഉൽക്കണ്ഠയോടാണു് ഇവരുടെ തിരിച്ചുവരവു കാത്തിരുന്നതു്. എന്തു വിഷമമാണു് ഇവരുടെ അപകടംകൂടാതെ ഉണ്ടായ തിരിച്ചുവരവുകൊണ്ടു പലക്കും ഇല്ലാതായതെന്നു് പറഞ്ഞറിയിക്കുവാൻ പ്രയാസം.

തടവുകാരന്റെ തൊപ്പിയുടെ കൂത്തമുന കണ്ടപ്പോഴേക്കുതന്നെ സകലക്കും ഭയമായി. പേടിച്ചു മുറവിളി

ക്കാൻപോലും പലരും തയ്യാറായി. സ്ത്രീകൾപോലും കൈകൾ ഉയർത്തി. വൃദ്ധർ വിലപിച്ചു. ഒരു അപ്പൂപ്പൻ ആ 'നാശം വരുത്തുന്ന പ്രഷ്യാക്കാരന്റെ' മൂക്കിനുനേരെ തന്റെ വടി എടുത്തു് ഒരേറു കൊടുത്തു. കൊണ്ടതു് ആ തടവുകാരനെ സൂക്ഷിച്ച സ്വന്തം പുത്രന്റെ മുഖത്തു്. മുറിഞ്ഞതു് ഫ്രഞ്ചുകാരന്റെ മൂക്കും. കേണൽ ഉച്ചത്തിൽ ആജ്ഞാപിച്ചു.

"തടവുകാരന്റെ ദേഹരക്ഷാക്കായ്യും പ്രത്യേകം ശ്രദ്ധിക്കണം."

അവർ ഒടുവിൽ ടൗൺഹാളിൽ എത്തി. തടവുമുറി തുറക്കപ്പെട്ടു. വാൾട്ടർസ്റ്റാഫിനെ അകത്താക്കി. കെട്ടെല്ലാം വേർപെടുത്തി. ആ കെട്ടിടം രക്ഷിക്കാൻ ഇരുനൂറുപേർ ആയുധം ധരിച്ചു ചുററും നിന്നു.

തടവുകാരന് ഒരു വിഷമമെ ഉണ്ടായിരുന്നുള്ളു. അജീർണ്ണംകൊണ്ടു വല്ല ആപത്തും വരുമോ എന്നതു മാത്രം. ഇതു കൂട്ടാക്കാതെ അയാൾ നൃത്തംവച്ചുതുടങ്ങി. അയാൾക്ക സന്തോഷംകൊണ്ടു് ഉന്മാദംതന്നെ വന്നു. കാലും കൈയും വലിപ്പിച്ചുംകൊണ്ടു്, ആർത്തുവിളിച്ചുംകൊണ്ടു് അയാളും നൃത്തംവച്ചു. തുള്ളിത്തുള്ളി ക്ഷീണിച്ചു് അയാൾ ഭിത്തിയിൽ ചാരി വീണുപോയി. താൻ രക്ഷപെട്ടു. തടവുകാരനായിത്തീൎന്നു.

ഇങ്ങനെ ആറുമണിക്കൂർമാത്രം ശത്രുക്കൾ പിടിച്ചടക്കി കൈവശമാക്കിവച്ചിരുന്ന 'ചാമ്പിഗൻറ്' കോട്ട ധീരതയോടെ ഫ്രഞ്ചുകാർ തിരിച്ചു പിടിച്ചു.

ഈ ദുസ്സാദ്ധ്യമായ വീരകൃത്യം നടത്തിയതു് കേണൽ റാട്ടിയറുടെ ധീരത ഒന്നുമാത്രംകൊണ്ടാണെന്നു ചരിത്രം വാഴ്ത്തുന്നു. ഈ കേണൽ യുദ്ധത്തിനുമുമ്പ് ഒരു തുണിക്കച്ചവടക്കാരനായിരുന്നു. തല്ക്കാലത്തേക്കു് രാജ്യ

രക്ഷയ്ക്കായി സംഘടിപ്പിച്ച പട്ടാളത്തിൻെറ നായക സ്ഥാനമാണ് അദ്ദേഹത്തിനു് ഉണ്ടായിരുന്നതു്. ഈ വീരസാഹസകൃത്യം ധീരതയോടെ നടത്തിയതിനു്, നാഷണൽഗാർഡിൻെറ കേണൽ എന്ന നിലയ്ക്കു് കേണൽ റാട്ടിയറിനു് ഏററവും ധീരകൃത്യങ്ങൾ നടത്തുന്നവർക്കുമാത്രം സമ്മാനിക്കപ്പെടുന്ന അപൂർവ്വബഹുമതിയും നല്കപ്പെട്ടു.

'ലാ-റൊച്ചു്-ഓയ്സൽ' എന്ന നഗരത്തിനു് ഫ്രഞ്ചു്പ്രഷ്യൻയുദ്ധത്തിൽ ലഭിച്ച ഏററവും വിലപിടിച്ച കീർത്തിമുദ്ര ചരിത്രത്തിൽ രേഖപ്പെടുത്തിയതിനു് ഇടയാക്കിയ മഹാസംഭവമാണു് മുകളിൽ വിവരിച്ചതു്. സത്യമായിട്ടും നടന്നതു് ഇതായിരുന്നു.

SAHITHYA VILASINI LIBRARY
AYATHIL
KILIKOLLOOR
Date

# സഞ്ചാരിയുടെ കുറിപ്പുകൾ

ഏഴുമണി. വണ്ടി ചൂളം വിളിച്ചു. ഞങ്ങൾ യാത്രയായി. ഇടിവെട്ടുന്ന ശബ്ദത്തോടുകൂടിയാണു് വണ്ടി ഇരമ്പിപ്പാഞ്ഞുപോകുന്നതു്. എന്റെ എതിരെ രണ്ടു വൃദ്ധരാണു് ഇരിക്കുന്നതു്. അവർ ദമ്പതികളാണെന്നു തോന്നുന്നു. രണ്ടുപേരും ഏറെ തടിച്ചവർ. ഒരു മൂലയ്ക്കായി ഒരു കൂനൻ ഇരിപ്പുണ്ടു്. എന്റെ അടുത്തു് ആയിടയ്ക്കു് വിവാഹംകഴിഞ്ഞ രണ്ടു ചെറുപ്പക്കാർ. അല്ല, ചെറുപ്പക്കാർ എന്നു പറഞ്ഞാലും മതിയാകുന്നവർ.

ട്രെയിൻ ഇരുട്ടിലേക്കു കുതിച്ചു. അണച്ചു്, വല്ലാതെ ശ്വാസിച്ചുംകൊണ്ടു്, പുക പുറപ്പെടുവിച്ചുംകൊണ്ടാണു് വണ്ടി പോകുന്നതു്. ചുറ്റുമുള്ള മതിലിലും, വേലിയിലും, വനത്തിലും, പാടത്തും ചെങ്കനലൊളി പാളിപോലെ അല്പനേരം നിരത്തിയിട്ടാണു് വണ്ടി മുന്നോട്ടു പോകുന്നതും.

ഇവർ വിവാഹിതരാണോ? ആ യുവതി കാഴ്ചയിൽ ചന്തമുള്ളവൾ. മാന്യയാണെന്നും തോന്നിക്കുന്നുണ്ടു്. എങ്കിലും വല്ലാത്ത സൗരഭ്യം അവളിൽനിന്നും പരക്കുന്നുണ്ടു്. കടുത്ത സൗരഭ്യം. ഏതുതരം സുഗന്ധദ്രവ്യത്തിൽനിന്നാണു് ഇതു പരക്കുന്നതു്? അതിന്റെ പേരു് ഓർമ്മവരുന്നില്ല. സാധനം പരിചിതവും ആണു്. ശരി. പേരു കിട്ടിപ്പോയി. പ്യൂ—ഡി-എസ്സൻജ്. ആ പേരു കേട്ടതുകൊണ്ടുമാത്രം കാര്യമായില്ലല്ലോ. നമുക്കു കാത്തിരിക്കാം. എന്നാൽ കാര്യം മനസ്സിലാവും.

ആ തടിച്ച സ്ത്രീ ഈ യുവതിയെ വൈരാഗ്യം നിറഞ്ഞ കണ്ണുകൾകൊണ്ടാണു നോക്കുന്നതു്! ആ നോട്ടം എന്നെ ചിന്താകുലനാക്കി. തടിയൻ കണ്ണടച്ചുതുടങ്ങി. അയാൾ മയങ്ങിത്തുടങ്ങി. കൂനൻ പന്തുപോലെ ഉരുണ്ടു് കിടപ്പായി. അയാളുടെ കാലുകൾ എവിടാണെന്നുപോലും നോക്കിഅറിയുവാൻ വിഷമം. ചുവന്ന ഒരു തൊപ്പി, പൊടിപ്പുവച്ചതു് ആണു് അയാൾ തലയിൽ ധരിച്ചിരിക്കുന്നതു്. അതിനുതാഴെ രണ്ടു തിളങ്ങുന്ന കണ്ണുകൾ. അതുമാത്രമാണു് അയാളിൽ ചൈതന്യം ഉള്ളതു്. ആയാൾ ഒരു കിടക്കവിരിപ്പിൽ ഒളിച്ചു. ആ സീറ്റിൽ എടുത്തെറിഞ്ഞ ഒരു ഭാണ്ഡക്കെട്ടു മാത്രമാണു് അയാൾ.

ആ വൃദ്ധമാത്രം ഉണർന്നിരിപ്പുണ്ടു്. അവക്കു് എന്തെല്ലാമോ ദുസ്സംശയം. അസ്വസ്ഥത. ആ വണ്ടിയിലുള്ളവരുടെ സൽസ്വഭാവവും സമാധാനവും കാത്തുരക്ഷിക്കാൻ നിയമിച്ച അധികാരിണിയാണു് താനെന്നു് ആ വൃദ്ധ ഭാവിക്കുന്നതുപോലെ തോന്നും. ആ യുവാക്കളും അനങ്ങുന്നില്ല. ഒരേ പുതപ്പുകൊണ്ടുതന്നെയാണു് അവർ അരയ്ക്കുതാഴെ മൂടിയിരിക്കുന്നതു്. എന്നാൽ അവർ സംസാരിക്കുന്നില്ലതാനും. അവർ വിവാഹിതരാണോ?

ഞാനും ഉറക്കം ഭാവിച്ചു. അവരെ സൂക്ഷിക്കണം. ഒമ്പതുമണി. ആ തടിച്ചി ഏറ്റെടുത്ത ജോലി വച്ചൊഴിയാൻ തീർച്ചയാക്കി എന്നാണു് തോന്നുന്നതു്. അറിയാതെ അവരുടെ കണ്ണുകൾ തനിയെ അടയുന്നു. ആ തല നെഞ്ചത്തേക്കു വീഴുന്നു. എന്നാലും ഇടയ്ക്കിടയ്ക്കു്, അവർ തല ഉയർത്തി നോക്കുന്നുണ്ടു്. ഒടുവിൽ ആ വൃദ്ധയും ഉറങ്ങി. ഉറക്കം—അതു് ഒരു നാടകമാണു്. മുഖത്തെ ഇത്ര വികൃതമാക്കാൻ വേഷംകെട്ടലിനുപോലും സാദ്ധ്യമല്ല. ദേഹത്തിന്റെ വൈകൃതം എല്ലാം ഉറക്കം വെ

ളിക്കു തെളിച്ചുകാട്ടും. എല്ലാ കുറവുകളും തെളിഞ്ഞുവി ളങ്ങും. എല്ലാ തെററുകളും ശരിക്കു കാട്ടും. അംഗവൈകൃതങ്ങൾ പൊന്തിക്കാണും. ഉറക്കം ഇങ്ങനെ വേഷം കെട്ടിക്കുന്നതല്ല; അഴിച്ചുവെപ്പിക്കുന്ന ഒരു നട്ടുവനാണു്. തൊടുന്ന മുഖം എല്ലാം വികൃതമാക്കുന്ന ഒരു ഹാസ്യചിത്രകാരൻ. അയാളാണു് സുഷുപ്തി. ഞാൻ എഴുന്നേററു വിളക്കിൻെറ പ്രഭ മങ്ങത്തക്ക വിധത്തിൽ നീലനിറത്തിലുള്ള ഒരു ഷേഡുകൊണ്ടു് ദീപം മറച്ചു. എന്നിട്ടു ഞാനും കിടന്നു.

എന്നാൽ ട്രെയിൻ നില്ക്കുമ്പോഴെല്ലാം ഞാനും ഉണരും. ഒരു ജോലിക്കാരൻ ആ സ്ഥലത്തിൻെറ പേരു വിളിച്ചുപറയും. പിന്നെയും യാത്ര തുടരും.

പ്രഭാതമായി. റോൺനദിയുടെ കരയിൽക്കൂടി അതിൻെറകൂടെത്തന്നെ ഞങ്ങളുടെ വണ്ടി ചരിക്കുന്നു. ഈ നദി മെഡിററേനിയൻകടലിലാണു വീഴുന്നതു്. എല്ലാരും ഉറങ്ങുകയാണു്. ആ യുവാക്കൾ അങ്ങോട്ടും ഇങ്ങോട്ടും കെട്ടിപ്പിടിച്ചിട്ടുണ്ടു്. ആ പുതപ്പിൻെറ ഇടയിൽക്കൂടി യുവതിയുടെ ഒരു കാലടി കാണാം. വെറും വെള്ളനിറത്തിലുള്ള സ്റ്റോക്കിങ്ങ്സ് ആണു് അവൾ ധരിച്ചിരിക്കുന്നതു്. അതു സാധാരണക്കാർ ധരിക്കുന്നതാണു്. അതെ, അവർ വിവാഹിതർതന്നെ. മുറിയിലെ കാററു് ദുഷിച്ചുപോയി. ഞാൻ ശുദ്ധവായു ഉള്ളിൽക്കടക്കട്ടെ എന്നുവച്ചു ജനാൽ തുറന്നു. അകത്തേക്കു കടന്ന തണുപ്പു് എല്ലാവരെയും ഉണർത്തി. എന്നാൽ ആ കൂനൻ മാത്രം പിന്നെയും കിടന്നു കൂർക്കംവലിക്കുന്നുണ്ടു്.

പ്രഭാതത്തിൻെറ പ്രകാശം മുഖത്തെ ആകൃതിയുടെ അസുന്ദരഭാവം കൂടുതൽ പ്രകടമാക്കി. വികൃതമാക്കി. ആ തടിച്ചിയുടെ മുഖം ചുവന്നിരിക്കുന്നു. തലമുടി

വൃത്തികെട്ടുകിടക്കുന്നു. കാഴ്ചയ്ക്കു് അതു ഭയാനകംതന്നെ. അല്ല ബീഭത്സം. ആ വൃദ്ധ ചുററും നോക്കി. പകയോടാണു് അവർ ചുററുമുള്ളവരെ നോക്കുന്നതു്. യുവതി കൂട്ടുകാരനു പുഞ്ചിരി സമ്മാനിച്ചു. അവൾ അവിവാഹിതയായിരുന്നെങ്കിൽ ആദ്യം നോക്കുന്നതു കണ്ണാടിയിൽ ആയിരിക്കും. തൻെറ രൂപം കാണാനും പരിശോധിക്കാനും ആയിരിക്കും അവിവാഹിതയ്ക്കു് ആദ്യം ശ്രദ്ധ.

ഞങ്ങൾ മാർസെയിൽസിൽ എത്തി. ഇവിടെ ഇരുപതു മിനിട്ടു വണ്ടി നിറുത്തും. ഞാൻ പ്രാതൽ കഴിച്ചു. ഞങ്ങൾ യാത്ര തുടർന്നു. കൂനൻ അപ്രത്യക്ഷനായി. പകരം രണ്ടു കിഴവന്മാർ ആ മുറിയിൽ കടന്നുവന്നു.

ആ ദമ്പതിമാർ രണ്ടുകൂട്ടരും, കിഴവന്മാരും ചെറുപ്പക്കാരും അവരുടെ ഭാണ്ഡമഴിച്ചു. ഒരിടത്തു് ഒരു കോഴിക്കുഞ്ഞു്. മററവരുടെ പക്കൽ പശുക്കുട്ടിയുടെ ഇറച്ചി പാകംചെയ്തതും. ഉപ്പും കുരുമുളകുപൊടിയും കടലാസിൽ പൊതിഞ്ഞതു്. ഉപ്പിലിട്ടതു ലേസിലും. ആഹാരത്തോടു് എന്നൊന്നേക്കും വെറുപ്പുതോന്നിക്കുന്ന വിധത്തിലാണു് ഇതെല്ലാം ഇവർ കൊണ്ടുവന്നിരിക്കുന്നതു്. ഇത്ര കേവലമായി മറ്റൊന്നില്ല. ഇത്ര അശ്ലീലമായിട്ടു മറെറാന്നില്ല. സംസ്കാരവും പരിഷ്കാരവും പിണങ്ങിപ്പിരിയുന്ന നടപടിയാണു് ഇതു്. മററുള്ളവർ അടുത്തിരിപ്പുണ്ടെന്നു ചിന്തിക്കാതെ തന്നത്താൻ തിന്നുക. അതും ഓടുന്ന വണ്ടിയിൽവച്ചു മററുള്ളവരുടെ ഭാവംനോക്കാതെ തോന്നുന്നതെല്ലാം ചെയ്യുക. ഇത്ര വഷളായ നടപടി വേറൊന്നില്ല.

തണുത്തു കല്ലിക്കുമ്പോൾ ജന്നൽ തുറന്നിടുക. വലിയ ചൂടത്തു് ജന്നൽ അടയ്ക്കുക. പുകയിലയുടെ ഗന്ധം ഇഷ്ടമില്ലാത്തവരുടെ അഭിപ്രായം അറിയാതെ പുക

വലിക്കുക. പാട്ടുക, അലറുക, മററുവിധത്തിലുള്ള കിറുക്കെല്ലാം കാണിക്കുക. കാലിലെ ബൂട്സും, ഷൂസും ഊരുക, സ്റ്റോക്കിങ്ങ്സ് വലിച്ചുകളയുക, നഖം ചെത്തിക്കളയുക. ഇവയെല്ലാക്കെ പകരം വീട്ടാൻ ഒരു പണിമററുള്ളവരും, മര്യാദക്കാരും കണ്ടുപിടിച്ചുപോകും. ഈ അമര്യാദയോട് മര്യാദയോടെ പെരുമാറിയതുകൊണ്ടു ഫലം വരില്ല.

ആലോചന ഉള്ള ആൾ നാററംനിറയ്ക്കുന്ന മണ്ണെണ്ണയും ബെൻസീനും കൊണ്ടുപോയി, ഭക്ഷണംകഴിക്കാൻ തുടങ്ങുന്നവരുടെ സീററുംകൂടെ തളിച്ചു ശുദ്ധിവരുത്തണം. ഇതും അനുവദിക്കപ്പെട്ടതാണ്. അവരുടെ വളിച്ചുപുളിച്ച തീററിസാധനങ്ങളുടെ നാററം നമുക്കു കാഴ്ചവയ്ക്കുന്ന 'മലങ്കാടന്മാർക്ക്' ഇതും ഇതിനപ്പുറവും സമ്മാനംകൊടുത്താലേ മതിയാകൂ. കടപ്പുറത്തിനടുത്തുകൂടാണ് വണ്ടി പായുന്നതു്. വെയിലേററു കൊച്ചുഗ്രാമങ്ങൾ വിളങ്ങുന്നു.

അതാ, സെററ്റാഫേയ്ൽ. അപ്പുറം സെൻറ് ട്രോപ്പ്സ്. 'മൂറുകളുടെ മലകൾ' എന്നു പറയുന്ന ഉപേക്ഷിക്കപ്പെട്ട രാജ്യത്തിൻെറ തലസ്ഥാനനഗരം. അധികമാരും കേട്ടറിഞ്ഞിട്ടില്ലാത്ത ഒരു കൊച്ചുരാജ്യം. ചന്തമുള്ള പട്ടണം. ഒരു പാലവും പണിഞ്ഞു ബന്ധിക്കാത്ത ഒരു വീതികൂടിയ പുഴ. ഈ പുഴ ഈ ഉപദ്വീപിനെ മററു രാജ്യവുമായിട്ടു് ഉള്ള ബന്ധത്തെ പണ്ടേ വെട്ടിമുറിച്ചുകളഞ്ഞു. ഇന്നു് അവിടം വെറും വനമാണ്. വിജനമാണ്. ഒരു ദിവസംമുഴവൻ ഒരാളെയും കാണാതെ ഇവിടെക്കൂടി നടക്കാം. പണ്ടത്തെപ്പോലെതന്നെ ഗ്രാമങ്ങൾ ഈ മലകളിൽ ഇന്നും പററിപ്പിടിച്ചു കഴിയുന്നുണ്ടു്. ഒരു മാററവും ഇവയ്ക്കു വന്നിട്ടില്ല. കിഴക്കരുടെ

പ്രത്യേക ശില്പതന്ത്രത്തിൽ നിർമ്മിച്ചതു്. അവരുടെ വളച്ചുവാതിലുകൾ, താണുവളഞ്ഞു കാണാവുന്ന വാതിൽപ്പടികൾ, കൊത്തുപണി ഏറെ ഉള്ളവ. ഇവയെല്ലാം അവിടെ കാണാം.

ഈ ഭംഗിനിറഞ്ഞ മലഞ്ചരിവിൽക്കൂടി ട്രെയിനോ മററു പൊതു വാഹനങ്ങളോ കടന്നു കയറുന്നില്ല. ഒരു പഴഞ്ചൻവള്ളത്തിൽ എഴുത്തുകൾമാത്രം അക്കരെകടത്തി കൊണ്ടുപോകാറുണ്ടു്.

ഞങ്ങൾ പിന്നീടും യാത്രതിരിച്ചു. കാനസ്സിൽ എത്തി. രണ്ടു് ഉൾക്കടലിൻെറ വക്കത്തു സ്ഥിതിചെയ്യുന്ന ഈ പട്ടണത്തിനു് ഏറെ ചന്തമുണ്ടു്. അതിനു് എതിരായി ലെറിൻസ് ദ്വീപങ്ങളും. രോഗികൾക്കു വിഹരിക്കാൻ നല്ല രണ്ടു പറുദീസകളായിത്തീരും ഇവ. എന്നാൽ ഇവ മറുനാട്ടുമായി ബന്ധിക്കപ്പെടണം. അതു നടന്നിട്ടില്ല. ഇതാ, ജ്ജുവൻഉൾക്കടൽ. ഈ ജലത്തിൽ ആ പട്ടാളക്കപ്പലുകളുടെ കൂട്ടം കിടന്നു മയങ്ങുകയാണു്.

ഇവിടാണു് നൈസ് പട്ടണം. ഇവിടെ ഒരു പ്രദർശനം നടക്കുന്നുണ്ടു്. ഞങ്ങൾ അതു കാണാൻ ഇറങ്ങി.

ഒരു നടക്കാവു്. എന്നാൽ അതു വെറും ചതുപ്പുനിലമാണു്. ഉയരത്തിൽ ഒരു വലിയ കെട്ടിടം. അതും നല്ല ഔചിത്യത്തോടാണോ നിർമ്മിച്ചതു് എന്നു സംശയം. എങ്ങാണ്ടുള്ള ഒരു കൊട്ടാരത്തിൻെറ ശരിപ്പകപ്പാണത്രെ ഇതു്.

അകത്തു കുറച്ചുപേർ ഓടിനടക്കുന്നു. വഴിനിറച്ചു് പെട്ടികൾ അടുക്കിയും അല്ലാതെയും ഇട്ടിട്ടുണ്ടു്. ഉൽഘാടനം നടന്നിട്ടു് ഏറെനാൾ കഴിഞ്ഞ ഈ പ്രദർശനം വരുന്നാണ്ടത്തേക്കു് ദർശനത്തിനു തയ്യാറാകും.

ഒരുക്കം എല്ലാം കഴിയുമ്പോൾ കാണാൻകൗതുകം

ളുണ്ടായേക്കാം. എന്നാൽ ഇന്നു് അവിടുന്നു് ഏറെ ദൂരെയാണു് ഇതു സ്ഥിതിചെയ്യുന്നതു്.

രണ്ടു വിഭാഗങ്ങൾ എന്നെ ഏറെ ആകർഷിച്ചു. തിന്നാനുള്ളതും, ലളിതകലകളും. കഷ്ടം! ഫ്രാൻസിലെ നല്ല പഴങ്ങളെല്ലാം സൂക്ഷിച്ചു രക്ഷിച്ചു് സ്വാദുപോകാതെ ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. പക്ഷേ, ഇവയൊന്നും ഇവിടെ വിററഴിച്ചുകൂടാതാനും. ആയിരക്കണക്കിനു് നല്ല സാധനങ്ങൾ. ഒന്നുപോലും വില്ക്കാൻ അനുവാദമില്ല. അവയെല്ലാം നോക്കി കണ്ടുകൊള്ളണം. വിററാൽ ഈ നഗരത്തിലെ വ്യാപാരത്തിനു നാശമാണു്.

തിന്നാൻ കൊള്ളാവുന്ന നല്ല സാധനങ്ങൾ കണ്ടു തൃപ്തിപ്പെട്ടോളണം. അതിൽ ഒന്നുപോലും രുചിനോക്കിപ്പോകരുതു്! ആ സന്തോഷം, കാണാനുള്ള സന്തോഷം ഉണ്ടാക്കാൻ മാത്രം പലഹാരങ്ങളുടെ പ്രദർശനം! മനുഷ്യമനസ്സിൻെറ കണ്ടുപിടിത്തങ്ങളിൽ ഏററവും വിശിഷ്ടമായ പ്രദർശ്നംതന്നെയാണു് ഭക്ഷണസാധനങ്ങളുടെ ദർശനസൗഭാഗ്യം.

ഇനിയും സുന്ദരകലകളുടെ കാര്യം. അതും തയ്യാറാകുന്നെ ഉള്ളു. എങ്കിലും ചില ശാലകൾ തുറന്നിട്ടുണ്ടു്. പ്രകൃതിസൗന്ദര്യം പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങൾ ചിലതു് ഹാർപിജിൻ വരച്ചതു് അവിടുണ്ടു്. മററു ചിലരുടേതും. ഒരു സുന്ദരിയുടെ ഒന്നാന്തരം ചിത്രവും അവിടെ കാണാം. വേറെ ഒരു നല്ല ചിത്രവും. മററുള്ളതെല്ലാം കെട്ടിത്തന്നെ വച്ചിരിക്കയാണു്.

ഒരിടത്തുപോയാൽ എല്ലാം കാണണമല്ലൊ. ഗോഡർഡ് കമ്പനിക്കാരുടെ ബലൂൺകമ്പനിയിൽ കയറിയ കാര്യവും പറയാം. കാഹളം മുഴങ്ങി. ആ ബലൂൺ വല്ലാതെ ആടുന്നുണ്ടു്. പെട്ടെന്നു് ഒരു പൊട്ടിത്തെറി

ക്കൽ. വിമാനം രക്ഷിച്ചിരുന്ന വലയുടെ ഒരു കയർ പൊട്ടി. പൊതുജനങ്ങൾ ആ വളപ്പുകെട്ടിനകത്തു കടക്കാൻ പാടില്ലെന്നു കല്പന പുറപ്പെട്ടു. എന്നെയും പുറത്തിറക്കി.

ഞാൻ ഒരു വണ്ടിയുടെ മുകളിൽ കയറിനിന്നും കൊണ്ടു് എല്ലാം നോക്കിക്കണ്ടു.

നിമിഷംതോറും ഓരോ കയർ വലിയ ശബ്ദത്തോടെ പൊട്ടിത്തുടങ്ങി. വലകൊണ്ടു ബന്ധിച്ചുനിറുത്തിയിരുന്ന വിമാനം വലയ്ക്കുപ്പുറത്തേക്കു കടക്കാനുള്ള ശ്രമമാണു്. ഉവറെ ഒരു കാററു് വല്ലാതേററു് ആ തോൽക്കുടം അടിമുടി ഒന്നിച്ചു പൊട്ടി. ചത്തുവിറുങ്ങലിച്ചു് ആ തുണിക്കണ്ടം താഴെ വീണു.

പിറേറദിവസം രാവിലെ ഉണന്നു ഉടൻതന്നെ ഞാൻ പത്രംവരുത്തി വായിച്ചു. അത്ഭുതഭാവത്തിൽ ഞാൻ ഇരുന്നുപോയി:

“ഈ നാട്ടിലെ കടൽപുറത്തു് ചുററിയടിക്കുന്ന കൊടുങ്കാററിൻെറ കുഴപ്പംകൊണ്ടു്, കൊച്ചുബലൂണുകളും, പറക്കുന്ന ബലൂണുകളും എല്ലാം ചുവത്തിക്കളെയുവാൻ കമ്പനിമാനേജ്മെൻറു് നിർബ്ബന്ധിതരായിത്തീന്നിരിക്കുന്നു എന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിവന്നിരിക്കുന്നു. അല്ലായെങ്കിൽ ബഹുവിധമായ ആപത്തിനു് ഇതു് ഇടകൊടുക്കുന്നതായിത്തീരുമെന്നതു് സുവ്യക്തമായി. അതുമല്ല ബലൂൺ പറപ്പിക്കുന്നതുപോലെ നിഷ്പ്രയാസമായിത്തന്നെ നിറയൊഴിക്കാനും ഗോഡാർഡ് കമ്പനിക്കാക്കു് അനന്യസാധാരണമായ നൈപുണ്യം ഈ പ്രദർശനത്തിലും, ദൃശ്യമാക്കാൻ സാധിച്ചു. അങ്ങനെ ഈ അവസരത്തിലും അവർ ബഹുമാനത്തിനു് അഹ്ഹരായി.”

ഓഹോ, എന്താ പൊതുജനങ്ങളേ! ഈ വാർത്തയും നിങ്ങൾ സ്വീകരിച്ചു വിശ്വസിച്ചുകൊള്ളണം.

മെഡിററേനിയൻകടൽത്തീരം മുഴുവൻ മരുന്നു കച്ചവടക്കാരുടെ 'വാനോർ നഗരമാണ്.'[1] ചുമയ്ക്കുള്ള കൊച്ചുഗുളിക വാങ്ങിക്കണമെങ്കിൽത്തന്നെ ഒരാൾ പത്തുപ്രാവശ്യം ലക്ഷപ്രഭുവായിരിക്കണം. ഈ വിളഞ്ഞ വ്യാപാരികൾ ഗംഭീരമായി ചോദിക്കുന്ന വില വഞ്ചിതിന ചേർന്നതു്. വില്ക്കുന്നതു് മിഠായിയും.

കടൽപുറത്തുകൂടിത്തന്നെ ല–കൊർണിച്ചിൽക്കൂടി മൊണോക്കോയിലേക്കു പോകാം. പാറയിൽ തുരന്നു പണിഞ്ഞിട്ടുള്ള ഈ പാതയോളം ഭംഗിയുള്ള വഴികൾ വേറെ ഞാൻ കണ്ടിട്ടില്ല. പാറ തുരന്നുപോവുക മാത്രമല്ല, ഉൾക്കടലിനു് ഒഡ്യാണം ചാർത്തുകയും, വളച്ചുവാതിലുകളിൽക്കൂടി ഒളിച്ചുകളിക്കയും, മലകളിൽക്കൂടി ചാഞ്ഞും ചരിഞ്ഞും ഓടിയും ആണു് ഈ വഴി വൈദഗ്ധ്യത്തോടുകൂടി അവിടെ എത്തുന്നതു്.

ആ പാറയിലാണു് മൊണോക്കോ. അതിന്റെ പിറകിൽ മൗണ്ടു് കാർലൊ[2]. മിണ്ടരുതേ! എതിരൊന്നും മിണ്ടിപ്പോകരുതേ! ഈ ചന്തമേറിയ കൊച്ചുനഗരത്തെ പന്തയംവച്ചുകളിയിൽ ഭ്രമമുള്ളവരെല്ലാം ആരാധിക്കുന്നുണ്ടു്. എന്നാൽ ദേവനത്തിൽ ഇഷ്ടമില്ലാത്തവർക്കു രസിക്കാൻ ഇവിടെ യാതൊന്നുമില്ല.

വേറെ സൗഖ്യങ്ങൾ ഒന്നും അവിടില്ല. മറെറാരാകർഷണവും ആ പട്ടണത്തിനു് ഇല്ലാത്തതു കഷ്ടംതന്നെ.

കുറച്ചുകൂടി അങ്ങോട്ടു ചെന്നാൽ മെന്റോൺ നഗരം. ഈ കടൽപുറത്തു് ഇതിൽക്കൂടുതൽ ചൂടുള്ള ദേശം

---

1 El Dorado. സ്വർണ്ണം വിളയുന്ന ഒരു സങ്കല്പനഗരം.

2 പന്തായംവച്ച് ചീട്ടുകളിക്കുന്നവരുടെ ആശ്രയസ്ഥാനം.

ഇല്ല. എന്നാൽ രോഗികളും ക്ഷീണിച്ചവരും ഇവിടെ ഏറെ വന്നുകൂടുന്നുണ്ട്. ഇവിടെ പഴുത്ത ഓറഞ്ച് കിട്ടും. ക്ഷയരോഗികൾക്ക് രോഗബാധ മാറും. പഴം പഴുക്കും. ദേഹം കൊഴുക്കും.

കാനസ്സിലേക്കു മടങ്ങാൻ രാത്രിവണ്ടിയിലാണ് ഞാൻ കയറിയതു്. എന്റെ മുറിയിൽ രണ്ടു മഹതികളും മാർസെയിൽസുകാരനായ ഒരാളും കയറി. റെയിലപകടങ്ങൾ, കൊല, മോഷണം ഇവയെപ്പററിയുള്ള കഥകളേ അയാൾക്കു പറയാനുള്ളൂ.

"മാന്യേ! എനിക്കു കോഴ്സിക്കായിലുള്ള ഒരാളെ പരിചയം ഉണ്ടായിരുന്നു. അയാൾ മകനെ കൂട്ടിക്കൊണ്ടു് പാരിസ്സിലേക്കു പുറപ്പെട്ടു. ട്രെയിൻ നടപ്പായകാലത്തെ കഥയാണ് ഇതു്. ഞാനും അവരുടെകൂടെ കയറി. പരിചയം ഉണ്ടായിരുന്നതുകൊണ്ടു് ഞങ്ങൾ ഒന്നിച്ചു യാത്രചെയ്തു.

"അയാളുടെ മകനു് ഇരുപതുവയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. വണ്ടിയുടെ ഓട്ടം അയാളെ അത്ഭുതപ്പെടുത്തി. അതു കാണാൻ തല വെളിക്കിട്ടുംകൊണ്ടാണ് അയാൾ നിന്നതു്. അവന്റെ അച്ഛൻ മുറയ്ക്കു പറയുന്നുമുണ്ടു്:

"'മേത്തേ! ഹേ! സൂക്ഷിച്ചോ. കൂടുതൽ വെളിയിലേക്കു തലയിടരുതേ! അങ്ങനെ ആയാൽ അപകടം വരും.'

"എന്നാൽ ആ കൊച്ചൻ മറുപടി ഒന്നും പറഞ്ഞില്ല.

"ഞാൻ ആ പിതാവിനോടു പറഞ്ഞു:

"'അവൻ അങ്ങനെ ചെയ്തോട്ടെ. അവനു് നല്ല രസം.'

“എന്നാൽ അച്ഛനു് അതു സമ്മതമായില്ല.

‘‘‘ഇങ്ങു വാ! മേത്തേ ഇത്ര ചരിഞ്ഞു പോകരുതു്.’

“അയാൾ പിന്നെയും എടുത്തുപറഞ്ഞു.

“മകൻ മറുപടി പറഞ്ഞില്ല. അച്ഛൻ മകന്റെ ഉടുപ്പിനു പിടിച്ചു പുറകോട്ടു വലിച്ചു് വണ്ടിയിൽ ഇരുത്താൻ ശ്രമിച്ചു. ബലംചേർത്തു് ഒരുവലി. ആ ദേഹം അപ്പോൾ ഞങ്ങളുടെ മടിയിൽ വീണു.

“മാന്യേ! അവനു് തലമാത്രം കുറവുണ്ടായിരുന്നു. അതു തുരങ്കം മുറിച്ചെടുത്തുകളഞ്ഞു. കഴുത്തിൽനിന്നു് ചോരപോലും അപ്പോൾ പുറപ്പെടുന്നില്ല. ചോരയെല്ലാം വഴിയിൽ ഒഴുകിത്തീർന്നിരുന്നു.”

ഒരു മാന്യമഹതി കണ്ണടച്ചു് വല്ലാതെ ഏങ്ങലടിച്ചു് മറ്റേ മഹതിയുടെ തോളത്തു വീണു. ആ മാന്യ മോഹാലസ്യപ്പെട്ടിരുന്നു.

# വിജയാഘോഷം

സെഡാനിൽനടന്ന അപകടം പാരീസിൽ പ്രസിദ്ധമായി. ഉടൻതന്നെ ജനായത്തഭരണം പ്രഖ്യാപിക്കപ്പെട്ടു. കുറച്ചുകാലം നീണ്ടുനിന്ന ഒരു ഉന്മാദം ഫ്രാൻസിലെല്ലാം നടമാടി. എല്ലാരും, അങ്ങേ അററംമുതൽ ഇങ്ങേ അററംവരെ, രാജ്യംമുഴുവൻ, പട്ടാളച്ചിട്ടചമഞ്ഞു് ആടിക്കളിച്ചു.

തൊപ്പിവില്പനക്കാരൻ അങ്ങേ അററത്തെ കേണലായി. അവർ ജനറൽമാരുടെ (ഭരണാധിപന്മാരുടെ) ജോലി ഏറെറടുത്തു. ഉന്തിയ കുടവയററിൻെറ പുറത്തെല്ലാം കൈത്തോക്കുകൾ പ്രദർശിപ്പിക്കപ്പെട്ടു. ചുവന്ന അരപ്പട്ട ഏറെപ്പേരുടെ ചതയ്ക്കു പുറത്തു് ചുററിനോക്കി. സാധാരണപൗരന്മാർ തല്ക്കാലത്തേക്കു യോദ്ധൃവീരന്മാരായി. കൂക്കുവിളിക്കുന്ന പടക്കൂട്ടത്തിനെ ഇവർ ഭരിച്ചുതുടങ്ങി. തങ്ങളുടെ മാഹാത്മ്യം വ്യക്തമാക്കാൻ ഈ വീരന്മാർ കാലാൾപടപോലെ ശാപവചസ്സുകൾ വർഷിച്ചു.

ആയുധം ധരിക്കയും തോക്കെടുത്തു പെരുമാറുകയും ചെയ്തതുകൊണ്ടുമാത്രം, കാര്യംകൂടാത്തവിധത്തിലുള്ള ഭയം മററുള്ളവരിൽ ജനിപ്പിക്കാൻ, ആദ്യം വക നല്കി. അതുവരെ ഈ നായകന്മാർ തുലാസും കട്ടിയും ആയുധങ്ങൾ ആയിട്ടാണു് കഴിഞ്ഞുകൂടിയതും. അതുമല്ല, തങ്ങൾക്കും കൊല്ലാൻ അറിയാമെന്നു ബോദ്ധ്യമാക്കാൻ മാത്രമായി ചില നിർദ്ദോഷികളെ ഇവർ തൂക്കിക്കൊന്നു. അതുവരെ പ്രഷ്യാക്കാർ കടന്നു കയറാത്ത നാട്ടുംപുറത്തു

പോയി ഇവർ ഓടിനടന്ന പട്ടികളേയും, അയവിറക്കുന്ന പശുക്കളേയും, സുഖമില്ലാത്തതിനാൽ പുല്ലിൽ മേയാൻ വിട്ടിരുന്ന കുതിരകളേയും വെടിവച്ചു നശിപ്പിച്ചു. പട്ടാളക്കാര്യത്തിൽ തങ്ങൾക്കും വൻവേലകൾ നടത്താനുണ്ടെന്നും അതിനായിട്ടാണു് തങ്ങളേയും ക്ഷണിച്ചതെന്നും, സാധാരണക്കാർ അന്നു വിശ്വസിച്ചിരുന്നു. ചെറിയ ഗ്രാമങ്ങളിലെ പാനീയശാലകൾ എല്ലാംതന്നെ യൂണിഫോറം ധരിച്ചവരെക്കൊണ്ടു തള്ളലായി. ഇവരെല്ലാം കൊച്ചു കച്ചവടക്കാർ പടച്ചട്ട അണിഞ്ഞു ഞെളിഞ്ഞുനടന്നുനോക്കിയവരായിരുന്നു. പട്ടാളത്താവളമോ, യുദ്ധരംഗത്തെ ആശുപത്രിയോ ആണു് ഈ മദ്യശാലകൾ എന്നു് കാഴ്ചക്കാൎക്കു തോന്നിച്ചു.

തലസ്ഥാനത്തെ വിശേഷവും പട്ടാളത്തിലെ നിർബ്ബന്ധസേവനവും ഇതു തുടങ്ങി ഏറെനാളായിട്ടും കന്നിവിൽഗ്രാമത്തിൽ അറിഞ്ഞിരുന്നില്ല. എന്നാൽ അവിടെയും ഒരു മാസമായി വലിയ ബഹളം നടക്കുന്നുണ്ടു്. തമ്മിൽ പൊരുതുന്ന രണ്ടു കക്ഷികൾ അവിടെയും ഏറുമുട്ടിയിട്ടു് ഒരുമാസക്കാലം കഴിഞ്ഞു. ആ പട്ടണത്തിലെ മേയറായിരുന്ന വൈക്കൗണ്ടു് ഡി–വാർണറോട്ടു് ആദ്യം സ്വതന്ത്രരുടെ ചേരിയിലാണു നിന്നിരുന്നതു്. എന്നാൽ സ്വന്തം കാര്യംകാണാനായി ഈയിടെയായി സാമ്രാജ്യവാദികളുടെ കക്ഷിയിലേക്കു കാൽ മാറി. ഈ ഇടപ്രഭു ഇങ്ങനെ മാറിയതു് ഉയരാൻ ഒരു വഴിയാണെന്ന വിചാരം മാത്രംകൊണ്ടാണു. എന്നാൽ ഈ ചടച്ചു നീളം കുറഞ്ഞ മനുഷ്യനും ഒരു പ്രതിയോഗി ഇതുകൊണ്ടു് ഉണ്ടായി. ആ പ്രതിയോഗിയുടെ പേരു് ഡാക്ടർ മാസറൽ എന്നാണു്. ആൾ ചോരത്തിളപ്പുള്ള വൻ. റിപ്പബ്ലിക്കൻപാർട്ടിയുടെ നേതാവു്.

തടിയൻ. ആ ഗ്രാമത്തിലെ ഫ്രീമേസൺമാരുടെ പ്രമാണി. കാർഷികസംഘടനയുടെ അദ്ധ്യക്ഷൻ. എന്നല്ല അഗ്നിശമനസംഘത്തിന്റെ തലവൻ, നാടിനെ രക്ഷിക്കാൻ ചേർത്തിണക്കിയ ഗ്രാമപ്പട്ടാളത്തിന്റെ സംയോജകൻ. ഇങ്ങനെ എല്ലാമുള്ള ബഹുമതികൾ അണിഞ്ഞു വിളങ്ങുന്ന മാന്യൻ, ഇടപ്രഭുവിനുചേർന്ന ഒന്നാന്തരം ഒരു പ്രതിയോഗിയാണ്. അത്രമല്ല ഭയപ്പെടേണ്ട ആളും.

രണ്ടാഴ്ചയ്ക്കുള്ളിൽത്തന്നെ, ഭാര്യയും മക്കളും ഉള്ള അറുപത്തിമൂന്നുപേരെ പറഞ്ഞു സമ്മതിപ്പിച്ച് രാജ്യരക്ഷാസംഘത്തിൽ പ്രതിഫലമില്ലാത്ത സേവനം സ്വീകരിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു. ഇവരെല്ലാം നല്ല നോട്ടമുള്ള കൃഷിക്കാരും കച്ചവടക്കാരും ആയിരുന്നു. ഇവരെ ടൗൺഹാളിന്റെ മുമ്പിൽത്തന്നെ നിറുത്തി അദ്ദേഹം ദിവസവും രാവിലെ ഡ്രില്ലു ചെയ്യിക്കുന്നുമുണ്ട്.

ഈ ഗവൺമെന്റുസ്ഥാപനത്തിൽ മേയർ വരുമ്പോഴെല്ലാം കമാൻഡർ മാസറൽ, തോക്കുംധരിച്ച്, വാളും ഊരിപ്പിടിച്ച് സ്വന്തം സേനയുടെമുൻപിൽ അഭിമാനത്തോടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കും. ആ പട്ടാളക്കാരെക്കൊണ്ട് ഉറച്ചു വിളിപ്പിച്ചുപറയും: "രാജ്യം ഏറെനാൾ വാഴട്ടെ." ഇതു് ഇടപ്രഭുവിനു വിഷമമുണ്ടാക്കുന്നുണ്ടെന്ന് അവർ കണ്ടുമനസ്സിലാക്കി. ഇതു രാജ്യത്തിന്റെ രക്ഷയ്ക്ക് ഒരു വിപത്തായിത്തീരുമെന്നാണ് ആ കൊച്ചുമനുഷ്യനു വിചാരം. പണ്ടുനടന്ന വലിയ വിപ്ലവത്തിൽ ഉണ്ടായ ആപത്തിന്റെ സ്മരണയാണ് ഈ കൊച്ചുമനുഷ്യൻ ഇതെല്ലാം കാണുമ്പോൾ ഓർക്കുന്നതും.

സെപ്റ്റംബർ അഞ്ചാംതീയതി. ഡാക്ടർ യൂണിഫോറം ധരിച്ചിട്ടുണ്ട് അദ്ദേഹത്തിന്റെ കൈത്തോക്കു മേശ

പ്പുറത്തു കിടക്കുന്നു. കൃഷിക്കാരായ ഒരു കിഴവൻഭർത്താവും ഭാര്യയും രോഗകാര്യംപറയാൻ ഡാക്കരുടെ സമീപം വന്നുനിന്നു. ഏഴുകൊല്ലമായിട്ടു കിഴവനു കാലിൽ ഞരമ്പുവേദനയുണ്ടു്. എന്നാൽ ഈ സുഖക്കേടു ഭാര്യയ്ക്കും വരുമെങ്കിൽ അതുംകൂടി അറിഞ്ഞിട്ടു ഡാക്കരെ കാണിക്കാനായി അതുവരെ കാത്തിരിക്കുകയായിരുന്നു. അപ്പോഴാണു് പോസ്റ്റുമാൻ പത്രം കൊണ്ടുവന്നതു്.

ഡാക്കർ മാസറൽ പത്രംവാങ്ങിപൊട്ടിച്ചു. വിളറിനിവന്നിരുന്നു. പെട്ടെന്നു കൈ ആകാശത്തേക്കു് ഉയർത്തി. ഉറച്ചു വിളിച്ചുപറയാൻ തയ്യാറെടുത്തു. ആ കൃഷീവലക്കു് അത്ഭുതം തോന്നുന്നവിധത്തിൽ ശക്തി മുഴുവൻ ഉപയോഗിച്ചു് അദ്ദേഹം വിളിച്ചുപറഞ്ഞു:

"റിപ്പബ്ലിക്ക് നീണാൾ വിജയിക്കട്ടെ! റിപ്പബ്ലിക്ക് നീണാൾ വിജയിക്കട്ടെ! റിപ്പബ്ലിക്ക് നീണാൾ വിജയിക്കട്ടെ!"

ഇതിനോടെ, വികാരക്ഷോഭംകൊണ്ടുണ്ടായ ക്ഷീണംകൊണ്ടു് അയാൾ കസേരയിൽത്തന്നെ പിറകോട്ടു മറിഞ്ഞു.

"എറുമ്പു് കാലിൽ ഇഴയുന്നതുപോലെയുള്ള തോന്നലോടാണു് തന്റെ രോഗം തുടങ്ങിയതു്" എന്നു കൃഷിക്കാരൻകിഴവൻ പിന്നെയും എടുത്തുപറഞ്ഞു. ഇതു കേട്ടപ്പോൾ ഡാക്കർ പറഞ്ഞു:

"എനിക്കു് അല്പം സൈ്വരം തരിൻ. ഈ മണ്ടത്തരം ഒന്നും കേൾക്കാൻ എനിക്കു സമയമില്ല. റിപ്പബ്ലിക്ക് സ്ഥാപിതമായി ചക്രവർത്തിയെ തടവിലാക്കി. ഫ്രാൻസ് രക്ഷപ്രാപിച്ചു. റിപ്പബ്ലിക്ക് നീണാൾ വിജയിക്കട്ടെ!"

വാതുക്കലേക്കു് അദ്ദേഹം ഓടി. വിളിച്ചു:

"സെലസ്റ്റി, വേഗം വരൂ. സെലസ്റ്റി!"

പേടിച്ചുവിരണ്ട പരിചാരിക ഓടിവന്നു. പറയാൻ വിഷമിച്ചുകൊണ്ടു് ഡാക്ടർ പുറത്തുവിട്ട വാക്കുകൾ ഇടയ്ക്കു തടയപ്പെട്ടു. അത്ര വേഗമാണു് അദ്ദേഹം പറയാൻ ശ്രമിച്ചതു്:

"എന്റെ ബൂട്സ്, എന്റെ വാളു്, കാറ്റ്റിസ്റ്റു് പെട്ടി. ആ സ്പെയിനിൽ ഉണ്ടാക്കിയ ചുരിക, അതു കിടക്കമുറിയിലെ മേശയ്ക്കകത്തുകാണും. വേഗം കൊണ്ടു വരൂ." ഡാക്ടർ കല്പനനിറുത്തിയ അവസരംനോക്കി കിഴവൻരോഗി നിർബന്ധബുദ്ധിയോടെ പറഞ്ഞുതുടങ്ങി:

"നടക്കുമ്പോൾ കെട്ടുപിനഞ്ഞു് അവ എനിക്കു വേദനനല്കും." ക്ഷമയററ ഡാക്ടർ ഉറച്ചു വിളിച്ചുപറഞ്ഞു:

"വായടയ്ക്കു്! ദൈവത്തിനെവിചാരിച്ചു് ഒന്നു മിണ്ടാതിരി. കാലു് നേരെ നിത്യവും തേച്ചുകഴുകിയിരുന്നെങ്കിൽ ഈ ഉപദ്രവം വരുകേ ഇല്ലായിരുന്നു."

പിന്നീടു് അദ്ദേഹം ആ രോഗിയുടെ പിടലിക്കു പിടിച്ചു. മുഖത്തുനോക്കി ഗർജ്ജിച്ചു.

"എടാ മണ്ടാ! ഒരു റിപ്പബ്ലിക്കിലാണു് നമ്മൾ ജീവിക്കുന്നതു് എന്നു നിനക്കു് ഒന്നു ബോദ്ധ്യംവന്നോ? മനസ്സിലാക്കാമോ?"

എന്നാൽ സ്വന്തം തൊഴിലിൻെറകാര്യം അദ്ദേഹവും ഉടൻ ഓർത്തു. ക്ഷോഭംനീങ്ങി. വിഷമിച്ചുനിന്ന ആ ദമ്പതികളെ അദ്ദേഹം യാത്രയാക്കി:

"എൻെറ സ്നേഹിതരേ! നാളെ മടങ്ങിവരിൻ! സ്നേഹിതരേ! നാളെ മടങ്ങിവരിൻ! ഇന്നു് എനിക്കു ജോലിയുണ്ടു്. അതുകൊണ്ടു് ഇതിനൊന്നും സമയമില്ല."

തലമുതൽ കാലുവരെ ആയുധങ്ങൾ അണിയുന്നതിനിടയിൽ അദ്ദേഹം പരിചാരികയ്ക്കു വേറെ ഒരു കല്പനമാല നല്കി. എല്ലാം ഉടൻ സാധിക്കേണ്ടതും.

"ഓടണം. ലഫ്ടനൻറ് പിക്കാർടിൻെറ വീട്ടിലേക്ക്. പിന്നെ സബ്ലഫ്ടനൻറ് പോമലിൻെറ അവിടേക്ക്. അവർ ഇവിടെ വന്നുചേരാൻ ഞാൻ പറഞ്ഞു എന്നു പറയണം. ററാർച് ബീഫിനെ ചെണ്ടയുമായി ഉടൻ പറഞ്ഞയയ്ക്കണം. വേഗം, ഉടൻ, വേഗം."

സെലസ്ററി പോയ ഉടൻ അദ്ദേഹം ബുദ്ധിയെല്ലാം നേരെ കൊണ്ടുവന്ന് വന്നേക്കാവുന്ന വൈഷമ്യങ്ങളെപ്പററി ചിന്തിച്ചുതുടങ്ങി. അവ തരണംചെയ്യാനുള്ള മാർഗ്ഗങ്ങളേയും.

മൂന്നുപേരും ഒന്നിച്ചുതന്നെ വന്നുചേർന്നു. അവർ ജോലിക്കു പോകുമ്പോൾ ധരിക്കാറുള്ള വേഷമാണ് അണിഞ്ഞിരുന്നത്. യൂണിഫാറം ഇട്ടുംകൊണ്ട് വരുമെന്നു വിചാരിച്ചുപോയ കമാൻഡർ വിഭ്രമിച്ചുപോയി:

"എൻെറ ദൈവമേ! നിങ്ങൾ കാര്യം ഒന്നും അറിഞ്ഞില്ലേ? ചക്രവർത്തിയെ തടവുപുള്ളിയാക്കി. റിപ്പബ്ലിക്ക് പ്രഖ്യാപിക്കപ്പെട്ടു. നമ്മൾ നടപടി ഉടൻ തുടങ്ങണം. എൻെറ നില വഷളാണ്. ആപത്തു മുഴുകിയതാണ് എന്നുതന്നെ പറയാം."

അത്ഭുതം ഭാവിച്ചുനിന്ന തൻെറ കീഴുദ്യോഗസ്ഥന്മാരെ നോക്കിക്കൊണ്ട് അദ്ദേഹം ആലോചന ഉറക്കെ വെളിവാക്കി പറഞ്ഞു:

"നമ്മൾ സംശയിക്കാതെ മുന്നോട്ടു പോകണം. എല്ലാം നിശ്ചയംചെയ്യാൻ നമ്മൾക്ക് ഉള്ള വേഗതയിലാണ് കാര്യം. പിക്കാർട് പോയി പുരോഹിതനെ കാണണം. മണിമുഴക്കി ആളുകളെ എല്ലാം വിളിച്ചുകൂട്ടണം.

അവരെ ഞാൻ വിവരം ധരിപ്പിക്കാം. റാർച് ബീഫ് എല്ലായിടത്തും പൊയി ചെണ്ട മുഴക്കണം. പട്ടാളക്കാർ എല്ലാവരും ടൗൺഹാളിന്റെ മുമ്പിൽ വന്ന് അണിനിരക്കാൻ പറയണം. പോമൽ ഉടൻതന്നെ യൂണിഫാറം ധരിക്കണം. തൊപ്പിയും ഉടുപ്പും എങ്കിലും. നമ്മൾ ഒന്നിച്ചുപോയി ടൗൺഹാൾ കൈവശമാക്കണം. എം. ഡി-വാർണറേറാട്ടിനെ വിളിച്ചുവരുത്തി അധികാരം എനിക്ക് ഏറവാങ്ങണം. നിങ്ങൾക്കു മനസ്സിലായോ?"

"ശരിതന്നെ."

"എന്നാൽ അങ്ങനെ ചെയ്യണം. പെട്ടെന്നുതന്നെ ഞാനും തന്റെ വീട്ടുവരെ വരാം. നമ്മൾ ഒന്നിച്ചാണല്ലൊ കാര്യം നടത്തേണ്ടതും."

അഞ്ചുമിനിട്ടു കഴിഞ്ഞപ്പോൾ പട്ടാളനായകനും, സഹചാരിയും, സർവ്വവിധമായ ആയുധങ്ങളും ധരിച്ച് ടൗൺഹാളിന്റെ മുമ്പിലുള്ള മൈതാനത്തിൽ പ്രത്യക്ഷരായി. ആ സമയത്തുതന്നെ ഇടപ്രഭുവും വേട്ടയാടാനുള്ള വേഷത്തിൽ തോക്കുമായി വേഗം നടന്ന് അവിടെ വന്നു. അദ്ദേഹത്തിന്റെ പിറകെ തോക്കും കത്തിയും ധരിച്ച് മൂന്നു വനസംരക്ഷകരും പച്ചവേഷത്തിൽ വന്നുചേന്നു. ഡാക്ടർ പകച്ചുനിന്ന സമയത്തിനിടക്ക് ഇവർ നാലു പേരും ടൗൺഹാളിനകത്തു കയറി കതകടച്ചു.

"നമ്മളുടെ ആലോചന അല്പംമുമ്പ് വേണമായിരുന്നു. കാര്യം കഴങ്ങിയല്ലോ. അവർ മുൻകൂട്ടി കരുതി കാര്യം നേടി. ഇനിയും കൂടുതൽ ആൾ വന്നുചേരുന്നതുവരെ നമുക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല."

ഡാക്ടർ രഹസ്യം പറഞ്ഞു.

ലഫ്ടനന്റ് പികാർട് തിരിച്ചുവന്നു.

"പുരോഹിതൻ ഉത്തരവുനടത്താൻ വിസമ്മതിച്ചു. അയാൾ കൈക്കാരനെയും, വാതിൽകാവല്ക്കാരനെയും വിളിച്ചുംകൊണ്ടു് പള്ളിക്കകത്തുകടന്നു് കതകടച്ചു."

ടൗൺഹാളിന്നു് എതിരായി എഴുന്നേററുനിന്ന പള്ളി ഗംഭീരഭാവത്തിൽ മൗനംപൂണ്ടു് കതകും അടച്ചു് നില്പാണു്. പള്ളിവാതിലിൻെറ കതകിലെ ഇരുമ്പുകമ്മിളകൾ പുറത്തുകാട്ടി ഭീതിനൽകിക്കൊണ്ടു് അനങ്ങാതെ നില്ക്കുന്നു!

അമ്പരന്ന സ്ഥലവാസികൾ തല ജന്നലിൽക്കൂടി പുറത്തുകാട്ടി വിശേഷം എന്താണെന്നു് അന്വേഷിച്ചുതുടങ്ങി. ചിലർ പടിക്കൽവരെ വന്നു. ചെണ്ടയുടെ മുഴക്കം കേട്ടുതുടങ്ങി. ററാച്ച്ബീഫ് ഉടൻ പ്രത്യക്ഷനായി. അയാൾ കൊണ്ടുപിടിച്ചു മൂന്നടി ഒന്നിച്ചടിച്ചു് ആയുധം അണിയുവാനുള്ള അറിയിപ്പു നല്കി. അയാൾ കവാത്തുമുറയ്ക്കു് അവിടെക്കൂടി നടന്നുപോയി.

പട്ടാളനായകൻ വാളു് ഉറയിൽനിന്നു് ഊരി. തനിച്ചു മുന്നോട്ടുപകുതിവഴി നടന്നു. ശത്രുക്കൾ കടന്നുബന്ധിച്ചു.രക്ഷിക്കുന്ന രണ്ടു സ്ഥാനങ്ങളുടെ ഇടയിൽ ചെന്നു നിന്നുംകൊണ്ടു് വാൾ ചുഴററി. തനിക്കു് ഉള്ള ശബ്ദമെല്ലാം കൂട്ടി ഇണക്കി വിളിച്ചുപറഞ്ഞു:

"റിപ്പബ്ലിക്ക് നീണാൾ വിജയിക്കട്ടെ! രാജ്യദ്രോഹികൾക്കു് മരണംവരട്ടെ!"

പിന്നീടു തൻെറ സേന നിന്നിടത്തേക്കു് അദ്ദേഹവും പിൻവാങ്ങി.

കശാപ്പുകാർ, റൊട്ടിക്കാരൻ, മരുന്നു വില്പനക്കാരൻ, ഇവർക്കു് കുറേശ്ശെ സംശയംതോന്നി. അവർ മൂന്നുപേരും കടകൾ അടച്ചുപൂട്ടി. ചിന്തുസാമാനക്കടമാത്രം

അടച്ചിട്ടില്ല. ഇതിനിടയ്ക്കു പട്ടാളത്തിൽ ചേൎന്നിരുന്നവർ മുറയ്ക്കു വന്നുചേരുന്നുണ്ട്. അവരുടെ വേഷം വിചിത്രംതന്നെ. എങ്കിലും എല്ലാരും ചുവപ്പുടയാളമുള്ള തൊപ്പി ധരിച്ചിട്ടുണ്ട്. ഈ തൊപ്പിമാത്രമാണു് ആ പട്ടാളക്കാരുടെ പടച്ചട്ടവേഷത്തിലെ വിശേഷം. എല്ലാരുടെ കൈവശവും പഴഞ്ചൻ തോക്കുകളുണ്ട്. തുരുമ്പു പിടിച്ചതു്. മുപ്പതുകൊല്ലമായി പുകയത്തു കെട്ടിവച്ചിരുന്നതു്. വനരക്ഷകന്മാരുടെ സേനയാണു് ഇതെന്നു് ഈ വേഷത്തിൽ ഇവരെ കണ്ടാൽ തോന്നിപ്പോകും.

തൻെറചുററും മുപ്പതുപേർ കൂടി എന്നു മനസ്സിലാക്കിയപ്പോൾ പട്ടാളനായകൻ മിതമായ വാക്കുകൾ ഉപയോഗിച്ചു് കാര്യം എല്ലാവരെയും അറിയിച്ചു.

പിന്നീട് എല്ലാവരെയും അഭിസംബോധനചെയ്യുന്നതുപോലെ കല്പിച്ചു:

"ഇപ്പോഴാണു് നമ്മൾ കാര്യം നടത്തേണ്ടതു്."

സ്ഥലവാസികൾ നോക്കിനിന്നു്, കൂട്ടംചേൎന്നു്, കാര്യവിചാരം തുടങ്ങിയപ്പോഴേക്കും ഡാക്ടർ വേഗം എടുക്കേണ്ട നടപടിയുടെ പ്ലാൻ വിവരിച്ചുകഴിഞ്ഞു.

"ലഫ്ടനന്റ് പികാർട്! നിങ്ങൾ പോയി ആ ജനലിന്റെ സമീപംനിന്നു് പറയണം. ടൗൺഹാളിന്റെ ജനലിൻെറ സമീപത്തുചെന്നു് കല്പിക്കണം. 'എം. ഡി-വാർണററ്! ടൗൺഹാൾ റിപ്പബ്ലിക്കിൻെറ നാമത്തിൽ എന്നെ ഏല്പിച്ചു നിങ്ങൾ കീഴടങ്ങണം.'"

ഈ ലഫ്ടനൻറ് ഒരു മൂപ്പൻ കല്ലാശാരിയാണു്. അയാൾ വിസമ്മതിച്ചു:

"നിങ്ങൾ വലിയ കൗശലക്കാരൻതന്നെ! അല്ലേ? എന്നെ ഒരു ലക്ഷ്യം ആയിട്ടു് അവർ കണക്കാക്കി വെടിവയ്ക്കും. അകത്തുള്ളവർ ഒന്നാന്തരം വെടിക്കാരാണു

താനും. അതു നിങ്ങൾക്കും അറിയാവുന്നതാണു്. കല്പിക്കുന്ന ആൾതന്നെ കല്പനനടത്തുകയാണു നല്ലതു്. ഇതു് എന്നെ ഏല്പിച്ചതിനു നന്ദി. പക്ഷേ, കല്പന നടത്തേണ്ടതു് നിങ്ങൾതന്നെ."

പടനായകൻെറ മുഖം ചുവന്നു:

"നിയമത്തിൻെറ നാമത്തിൽ ഞാൻ ആജ്ഞാപിക്കുന്നു. ആജ്ഞ അലംഘ്യമാണെന്നു പഠിച്ചിട്ടില്ലേ?"

ലഫ്ടനൻറ് പിണങ്ങി. ആജ്ഞ നിരസിച്ചു:

"എന്തു കാൎയ്യത്തിനുവേണ്ടിയാണു" ഇതെന്നു മനസ്സിലാക്കാതെ എൻെറ മുഖം വഷളാക്കാൻ ഞാൻ തയ്യാറില്ല."

അടുത്തുനിന്ന സ്ഥലത്തെ ചില പ്രമാണികൾ ചിരിച്ചുതുടങ്ങി. ഒരാൾ വിളിച്ചുപറഞ്ഞു:

"പിക്കാർഡ്, നിൻെറ നില ശരിയാണു്. ഈ സമയം നന്നല്ല. കാലവും മോശം. സമയവും കാലവും നോക്കിയാലെ കാൎയ്യം സാധിക്കാൻ എളുപ്പമുള്ളു."

ഡാക്ടർ പതുക്കെ പറഞ്ഞു: "ഭീരുക്കൾ!"

തൻെറ വാളും കൈത്തോക്കും ഒരു പട്ടാളക്കാരനെ ഏല്പിച്ചിട്ടു് ഡാക്ടർ കവാത്തുചെയ്തു് മുന്നോട്ടു നടന്നു. കണ്ണു് ജന്നാലിൽത്തന്നെ. തോക്കിൻെറ മൂക്കു് തൻെറ നേൎക്കുതന്നെ ചൂണ്ടിയിട്ടുണ്ടെന്നാണു് അദ്ദേഹത്തിൻെറ വിചാരം.

ആ കെട്ടിടത്തിൻെറ സമീപം ഡാക്ടർ എത്താൻ ഇനിയും രണ്ടടി വച്ചാൽ മതി. അപ്പോൾ ആ കെട്ടിടത്തിൻെറ അങ്ങേ അററത്തും ഇങ്ങേ അററത്തും ഉണ്ടായിരുന്ന രണ്ടു മുറികളുടെയും കതകുകൾ ഒന്നിച്ചു് തുറന്നുമലൎന്നു. ആ രണ്ടു മുറികളിലായി രണ്ടു പള്ളിക്കൂടങ്ങൾ നടത്തുന്നുണ്ടു്. ഒന്നു് പെൺപള്ളിക്കൂടം മററേതു്

ആൺപള്ളിക്കൂടം. രണ്ടു സ്ഥാപനങ്ങളിലും ഉണ്ടായിരുന്ന പിള്ളേരെല്ലാം ഒന്നിച്ചു വെളിയിൽ ചാടി. അവർ ഡാക്കുരുടെ ചുററും കൂടി. വെളിയിലേക്കു് ഇറക്കിവിട്ട സന്തോഷംകൊണ്ടു് കുട്ടികൾ ആർത്തുവിളിച്ചു ശബ്ദം ഉണ്ടാക്കി. പക്ഷികളെപ്പോലെ ചിലച്ചുതുടങ്ങി. ഡാക്ടർ പറയുന്നതു് എന്തെന്നുപോലും കേൾക്കാൻ വിഷമമായി.

അവർ എല്ലാവരും വെളിയിൽ ചാടിയ ഉടൻ വാതിൽ രണ്ടും പിന്നെയും അടഞ്ഞു. ആ വാനരസേനയിൽ മുക്കാൽപങ്കും സ്ഥലംവിട്ട ഉടൻ ഡാക്ടർ വിളിച്ചു പറഞ്ഞു:

"മെസ്യു ഡി–വാർണാറേറാട്!"

മുകളിലത്തെ നിലയിലെ ഒരു ജന്നൽ തുറന്നു. വാർണാറേറാട് പ്രത്യക്ഷനായി.

പട്ടാളനായകൻ പറഞ്ഞുതുടങ്ങി:

"ഗവണ്മെൻറിൻെറ ഭരണരീതി മാറിയ കഥ നിങ്ങളും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുമല്ലോ. നിങ്ങൾ പ്രതിനിധീകരിക്കുന്ന കക്ഷി ഇന്നു നിലവിലില്ല. ഞാൻ പ്രതിനിധീകരിക്കുന്ന കക്ഷിക്കു് അധികാരം ലഭിച്ചു. ഇങ്ങനെ വിഷാദവും വിഷമവും നിറഞ്ഞ ഘട്ടത്തിൽ പുത്തൻ റിപ്പബ്ലിക്കിൻെറ പ്രതിനിധിയായി ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. അധികാരം ഒഴിഞ്ഞ കക്ഷി നിങ്ങളിൽ അപ്പിച്ച അധികാരം എന്നെ ഏല്പിക്കണം."

വാർണാറേറാട് മറുപടി പറഞ്ഞു:

"ഡാക്ടർ മാസറൽ! ഈ സ്ഥലത്തെ മേയർ ഞാനാണു്. അധികാരികൾ ആണു് എന്നെ ഇവിടെ ആക്കിയതു്. എൻെറ മേലധികാരികൾ ആ അധികാരം ഒരു ഉത്തരവിൻപ്രകാരം തിരിച്ചെടുക്കുംവരെ ഞാൻ

ഇവിടുത്തെ മേയർതന്നെ ആയിക്കഴിയും. ഞാൻ മേയറാണ്. എൻെറ ആഫീസാണ് ടൗൺഹാൾ. ഞാൻ ഇവിടെ ഇരിക്കയുംചെയ്യും. വേണമെങ്കിൽ എന്നെ ഇവിടുന്ന് ഓടിക്കാൻ ശ്രമിച്ചോളൂ." അദ്ദേഹം ജന്നൽ അടച്ചു.

പട്ടാളനായകൻ പട നില്ക്കുന്നിടത്തേക്കു മടങ്ങി ഇതെല്ലാം പറയുന്നതിനുമുമ്പുതന്നെ പിക്കാർടിനെ അടിമുടി നോക്കി. എന്നിട്ട് ആജ്ഞാപിച്ചു:

"നീ നല്ല മിടുക്കൻതന്നെ. ഒരു പാത്തക്കോഴി. പട്ടാളത്തിന് അപമാനം ചേർത്തവൻ. നിന്നെ ഞാൻ തരംതാഴ്ത്തുന്നു."

ലഫ്ടനൻറ് മറുപടി പറഞ്ഞു: "ഞാൻ അതു പുല്ലുപോലെ വകവെയ്ക്കുന്നു." ഇത്രയും പറഞ്ഞിട്ട് അയാൾ മററു പൗരന്മാർ നില്ക്കുന്നിടത്തേക്കു നടന്നു.

ഡാക്ടർക്കും സംശയമായി. എന്താ ചെയ്യേണ്ടതു്. ആക്രമണം തുടങ്ങിയാലോ? തൻെറ ആളുകൾ തന്നെ അനുസരിക്കുമോ? താൻ ചെയ്യുന്നതു ശരിയായിരിക്കുമോ?

അദ്ദേഹത്തിൻെറ ബുദ്ധിയിൽ ഒരു നല്ല വിചാരം ഉദിച്ചു. അദ്ദേഹം ടൗൺഹാളിൻെറനേരെ എതിരായി സ്ഥിതിചെയ്ത കമ്പിയാഫീസിലേക്കു് ഓടി. മൂന്നു് കമ്പിയടിച്ചു.

പാരീസിലെ റിപ്പബ്ലിക്കൻഭരണസമിതിക്കു്. രൂവങ്ങിലെ ഭരണാധികാരികൾക്കു്. ഡീപ്പിലെ ഭരണക്കാർക്കു്. ഇവിടുത്തെ നിലപാടു് എല്ലാം വിശദീകരിച്ചിരുന്നു. രാജകക്ഷിയിൽ ചേർന്ന മേയരുടെ കൈവശം ഭരണം വച്ചുകൊണ്ടിരുന്നാൽ ഉണ്ടാകാവുന്ന കുഴപ്പം, തൻെറ രാജ്യസ്നേഹംനിറഞ്ഞ സേവനസമർപ്പണം, ഉത്തര

വിനുള്ള പ്രാൎത്ഥന. ഇതെല്ലാം ശരിയായി വിശദീകരിച്ചിരുന്നു. കൂടാതെ ഒപ്പിനപ്പുറത്തായി തൻെറ സ്ഥാനമാനങ്ങളും കുറിച്ചിരുന്നു. പിന്നീടു പട്ടാളക്കാരുടെ സമീപം എത്തി. പോക്കററിൽനിന്നു പത്തു ഫ്രാങ്ക് എടുത്തു കൊടുത്തു:

"ശരി. നിങ്ങൾ എൻെറ ആളുകൾതന്നെ. പോയി വല്ലതും കഴിക്കിൻ. തുള്ളി കുടിച്ചോളിൻ! എന്നാൽ നിങ്ങളിൽ പത്തുപേർ ഇവിടെ എപ്പോഴും കാണണം. ഈ ടൗൺഹാൾവിട്ട് ആരും പുറത്തുപോകാതെ സൂക്ഷിക്കണം." പണ്ടത്തെ ലഫ്ടനൻറ് ആയിരുന്ന പിക്കാർദ് ചോദിച്ചു:

"എനിക്കു മാപ്പുതരണം. ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ! അവർ പോയാൽ നിങ്ങൾക്കും അങ്ങു പോകാൻ ഒരു അവസരംകിട്ടും. ഇല്ലേ? അല്ലാതെ, ഇതിനകത്തേക്കു കടക്കാൻ വഴിയില്ലല്ലോ."

പിക്കാർട് വാച്ചുനന്നാക്കുന്ന ആളുമായി സംസാരിച്ചുംകൊണ്ടിരുന്ന കഥ തുടൎന്നു.

ഡാക്ടർ മറുപടി ഒന്നും പറഞ്ഞില്ല. അയാളും ഭക്ഷണത്തിനായി വീട്ടിലേക്കു തിരിച്ചു. ഉച്ചകഴിഞ്ഞു് അദ്ദേഹം പട്ടണത്തിനു കാവലിട്ടു. വിചാരിച്ചിരിക്കാതെ ശത്രു കടന്നുകയറും എന്ന വിധത്തിലുള്ള പ്രതിരോധനടപടികൾ കൈക്കൊണ്ടു. പലപ്രാവശ്യവും അദ്ദേഹം ടൗൺഹാളിൻെറയും പള്ളിയുടെയും സമീപംപോയി. ഒന്നിനും സംശയമില്ല. രണ്ടും ആളൊഴിഞ്ഞു പൂട്ടിയിട്ടതുപോലെതന്നെ കിടക്കുന്നു.

കശാപ്പുകാരനും, റൊട്ടിക്കാരനും, മരുന്നുകച്ചവടക്കാരനും കടകൾ പിന്നെയും തുറന്നു. വീട്ടിലെല്ലാം സംസാരത്തിൻെറ ബഹളം. ചക്രവൎത്തിയെ തടവിലാക്കി

യെങ്കിൽ ഒരു രാജദ്രോഹി എവിടെങ്കിലും ഉണ്ടായിരിക്കണം. ഏതു റിപ്പബ്ലിക്കാണു് അധികാരത്തിൽ വന്നതെന്നു് അവർക്കു തീരുമാനിക്കാനും സാധിച്ചില്ല.

ഇരുളുപരന്നു. ഒൻപതുമണിയോടെ ഡാക്ടർ തനിച്ചു് ടൗൺഹാളിലൊന്നു പോയി. തൻെറ ശത്രു പിൻവാങ്ങിക്കാണണം എന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. ഒരു 'പിക് ആക്സ്' ഉപയോഗിച്ചു് അകത്തു കടക്കാമെന്നു വിചാരിച്ചു ചിലതെല്ലാം ചെയ്തപ്പോൾ ഒരു കാവല്ക്കാരൻ വിളിച്ചുചോദിച്ചു:

"ആരാണു് ആ പോകുന്നതു്?"

എം. മാസറൽ ലജ്ജിച്ചു വേഗം പിൻവാങ്ങി.

അടുത്തദിവസം പുലൻ. ആ നിലപാടിനു യാതൊരു ഭേദവും വന്നില്ല. പട്ടാളം കെട്ടിടം സൂക്ഷിക്കുന്നുണ്ടു്. ഇതിൻെറ ഫലം അറിയുവാനായി നാട്ടുകാരും കാത്തുനില്ക്കുന്നുണ്ടു്. അടുത്തുള്ള ഗ്രാമക്കാർ കാഴ്ചകാണാൻ വന്നു. ഏതെങ്കിലും ഒരുവിധത്തിൽ ഇതിനു തീരുമാനം ഉണ്ടാക്കിയില്ലെങ്കിൽ തൻെറ സൽപ്പേർ പോകും എന്നു ഡാക്ടർക്കു മനസ്സിലായി. എന്തെങ്കിലും ശക്തിപൂർവ്വമായ ഒരു നടപടി എടുക്കണം എന്നുതന്നെ അദ്ദേഹവും തീരുമാനിച്ചു. ഈ നിശ്ചയംചെയ്തുകൊണ്ടു നില്ക്കുന്നതിനിടയ്ക്കു കമ്പിയാഫീസിൻെറ വാതിൽ തുറന്നു് ഒരു പരിചാരിക പ്രത്യക്ഷയായി. അവളുടെ കൈവശം കമ്പിയാഫീസിലെ ഉദ്യോഗസ്ഥ കൊടുത്ത രണ്ടു കടലാസുണ്ടു്.

ആദ്യം പട്ടാളനായകനെ സമീപിച്ചു് ഒന്നു് അയാൾക്കു കൊടുത്തു. എല്ലാരും നില്ക്കുമ്പോൾത്തന്നെ അവൾ ടൗൺഹാളിലേക്കു തിരിച്ചു. തന്നെ നോക്കുന്നുണ്ടെന്നോ ടൗൺഹാളിനകത്തു് തോക്കുമായി കാവൽക്കാർ ഒളിച്ചുനില്പുണ്ടെന്നോ ഭയം അവളെ ബാധിച്ചില്ല.

അവരം ആ അവരോധിക്കപ്പെട്ട കെട്ടിടത്തിന്റെ വാതിലിൽ മുട്ടിവിളിച്ചു.

കതകു് അല്പം തുറന്നുകാണായി. ഒരു മനുഷ്യന്റെ കൈ ആ സന്ദേശം സ്വീകരിച്ചു. ആ പെൺകുട്ടി ലജ്ജിച്ചു മടങ്ങി. അവൾക്കു് ഇത്രയുംപേർ തന്നെ സൂക്ഷിച്ചുനോക്കുന്നതുകൊണ്ടുതന്നെ കരച്ചിൽവന്നു. ആ നാട്ടുകാർ എല്ലാവരും അവിടെ വന്നിട്ടുണ്ടു്. അവർ എല്ലാം അവളെ തുറിച്ചുനോക്കുന്നും ഉണ്ടു്.

ഡാക്ടർ മുഴങ്ങുന്ന ശബ്ദത്തിൽ ഉറച്ചു വിളിച്ചുപറഞ്ഞു:

"ദയവുചെയ്തു നിശ്ശബ്ദം."

ആളുകൾ ഒച്ച അല്പം കുറച്ചപ്പോൾ അദ്ദേഹം അന്തസ്സോടെ പറഞ്ഞുതുടങ്ങി:

"ഗവണ്മെന്റിൽനിന്നും എനിക്കു് ഇപ്പോൾ കിട്ടിയ നിർദ്ദേശം ഇതാണു്."

പിന്നീടു കമ്പിപൊക്കി അദ്ദേഹം വായിച്ചു:

"പഴയ മേയറെ തിരിച്ചുവിളിച്ചിരിക്കുന്നു. അത്യാവശ്യകാര്യം ഉടൻ നോക്കണം. നിർദ്ദേശങ്ങൾ പിറകെ.

സബ് പെർഫക്റ്റിനുവേണ്ടി,

സാപിൻ—സഭാംഗം."

അദ്ദേഹം വിജയിച്ചു. ഹൃദയം സന്തോഷംകൊണ്ടു തുടിച്ചു. കൈ വിറയ്ക്കുന്നുണ്ടു്. എന്നാൽ പണ്ടത്തെ പിക്കാർട് പിന്നെയും വിളിച്ചുപറഞ്ഞു:

"അതു ശരിതന്നെ. എന്നാൽ അകത്തുള്ളവർ പുറത്തുപോകാൻ തയ്യാറില്ലെങ്കിൽ ഈ കടലാസുകൊണ്ടു് എന്തു ഗുണം വരാൻപോകുന്നു?"

എം. മാസറൽ വിളറി. അവർ ഇറങ്ങിപ്പോയി ല്ലെങ്കിലോ? അപ്പോൾ കടന്ന് ആക്രമിക്കതന്നെ വേണം. അതു് ഇപ്പോൾ തന്റെ അവകാശം മാത്രമല്ല, ജോലിതന്നെ ആണുതാനും. അദ്ദേഹം ഉൽക്കണ്ഠയോടെ ടൗൺഹാളിലേക്കു നോക്കി. കതകു തുറന്നു തന്റെ പ്രതിയോഗി ഇറങ്ങിപ്പോകുന്നതു്, തോൽവി സമ്മതിച്ചു് ഇറങ്ങിപ്പോകുന്നതു് കാണുവാൻ അദ്ദേഹം ഏറെ കൊതിച്ചു. എന്നാൽ കതകു തുറന്നോയില്ല. ഇനി എന്തു വേണം? ആൾബഹളം വർദ്ധിച്ചു. അവർ പട്ടാളക്കാരുടെ ചുറവുംക്രടി. ആളുകൾ ചിരിക്കാനും തുടങ്ങി.

ഒരു വിചാരം ഡാക്ടരെ വല്ലാതെ വലച്ചു. താൻ ഒരു ആക്രമണം നടത്തുകയാണെങ്കിൽ സൈന്യത്തിന്റെ മുന്നിൽനിന്നു് പോരാടേണ്ടതല്ലേ ന്യായം? താൻ മരിച്ചാൽ പിന്നെ എതിരും ഇല്ലാതാകും. തന്റെ നേക്കായിരിക്കും, തന്റെനേക്കു മാത്രമായിരിക്കും, എം. ഡിവാർണറേറാട് വെടിവെക്കുന്നതു്. ആ ഇടപ്രഭു മാത്രമല്ല, കൂട്ടത്തിലുള്ള വനസംരക്ഷകരും. അവക്കു നല്ല ഉന്നവും ഉണ്ടുതാനും. ഉന്നമെന്നു പറഞ്ഞാൽപോരാ ഉന്നം ശരിക്കു നോക്കാൻ അവക്കു നിശ്ചയവും ഉള്ളു. പികാർട് അതു് ഓമ്മിപ്പിക്കയും ചെയ്തു.

അദ്ദേഹത്തിനു പിന്നെയും ഒരു ആലോചന തോന്നി. പോമലിനോടായിട്ടു് അയാൾ തിരിഞ്ഞു് പറഞ്ഞു:

"ഒരു തുണിക്കഷണവും വലിയ കമ്പും തരാൻ ഞാൻ പറഞ്ഞെന്നു് മരുന്നൊട്ടക്കുന്നവനോടു പറയു."

ആ ലെഫ്റ്റനൻറ് വേഗം പോയി. ഡാക്ടർ ഒരു കക്ഷിക്കൊടി ഉണ്ടാക്കാൻ പോവുകയാണു്. വെള്ളക്കൊടിതന്നെ. എന്നാൽ എങ്കിലും പഴയ രാജവാഴ്ച

ക്കാരനായ മേയക്ക് സന്തോഷം ഉണ്ടായെങ്കിലോ എന്നാണ് അയാളുടെ സംശയം.

ഒരു ചൂലിന്റെ കമ്പും തുണിയുമായി പോമൽ മടങ്ങിവന്നു. കുറച്ചു ചരടും കൂട്ടിക്കെട്ടിക്കൊണ്ടു് അവർ അതു് ഒരു കൊടിയാക്കി. ഇതു മാസറൽ രണ്ടു കൈകൊണ്ടും പിടിച്ചു. ഈ കൊടിയും പിടിച്ചുംകൊണ്ടു് ഡാക്റ്റർ ടൗൺഹാൾ സമീപിച്ചു. വാതിലിന്റെ മുമ്പിലെത്തി.

"മെസ്യൂ-വാർണറോട്!" അയാൾ ഉറക്കെ വിളിച്ചു.

വാതിൽ വേഗം തുറന്നു. വാർണറോട്ടും സംരക്ഷകരും വെളിയിൽ ഉടൻ ഇറങ്ങിവന്നു. ഡാക്റ്റർ പിറകോട്ടു സംശയിച്ചു മാറി. ശത്രുവിനെ ഔദാര്യപൂർവ്വം വന്ദിച്ചു. വികാരംനിറഞ്ഞ സ്വരത്തിൽ പറഞ്ഞു:

"എനിക്കു കിട്ടിയ നിർദ്ദേശങ്ങൾ അറിയിക്കാനാണ് ഞാൻ വന്നതു്."

ഒരു വന്ദനവും ഉപചാരവും ചെയ്യാതെ ആ മാന്യൻ മറുപടി പറഞ്ഞു:

"ഞാൻ പിൻവലിയാൻ പോകയാണ്. എന്നാൽ ഭയംകൊണ്ടല്ല ഇങ്ങനെ ചെയ്യുന്നതെന്നു നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കണം. അതോ ഈ നശിച്ച ഗവണ്മെന്റിന്റെ കല്പന അനുസരിച്ചും അല്ലതാനും. ഇങ്ങനെ ഭരണം പിടിച്ചുപറിച്ചവരുടെ ദാസനായി ഒരു ദിവസമെങ്കിലും ജീവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. റിപ്പബ്ലിക്കിനെ സേവിക്കാൻ ഞാൻ തയ്യാറില്ല. അത്രേയുള്ളു."

മാസറൽ അത്ഭുതാധീനനായി. അയാൾ മറുപടി ഒന്നും പറഞ്ഞില്ല. ഓരോ വാക്കും കടിച്ചുമുറിച്ചു പറയുന്നതുപോലെ പുറത്തുവിട്ടിട്ടു് ഇടപ്രഭു ഗംഭീരനായി

വേഗം നടന്നു മൂലതിരിഞ്ഞു മറഞ്ഞു. അനുചരന്മാരും അദ്ദേഹത്തിനെ അനുഗമിച്ചു. അഭിമാനം മടക്കിക്കിട്ടിയ ഡാക്ടർ ഭ്രാന്തനെപ്പോലെ ജനക്കൂട്ടത്തെ സമീപിച്ചു. കേൾക്കാൻതക്കവിധത്തിൽ അവരുടെ അടുക്കലായപ്പോൾ അദ്ദേഹം ഉറച്ചു വിളിച്ചുപറഞ്ഞു:

"ഹുറെ, ഹുറെ, റിപ്പബ്ലിക്ക് എല്ലായിടത്തും വിജയിക്കുന്നു!"

ഒരു വികാരവും ആരിലും പ്രത്യക്ഷമായില്ല. ഡാക്ടർ ഒന്നുകൂടി ശ്രമിച്ചു:

"ജനങ്ങൾ സ്വതന്ത്രരായി. നിങ്ങൾ സ്വതന്ത്രരായി. പരാശ്രയം നശിച്ചു. അതു മനസ്സിലായില്ലേ? അതിൽ അഭിമാനംകൊള്ളിൻ."

ഒരു അഭിമാനവും ദ്യോതിപ്പിക്കാതെ ആ ഗ്രാമക്കാർ അദ്ദേഹത്തിനെ നോക്കിനിന്നു. ഇവരുടെ അനാസ്ഥ അദ്ദേഹത്തിനു കോപത്തിനു വഴിയായി. ഇവരെ ഉത്തേജിപ്പിക്കാൻ എന്തുചെയ്യണമെന്നായി അദ്ദേഹത്തിൻെറ പിന്നത്തെ ആലോചന. അവരെക്കൊണ്ടു് തന്നെ ബഹുമാനിപ്പിക്കണം. അതിനു് എന്താണു പണി? ഈ നാട്ടിൽ വിദ്യുൽപ്പാതംതന്നെ ഉണ്ടാകണം. ഈ ഉറങ്ങിക്കിടക്കുന്ന നാട്ടുംപുറം ഉണരണം. തങ്ങളുടെ ആശ സഫലമായി എന്നു് ഇവർ ബോദ്ധ്യമാക്കണം. അതിനു് അദ്ദേഹത്തിനു പ്രചോദനം ലഭിച്ചു. പേമലിനോടു തിരിഞ്ഞുനിന്നുംകൊണ്ടു് അദ്ദേഹം പറഞ്ഞു:

"ചഫ്റനൻെറ്! പോയി മുൻസിപ്പൽകൗൺസിൽഹാളിൽ ഇരിക്കുന്ന ആ ചക്രവത്തിയുടെ പ്രതിമ ഇങ്ങു് എടുത്തുകൊണ്ടുവരൂ. ഒരു കസേരയും."

ആ മനുഷ്യൻ വേഗം മടങ്ങിവന്നു. പ്ലാസ്റ്റർകൊണ്ടു് ഉണ്ടാക്കിയ നെപ്പോളിയൻമൂന്നാമൻെറ പ്രതിമ

വലത്തെ തോളിൽ. ഇടത്തേതിൽ ഒരു കസേരയും ആയിട്ടാണു് അയാൾ മടങ്ങിവന്നതു്.

മാസറൽ ഇവ രണ്ടും ഏററുവാങ്ങി. കസേര നിലത്തുവച്ചു് അതിൻെറ മുകളിൽ പ്രതിമയും. കുറച്ചു മാറി നിന്നുംകൊണ്ടു് മുഴങ്ങുന്ന ശബ്ദത്തിൽ പറഞ്ഞുതുടങ്ങി:

“സ്വേച്ഛാധികാരീ! സ്വേച്ഛാധിപതീ! ഒടുവിൽ നിങ്ങളും പതിച്ചു. പൊടിയിലും ചെളിയിലും പതിച്ചു. നിങ്ങളുടെ പാദതാഡനമേററു് ഒരു നാട്ടു് അന്ത്യശ്വാസം വലിച്ചുതുടങ്ങി. എല്ലാത്തിനും പ്രതിക്രിയ ചെയ്യുന്ന വിധി നിങ്ങളെ തള്ളിനീക്കി നിലത്തു വീഴ്ത്തി. തോൽവിയും നാണക്കേടും നിങ്ങളെ ഒട്ടിനില്ക്കും. നിങ്ങൾ പ്രഷ്യാക്കാരുടെ മുന്നിൽ തോററുവീണു. തടവുകാരനായി. നിങ്ങളുടെ തകരുന്ന സാമ്രാജ്യത്തിൻെറ അവശിഷ്ടത്തിൽനിന്നു് യുവചൈതന്യമുള്ള ഒരു റിപ്പബ്ലിക്കു് ഉടലെടുത്തു. നിങ്ങളുടെ ഒടിഞ്ഞ വാളും കരസ്ഥമാക്കി അതു് ഉയരും.”

അയാൾ ഇതിനു ഹർഷാരവം പ്രതീക്ഷിച്ചു. ആരും ആർത്തുവിളിച്ചില്ല. ഒരു കരഘോഷവും പുറപ്പെട്ടില്ല. അമ്പരന്ന കൃഷീവലർ മൗനം അവലംബിച്ചു. ആ പൂർവ്വകായപ്രതിമ, തുടച്ചുമാററാൻപാടില്ലാത്തവിധം മുഖത്തു പ്രത്യക്ഷമായിക്കാണുന്ന ചിരികൊണ്ടു്, പ്രതിമയ്ക്കുള്ള ആ പ്രത്യേക ചിരികൊണ്ടു് തന്നെ നോക്കി പരിഹസിക്കയാണെന്നു് അദ്ദേഹത്തിനു തോന്നി. മുഖം കവിഞ്ഞു നില്ക്കുന്ന ആ ക്രൂർമ്പിച്ച മേൽമീശ, കവിളും കടന്നു പടരുന്ന മേൽമീശ, ഒരു ക്ഷൗരകാലയത്തിൽ പ്രദർശിപ്പിക്കാറുള്ള ചിത്രപ്പരസ്യംപോലെ ഉള്ളതും, തന്നെ പരിഹസിക്കയാണെന്നു് ആ പട്ടാളനായകനു് അപ്പോൾ തോന്നി:

ഇങ്ങനെ അവർ രണ്ടുപേരും നിലയായി. കസേരയിൽ നെപ്പോളിയൻ. ഡാക്ടർ മൂന്നടി മുന്നിൽ. പട്ടാളനായകനു കോപം വർദ്ധിച്ചു. എന്താണു ചെയ്യേണ്ടതു്. ഈ ജനങ്ങളെ ഇളക്കി മനസ്സു ചലിപ്പിച്ചു്, തൻെറ കക്ഷിയിൽ ചേർത്തു് വിജയം തനിക്കും ഉണ്ടാക്കാൻ എന്താണുചെയ്യേണ്ടതു്? തൻെറ അഭിപ്രായത്തിനാണു വിജയം സിദ്ധിച്ചതു് എന്നു് ഇവരെ ബോദ്ധ്യപ്പെടുത്താൻ എന്താണു ചെയ്യേണ്ടതു്? ഡാക്ടറുടെ കൈ എളിയിൽ കുത്തിയിരിക്കയാണു്. അവിടെ തിരുകിയിരുന്ന കൈത്തോക്കിൽ അതു തടഞ്ഞു. ചുവന്ന അരപ്പട്ടയിൽ തിരുകിയിരുന്ന ആ കൈത്തോക്കു് അയാൾ വലിച്ചെടുത്തു. വേറെ ഒരു ആലോചനയും ഉദയംചെയ്തില്ല. വേറൊരു നല്ലവാക്കും നാവിൽനിന്നു് ഉതിർന്നില്ല. അതുകൊണ്ടു് തോക്കും ഊരി രണ്ടടി മുന്നോട്ടു നടന്നു. ലക്ഷ്യംനോക്കി ആ രാജ്യംഒഴിഞ്ഞ രാജാവിൻെറ പ്രതിമയുടെനേരെ വെടിവച്ചു. ആ ഉണ്ട തലയിൽ കൊണ്ടു. ഒരു തുള നെററിയിൽ ഉണ്ടായി എന്നുമാത്രം. ഒരു വെറും പാടു്. അതുകൊണ്ടും ഫലം ഉണ്ടായില്ല. രണ്ടാമതും ഒരു വെടി. രണ്ടാമതും ഒരു തുള ഉണ്ടായി. പിന്നെ മൂന്നാമതും. പിന്നെ നിറുത്താതെ ആ കൈത്തോക്കിലെ നിറയെല്ലാം അദ്ദേഹം ഒഴിച്ചു.നെപ്പോളിയൻെറ നെററി മുഴുവൻ വെള്ളപ്പൊടിയായി അന്തർദ്ധാനംചെയ്തു. എങ്കിലും കണ്ണുകളും മൂക്കും മീശയുടെ മുറുക്കവും കേടുകൂടാതെ ഇരിപ്പുണ്ടു്. നിരാശനും, കോപാകുലനും ആയ ഡാക്ടർ കസേര മറിച്ചിട്ടു. കൈകൊണ്ടു് ഒരു തട്ടുകൊണ്ടാണു് ഈ കാര്യംസാധിച്ചതു്. കാൽ പൊക്കി ഈ പ്രതിമയുടെ അവശിഷ്ടത്തിൻെറ പുറത്തു ചവിട്ടി. വിജയിച്ച

ഭാവത്തിൽ, അമ്പരന്നുനിന്ന ജനങ്ങളെനോക്കി, ആ സേനാനായകൻ വിളിച്ചുപറഞ്ഞു:

"ഇങ്ങനെ എല്ലാ ഏകശാസനക്കാരും നശിക്കട്ടെ."

എന്നിട്ടും ഒരു ആസക്തിയും ആരും പ്രത്യക്ഷമാക്കിയില്ല. കാണികൾ അത്ഭുതഭാവത്തിൽ സ്തംഭിച്ചു നില്ക്കുകയാണെന്നു തോന്നിപ്പോയി.

പടനായകൻ സേനയോടു് ആജ്ഞാപിച്ചു:

"ഇനിയും നിങ്ങൾക്കു വീടുകളിലേക്കു മടങ്ങാം."

അയാളും കാലുകൾ നീട്ടിവച്ചു സ്വന്തം താമസസ്ഥലത്തേക്കു തിരിച്ചു. തന്നെ ആരോ പിൻതുടരുന്നുണ്ടെന്നു് ആ ഭരണാധിപനു തോന്നി. അവരിൽനിന്നു് ഒഴിയാൻ എന്നവിധമാണു് ആ ധീരൻ ഇത്രവേഗത്തിൽ നടന്നതെന്നു കാണികൾക്കു തോന്നി.

"മൂന്നു മണിക്കൂറായിട്ടു് ചില രോഗികൾ അദ്ദേഹത്തിൻെറ വരവുംപ്രതീക്ഷിച്ചു നില്പുണ്ടെന്നു്" വന്നഉടനെതന്നെ പരിചാരിക ഡാക്ടറെ അറിയിച്ചു. അയാൾ ആ രോഗികളുടെ സമീപത്തേക്കു വേഗംചെന്നു. ആ കാലിൻെറ സുഖക്കേടുംപറഞ്ഞു തലേദിവസം വന്ന കിഴവനും കിഴവിയും അന്നും വന്നു് അവിടെ നില്പുണ്ടു്. ക്ഷമാശീലത്തോടും, ഒഴിഞ്ഞുപോകാൻ മടിച്ചും.

ആ കിഴവൻ പിന്നെയും തൻെറ രോഗവിവരം വിസ്തരിച്ചു പറഞ്ഞുതുടങ്ങി:

"കാലിനുള്ളിൽ ഉറുമ്പു് ഇഴയുന്നു എന്ന തോന്നലോടാണു് ഈ സുഖക്കേടു തുടങ്ങിയതു്. അങ്ങോട്ടും ഇങ്ങോട്ടും ഇഴയുന്നവിധത്തിൽ..."

# മൊയ്റൺ

ചക്രവത്തിയുടെ ഭരണകാലത്തു് അറോർണി ജനറൽ ആയിരുന്ന പ്രൻസിനി. എം. മലേറിയുവിനെപ്പറ്റി ആണു് അവർ അപ്പോൾ പറഞ്ഞുകൊണ്ടിരുന്നതു്. ഒരാൾ പറഞ്ഞു:

"എനിക്ക കൗതുകം തോന്നിക്കത്തക്കവിധത്തിൽ നടന്ന ഒരു സംഭവം പറയാനുണ്ടു്. ഏതുവിധം നോക്കിയാലും അതിന്നു കൗതുകം ഏറെയുണ്ടുതാനും. അതു നിങ്ങളും മനസ്സിലാക്കിയിരിക്കുന്നതു നന്നു്.

"ഞാൻ ചെറിയ കോടതിയിലെ പബ്ലിക് പ്രാസിക്യൂട്ടറായിരുന്നു. പോരെങ്കിൽ കൊട്ടാരത്തിൽ എന്നൊ കാര്യവും ആയിരുന്നു. അച്ഛന്നു പാരീസിൽ നല്ലനില ഉണ്ടായിരുന്നതുകൊണ്ടാണു് ഈ സ്വാധീനശക്തി ലഭിച്ചതും. 'മൊയ്റൺ വാദ്ധ്യാരുടെ കേസ്' ഞാനാണു് അന്നു് ഏറ്റുനടത്തിയതു്.

"എം. മൊയ്റൺ വടക്കൻ ഫ്രാൻസിൽ എങ്ങോ ഉള്ള ഒരു അദ്ധ്യാപകനായിരുന്നു. ആ ദിക്കിലെല്ലാം അയാൾക്കു് നല്ല പേരുണ്ടു്. നല്ല ബുദ്ധി, ആലോചനാശക്തി, ഉറച്ച മതവിശ്വാസം, ഇവയെല്ലാം ആ വാദ്ധ്യാക്കു് ഉണ്ടായിരുന്നു. എന്നാൽ അധികം സംസാരിക്കില്ല. വിവാഹംചെയ്തിരുന്നു. ഉദ്യോഗസ്ഥലത്തുതന്നെ വിവാഹിതനായി ജീവിച്ചു. ഈ വാദ്ധ്യാക്കു്. മൂന്നു കുട്ടികൾ ജനിച്ചു. എന്നാൽ ഇവർ മൂന്നുപേരും ഒന്നിന്നു പിറകെ ഒന്നായി ക്ഷയംപിടിച്ചു മരിച്ചു. സ്വന്തം കുട്ടികൾ മരിച്ചതോടുകൂടി കുട്ടികളോടു് വളരെ വാത്സല്യം അദ്ദേഹം

പ്രകടിപ്പിച്ചു തുടങ്ങി. ഇവരെ സ്നേഹിക്കുക, ലാളിക്കുക എന്നതു മാത്രമായി ഇദ്ദേഹത്തിന്റെ ജീവിതോദ്ദേശം. സ്വന്തം പണംകൊടുത്ത് ഏറെ കളിപ്പാട്ടങ്ങൾ അദ്ദേഹം വാങ്ങിക്കും. അവയെല്ലാം തന്റെ നല്ല വിദ്യാർത്ഥികൾക്ക് സമ്മാനിക്കും. നല്ലവണ്ണം പഠിക്കുന്നവർക്ക്, നല്ല സ്വഭാവം പെരുമാററത്തിൽ പ്രത്യക്ഷമാക്കുന്നവർക്ക്, കാഴ്ചയിൽ നന്നായിട്ട് തോന്നുന്നവർക്ക്, ഇവർക്കെല്ലാം അയാൾ സ്വന്തം പണംകൊണ്ട് സമ്മാനം വാങ്ങികൊടുക്കും. എന്നല്ല പിള്ളേർക്ക് പ്രത്യേകം വിരുന്നുകൾ നടത്തും. അവരെ മധുരസാധനങ്ങൾകൊണ്ട് നിറയ്ക്കും. ഈ നല്ല മനുഷ്യനെ എല്ലാവരും സ്നേഹിച്ചു. പുകഴ്ത്തി. അയാളുടെ ഹൃദയത്തിൻെറ കാരുണ്യം വാഴ്ത്തി.

"ഈ അദ്ധ്യാപകന്റെ അഞ്ചു ശിഷ്യന്മാർ പെട്ടെന്ന് മരിച്ചു. രോഗം എന്തായിരുന്നു, എന്തുകൊണ്ടാണ് ഉണ്ടായതു്, എന്ന് ആർക്കും പറയാൻ സാധിക്കാത്തവിധത്തിലായിരുന്നു ഈ അകാലമരണം സംഭവിച്ചതു്. വല്ലാത്ത വേനലും വരൾച്ചയുംകൊണ്ട് വെള്ളത്തിനു വന്നുചേർന്ന അശുദ്ധിയിൽനിന്നു പടർന്നുപിടിച്ച പകർച്ചവ്യാധികൊണ്ടാണ് ഈ മരണം സംഭവിച്ചതു് എന്നായിരുന്നു നാട്ടുകാരുടെ വിചാരം. അവർ ഇതിൻെറ കാരണം അന്വേഷിച്ചു വിഷമിച്ചു. കണ്ടുപിടിക്കാൻ സാധിച്ചില്ല. പോരെങ്കിൽ രോഗലക്ഷണങ്ങളും അസാധാരണമായിരുന്നു. കുട്ടികൾക്കു മയക്കം ബാധിച്ചു. ആഹാരത്തിനു വേണ്ടായ്കവന്നു. വയററിൽ വേദന ഉണ്ടെന്നു പറയും. ഒടുവിൽ ഏറെ വേദനയനുഭവിച്ചു മരിക്കും.

"ഒടുവിൽ മരിച്ച കുഞ്ഞിൻെറ ദേഹം കീറി പരിശോധിച്ചു. എന്നാൽ ഒന്നും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. കുടൽ എല്ലാം പാരീസ്സിൽ അയച്ച് പരിശോധി

പ്പിച്ചു. എന്നാൽ വിഷബാധ ഉണ്ടായിരുന്നതായി തെളിഞ്ഞില്ല.

"ഒരു കൊല്ലത്തേക്കു് പിന്നെ വിശേഷം ഒന്നും സംഭവിച്ചില്ല. പിന്നീടു രണ്ടുപേർ, മൊയ്റൺ വാദ്ധ്യാരുടെ ചെല്ലപ്പിള്ളകൾ, ക്ലാസിൽ ഏററവും നല്ല വിധം പഠിക്കുന്നവർ, നാലു ദിവസത്തിനിടയിൽ മരിച്ചു. ശവം പരിശോധിക്കാൻ കല്പനയായി. കണ്ണാടി പൊടിച്ചുണ്ടാക്കിയ പൊടി വയററിൽ കട്ടിപിടിച്ചു കിടപ്പുള്ളതു് കണ്ടുപിടിക്കപ്പെട്ടു. 'ശ്രദ്ധയില്ലാതെ നിർമ്മിച്ച വല്ലതും ഇവർ ഭക്ഷിച്ചുകാണണം' എന്നായിരുന്നു നിഗമനം. (അന്വേഷണത്തിൽനിന്നു കിട്ടിയ തെളിവു വച്ചുകൊണ്ടു് ആലോചിച്ചു കണ്ടുപിടിച്ചതു്). പാൽ പാത്രത്തിന്റെ മുകളിൽ പിടിച്ചിരുന്ന ഗ്ലാസ് ഉടഞ്ഞാലും ഇങ്ങനെ വന്നുചേരാം. ഈ അപകടം സംഭവിക്കാം. ഇങ്ങനെ ഇതു തേഞ്ഞുമാഞ്ഞു് പോകുമായിരുന്നു. എന്നാൽ പിന്നീടും ഒരു അപകടം ഉടൻ ഉണ്ടായി. വാദ്ധ്യാരുടെ പരിചാരികയ്ക്കും ഇത്തരത്തിൽ രോഗലക്ഷണം കണ്ടുതുടങ്ങി. ഡാക്ടർ അവളോടു വിവരം ചോദിച്ചു. വാദ്ധ്യാർ കുട്ടികൾക്കായി കൊണ്ടുവച്ചിരുന്ന മധുരദ്രവ്യം താൻ കട്ടെടുത്തു തിന്നുകയുണ്ടായി എന്നു് അവൾ ഏററുപറഞ്ഞു.

"കോടതിയുടെ കല്പനപ്രകാരം വാദ്ധ്യാരുടെ വീടു പരിശോധിച്ചു. കുട്ടികൾക്കായി കൊണ്ടുവന്നു വച്ചിരുന്ന കളിപ്പാട്ടങ്ങളും മധുരദ്രവ്യങ്ങളും ഒരു ചെറിയ മുറി നിറച്ചു കിടപ്പുണ്ടായിരുന്നു. എല്ലാ തീററിസാധനത്തിലും കണ്ണാടിപ്പൊടിയോ, സൂചിമുനയോ, ഉണ്ടായിരുന്നു എന്നു കണ്ടുപിടിക്കപ്പെട്ടു. വാദ്ധ്യാരെ ഉടൻതന്നെ അറസ്ററു ചെയ്തു. അയാൾ ഇതു് അറിഞ്ഞപ്പോൾ അത്ഭു

തവും കോപവും പ്രകടിപ്പിച്ചു. അതുമല്ല താൻ കുട്ടികൾക്കു കൊടുത്ത മധുരദ്രവ്യങ്ങൾ മരണഹേതുകങ്ങളാണെന്നു് മനസ്സിലാക്കിയപ്പോൾ അയാൾക്കു ഭയം ജനിച്ചു എന്നു ഭാവിച്ചു. അയാളെ മോചിപ്പിക്കാൻപോലും ആലോചന ഉണ്ടായി. എന്നാലും അയാളുടെ കുററം പ്രത്യക്ഷത്തിൽ ചെയ്തതായിത്തന്നെ തോന്നി. എൻെറ ആദ്യത്തെ വിശ്വാസവും ഇതും തമ്മിൽ നിരപ്പില്ലാതായി. പൊരുത്തം തോന്നിച്ചില്ല. അയാളുടെ സൽപേരു്, അതുവരെ ഉള്ള നല്ലനടത്ത, എന്നല്ല ഈ കുറ്റം ചെയ്യുവാൻ, അല്ല ചെയ്യിക്കുവാൻ പ്രേരകമായി ഒരു കാരണവും കാണാനുമില്ല.

"അയാൾ ഏറെ ലാളിച്ചും, സ്നേഹിച്ചും, പഠിപ്പിക്കുന്ന ഈ കുട്ടികളെ, ഈ ഋജുസ്വഭാവി എന്തിനായി കൊല്ലുന്നു. താൻതന്നെ മധുരദ്രവ്യങ്ങൾകൊണ്ടു് വിരുന്നൂട്ടി പ്രത്യേകം പ്രതിപത്തികാണിക്കുന്ന ഈ ഓമനക്കുഞ്ഞുങ്ങളെ അയാൾ എന്തിനു തെരഞ്ഞെടുത്തു വധിക്കുന്നു. സ്വന്തം പണംകൊടുത്തു കളിപ്പാട്ടങ്ങളും മിഠായിയും വാങ്ങിക്കൊടുത്തവരെ എന്തിനു വേദനിപ്പിക്കുന്നു.

"ഇങ്ങനെ ഒരു മനുഷ്യൻ ചെയ്തു എന്നുപറഞ്ഞാൽ അയാൾക്കു ഭ്രാന്താണെന്നു നിശ്ചയിക്കണം. എന്നാൽ ഈ അദ്ധ്യാപകനു ഭ്രാന്തിൻെറ ഒരു ലക്ഷണവും ഇല്ലാതാനും. അയാൾക്കു കാര്യകാരണബന്ധം മനസ്സിലാക്കാനുള്ള ശക്തിയുണ്ടു്. ആലോചിക്കാനും ശാന്തമായി ചിന്തിക്കാനും നല്ലവണ്ണം ആലോചിച്ചു തീരുമാനിക്കാനും കഴിവുണ്ടു്. ഭ്രാന്തനാണു് ഈ വാദ്ധ്യാർ എന്നു് ഒരിക്കലും തെളിയിക്കാനും സാദ്ധ്യമല്ല.

"എങ്കിലും തെളിവുകൾ കൂടിക്കൂടി വന്നുതുടങ്ങി. വെളിച്ചത്തു് ഒളിവെല്ലാം തെളിഞ്ഞു. ഈ അദ്ധ്യാപ

കൻ മധുരദ്രവ്യങ്ങൾ വാങ്ങിച്ചിട്ടുണ്ടെന്നു തെളിവുണ്ടായിരുന്ന കടകളിൽനിന്നു കണ്ടെടുത്തു കൊണ്ടുവന്ന മധുരപലഹാരങ്ങളിലും, മററു തീററിസാധനങ്ങളിലും, സംശയകരമായിട്ടുള്ളതു് ഒന്നും ഉണ്ടായിരുന്നില്ല. തൻെറ ഒരു അജ്ഞാതശത്രു താനറിയാതെ ഈ സൂചിമുനകളും, കണ്ണാടിപ്പൊടിയും കൊണ്ടു് അവിടെ വച്ചതായിരിക്കണം എന്നായിരുന്നു അയാളുടെ വാദം. ഇതിനു് ആ അജ്ഞാതൻ കള്ളത്താക്കോൽ ഉപയോഗിച്ചു കടന്നുകാണണം. മരിച്ച കുട്ടികളിലൊരുവനെപ്പററി ഒരു കഥപോലും അയാൾ ഉണ്ടാക്കിപ്പറഞ്ഞു. ഈ കുട്ടി മരിച്ചാൽ അവകാശം വേറൊരാൾക്കു വന്നുചേരും. അങ്ങനെ അനവധി ധനം ആ ആൾക്കു ലഭിക്കും. അയാൾ ഒരു വെറും മൃഗംതന്നെയാണുതാനും. ഈ കുട്ടിതന്നെ മരിച്ചാൽ സംശയം ഉണ്ടായെങ്കിലോ, തന്നെ പിടികൂടിയെങ്കിലോ എന്നു ഭയന്നാണു മററുകുട്ടികളേയും ഈ വഴിക്കു കൊന്നതു് എന്നായിരുന്നു അയാളുടെ വാദഗതി.

"ഇതു സംഭവിക്കാമായിരുന്ന ഒരു കാര്യമാണു താനും. ആ വാദ്ധ്യാർക്കു് ഉറച്ച നിലതന്നെ. അതുമല്ല, ഈ മരണങ്ങളിൽ ബന്ധുക്കളേക്കാൾ വ്യസനം അയാൾക്കു് ഉണ്ടുതാനും. അയാളെ വെറുതെ വിട്ടുകളയാനുള്ള വഴി ഇങ്ങനെ തെളിഞ്ഞു.

"എന്നാൽ ഇതെല്ലാം നിസ്സാരമാക്കുന്ന രണ്ടു തെളിവുകൾ ഉടൻതന്നെ കണ്ടുപിടിക്കപ്പെട്ടുവാൻ കാരണമായി. ഒന്നിനുപിറകെ ഒന്നായി, ഒരുമിച്ചുതന്നെ. ഒന്നു് ഒരു പൊടിഡപ്പി നിറച്ചു കണ്ണാടിപ്പൊടി അതു കണ്ടെടുത്തതു് ആ വാദ്ധ്യാർ പണം സൂക്ഷിക്കുന്ന മേശയുടെ കള്ളമുറിയിൽനിന്നുതന്നെ. 'അജ്ഞാതനായ കുററവാളിയുടെ ഒട്ടക്കത്തെ പണിയാണു് ഇതു'' എന്നു വാദ്ധ്യാർ

എല്ലാവക്കും ബോദ്ധ്യംവരുന്നവിധത്തിൽ പറഞ്ഞുഫലിപ്പിച്ചു. അതു സപ്രീകാര്യമായും തോന്നി. എന്നാൽ ഒരു തുന്നല്ക്കാരൻ ജഡ്ജിയുടെമുന്നിൽ നേരിട്ടു ഹാജരായി. ഒരു കച്ചവടക്കാരനുംകൂടി ആയിരുന്നു അയാൾ. മൊയ്റൺ തന്നെ സൂചികൾ എല്ലാംതന്നെ പരിശോധിച്ചു് ഏററവും ചെറിയ മുനവച്ചതു പ്രത്യേകം ഒടിച്ചുനോക്കി തിരഞ്ഞുപിടിച്ചാണു് അയാളുടെ അടുക്കൽനിന്നും വാങ്ങിയതെന്നു് അയാൾ തെളിവുനല്കി. ഇതു് ഒന്നല്ല പല പ്രാവശ്യവും നടന്നിട്ടുണ്ടു്.

"ആദ്യത്തെ നോട്ടത്തിൽത്തന്നെ മൊയ്റണെ തിരിച്ചറിഞ്ഞ പന്ത്രണ്ടുപേരെ ഈ കച്ചവടക്കാരൻ സാക്ഷികളാക്കി കൊണ്ടുവന്നു. ഈ കച്ചവടക്കാരൻ പറഞ്ഞ ദിവസങ്ങളിലെല്ലാം മൊയ്റണെ അവർ കടയിൽ കണ്ടിരുന്നു എന്നു് അന്വേഷണം തെളിയിച്ചു.

"അദ്ധ്യാപകൻ കുട്ടികളെ തിരഞ്ഞുപിടിച്ച കഥയും, അവക്കു സദ്യകൊടുത്തതിന്റെ ശിഷ്ടമെല്ലാം നശിപ്പിച്ചതും, തെളിവുകൾ ഇല്ലാതാക്കിയതും എല്ലാം വല്ലാത്ത ബീഭത്സകാര്യങ്ങളാകയാൽ ഞാൻ വർണ്ണിക്കുന്നില്ല. ആ വാദ്ധ്യാർ ഈ കുട്ടികളെ തന്റെ കൺവെട്ടത്തുവച്ചു തന്നെ ഇവയെല്ലാം തീററിച്ചുപോലും. എല്ലാം തെളിഞ്ഞു.

"ഇങ്ങനെയുള്ള ഭീകരകമ്മം മനസ്സിലാക്കിയതിനോടെ പൊതുജനാഭിപ്രായവും തിരിഞ്ഞടിച്ചു. 'തല കൊയ്യാതെ അടങ്ങുന്നതല്ലെ'ന്നും 'അതു് ഉടൻതന്നെ വേണ'മെന്നും കോടതിയിൽ ബഹളമായി. ഭയംവന്നാൽ ആളുകൾ പിന്നെ എന്തുംചെയ്യുവാൻ മടിക്കയില്ലല്ലോ. മൊയ്റണെ വധിക്കാൻതന്നെ വിധിച്ചു. അയാളുടെ അപ്പീൽ തള്ളിക്കളഞ്ഞു. മാപ്പുലഭിക്കാൻ

വഴി ഒന്നും ഉണ്ടായിരുന്നില്ല. എന്നല്ല, ഈ കഥ അച്ഛൻ പറഞ്ഞു ഞാൻ അറിഞ്ഞപ്പോഠം ചക്രവത്തി ഇങ്ങനെ ഒരപേക്ഷ ചെന്നാലും അനുവദിക്കില്ലെന്നു തീൎത്തു കല്പിച്ചു.

"ഒരു ദിവസം ഞാൻ ആപ്പീസിൽ തന്നെ ഇരുന്നു ജോലിനോക്കുമ്പോഠം ജയിലിലെ പുരോഹിതൻ അവിടെ കടന്നുവന്നു. അദ്ദേഹം ഏറെപ്രായംചെന്ന ആളാണു്. മനുഷ്യരെപ്പററിയും മനുഷ്യസ്വഭാവത്തെപ്പററിയും വളരെ ജ്ഞാനം അദ്ദേഹം ആൎജ്ജിച്ചിരുന്നു. എന്നല്ല, നിരവധി കുററപ്പുള്ളികളുമായി അടുത്തു് അദ്ദേഹത്തിനു പരിചയവും ഉണ്ടു്. അദ്ദേഹം വിചാരമഗ്നനായിട്ടാണു് വന്നതു്. കാഴ്ചയിലും ഇതു വിളിച്ചുപറയുന്നുണ്ടു്. അമ്പരപ്പും അസ്വാസ്ഥ്യവും അദ്ദേഹം പ്രദൎശിപ്പിച്ചു. മററുപലതിനെപ്പററിയും അദ്ദേഹം അല്പം ചിലതു സംസാരിച്ചു. ഒടുവിൽ പെട്ടെന്നു് ഇങ്ങനെ പറഞ്ഞു. എഴുന്നേററുനിന്നുംകൊണ്ടാണു് പറഞ്ഞതും.

"'മൊയ്റണെ വധിച്ചാൽ, ശിരച്ഛേദം ചെയ്താൽ ഒരു നിൎദ്ദോഷിയുടെ തല അറുക്കുകയായിരിക്കും നിങ്ങഠം ചെയ്യുന്നതു്.'

"വന്ദനംപോലും പറയാതെ, തല ഒന്നു ചലിപ്പിക്കപോലും ചെയ്യാതെ അദ്ദേഹം അവിടന്നു പെട്ടെന്നു് ഇറങ്ങിപ്പോയി. ഈ വാക്കുകളുടെ ഗൗരവം എന്നെ വല്ലാതെ വിഷമിപ്പിച്ചു. ഏററവും ഗാംഭീൎയ്യഭാവത്തോടാണു് ഈ വാക്യം അദ്ദേഹം പ്രസ്താവിച്ചതു്. ഹൃദയത്തിൽ തട്ടത്തക്കവിധത്തിൽ. 'ഏററുപറച്ചിൽവാക്യങ്ങഠം' കേട്ടതു് പുറത്തു പറയുകയില്ലെന്നുള്ള സത്യം ലംഘിച്ചിട്ടാണു് അദ്ദേഹം ഇതു പുറത്തു പറഞ്ഞതു്.

ഒരു നിർദ്ദോഷിയുടെ, നിരപരാധിയുടെ, നല്ല മനുഷ്യ
ന്റെ ജീവൻ രക്ഷിക്കാൻവേണ്ടിമാത്രം.

"ഒരു മണിക്കൂറിനുള്ളിൽ ഞാൻ പാരീസിലേക്കു തിരിച്ചു. എന്റെ നിർബന്ധംകൊണ്ടു ചക്രവത്തിയെ മുഖം കാണിക്കാൻ ഉടൻതന്നെ അച്ഛൻ എനിക്കു് അനുവാദവും വാങ്ങിത്തന്നു.

"അടുത്തദിവസംതന്നെ ഞാൻ ചക്രവത്തിയെ കണ്ടു. നെപ്പോളിയൻ മൂന്നാമൻ സ്വന്തം പള്ളിയറയിൽ ഇരിക്കയാണു്. ഞാൻ കാര്യമെല്ലാം വിവരിച്ചുപറഞ്ഞു. പുരോഹിതന്റെ വരവുപോലും. ഇതു വിസ്തരിച്ചുപറയുന്നതിനിടയ്ക്കു ചക്രവത്തി ഇരുന്നിരുന്ന കസേരയുടെ പിന്നിൽനിന്നു് ഒരു വാതിൽ തുറക്കപ്പെട്ടു. ചക്രവത്തിനി അവിടെ പ്രവേശിച്ചു. ചക്രവത്തി തനിച്ചായിരിക്കും എന്ന വിചാരത്തോടുകൂടിയാണു് ആ മഹതി കടന്നുവന്നതു്.

"അവർ രണ്ടുപേരും കൂടിയാലോചന നടത്തി. കാര്യം കേട്ടുകഴിഞ്ഞപ്പോൾത്തന്നെ ചക്രവത്തിനി കല്പിച്ചു:

"'ആ മനുഷ്യനു് മാപ്പുകൊടുക്കണം. അയാളെ രക്ഷിക്കേണ്ടതു് ആവശ്യമാണു്. അയാൾ നിർദ്ദോഷിയാണു്.' ഇത്ര ഭക്തിയുള്ള ഒരു മഹതി ഇത്രപെട്ടെന്നു് ഒരു തീരുമാനം ചെയ്തതോടുകൂടി എനിക്കും വലിയ സംശയം തോന്നിത്തുടങ്ങി. അതുവരെ ഈ 'കൊല' വേറെ ഏതെങ്കിലും ശിക്ഷയായി മാററണം എന്നു് എനിക്കും ആഗ്രഹം ഉണ്ടായിരുന്നു. വലിയ ആശതന്നെ. എന്നാൽ ഞാൻ ഒരു പാവയായിത്തീരുകയാണു്, വിളഞ്ഞ ഒരു കള്ളന്റെ തെളിഞ്ഞ കൗശലത്തിൽ വീണുപോകയാണു്, പുരോഹിതന്റെ അടുത്തു പറഞ്ഞ കള്ളക്കുമ്പസാരം

ആത്മരക്ഷയ്ക്കായി ഉപയോഗിക്കയാണു്. എന്നുതന്നെ എനിക്കും തോന്നിത്തുടങ്ങി.

"ഞാൻ അല്പം സംശയഭാവം പ്രകടിപ്പിച്ചു. ചക്രവർത്തിയും അനിശ്ചിതാവസ്ഥയിൽ വർത്തിച്ചു. ഒരുവശത്തു നല്ലതു ചെയ്യണം എന്ന അദ്ദേഹത്തിൻെറ സന്മനോഭാവം. ഒരു തെമ്മാടി തന്നെയും മണ്ടനാക്കിക്കളഞ്ഞു എന്നു വന്നുകൂടരുതെന്ന വിലങ്ങ മറുവശം. എന്നാൽ ചക്രവർത്തിനിക്കു് ബോദ്ധ്യംവന്നുപോയി. ആ പുരോഹിതനു് ഏതോ ദിവ്യമായ പ്രചോദനം ലഭിച്ചതുകൊണ്ടാണു് കുമ്പസാരരഹസ്യം പുറത്തുവിട്ടതെന്നു്.

'"ഇത്ര നോക്കാനെന്താണു് ഉള്ളതു്. ഒരു കുററക്കാരനെ രക്ഷിച്ചാൽത്തന്നെ എന്തു വരാൻപോകുന്നു. നിർദ്ദോഷിയെ വധിക്കുന്നതിലും ഭേദമല്ലേ?'

"ചക്രവർത്തിനിയുടെ വാദം സ്വീകരിച്ചുപോയി. ആ ഉപദേശം മാനിച്ചു വധശിക്ഷ ജീവപര്യന്തം കഠിനതടവായി ഭേദംചെയ്തു കല്പന പുറപ്പെട്ടു.

"കുറച്ചുകാലം കഴിഞ്ഞു. ടൌളൂന്നിൽവച്ചു മൊയ്ഠൺ ഏററവും നല്ലനടത്തക്കാരനായ ജയിൽപ്പുള്ളിയാണെന്നു സർട്ടിഫിക്കേററു വാങ്ങി. ഇതു ചക്രവർത്തിയെപ്പോലും അറിയിച്ചു. ആ കാരാഗൃഹത്തിലെ ഭരണക്കാരൻെറ നിർദ്ദേശത്താൽ ഈ പഴയ വാദ്ധ്യാരെ അവിടത്തന്നെ ഒരു പരിചാരകനായി നിയമിച്ചു. പിന്നെ ഈ മനുഷ്യനെപ്പററി ഏറെക്കാലം ഒന്നും കേട്ടമില്ല.

''ഈ സംഭവം കഴിഞ്ഞു രണ്ടുവർഷം കടന്നുപോയി. ഒരു വേനൽക്കാലം. ഞാൻ ലില്ല്യിയിൽ എൻെറ മച്ചമ്പിയും ഒന്നിച്ചു താമസിച്ചു വിശ്രമിക്കുമ്പോൾ മറെറാരു സംഭവവും നടന്നു. ഞങ്ങൾ ഭക്ഷണം കഴിച്ചുംകൊണ്ടിരിക്കുമ്പോൾ ഒരു ചെറുപ്പക്കാരനായ പുരോഹി

തൻ എന്നെ കാണാനായി അവിടെവന്നു. അദ്ദേഹത്തിനു ചിലതെല്ലാം എന്നെ അറിയിക്കാൻ ഉണ്ടായിരുന്നു.

"ഞാൻ അദ്ദേഹവും ആയി സംസാരിച്ചു. 'മരിക്കാൻകിടക്കുന്ന ഒരാൾക്കു് എന്നെ കണ്ടേ മതിയാവുകയുള്ളു. അതിനാൽ ഞാൻകൂടി ആ പുരോഹിതനൊപ്പം പോയേ മതിയാകൂ.' എന്നു് അദ്ദേഹം നിർബന്ധിച്ചു തുടങ്ങി. എൻെറ ഉദ്യോഗജീവിതത്തിൽ ഇത്തരം സംഭവങ്ങൾ ഏറെ ഉണ്ടായിട്ടുണ്ടു്. അന്നു് റിപ്പബ്ലിക്ക് എനിക്കുണ്ടായിരുന്ന ഉദ്യോഗം എടുത്തുകളഞ്ഞെങ്കിലും, ഇത്തരം ആവശ്യത്തിനു് എന്നെത്തന്നെയാണു പലപ്പോഴും വിളിക്കാറുള്ളതും.

"ഞാൻ ആ പുരോഹിതൻെറകൂടെ തിരിച്ചു ഒരു വൃത്തികെട്ട വാടകക്കെട്ടിടത്തിലേക്കാണു് എന്നെ അദ്ദേഹം കൂട്ടിക്കൊണ്ടുപോയതു്. ഒരു പണിപ്പുരയുടെ മച്ചുംപുറത്താണു ഞങ്ങൾ ചെന്നുകയറിയതു്. അവിടെ വൈക്കോൽ വിരിച്ചിട്ട തറയിൽ ഒരു മനുഷ്യൻ ചാരി ഇരിപ്പുണ്ടു്. മരണം എത്തിപ്പിടിച്ചുകഴിഞ്ഞ ഒരു മനുഷ്യൻ. ശ്വാസത്തിനു് ആശ്വാസം തോന്നാനാണു് അയാൾ ഇങ്ങനെ വല്ലാതെ ചാരിയിരിക്കുന്നതു്. മുഖംകൊണ്ടു ഗോഷ്ടികാണിക്കുന്ന ഒരു എല്ലുമനുഷ്യൻ. എന്നാൽ കണ്ണുമാത്രം തിളങ്ങുന്നുണ്ടു്.

"എന്നെ കണ്ടപ്പോൾ അയാൾ ചോദിച്ചു:

"'എന്നെ ഓർമ്മയുണ്ടോ?'

"'ഇല്ല.'

"'ഞാൻ മൊയ്റൺതന്നെയാണു്.'

"'വിറച്ചുംകൊണ്ടു ഞാൻ ചോദിച്ചു. 'ആ വാദ്ധ്യാരോ?'

"'അതെ.'

"'നിങ്ങൾ എങ്ങനെയാണ് ഇവിടെ വന്നത്?'

"'അതു പറയുവാൻ ഏറെനേരം വേണം. അതിന്ന് ആയുസ്സ് എനിക്കില്ല. ഞാൻ ഉടൻ മരിക്കും. അവർ ഈ പുരോഹിതനെ വിളിച്ചുംകൊണ്ടുവന്നു. നിങ്ങൾ ഇവിടുണ്ടെന്നും ഞാൻ അറിഞ്ഞു. ഞാൻ ഇദ്ദേഹത്തിനെ നിങ്ങളുടെ അടുക്കലേക്ക് അയച്ചു. എനിക്കു നിങ്ങളുടെ അടുക്കൽ ഏററുപറയണം. നിങ്ങളാണല്ലോ എന്റെ ജീവൻ രക്ഷിച്ചതു്. ഏറെക്കാലം മുമ്പായിരുന്നെങ്കിലും.'

അയാൾ കൈകൊണ്ടു് ആ വൈക്കോൽ കുറെ എടുത്തു മുറുകെ പിടിച്ചു. അറപ്പുവാളുവച്ചു് അറത്താൽ ഉണ്ടാകുന്ന ശബ്ദത്തിൽ പറഞ്ഞുതുടങ്ങി:

"'അതെ...നിങ്ങളോടു് എനിക്കു സത്യംപറയേണ്ടതുണ്ടു്. മരിക്കുംമുമ്പു്, ഈ ലോകംവിടുന്നതിന്നുമുമ്പു് ആരോടെങ്കിലും നേരു് ഒരിക്കലെങ്കിലും ശരിക്കു പറയണം.

"'അതെല്ലാം ചെയ്തതു ഞാൻതന്നെ ആണു്. ആ കുട്ടികളെ എല്ലാം കൊന്നതു ഞാൻതന്നെ ആയിരുന്നു. പ്രതിക്രിയ ആയിട്ടാണു് അതു ചെയ്തതും.

"'ശ്രദ്ധിച്ചുകേൾക്കണം. ഞാൻ ഒരു സത്യശീലനാണു്. ഏറെ നേരുകാരൻ ആയിപ്പോയി. നിഷ്കളങ്കൻ. പാപം പറ്റാത്തവൻ. ദൈവത്തിനെ പൂജിച്ചവൻ. നല്ല ദൈവത്തിനെ ഏറെ സ്നേഹിച്ചവൻ. നമ്മൾ എല്ലാം സ്നേഹിക്കണം എന്നു പറഞ്ഞു പഠിപ്പിച്ചിട്ടുള്ള ദൈവത്തിനെ ഞാനും സ്നേഹിച്ചു. അല്ലാതെ, ആ കള്ള ദൈവത്തിനെ, കഴുത്തറുക്കുന്നവനെ, മോഷ്ടിക്കുന്നവനെ, കൊലപാതകിയെ, ഭൂമി ഭരിക്കുന്നവനെ, അല്ല ഞാൻ ആരാധിച്ചതു്. ഞാൻ ഒരു തെററും ചെയ്തിരുന്നില്ല. ഒരു ഹീനകർമ്മവും കാണിച്ചിട്ടില്ല. ജനിച്ചിട്ടില്ലാത്ത ആളെ

പ്പോലെ, ഗർഭസ്ഥനായ അർഭകനെപ്പോലെ, ഞാനും വിശുദ്ധനായിരുന്നു.

"'ഞാൻ വിവാഹംകഴിച്ചു. എനിക്കും കുട്ടികൾ ഉണ്ടായി. ഞാനും മററു മാതാപിതാക്കന്മാർ സ്നേഹിക്കുന്നതിൽ കൂടുതൽ അവരെ സ്നേഹിച്ചു. ഞാൻ അവൎക്കുവേണ്ടി ജീവിച്ചു. ഇങ്ങനെ അവൎക്കുവേണ്ടി മാത്രം ജീവിച്ചതാണു് എന്റെ മണ്ടത്തരം. അവർ മൂന്നുപേരും മരിച്ചു. എന്തുകൊണ്ടു്? എന്തിനായി? ഞാൻ എന്തു ചെയ്തിട്ടാണു് ഇതു സംഭവിച്ചതു്? ഞാൻ...ഞാൻ. എനിക്കു മനസ്സുമാറി. വല്ലാത്ത പരിവൎത്തനംതന്നെ വന്നു. ഒരു സ്വപ്നം കണ്ടുംകൊണ്ടു ജീവിച്ചിരുന്ന ആൾ കണ്ണുതുറന്നു ലോകം കണ്ടതായിരുന്നു എന്റെ അനുഭവം. ദൈവം ദുഷ്ടനാണു്. എന്തിനു് ആ നീചൻ എന്റെ കുട്ടികളെ കൊന്നു? ഞാൻ കണ്ണുതുറന്നു കണ്ടു. കൊല്ലിക്കുന്നതാണു് അവനു രസം. അവനു് അതുമാത്രമേ രസമുള്ളു. ജീവിതം നല്കുന്നതുതന്നെ അതു് എടുത്തുകൊണ്ടുപോകാനുള്ള രസത്തിനാണു്. ദൈവം ഒരു കൊലപാതകിയാണു്. എന്നും ഒരു കൂട്ടക്കൊല നടത്തേണ്ടതു് അവന്റെ നിത്യകൃത്യമാണു്. പലവിധത്തിൽ ഈ കൊലനടത്തി അയാൾ രസിക്കയാണു്. രോഗവും അപകടവും സൃഷ്ടിച്ചതു മരണത്തിനു വൈവിദ്ധ്യം വരുത്താൻ, ഏറെ കണ്ടുരസിക്കാൻമാത്രമാണു്. എന്നുമാത്രമല്ല പുത്തൻ പുത്തൻ രീതി അവൻ എന്നും പരിശോധിച്ചു കണ്ടുപിടിക്കും. നീണ്ടിഴഞ്ഞുപോകുന്ന കാലങ്ങൾ, മാസങ്ങളും വൎഷങ്ങളും, തനിക്കു് ഉണ്ടാകുന്ന നിർവേദംനീക്കി രസിക്കാനായിട്ടാണു് ഈ രോഗങ്ങളും, അപകടമരണങ്ങളും കണ്ടുപിടിച്ചു സൃഷ്ടിച്ചുവിടുന്നതും. പകൎച്ചവ്യാധികൾ, പ്ലേഗ്, കാളറ, തൊണ്ടയ്ക്കുണ്ടാകുന്ന പ്രത്യേകതരം പകർച്ച

വ്യാധി, ഇവയെല്ലാം ഇവൻെറ കണ്ടുപിടുത്തങ്ങളാണു്. ഈ ഭീകരൻ, വേറെ ഏതുവിധമുള്ള പകർച്ചവ്യാധികളെല്ലാം കണ്ടുപിടിച്ചു പുറത്തുകൊണ്ടുവന്നിട്ടുണ്ടെന്നു് എനിക്കുതന്നെ അറിയാൻപാടില്ല.

“ഇതുകൊണ്ടു് ഒന്നും തൃപ്തിയില്ലാത്തവൻ എന്നപോലെ ഇവയെല്ലാം വൈവിദ്ധ്യം പോരാ എന്ന വിചാരത്താൽ, രോഗങ്ങൾ എല്ലാം ഒരേ സ്വഭാവം ഉള്ളതാണെന്നു വിചാരിച്ചു് ഇടയ്ക്കിടയ്ക്കു് ഈ മനുഷ്യർ യുദ്ധങ്ങളും ഉണ്ടാകുന്നുണ്ടു്. ഇരുപതിനായിരം പേരെങ്കിലും ചത്തുമലയ്ക്കുമല്ലോ എന്ന വിചാരത്താലാണു് ഇതും സൃഷ്ടിച്ചുവിട്ടിരിക്കുന്നതു്. ചോരയിൽ കുളിച്ചു്, ചളിയിൽ പൊതിഞ്ഞു്, കാലും കൈയും വേർപെട്ടു്, തല ഉണ്ടയേററു ചതഞ്ഞു്, റോഡിൽവീണു് ഉടയുന്ന മൊട്ടപോലെ പൊട്ടി, കാണുന്നതും ഇവനു രസികത്തമാണു്.

“അതുംകൊണ്ടായില്ല. അന്യോന്യം തിന്നുന്ന മനുഷ്യരെത്തന്നെ ഇവൻ സൃഷ്ടിച്ചുവിട്ടു. മനുഷ്യൻ തന്നോക്കാൾ നല്ലവനായിത്തീരുന്നു എന്നു കണ്ടപ്പോൾ ഈ അവൻ മൃഗങ്ങളെ സൃഷ്ടിച്ചുവിട്ടു. മനുഷ്യൻ ഇവരെ വേട്ടയാടുന്നതും, കൊല്ലുന്നതും, തിന്നുന്നതും കണ്ടു രസിക്കുവാൻ! പോരാ എന്നു പിന്നീടും നണ്ണി ഒരു ദിവസംമാത്രം ആയുസ്സുള്ള നീചകീടങ്ങളെ ഏറെ സൃഷ്ടിച്ചുവിട്ടു. മണിക്കൂർതോറും ലക്ഷക്കണക്കിനു പെരുകുന്ന മക്ഷികകൾ. നമ്മൾ ചവിട്ടിനശിപ്പിക്കുന്ന എറുമ്പുകൾ. നമ്മൾക്കു സങ്കല്പിക്കാൻപോലും സാധിക്കാത്തവിധം ഉള്ള ജീവികൾ.

“എല്ലാം അന്യോന്യം കൊല്ലും. തമ്മിൽത്തമ്മിൽ ഓടിക്കും. ഒന്നിനൊന്നു് ഭക്ഷണമാകും. മുറയ്ക്കു് ഇങ്ങനെ ചത്തുമലയ്ക്കും. ആ നല്ല ദൈവം നോക്കിയിരുന്നു രസിക്കും. അവൻ എല്ലാം കാണുന്നുണ്ടു്. ഏറെ വലുതും, ഏറെ

ചെറുതും എല്ലാം. വെള്ളത്തുള്ളിയിൽ ഉള്ളതും നക്ഷത്രങ്ങളിൽ കാണാവുന്നതും. ഇവയെല്ലാം അവൻ നോക്കിക്കണ്ടു് രസിക്കും. ഹെ! മൃഗത്തിലും മൃഗം അവനാണു് ദൈവം!

"'അതെ മെസ്യ, ഞാനും കുഞ്ഞുങ്ങളെ കൊന്നു. ഞാനും ഈ കളിപ്പിക്കൽ അവൻെറനേക്കു് പ്രയോഗിച്ചു. അവനല്ല അവരെ തുലച്ചതു്. അവനല്ല, ഞാൻ തന്നെ. ഞാൻ കൂടുതൽ എണ്ണത്തെ വകവരുത്തിയില്ലല്ലോ. അതിനുമുമ്പു നിങ്ങൾ എന്നെ മാററിനിറുത്തിക്കളഞ്ഞു. അത്രെ ഉള്ളു.

"'എൻെറ കഴുത്തററു വീഴുന്നതും അവനു കാണാൻ കൗതുകം തോന്നി. എൻെറ കഴുത്തു് നിയമത്തിൻ്റെ പേരിൽ അറുക്കുന്നതു്. ആ വിഷപ്പാമ്പു് ഇതുകണ്ടു് ഏറെ ചിരിക്കണം എന്നു വിചാരിച്ചു. അപ്പോഴാണു് ഞാൻ പുരോഹിതൻ്റെ സാമീപ്യം കാംക്ഷിച്ചതു്. ഞാൻ അയാളോടു കള്ളക്കുമ്പസാരം നടത്തി. കള്ളം പറഞ്ഞു കഴുത്തറുക്കലിൽനിന്നു രക്ഷപ്രാപിച്ചു, ജീവിച്ചു.

"'ഇപ്പോൾ എല്ലാം തികഞ്ഞു. എല്ലാം കഴിഞ്ഞു. അവൻ്റെ അടുക്കൽനിന്നു് ഇനി രക്ഷപ്രാപിക്കാൻ സാധിക്കയില്ല എന്നായി. എനിക്കു് അവനെപ്പററി ഭയവുമില്ല. മെസ്യ! എനിക്കു് അവനോടു് അവജ്ഞാഭാവമെ ഉള്ളു, ഏറെ അവജ്ഞമാത്രം.'

"ഈ ദയനീയവിധത്തിൽ കിടക്കുന്ന ജീവിയെ കാണുന്നതുതന്നെ ഭയം ജനിപ്പിക്കുന്നതു് ആയിരുന്നു. ശ്വസിക്കാൻപോലും അയാൾ വിഷമിക്കുന്നുണ്ടു്. അയാൾ വാ വല്ലാതെ പൊളിച്ചു. പിന്നെ ഏറെ വായു ഉള്ളിൽ ഒരുമിച്ചു കടത്തിയിട്ടു് വായ് അടച്ചു. ആ വലിയ വായു് അടയ്ക്കുന്നതും തുറക്കുന്നതുംതന്നെ വിഷമം. വാക്കുകൾ

വെളിയിലേക്കു തള്ളാൻ അയാൾ ഏറെ വിഷമിച്ചു. പറയുന്നതു ശരിക്കു കേൾക്കാൻ സാധിച്ചില്ല. ആ കിടക്ക അയാൾ വലിച്ചുപറിച്ചു. വിരിപ്പ് വലിച്ചുകീറി. കറുത്ത പുതപ്പിനടിയിൽനിന്ന് ശക്തിയില്ലാത്ത കാലുകൾ ഇളക്കി എവിടോ എഴുന്നേററ് ഓടാനാണ് അയാൾ ഫലിക്കാതെ ശ്രമിക്കുന്നതു്.

"'ഓ, ആ ഭയങ്കരരൂപി. അവൻെറ ഓർമ്മപോലും ഭയങ്കരംതന്നെ.'

"ഞാൻ ചോദിച്ചു: 'ഇതിനെപ്പററി ഇത്രമാത്രമേ പറയാനുള്ളോ? ഇനിയും ഒന്നും പറയാനില്ലല്ലോ?'

"'മെസ്യൂ, ഇല്ല.'

"'എന്നാൽ ഞാൻ യാത്രചോദിക്കുന്നു.'

"'സർ, യാത്രചോദിക്കുന്നു. വല്ലപ്പോഴും—'

"ഞാൻ ആ പുരോഹിതൻെറ നേക്കു തിരിഞ്ഞു. അയാളുടെ മുഖം കരിവാളിച്ചിരിക്കുന്നു. അയാളും ഭയന്നു വിറയ്ക്കുന്നുണ്ടു്. അതിൻെറ പ്രതിച്ഛായ എതിരെയുള്ള ഭിത്തിയിൽ നിഴലിച്ചുകാണാം.

"'നിങ്ങൾ ഇവിടെ നില്ക്കുകയാണോ?'

"'അതെ. ഞാൻ ഇവിടെ നില്ക്കാൻതന്നെ നിശ്ചയിച്ചു.'

"മരിക്കാൻ തുടങ്ങുന്ന ആൾ പരിഹസിച്ചുപറഞ്ഞു: 'അവൻ ചത്തവരുടെ അടുക്കലേക്കു് കാക്കകളെ പറഞ്ഞയയ്ക്കും. ശവം തിന്നാൻ കാക്കകൾ.'

"എനിക്കു് ഇതു സഹിക്കാൻ വയ്യാതായി. ഞാൻ വാതിൽ തുറന്നു് വെളിയിലേക്കു് ഓടി."

SAHITHYA VILASINI LIBRA[illegible]Y
AYATHIL.
KILIKOLLO[illegible] P.O.
Q[illegible]
690[illegible]

# ഹൊർട്ടൻസ് റാണി

ആ നാട്ടിൽ അവളെ ഹൊർട്ടൻസ് റാണി എന്നാണു് എല്ലാവരും വിളിക്കാറുള്ളതു്. അതിനു കാരണമെന്തെന്നു ശരിക്കു് ആർക്കും അറിഞ്ഞുകൂടാതാനും. ഒരു പക്ഷേ, അവളുടെ സംഭാഷണരീതികൊണ്ടാവാം. ഒരു ഉദ്യോഗസ്ഥൻ ആജ്ഞനല്കുന്ന വിധമാണു് അവൾ സംസാരിക്കുന്നതു്. അല്ലെങ്കിൽ ആകൃതിയിൽ മുഴപ്പും കൊഴപ്പും ഉണ്ടായിരുന്നതുകൊണ്ടും ഈ പേരു് പതിഞ്ഞുപോയതായിരിക്കാം. വേറൊരു കാരണവും ഉണ്ടു്. ഒട്ടനവധി വീട്ടുമൃഗങ്ങളെ അവൾ വളർത്തിയിരുന്നു. കോഴികൾ, പട്ടികൾ, പക്ഷികൾ, തത്തകൾ—വൃദ്ധകന്യകമാരിൽ ഉൾപ്രീതി ചേർക്കുന്നതെല്ലാം. എന്നാൽ ഈ ജന്തുക്കളെ ആ കിഴവി ലാളിക്കാറില്ല. അവരെ എല്ലാം ഓമനപ്പേർ ചൊല്ലി വിളിക്കാറുമില്ല. പൂച്ചയുടെ മാർദ്ദവമേറിയ രോമത്തിന്റെ മുകളിൽ പതിക്കുന്ന നിരർത്ഥങ്ങളായ വാക്കും ചലനവും ഒന്നും ആ വൃദ്ധയുടെ ചുണ്ടുകൾക്കു പരിചിതങ്ങളല്ല. ആ ജന്തുക്കളെ എല്ലാം ആ വൃദ്ധ ആജ്ഞയ്ക്കു വിധേയയാക്കി. അവർ ഭരിച്ചു.

വൃദ്ധയായ ഒരു അവിവാഹിത. പരുത്ത സ്വരം, ചന്തമില്ലാത്ത അംഗചലനം, കല്ലിച്ച മനസ്സിന്റെ ഇല്ലം. ഇതാണു് ഒരു വൃദ്ധകന്യകയുടെ സ്വഭാവങ്ങൾ. ഇവ എല്ലാം ഈ റാണിക്കും ഉണ്ടായിരുന്നു. എന്നും ചെറുപ്പക്കാരികളായ പരിചാരികകളാണു് ഇവരുടെ പാകം നോക്കിനിന്നതു്. കാരണം, കൂടുതൽ ശക്തിയുള്ള ബുദ്ധിക്കു വിധേയമായി കഴിയുവാൻ ചെറുപ്പക്കാർക്കു വേഗം

സാധിക്കും. ആരും ഈ വൃദ്ധയോട്ട് എതിരു പറയാറില്ല. തക്കം അവക്ക് ഇഷ്ടവുമല്ല. സംശയം ഭാവിക്ക, അവജ്ഞ പ്രകടിപ്പിക്കുക, മടി കാണിക്കുക, ക്ഷീണം നടിക്കുക, ഇതെല്ലാം അവക്ക് അസഹ്യമാണ്. അവർ ആരോടും ആവലാതി പറഞ്ഞില്ല. കഴിഞ്ഞതോർത്തു വ്യസനിച്ചില്ല. അന്യരോട്ട് അസൂയ കാണിച്ചില്ല. "എല്ലാക്കും അവരവരുടെ പങ്കു കിട്ടും," വിധിയിൽ വിശ്വസിച്ചുംകൊണ്ടു കണ്ടുപിടിച്ച ഗുണപാഠമായിരുന്നു ഇതു് അവരുടെ ദൃഢവിശ്വാസവും അതായിരുന്നു. ഈ കിഴവി പള്ളിയിൽ പോകാറില്ല. പുരോഹിതന്മാരുടെ കാര്യത്തിൽ ശ്രദ്ധിച്ചില്ല. ദൈവത്തിൽ വിശ്വസിച്ചോ എന്നുതന്നെ സംശയം. മതാചാരങ്ങളെല്ലാം 'കരച്ചിലുകാരുടെ പ്രകടനങ്ങൾ' എന്നാണ് അവർ പറയാറുള്ളതു്.

മുപ്പതുകൊല്ലമായി ആ കൊച്ചുവീട്ടിലാണ് അവർ താമസിക്കുന്നതു്. അതിൻെറ മുമ്പിൽ ചെറുതായൊരു തോട്ടവുമുണ്ടു്. ജീവിതരീതിക്ക് ഒരു മാററവും വൃദ്ധ വരുത്താറില്ല. പരിചാരികമാരെമാത്രം ഇടയ്ക്കു മാറും. അതും ഒരു ദയയില്ലാത്ത വിധത്തിലാണ്. 'ഇരുപത്തൊന്നു' തികഞ്ഞാൽ ആ പരിചാരികയെ അവർ യാത്രയയയ്ക്കും.

പ്രായം ഏറെ ആയതുകൊണ്ടോ, അപകടം പററിയോ, ആ വൃദ്ധയുടെ വളർത്തുജന്തുക്കളിൽ ഏതെങ്കിലും ഒന്നു്, പട്ടിയോ, പൂച്ചയോ, പക്ഷിയോ ഏതായാലും വേണ്ടില്ല, ചത്തുപോയാൽ കണ്ണീരൊഴുക്കാതെ, വ്യസനിക്കാതെ, അവയെ മറയ്ക്കു് ഒരു പൂന്തടത്തിൽ കുഴിച്ചിടും. ഇവയുടെ ദേഹത്തിൽ യാതൊരു ചാഞ്ചല്യവും കൂടാതെ ഒരു ചെറിയ മൺവെട്ടികൊണ്ടു് മണ്ണു് കോരി

യിടും. അനാസക്തചിത്തയായി ആ ഉതിരുമണ്ണ് ച വിട്ടിയുറപ്പിക്കും. എന്നിട്ട് വേറൊന്നിനെ വാങ്ങിക്കും.

അടുത്ത പട്ടണത്തിൽ കിഴവിക്കു ചില പരിചയക്കാരുണ്ട്. ക്ലാക്കന്മാരുടെ കുടുംബാംഗങ്ങൾ. ജോലിക്കായി പാരീസിലേക്കു നിത്യവും യാത്രചെയ്യുന്നവരാണ് ഈ ക്ലാക്കന്മാർ. ചിലപ്പോഴെല്ലാം അവർ ഈ കിഴവിയെ ക്ഷണിക്കും! "ഒരു സായംകാലം ഞങ്ങളൊത്തു കഴിച്ചുകൂട്ടാനും, ഒരു കപ്പു ചായകുടിക്കാനും." ഈ അവസരത്തിലെല്ലാം ഇവർ കസേരയിലിരുന്നു മയങ്ങിപ്പോകും. തിരിച്ചുപോകാൻ സമയം ആകുമ്പോൾ ഇവരെ വിളിച്ച് ഉണത്തേണ്ടിവരും. ഈ കിഴവിയെ ആരും വീട്ടിൽക്കൊണ്ടു ആക്കേണ്ട ആവശ്യമില്ല. രാവും പകലും ഇവക്ക് ഒന്നുപോലാണ്. ഭയം എന്താണെന്ന് അവക്ക് അറിഞ്ഞുകൂടാ. ആ കിഴവിക്കു കുട്ടികളോടും സ്നേഹം ഉണ്ടായിരുന്നില്ല.

ആണുങ്ങൾക്കു ചേരുന്ന കർമ്മങ്ങളിലാണ് അവർ അധികവും ഏർപ്പെട്ടിരുന്നതു്. ആശാരിപ്പണി, തോട്ടവേല, തടിയറപ്പ്, തടിവെട്ട്, വീടിന്റെ അററകുററം തീക്കുക, എന്നല്ല, ആവശ്യമുണ്ടെങ്കിൽ കല്ലന്റെ പണിപോലും കിഴവി ചെയ്യും.

അവക്കു ചില ബന്ധുക്കൾ ഉണ്ടു്. ആണ്ടിൽ രണ്ടുപ്രാവശ്യം ഈ ബന്ധുക്കൾ ഈ വൃദ്ധയെ വന്നു സന്ദർശിക്കും. സിം മദാമ്മയും, കുളംബൽ മദാമ്മയും. ഇവർ വിവാഹിതകളാണ്. ഒരാളുടെ ഭർത്താവ് ഒരു മരുന്നുകടക്കാരൻ. മറേറ സ്ത്രീയുടെ ഭർത്താവിനു് തൊഴിലുചെയ്യാതെതന്നെ കഷ്ടിച്ചു കഴിച്ചുകൂട്ടാൻ വകയുണ്ടു്. സിം മദാമ്മയ്ക്കു കുട്ടികളില്ല. കുളംബൽ മദാമ്മയ്ക്കു് മൂന്നു മക്ക

ളുണ്ടു്. ഹെൻറി, പാളിൻ, ജോസഫ്. ഹെൻറിക്കു് വയസ്സ് ഇരുപത്തൊന്നു്. പാളിനു് പതിനേഴ്. ജോസഫിനു മൂന്നു്. പ്രസവപ്രായം കടന്നുകഴിഞ്ഞു എന്നു് എല്ലാരും കരുതിയകാലത്താണു് ജോസഫ് ലോകത്തിൽ കടന്നുവന്നതു്. ഇരുക്കൂട്ടരുംതമ്മിൽ ബന്ധിച്ചു ചേരത്തക്ക ഒരു വാത്സല്യവും അവിവാഹിതയായ സഹോദരി മററു രണ്ടുപേരിലും കാട്ടിയുമില്ല.

1882-ലെ വസന്തകാലത്തു് റാണിക്കു പെട്ടെന്നു സുഖമില്ലാതായി. അയൽപക്കക്കാർ ഒരു ഡാക്കുറെ കൊണ്ടുവന്നു ആ ഡാക്കുറെ ആ വൃദ്ധ അവിടുന്നു് ഓടിച്ചു. പുരോഹിതൻ വന്നു. അവർ അർദ്ധനഗ്നയായി കിടക്കയിൽനിന്നു് എഴുനേററു. അയാളെയും പുറത്തേക്കു പറഞ്ഞയച്ചു. കരഞ്ഞുംകൊണ്ടു പരിചാരിക ചില മരുന്നുകൾ ചേർത്ത ചായ തൻെറ യജമാനത്തിക്കു കൊണ്ടുക്കൊടുത്തു.

മൂന്നുദിവസം റാണി ഇങ്ങനെ കിടന്നു. സ്വന്തം അധികാരം ഉപയോഗിച്ചു കടന്നുവന്ന ഡാക്കുർക്കു തന്നെ രോഗം വൈഷമ്യമാണെന്നു തോന്നി. അദ്ദേഹത്തിൻെറ ഉപദേശം അനുസരിച്ചു്, അടുത്ത വീട്ടിൽ താമസിച്ചിരുന്ന ആശാരി വിവരം രണ്ടു ബന്ധുവീട്ടുകാരെയും അറിയിച്ചു.

അവർ, രണ്ടുക്കൂട്ടരും ഓരേ ട്രെയിനിൽത്തന്നെ വന്നു. പത്തുമണിയോടു് അടുത്തു് അവർ റാണിയുടെ വീട്ടിൽ വന്നു. കുലംബൽവീട്ടുകാർ കൊച്ചുജോസഫിനെയും കൊണ്ടുവന്നിട്ടുണ്ടു്. അവർ തോട്ടത്തിലെത്തിയപ്പോൾത്തന്നെ ആ പരിചാരിക മതിലിനടുത്തു് ഒരു കസാലയിൽ ഇരുന്നു കരയുന്നതു കണ്ടു. പട്ടി മുൻവിലത്തെ വാതിലിന്റെ മുമ്പിലുള്ള ഒരു പായിൽ കിടന്നുറ

ങ്ങുന്നു. നല്ലപോലെ പൊള്ളുന്ന വെയിലേററു സുഖിച്ച് മയങ്ങുന്നു. ചത്തതുപോലെ രണ്ടു പൂച്ചകൾ ജന്നൽപ്പടിയിൽ നീണ്ടു കിടപ്പുണ്ട്. കണ്ണുകൾ അടച്ച്, കാലുകളും വാലും മുഴുവനും നീട്ടിയാണു കിടപ്പ്. ഒരു വലിയ പിടക്കോഴി വാതില്ക്കൽ കവാത്തു നടത്തുന്നു. അവൾ ഒരു സേനയുടെ നായികയാണ്. മഞ്ഞപ്പൂട കിളിച്ച കോഴിക്കുഞ്ഞുങ്ങൾ പിറകിൽ അണിനിരന്നു നില്പുണ്ടു്. പുല്ലിട്ട ക്കൂട്ടിനകത്തു പല പക്ഷികളും ഈ വസന്തത്തിന്റെ വെയിലുകണ്ട് പാടി തൊണ്ടപൊട്ടിക്കുന്നു.

'ഇണപ്പക്ഷികൾ' ചെറിയ വീട്ടുപോലെ ഉള്ള ഒരു ക്കൂട്ടിൽ തൊട്ടുതൊട്ട് അനങ്ങാതെ ഇരിക്കുന്നുണ്ടു്.

തടിച്ചതുകൊണ്ട് ശ്വാസംമുട്ടൽ വന്ന എം. സിം മുറിയിൽ മുന്നെ കടന്നു. ഇതു് ഒരു പതിവാണ്. ആവശ്യമുണ്ടെങ്കിൽ ആ നെട്ടങ്കൻ 'ആണിനേം പെണ്ണിനേം' വകവെക്കാതെ തള്ളി നീക്കിയിട്ടു മുന്നോട്ടു വരും. അദ്ദേഹം പരിചാരികയോടു ചോദിച്ചു:

"കൊള്ളാം, സെലസ്ററി. രോഗം വലിയ വൈഷമ്യത്തിലാണോ?" കരച്ചിലിനു് ഇടയ്ക്കു് ആ പരിചാരിക ഏങ്ങലടിച്ചു.

"അവൾക്ക് എന്നെ കണ്ടാൽപോലും മനസ്സിലാകുന്നില്ല. ഡാക്ടർ പറഞ്ഞു ഇതു് അവസാനമാണെന്നു്."

അവർ എല്ലാം അന്യോന്യം നോക്കി.

രണ്ടു സഹോദരികളും, ഒന്നും പറയാതെ തമ്മിൽ കെട്ടിപ്പിടിച്ചു.

കാഴ്ചയിലും ഇവർ മിക്കവാറും ഒന്നുപോലാണു്. തലമുടി നടുവെ പകുത്തിടും. ധരിക്കുന്നതു് ചെങ്കനൽ നിറമുള്ള കാശ്മീർ സാൽവാകളും.

എം. സിം ഭാര്യാസഹോദരിയുടെ ഭർത്താവിനെ നോക്കി.

ഒരു വിളറിയ മനുഷ്യൻ. നിറം മഞ്ഞച്ചതു്. ദേഹം ചടച്ചതു്. ദഹനക്കുറവു് അയാൾക്കു് ഒഴിയാബാധയാണു്. അതുമല്ല നടക്കുമ്പോൾ ഏന്തും തളന്തും ഉണ്ടുതാനും. ഗൗരവഭാവത്തിലാണു് എം. സിം പറഞ്ഞതു്.

"കൊള്ളാം. കാലം അതിക്രമിച്ചുകഴിഞ്ഞു."

ആക്കും രോഗിണി കിടക്കുന്ന മുറിയിൽ കടന്നുകേറാൻ ധൈര്യം ഉണ്ടായില്ല. അതും താഴത്തെ നിലയിലാണു്. എവിടെയും മുൻനിലവേണ്ട സിം മററുള്ളവരെ മുന്നിൽ ചെല്ലാൻ അനുവദിച്ചു. കുളംബലാണു് ആദ്യം ഇതിനു നിശ്ചയിച്ചു തയ്യാറായതു്. അയാൾ കപ്പലിന്റെ പാമരംപോലെ ചാഞ്ചാടി. വാക്കിങ്ങ്സ്റ്റിക്കു് നിലത്തിടിച്ചു ശബ്ദമുണ്ടാക്കിക്കൊണ്ടു് മുറിക്കകത്തേക്കു കടന്നു.

രണ്ടു സ്ത്രീകളും ധൈര്യം പിടിച്ചു് അയാളുടെ പിറകെക്കൂടി. എം. സിം പിറകെ നടന്നു.

ജോസഫ് വെളിക്കു നിന്നേയുള്ളു. പട്ടിയെക്കണ്ടുകൊണ്ടാണു് അവൻ നിന്നതും.

ഒരു സൂര്യരശ്മി ആ കിടക്കയിൽ പതിച്ചു. വിറച്ചുംകൊണ്ടു് അനങ്ങുന്ന കൈകളിലാണു് അതു പതിച്ചതു്. കൈപ്പടം മുറയ്ക്കു് നിവക്കുകയും അടയ്ക്കുകയും രോഗി ചെയ്യുന്നുണ്ടു്. ഏതോ ഒരു ചിന്ത ആ വിരലുകളെ ചലിപ്പിക്കുന്നുണ്ടെന്നു കാഴ്ചയിൽ തോന്നും. ഏതോ ഒരുകാര്യം ഇതു സൂചിപ്പിക്കുകയാണു്. ഏതോ ഒരു ആശയം പ്രകടമാക്കുകയാണു്. എന്തോ ഒരു ബുദ്ധിശക്തിക്കു് കീഴമന്നു ചലിക്കുകയാണു്. എന്നാൽ ആ ചടച്ച ദേഹം ഒട്ടും അനങ്ങുന്നില്ല. കണ്ണു് അടഞ്ഞുതന്നെ ഇരിക്കുന്നു.

ബന്ധുക്കൾ ഒരു അർദ്ധവൃത്താകൃതിയിൽ ഒതുങ്ങി നിന്നു. ഒരു വാക്കും അവർ പറഞ്ഞില്ല. ഉയരുന്ന നെഞ്ചും വിഷമിച്ച ശ്വാസഗതിയും അവർ സൂക്ഷിച്ചുനോക്കി. കണ്ണീരും പൊഴിച്ചുംകൊണ്ടു് പരിചാരിക അവരുടെ പിറകെ അകത്തെത്തി. ഒടുവിൽ സിം പയ്യെ ചോദിച്ചു:

"ഡാക്ടർ പറഞ്ഞതു ശരിക്കു പറയൂ."

പരിചാരിക വിഷമിച്ചു ശബ്ദം പുറപ്പെടുവിച്ചു:

"അദ്ദേഹം പറഞ്ഞു. ആ മാന്യയെ തനിച്ചു കിടക്കാൻ അനുവദിച്ചേക്കണം. ഒന്നും ചെയ്യേണ്ട. ഇനിയും ഒന്നും ചെയ്തതുകൊണ്ടു് ഗുണമില്ല. ചെയ്യാനുമില്ല."

പെട്ടെന്നു് ആ വൃദ്ധകന്യകയുടെ ചുണ്ടുകൾ ചലിച്ചു. ശബ്ദം പുറത്തുകേൾക്കാതെ ഏതോ ചില വാക്കുകൾ ഉച്ചരിക്കയാണു്. തലച്ചോറിൽ ഒളിച്ചുവച്ചിരുന്നതു്, ഏതോ ഒന്നു്, പുറത്തു വരികയാണു്. കൈകൊണ്ടു് വിചിത്രമായി കാട്ടിയ ആംഗ്യങ്ങൾക്കു വേഗത പിന്നെയും കൂടി.

പിന്നീടു് ഏറെ പതിഞ്ഞ സ്വരത്തിൽ (ഒരിക്കലും ആ രാജ്ഞി ഇതുവരെ പറഞ്ഞിട്ടില്ലാത്ത വിധത്തിൽ, ഏറെ ദൂരത്തുനിന്നു കേൾക്കുന്ന ശബ്ദംപോലെ, ഒരുപക്ഷേ, ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നുതന്നെ ആയേക്കാൻ മതി.) ആ പണ്ടത്തെ രാജ്ഞി പറഞ്ഞുതുടങ്ങി. അതുവരെ തുറന്നുകാട്ടാൻ സാധിക്കാത്ത ഒരു ഹൃദയത്തിന്റെ അടിത്തട്ടിൽ അടിഞ്ഞുകിടന്ന ചിന്തകളായിരുന്നു ഇവ.

ഈ കാഴ്ച വേദനജനിപ്പിക്കുന്നതായിരുന്നതുകൊണ്ടു് സിം വിരലുമാത്രം ചവിട്ടി നടന്നുതുടങ്ങി. തന്റെ

മുടന്തൻകാൽ കഴച്ചുതുടങ്ങിയതുകൊണ്ടു് കുളംബൽ ഇരുന്നു.

രണ്ടു സഹോദരികൾമാത്രം അവിടെ നിന്നു.

ഹൊർട്ടൻസ്റാണി എന്തോ വേഗം ജല്പിച്ചു. അവക്കു് ആക്കും കാൎയ്യം മനസ്സിലാക്കാൻ സാധിച്ചില്ല. ആ രാജ്ഞി ചില പേരുകൾ എടുത്തുപറഞ്ഞു. ചില ഭാവനാരൂപങ്ങളെ ആണു് അവർ അഭിസംബോധനം ചെയ്തതു്.

"എന്റെ കൊച്ചുഫിലിപ്പേ, ഇവിടെ വരു! നിന്റ അമ്മയ്ക്കു് ഒരു ഉമ്മ തരു. എൻെറ കുഞ്ഞേ! നീ അമ്മയെ സ്നേഹിക്കുന്നില്ലേ! റോസേ, ഞാൻ പോകുമ്പോൾ നിൻെറ ഇളയ കുഞ്ഞിനെ നല്ലവണ്ണം നോക്കിക്കൊള്ളണേ! ഒരിക്കലും അവളെ തനിച്ചുവിടരുതു്. നീ കേൾക്കുന്നുണ്ടോ? അതുമല്ല തീപ്പെട്ടി തൊടുകയും അരുതു്."

കുറച്ചുനേരം ആ വൃദ്ധ മൗനം അവലംബിച്ചു. ആരെയോ വിളിക്കുന്നതുപോലെ അവർ ഉറച്ചുപറഞ്ഞു:

"ഹെൻറിയറ്റേ!"

കുറച്ചുനേരം കാത്തുകിടന്നു. പിന്നെയും തുടന്നു:

"നിന്റെ അച്ഛനോടു പറ, ആഫീസിൽ പോകുന്നതിനുമുമ്പു് എന്നെ ഒന്നുവന്നു് കാണണമെന്നു്."

പിന്നെയും കുറച്ചുനേരം മൗനം.

"ഓമനേ, എനിക്കു നല്ല സുഖമില്ല. ഇന്നു താമസിക്കാതെതന്നെ വരാമെന്നു് എന്നോടു വാക്കു പറയണം. നിങ്ങളുടെ മേലാവോടു പറയണം എനിക്കു സുഖമില്ലെന്നു്. ഞാൻ സുഖമില്ലാതെ കിടക്കുമ്പോൾ കുഞ്ഞുങ്ങളെ ഇങ്ങനെ തനിച്ചുവിടുന്നതും ആപത്താണു്. ഇന്നു ഡിന്നറിനു പഞ്ചസാരയും അരിയുംകൂടി ചേൎത്തു് ഒരു

പലഹാരം നിങ്ങൾക്കായി ഉണ്ടാക്കുന്നുണ്ട്. കുഞ്ഞുങ്ങൾക്കും അതു് ഇഷ്ടമാണു്. ക്ലയറിനു വലിയ സന്തോഷമാകും.”

ആ വൃദ്ധ ചിരിച്ചുതുടങ്ങി. യുവത്വവും ശബ്ദവും ഏറെ ഉണ്ടാക്കുന്നതും ആയ ചിരി. ഇത്തരം ചിരി ആ സ്ത്രീ ഇതിനുമുമ്പു ചിരിച്ചിട്ടേയില്ല.

“ജീനിനെ നോക്കിയെ! അവൻെറ വേഷം വിചിത്രംതന്നെ. അവൻ പഴം വരട്ടിയതു മേൽമുഴുവൻ പൂശിയിട്ടുള്ളതു കണ്ടോ? ആ വൃത്തികെട്ട സത്വം. ഓമനേ നോക്കു! അവൻെറ വേഷം.”

തൻെറ മുടന്തൻകാൽ മുറയ്ക്കുമുറയ്ക്കു നീക്കിവച്ചുംകൊണ്ടിരുന്ന കുളംബൽ പയ്യെ പറഞ്ഞു:

“ആ സ്ത്രീ സ്വപ്നംകാണുകയാണു്. പിച്ചും ഭ്രാന്തും പറകയാണു്. ഭർത്താവും കുഞ്ഞുങ്ങളും ഉണ്ടെന്നാണു വിചാരം. അവസാനം അടുത്തു.”

രണ്ടു സഹോദരികളും അനങ്ങിയില്ല. അവർ അത്ഭുതാധീനരായി. അവരുടെ തല മന്ദിച്ചുപോയി.

പരിചാരിക ചോദിച്ചു:

“തൊപ്പിയും പുതപ്പും എല്ലാം എടുത്തേച്ചു് അങ്ങേ മുറിയിലേക്കു് ഒന്നു വരുമോ?”

അവർ ഒന്നും മിണ്ടാതെ വെളിയിലേക്കു കടന്നു. കുളംബലും ഞൊണ്ടിഞൊണ്ടി വെളിയിലേക്കു് ഇവരെ പിൻതുടന്നു. മരിക്കാൻ കിടക്കുന്ന സ്ത്രീയെ തനിച്ചു വിട്ടിട്ടു് എല്ലാവരും അവിടുന്നു പോയി.

പുറത്തെ വസ്ത്രവും തൊപ്പിയും ഊരിക്കഴിഞ്ഞു് സ്ത്രീകൾ ഇരുന്നു. ഒരു പൂച്ച ജന്നലിൽനിന്നു് എഴുന്നേററു. നീണ്ടുവളഞ്ഞുകുത്തി. മുറിയിലേക്കു ചാടി. പിന്നീടു

സിം മദാമ്മയുടെ മടിയിലേക്കും. ആ പ്രൗഢ അതിനെ തലോടി.

അടുത്ത മുറിയിൽനിന്നു മരിക്കാൻകിടക്കുന്ന സ്ത്രീ വർത്തമാനം പറയുന്നതു കേൾക്കാം. ഈ അവസാന മണിക്കൂറിൽ, താൻ ജീവിക്കാൻകൊതിച്ച രീതികൾ ഓർക്കാതെ പറഞ്ഞുപോവുകയാണ്. എല്ലാം തീരുന്നതിനുമുമ്പ് തന്റെ ആഗ്രഹം മുഴുവൻ പുറത്തുകാട്ടുകയാണ്.

സിം തോട്ടത്തിൽ ജോസഫിന്റെകൂടെ നടന്നു കളിക്കുന്നു. കുട്ടിനു പട്ടിയും. നാട്ടുംപുറത്തെ സുഖിമാനായ ഗൃഹസ്ഥൻ രസിക്കുന്നവിധം പെരുമാറി മനസ്സിലാക്കുകയാണ്. മരിക്കാൻകിടക്കുന്ന ആളെപ്പററി ഒരു വിചാരവും ഇല്ലതാനും.

ഇടയ്ക്കു് എന്തോ ഓർത്തുപോലെ അയാൾ അകത്തേക്കു കയറിപ്പോയി. പരിചാരികയെ വിളിച്ചു ചോദിച്ചു:

"എന്റെ പെണ്ണേ! ഞങ്ങൾക്കു വല്ല ലഘുഭക്ഷണവും തരാൻ ഭാവമുണ്ടോ? ആട്ടെ നിങ്ങൾ സ്ത്രീകൾ എന്തു കഴിക്കാൻപോകുന്നു?"

അവർ തീരുമാനിച്ചു. ചില മരുന്നെല്ലാം കൂട്ടിയ ഓംലററു്. ഇറച്ചിയും പുതിയ ഉരുളക്കിഴങ്ങും, പാൽക്കട്ടി, കാപ്പി ഇവയെല്ലാം വേണം ലഘുഭക്ഷണത്തിനു്.

കുളംബൽ മദാമ്മ പോക്കററു തപ്പിത്തുടങ്ങി. പേഴ്സ് നോക്കുകയായിരുന്നു അവർ. സിം ഈ ഉദ്യമത്തിൽനിന്നു് ആ മഹതിയെ വിരമിപ്പിച്ചു. അയാൾ പരിചാരികയുടെനേർക്കു നോക്കി ചോദിച്ചു:

"നിന്റെ കൈവശം പണം കാണണമല്ലോ."

"ഉണ്ടു് സർ!"

"എത്രയുണ്ടു്?"

"പതിനഞ്ചു ഫ്രാങ്ക്."

"അതു ധാരാളംമതി. ഒന്നു ബദ്ധപ്പെട്ടു്. എനിക്കു വല്ലാതെ വിശക്കുന്നു."

സിം മദാമ്മ പടൎന്നു പൂത്തുകിടക്കുന്ന വള്ളിയിൽ ശ്രദ്ധിച്ചു. ആ പൂക്കൾ വെയിലിൽ കുളിച്ചു ശുദ്ധമായി. മുകളിൽ മച്ചിൽ രണ്ടു പ്രാവുകൾ പ്രണയിക്കുന്നു. അവർ വ്യസനഭാവത്തോടുകൂടി പറഞ്ഞു:

"ഈ സങ്കടം അനുഭവിക്കാൻ വരുന്നതുതന്നെ വിഷമം. ഭാഗ്യക്കേടു്. ഇന്നു നാട്ടുമ്പുറത്തു സഞ്ചരിക്കാൻ നല്ല ദിവസമാണു്."

മദാമ്മയുടെ സഹോദരി നിശ്വസിക്കമാത്രം ചെയ്തു. മറുപടി പറഞ്ഞില്ല. ഒന്നു നടക്കണമെന്നു പറഞ്ഞെങ്കിലോ എന്ന ഭയംകൊണ്ടു കുളംബൽ എടുത്തുപറഞ്ഞു:

"എൻെറ കാലു് എന്നെ വല്ലാതെ ശല്യംചെയ്യുന്നു."

കൊച്ചുജോസഫും പട്ടിയുംകൂടി വലിയ ശബ്ദം പുറപ്പെടുവിച്ചുതുടങ്ങി. ഒരാൾ സന്തോഷംകൊണ്ടു് ആൎപ്പുവിളിക്കുന്നു. മറ്റെയാൾ വല്ലാതെ കുരയ്ക്കുന്നു. മൂന്നു പൂത്തടങ്ങളിൽ അവർ ഒളിച്ചുകളിക്കുകയാണു്. ഭ്രാന്തുപിടിച്ചതുപോലെ ഓടിക്കളിക്കുകയാണു്. പട്ടിയുടെ പിറകെ കുട്ടി,കുട്ടിയുടെ പിറകെ പട്ടി. മരിക്കാൻ കിടക്കുന്ന സ്ത്രീ കുട്ടികളെ പിന്നീടും വിളിച്ചുതുടങ്ങി. ഓരോരുത്തരെയും വിളിച്ചു കുശലംചോദിക്കുന്നുണ്ടു്. അവരെ ഉടുപ്പിടീക്കുകയാണെന്നാണു് അപ്പോൾ സങ്കല്പിച്ചതു്. അവരെ ലാളിക്കുന്നുമുണ്ടു്. അവരെ വായിക്കാൻ പഠിപ്പിക്കുന്നു.

"വന്നെ സൈമൻ! പഠിച്ചതു ചൊല്ലു്. എ. ബി.

സി. ഡി. നീ തെളിച്ചു പറയുന്നില്ലല്ലോ. ഡി. ഡി. ഡി. നീ കേൾക്കുന്നുണ്ടോ? ഇനിയും പറയൂ...'' സിം പറഞ്ഞു:

"ഇത്തരം അവസരങ്ങളിൽ അസാധാരണമായ കാര്യങ്ങളേ ഓരോരുത്തരും പറയൂ. അതു് അത്ഭുതമാണല്ലോ." കുളംബൽ മദാമ്മ പറഞ്ഞു:

''അവിടെപ്പോയി നില്ക്കുകയാണു വേണ്ടതെന്നു് എനിക്കും തോന്നുന്നു."

എന്നാൽ സിം അവരെ ആ ഉദ്യമത്തിൽനിന്നു വിരമിപ്പിച്ചു.

''അവിടെ ചെന്നുനിന്നാലും രോഗിണിക്കുവേണ്ടി നമുക്കു് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. പിന്നെ എന്തിനു് അങ്ങോട്ടു പോകണം. പിന്നെ ഇവിടെ ഇരിക്കുന്നതാണു നമുക്കു കൂടുതൽ സൗകര്യം.''

ആരും നിർബന്ധിച്ചില്ല. മദാമ്മ 'ഇണപ്പക്ഷികളെ' ശ്രദ്ധിച്ചു പരിശോധിച്ചു. പരണ്ടു് പച്ചനിറമുള്ള പക്ഷികൾ. ഇവരുടെ ഈ സ്നേഹസ്വഭാവത്തെപ്പററി ഏറെ വാഴ്ത്തി. ഇവരെ ആണുങ്ങൾ അനുകരിക്കുന്നില്ലല്ലോ എന്നു മുള്ളുവാക്കു പറഞ്ഞു. ഈ കൊച്ചുപക്ഷികളുടെ സ്വഭാവം അനുകരണീയമാണു്. സിം ഭാര്യയെനോക്കി ചിരിച്ചു, വല്ലാത്ത ഒച്ചയിൽ പാടി:

"ട—ല—ല, ല—ട—ല—ല—ല''

തൻെറ വിശ്വാസശീലത്തെപ്പററി എന്തോ പറയാനുണ്ടെന്ന വിധത്തിലായിരുന്നു അയാൾ പാടിയതു്.

കുളംബലിനു വയററിൽ വേദന തുടങ്ങി. നിലത്തു വടി ഇടിച്ചു. മറേറ പൂച്ചയും മുറിക്കകത്തു കടന്നുവന്നു. വാലു് ആകാശത്തു പൊക്കിപ്പിടിച്ചു. അവർ ഭക്ഷണം കഴിക്കാൻ ഒരുമണിവരെ കാത്തിരുന്നു.

കുളംബൽ ഭക്ഷണസമയത്തു കൊണ്ടുവച്ച വീഞ്ഞു രുചിച്ചുനോക്കിയിട്ടു ചോദിച്ചു—അയാഠംക്കു നല്ലതരത്തിലുള്ള ഒരു പ്രത്യേക വീഞ്ഞുമാത്രമെ കുടിക്കാവൂ—

"ഇവിടുത്തെ നിലവറയിൽ ഇതിൽ നല്ലതു് ഇല്ലേ?"

പരിചാരിക മറുപടി പറഞ്ഞു:

"നിങ്ങളൊക്കെ പണ്ടു വന്നപ്പോഠം കൊണ്ടുവന്നതിൽ കുറച്ചിരിപ്പുണ്ടു്."

"എന്നാൽ പോയി മൂന്നുകുപ്പി എടുത്തുകൊണ്ടു വരൂ."

അവർ ഈ വീഞ്ഞു് രുചിച്ചുനോക്കി. ഒന്നാന്തരം തന്നെ എന്നു് അവക്കു തോന്നി. പ്രത്യേകഗുണം ഉള്ള വീഞ്ഞായിട്ടല്ല. പതിനഞ്ചുകൊല്ലം സൂക്ഷിച്ചുവച്ചിരുന്നതുകൊണ്ടുള്ള ഗുണമാണു് അതിനുള്ളതു്. "ഇതു രോഗികഠംക്കു പ്രത്യേകമായി സൂക്ഷിച്ചുവയ്ക്കേണ്ട വീഞ്ഞാണു്." എന്നാണു് സിം പറഞ്ഞതു്.

ഈ വീഞ്ഞു തനിക്കു വേണം എന്നു് കുളംബൽ നിശ്ചയിച്ചു.

"ഇതിൽ ഇനിയും എത്ര ഇരിപ്പുണ്ടു്?"

"മിക്കവാറും മുഴുവനുംതന്നെ ഉണ്ടു്. കൊച്ചമ്മ ഇതിൽ ഒട്ടുംതന്നെ കുടിച്ചിട്ടില്ല. നിലവറയുടെ അങ്ങേ മൂലയ്ക്കാണു് ഇരിക്കുന്നതും."

കുളംബൽ സിമ്മിൻെറനേക്കു തിരിഞ്ഞു. അയാഠംക്കു് അവിടെ ഇരിക്കുന്ന ഇത്തരം വീഞ്ഞെല്ലാം വേണം.

"സിം, നിങ്ങഠംക്കു് ഇഷ്ടമാണെങ്കിൽ മററുവല്ലതിനും പകരമായി ഇതെല്ലാം ഞാൻ എടുത്തുകൊള്ളാം ഈ വീഞ്ഞു് എൻെറ വയററിനു പിടിക്കുന്നുണ്ടു്."

അതിൻെറ മുറ അനുസരിച്ചു പിടക്കോഴി കയറി

വന്നു: പിറകെ കോഴിക്കുഞ്ഞുപടയും. ഇവയുടെ നേൎക്കു റൊട്ടിക്കഷണങ്ങൾ സ്ത്രീകൾ എറിഞ്ഞുകൊടുത്തു രസിച്ചു. ജോസഫും പട്ടിയും തിന്നു മതിയാക്കി. അവരെ തിരികെ തോട്ടത്തിലേക്കു പറഞ്ഞയച്ചു.

ഹൊർട്ടൻസ്റാണി അപ്പോഴും സംസാരിക്കുന്നുണ്ടു്. പക്ഷേ, അടക്കം പറയുകയാണു്. ഇടവിടാതെ ചുണ്ടനങ്ങുന്നെങ്കിലും വാക്കു തിരിയുന്നില്ല.

കാപ്പികുടി കഴിഞ്ഞപ്പോൾ എല്ലാവരും രോഗിണിയുടെ സ്ഥിതി അറിയാൻ യാത്രയായി. റാണി ശാന്തയായി ശയിക്കുന്നു.

അവരെല്ലാം ആരാമത്തിൽപ്പോയി വട്ടമിട്ടിരുന്നു, കഴിച്ച ആഹാരം ഒന്നു ദഹിക്കാൻ.

പെട്ടെന്നു പട്ടി എന്തോ കടിച്ചെടുത്തുംകൊണ്ടു് കസേരയ്ക്കുചുററും ഓടാൻ തുടങ്ങി. കുട്ടി ഭ്രാന്തുപിടിച്ചു പട്ടിയുടെ പിറകെ ഓടുന്നു. രണ്ടുംകൂടി വീട്ടിൽ കയറിപ്പോയി. സിം മയങ്ങിത്തുടങ്ങി. കുമ്പ വെയിലുംകൊള്ളിച്ചുംകൊണ്ടു്.

റാണി പിന്നെയും ഉറച്ചു സംസാരിക്കാൻതുടങ്ങി. അതുകഴിഞ്ഞു റാണി ഉച്ചത്തിൽ മുറവിളിച്ചു. അതെല്ലാം പെട്ടെന്നായിരുന്നു.

രണ്ടു സ്ത്രീകളും കുളംബലുംകൂടി കാൎയ്യം അറിയാൻ അകത്തേക്കു കടന്നു. സിം ഉണൎന്നു. എന്നാൽ അയാൾ അനങ്ങിയില്ല. ഈ കാൎയ്യങ്ങളിലൊന്നും അയാൾക്കു ശ്രദ്ധയില്ലെന്നു ഭാവിച്ചു.

രോഗിണി എഴുനേററിരുന്നു തുറിച്ചുനോക്കി. ആ സ്ത്രീയുടെ കണ്ണുകളിൽ പരിഭ്രമം ദൃശ്യമായി. കൊച്ചു ജോസഫിൽനിന്നു രക്ഷപ്രാപിക്കാൻ പട്ടി കട്ടിലിലേക്കു കുതിച്ചുചാടി. ഹൊർട്ടൻസ്റാണിയുടെ മുകളിൽ

ക്കൂടിയായിരുന്നു ചാട്ടം. തലയിണക്കപ്പുറം കിടന്നുകൊണ്ടു കണ്ണുംതിളക്കി പട്ടി കൂട്ടുകാരനെ നോക്കി. ഒന്നനങ്ങിയാൽ ചാടണം എന്ന മട്ടിലാണു് പട്ടിയുടെ നില. പട്ടിയുടെ വായിൽ റാണിയുടെ ഒരു ചെരിപ്പും കാണാനുണ്ടു്. അതു മുഴുവൻ കടിച്ചുകീറിക്കഴിഞ്ഞു. ഒരു മണിക്കൂറായിട്ടു് അതിനു് ഇതുതന്നെ ആയിരുന്നു ജോലി.

പെട്ടെന്നു രോഗിണി പിടഞ്ഞെഴുന്നേല്ക്കുന്നതുകണ്ടു കുട്ടി ഭയന്നു് കിടക്കയുടെ മുന്നിൽത്തന്നെ അനങ്ങാതെ നിന്നു.

പിടക്കോഴിയും മുറിയിൽ കടന്നുവന്നു. അതും ഒരു കസാലയിൽ ചാടിക്കയറി. ഈ ശബ്ദംകേട്ടു് അതും ഭയന്നു. ഏറെ വിഷമിച്ചു കോഴിക്കുഞ്ഞുങ്ങളെ എല്ലാം ആ പിടയും വിളിക്കുന്നുണ്ടു്. കസാലയുടെ നാലു കാലിനും ചുററിക്കൊണ്ടു കോഴിക്കുഞ്ഞുങ്ങളും ഭയന്നു നടക്കുന്നതു കാണാം.

ഹൊർട്ടൻസ് റാണി ചെവി കീറിപ്പോകുന്ന ശബ്ദത്തിൽ വിളിച്ചുപറഞ്ഞു:

"ഇല്ല, ഇല്ല. എനിക്കു് മരിക്കാൻ ആഗ്രഹമില്ല. എനിക്കു മരിക്കേണ്ട ആവശ്യമില്ല. മരിക്കാൻ സാധിക്കയും ഇല്ല. എൻെറ കുട്ടികളെ ആരു വളർത്തി പ്രായമാക്കിവിടും? അവരെ ആരു നോക്കും? അവരെ ആരു സ്നേഹിക്കും? ഇല്ല എനിക്കു സാദ്ധ്യമല്ല. ഞാൻ സമ്മതിക്കില്ല...ഇല്ല..." ആ വൃദ്ധ പുറകോട്ടു മലച്ചു. എല്ലാം തീൎന്നു. പട്ടി വല്ലാതെ പരിഭ്രമിച്ചു. മുറിയിൽത്തന്നെ ചാടി ഓടിനടന്നു.

കുളംബൽ ജനാലിനു സമീപത്തേക്കോടി. "സിം!" എന്നു വിളിച്ചു് അളിയൻെറ ശ്രദ്ധയെ ആകൎഷിച്ചു.

"വേഗം വരൂ. വേഗം വരൂ. അവർ മരിച്ചു. എന്നാണ് എൻെറ വിശ്വാസം. വേഗം."

സിം എഴുന്നേററു. ഉറപ്പോടെ മുറിയിലേക്കു കയറിച്ചെന്നു.

"ഞാൻ വിചാരിച്ചതിലും വേഗം കാര്യം കഴിഞ്ഞല്ലോ. എൻെറ കണക്കു് പിഴച്ചുപോയി."

അയാശം പല്ലിനിടയിൽക്കൂടി തന്നത്താൻ പറഞ്ഞു.

# കുഞ്ഞ്

താൻ വിവാഹമേ ചെയ്യുകയില്ലെന്ന് അയാഠം ഏറെനാഠം സത്യംചെയ്തുകൊണ്ടു നടന്നു. എന്നാൽ ഈ നിശ്ചയം പെട്ടെന്ന് ജേക്കസ്സ് ബോദ്‌ലയർ അസ്ഥിരമാക്കി. ഒരു വേനൽക്കാലത്ത് കടൽപ്പുറത്തുവച്ചാണ് ഇതു നടന്നതു്.

ഒരു ദിവസം സ്ത്രീകഠം കടലിൽനിന്നു കയറിവരുന്നതും നോക്കിക്കൊണ്ട് അയാഠം കടൽപ്പുറത്ത് പൂഴിയിൽ കിടക്കുകയാണ്. ഒരു ചെറിയ കാലടി അയാളെ ആകർഷിച്ചു. ആ കാലടി ഏറെ ചെറുതും ലളിതവും, സുന്ദരവുംതന്നെ. കണ്ണു മേല്പോട്ട് ഉയർത്തി പരിശോധന നടത്തി. പാദാദികേശം ആകർഷകംതന്നെ എന്ന് അയാഠം മനസ്സിലാക്കി. എന്നാൽ ഈ പാദാദികേശത്തിൽ കാൽമടമ്പും തലയും മാത്രമെ അയാഠം കണ്ടുള്ളു. ഏറെ ശ്രദ്ധിച്ചു കുത്തിപ്പിടിപ്പിച്ചിരുന്ന സ്നാനവസ്ത്രത്താൽ മറയാതെ ഇവമാത്രമെ പുറത്ത് കണ്ടിരുന്നുള്ളു. അയാഠം കാമിയും വിടനും ആയിരുന്നൊന്നാണ് ജനസംസാരം. എങ്കിലും രൂപഗുണമാണ് അയാളെ ആദ്യം ആകർഷിച്ചതു്. പിന്നീട് ഈ ബാലികയുടെ ചന്തവും മധുരഹൃദയവും ആണ് അയാളെ അവളോടു കൂടുതൽ ബന്ധിച്ചതു്. അവളുടെ ചുണ്ടും കവിളും എന്നതുപോലെ, എല്ലാം ലളിതവും, യുവത്വം നിറഞ്ഞതും, പുതുമ പൊതിഞ്ഞതും, ആയിത്തന്നെ പ്രത്യക്ഷപ്പെട്ടു. ആ കുടുംബത്തിലുള്ളവരുമായി അയാളെ ചിലർ പരിചയമാക്കി. അവക്കും അയാളിൽ പ്രീതി തോന്നി. അയാഠം ക്ഷണ

നേരംകൊണ്ടുതന്നെ ഉച്ചിമുതൽ ഉള്ളങ്കാൽവരെ പ്രണയാതുരനായി.

ബർത്ലാനിസ്സിനെ കടൽപ്പുറത്ത് ഏറെ ദൂരെയായി കണ്ടപ്പോൾത്തന്നെ, ഏറെ മണൽ തങ്ങളെ അകറ്റി നിറുത്തിയിരുന്നെങ്കിലും, ആ സുന്ദരിയുടെ ആകർഷണശക്തികൊണ്ട് ജേക്കസ്സ് ബോദ്ലയർ നഖശിഖാന്തം വിറച്ചു. ആ സുന്ദരി ചാരത്തണഞ്ഞപ്പോൾ അയാൾ മൂകനായി. ഒന്നും പറയുവാൻ നാവ് അനങ്ങിയില്ല; അതും അല്ല ആലോചിക്കാൻപോലും വയ്യാത്ത നില അതോടെ അയാൾക്കു വന്നുചേർന്നു. ഉള്ളിൽ എന്തോ ഇരച്ചു. ചെവിയിൽ ചിലത് ചിലച്ചു. മനസ്സിൽ ഒരു ഭയവും. ഇതാണോ സ്നേഹം. അയാൾക്ക് അറിയാൻപാടില്ല. അയാൾക്കു മനസ്സിലായില്ല. എങ്കിലും ഈ പെൺകുട്ടിയെ തന്റെ ഭാര്യയാക്കണം എന്ന് അയാൾ തീർച്ചയാക്കി.

അവളുടെ മാതാപിതാക്കൾ ഏറെക്കാലത്തേക്കു സമ്മതം മൂളിയില്ല. ഈ യുവാവിന്റെ ചീത്തപ്പേർ അവരെ ഏറെനാളത്തേക്കു സംശയാധീനരാക്കി. അയാൾക്ക് ഒരു വെപ്പാട്ടി ഉണ്ട്. ഏറെക്കാലമായി ബന്ധംപുലർത്തിക്കഴിയുന്ന ഒരു വെപ്പാട്ടി. എല്ലാരും വിചാരിക്കും ഈ ബന്ധം അറ്റുപോയെന്ന്. എങ്കിലും ഇതു മാറുകയില്ല. പൊട്ടിപ്പോകയില്ല. അതുകൂടാതെയും അയാൾ ചിലരെ സ്നേഹിച്ചിരുന്നു. ഏറെക്കാലത്തേക്കോ, അല്പസമയത്തേക്കോ, തന്റെ അധരങ്ങൾക്കു സമീപം അണഞ്ഞ എല്ലാ നാരിമാരെയും അയാൾ സ്നേഹിച്ചിരുന്നു.

എന്നാൽ ഈ യുവാവ് ജീവിതത്തിൽ ഒരു പുതിയ ഏടുതന്നെ വായനതുടങ്ങി. ഏറെനാൾ ഒന്നിച്ചു താമസിച്ചിരുന്ന യുവതിയെ ഒരു പ്രാവശ്യംപോലും

പിന്നീടു കാണാൻ അയാൾ വിസമ്മതിച്ചു. ഒരു സ്നേഹിതൻമുഖാന്തരമാണ് അവൾക്ക് ഒരു പെൻഷൻ നല്കാൻപോലും കരാറു നടത്തിയതു്. അവൾക്കു ജീവിക്കാൻ വേണ്ടതു ജേക്കസ്സ് കൊടുത്തു. എന്നാൽ ആ പേരു് ഉച്ചരിച്ചുകേൾക്കുന്നതുപോലും ഇഷ്ടമല്ലെന്നു് അയാൾ ഭാവിച്ചു. അതിൽ പിന്നീടു് അവളെ കണ്ടാൽ തിരിച്ചറിയുകയില്ലെന്നുപോലും അയാൾ ഭാവിച്ചു. അവൾ എഴുത്തയച്ചു. അയാൾ അതു പൊട്ടിച്ചുപോലും ഇല്ല. താൻ ഉപേക്ഷിച്ച സ്ത്രീയുടെ, അഭംഗിനിറഞ്ഞ കൈപ്പട ഓരോ കവറിന്റെ പുറത്തും കാണുമ്പോൾ അയാളുടെ കോപം കൂടിക്കൂടി വന്നു. ആ കവറെല്ലാം അയാൾ നെടുകെ വലിച്ചുകീറും. തുറന്നു നോക്കാതെ തന്നെ. ഒരു വരി വായിക്കാതെതന്നെ. അതിനകത്തു കുത്തിക്കയററിയിരിക്കുന്ന കുററംപറച്ചിലും, ആവലാതികളും അയാൾക്കു പണ്ടേ കാണാപ്പാഠംതന്നെ

ഈ സ്വഭാവം സ്ഥിരമായി അയാളിൽ കണ്ടേക്കാൻ ഇടയില്ലെന്നു വിചാരിച്ചു് ആ തണുപ്പുകാലംമുഴുവൻ പെൺവീട്ടുകാർ അയാളെ നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയനാക്കി. വസന്തത്തിലേ ഈ ചെറുപ്പക്കാരന്റെ അഭ്യർത്ഥന അവർ സ്വീകരിച്ചുള്ളു.

മെയ്മാസത്തിൽ ആദ്യമാണു് വിവാഹം നടന്നതു്. പാരീസിൽവച്ചാണു് ഈ മംഗളകർമ്മം ആഘോഷിച്ചതും. സാധാരണമായി കൊണ്ടാടാറുള്ള മധുവിധുയാത്ര വേണ്ടെന്നു തീരുമാനിച്ചു. ഒരു സ്വീകരണം, യുവതികളുടെ ഒരു കൊച്ചുനൃത്തം. അതിനു ക്ഷണിച്ചതു് അടുത്ത ബന്ധുക്കളെമാത്രം. പതിനൊന്നുമണിക്കുശേഷം ഒരു മിനിട്ടുപോലും ഇതു നീണ്ടുനില്ക്കില്ലെന്നു നിശ്ചയം നേരത്തെ ചെയ്തിരുന്നു. ആ വിവാഹച്ചടങ്ങു നല്കിയ

ക്ഷീണം ഇതിനാൽ വർദ്ധിപ്പിക്കരുതെന്നു മൻക്രൂട്ടി നിശ്ചയംചെയ്തിരുന്നു. വീട്ടിൽത്തന്നെ ഈ പുതുദമ്പതികൾ രാത്രി കഴിച്ചുകൂട്ടണം. അതുകഴിഞ്ഞു തമ്മിൽ കണ്ടിണങ്ങിയ കടൽപ്പുറത്തു പോയി താമസിക്കണം.

സന്ധ്യ വന്നു. ആ വലിയ സ്വീകരണമുറിയിൽ ജനങ്ങൾ നൃത്തംവച്ചു. നവദമ്പതികൾ ആ ശാലയോടു തൊട്ടുള്ള ഒരു ചെറിയ ഇടനാഴിയിൽ പ്രവേശിച്ചു. അവിടം നിറമുള്ള പട്ടുതുണികൊണ്ടു മോടിപിടിപ്പിച്ചിട്ടുണ്ട്. സന്ധ്യാരാഗംമാത്രമാണ് അതിനകത്തു കാണാവുന്ന ദീപം. അതു പോരെന്നുവച്ചോ എന്തോ അണ്ഡാകൃതിയിലുള്ള ഒരു റാന്തലിന്റെ നിറംപകന്ന കണ്ണാടിയിൽക്കൂടി ഒട്ടും വെളിച്ചം വെളിയിൽ വരരുതെന്ന കരുതലോടുകൂടിത്തന്നെ ഒരു പ്രത്യേക റാന്തലും മച്ചിന്റെ അടുത്തു കെട്ടിത്തൂക്കിയിട്ടുണ്ട്. ഒരു ജന്നൽ തുറന്നിട്ടിട്ടുണ്ട്. ഇടയ്ക്കിടയ്ക്ക് ഈ താണ ജന്നലിൽക്കൂടി നല്ല കാറ്റ് ഇവരുടെ മുഖത്തു സ്പർശിച്ചു സുഖിപ്പിക്കുന്നുണ്ട്. സന്ധ്യ മൃദുലവും, ഊഷ്മളവും ആയി വിളങ്ങി. വസന്തത്തിന്റെ മുഴുവൻമണവും ചുമന്നുകൊണ്ടാണ് സമീരണൻ നടക്കുന്നതും. അവർ ഒന്നും പറയുന്നില്ല. രണ്ടുപേരും കൈകൾ അന്യോന്യം ഗ്രഹിച്ചിട്ടുണ്ട്. അതും സർവ്വശക്തിയോടുംകൂടി. അവർ കൈപ്പടം നല്ലവണ്ണം ഞെക്കിനോക്കി. ജീവിതത്തിനുവന്ന വലിയ മാറ്റംകൊണ്ട് അവൾ അമ്പരന്നു. അവൾ കണ്ണുകൊണ്ടു കണ്ടതു കിനാവ്. അവൾ ചിരിക്കുന്നുണ്ട്. വല്ലാതെ സംഭ്രമിച്ചിട്ടുണ്ട്. കരയാൻപോലും അവൾ ഒരുങ്ങി. ആനന്ദംകൊണ്ടു മോഹിക്കാൻ അവൾ തയ്യാറായി. ലോകംതന്നെ പാടെ മറിഞ്ഞുപോയി എന്നാണ് അവൾ അപ്പോൾ വിശ്വസിച്ചതു്. തനിക്കു വന്നുചേന്ന അവസ്ഥ എല്ലാ

ത്തിനും മാററം വരുത്തിക്കാണണം എന്നാണു് അവളു ടെ വിശ്വാസം. കാരണം എന്തെന്നു നിശ്ചയമില്ല. അ വൾക്കു സംഭ്രമം കുറേശ്ശെ വദ്ധിച്ചു. അതു ദേഹത്തിൽ മുഴുവൻ വ്യാപിച്ചു. ആത്മാവിൽ നിറഞ്ഞു. പറയാ നോ നിവ്വഹിക്കാനോ, വിഷമമുള്ള വിധത്തിൽ അവൾ ആനന്ദംനിറഞ്ഞ ആലോചനയില്ലായ്മയിൽ ലയിച്ചു.

ഈ സമയം എല്ലാം ഒരു ഉറച്ച പുഞ്ചിരിയോടുകൂ ടി അയാൾ അവളെത്തന്നെ നോക്കിക്കൊണ്ടിരിക്കയാ ണു്. അയാൾക്കു സംഭാഷണംചെയ്യാൻ ഏറെ ആഗ്ര ഹമുണ്ടു്. എന്നാൽ പറയേണ്ടതു് എന്താണെന്നു നിശ്ച യവും ഇല്ല. അതുകൊണ്ടു് അയാൾ മൗനം തേടി. അയാ ളുടെ ആവേശം എല്ലാം പാണിപീഡനംകൊണ്ടു പ്രത്യ ക്ഷമാക്കി. ഇടക്കിടയ്ക്കു് അയാൾ മുനങ്ങും: "ബർത്ത്!" അപ്പോൾ എല്ലാം അവൾ കണ്ണുകൾ ഉയത്തി അയാളു ടെ കണ്ണിൽ നോക്കും. മാധുയ്യമൂറുന്ന നോട്ടം. ഇങ്ങനെ അന്യോന്യം അവർ കണ്ണുകൊണ്ടു സമ്മേളിക്കും. ആ സു ന്ദരിയുടെ നേത്രങ്ങളാൽ വശീകൃതനായി അയാൾ കണ്ണു താഴ്ത്തി അവളെ വണങ്ങും.

കൈമാറാൻ ആശയങ്ങൾ അവക്കു് അപ്പോൾ ക ണ്ടുപിടിക്കാൻ കഴിഞ്ഞില്ല. അവർ ഇങ്ങനെ തനിച്ചി രിപ്പായി. നൃത്തംചെയ്തുകൊണ്ടു് ആ വഴിയുടെ സമീപം ത്തുകൂടി പോകുന്ന ഇണകൾ അങ്ങോട്ടു ചിലപ്പോൾ ഒരുനോട്ടം ചെലുത്തും. ഒരു അധീരനോട്ടം. ഒരു രഹ സ്യം തങ്ങളും കണ്ടുപോയെന്നും, എന്നാൽ അതു മറ യ്ക്കേണ്ടതാണെന്നും, കാണേണ്ടതല്ലെന്നും ഉള്ള വിചാരം ത്തോടുകൂടി ഈ നോട്ടം ഉടൻ പിൻവലിക്കുകയും ചെയ്യും.

ഒരു വശത്തുള്ള കതകു തുറന്നു് ഒരു പരിചാരകൻ

പ്രത്യക്ഷമായി. ഒരു ദൂതൻ കൊണ്ടുവന്ന എഴുത്താണ് അയാൾ ഒരു ട്രേയിൽ കൊണ്ടുവന്നതു്. ഒരു അത്യാവശ്യകാര്യം എഴുതിയിരുന്ന എഴുത്തു്. ദൂതൻ ഓടിക്കൊണ്ടുവന്ന എഴുത്തു്. എടുത്തപ്പോൾ ജെക്കസ്സിന്റെ കൈമാത്രമല്ല വിറച്ചതു്. ദേഹം മുഴുവൻ. അജ്ഞാതമായ ഒരു ഭീതി അസ്പഷ്ടമായി അയാളുടെ ഉള്ളിൽ ഈ എഴുത്തു് എടുത്തപ്പോൾത്തന്നെ കയറി. ഏതോ അത്യാപത്തു സംഭവിക്കാൻ പോകുന്നു എന്ന ആശങ്കയാണ് അയാളെ ബാധിച്ചതു്.

അയാൾ ആ കവറിൽത്തന്നെ ഏറെനേരം നോക്കിക്കൊണ്ടിരുന്നുപോയി. കൈപ്പട ആരുടേതു് എന്ന് അയാൾക്കു നിശ്ചയമില്ല. തുറക്കുവാൻ ധൈര്യവുംപോരാ. അതു വായിക്കാൻ വിസമ്മതം. ഉള്ളടക്കം എന്തെന്ന് അറിയുകയേ വേണ്ട. അതു പോക്കററിൽ ഇട്ടിട്ടു പറയണം:

"നാളെ,നാളെ മതി. ഞാൻ നാളെ ഏറെ ദൂരത്തു് എത്തിച്ചേരും. പിന്നെ ഇതു കാര്യമാക്കേണ്ട ആവശ്യവും വരില്ല." ഇതായിരുന്നു അയാളുടെ ഉള്ളിലെ വിചാരം.

എന്നാൽ കവറിന്റെ മൂലയിൽ എഴുതിയിരുന്ന രണ്ടു വാക്കുകൾ അടിയിൽ പ്രത്യേകം വരച്ചു കാണിച്ചതു് അയാൾക്കു വല്ലാതെ ഭയം നൽകി:

"വളരെ വളരെ അത്യാവശ്യം."

അയാൾ പറഞ്ഞു:

"ഓമനേ, എന്നെ അനുവദിക്കു."

അയാൾ കവർ കീറി. എഴുത്തുവായിച്ചു. വായിച്ചതോടുകൂടി വല്ലാതെ വിളറി. ഒററനോട്ടത്തിൽ ഓടിച്ചു വായിച്ചേ ഉള്ളെങ്കിലും അയാൾ വിളറിപ്പോയി. അതു

കഴിഞ്ഞു് ഓരോ വാക്കും, പോരാ അക്ഷരങ്ങൾതന്നെ അയാൾ വിറച്ചുംകൊണ്ടു് ഏറെ ശ്രദ്ധിച്ചു പഠിച്ചു.

അയാൾ മുഖം ഉയർത്തിയപ്പോഴേക്കു് അവിടെ ഭാവം എല്ലാം പകൻറു കാണായി.

അയാൾ വിമ്മിഷ്ടത്തോടെ മുക്കിമൂളി പറഞ്ഞുതുടങ്ങി: "എൻെറ ഓമനേ, കൊച്ചുപെൺകുഞ്ഞേ! എൻെറ ഉററ ചങ്ങാതിക്കു് ഒരു വലിയ നിർഭാഗ്യം സംഭവിച്ചു. ഞാൻ ഉടൻ അടുത്തെത്തണമെന്നു് അയാൾ അത്യാശയോടെ ആവശ്യപ്പെടുന്നുണ്ടു്. 'ജീവിതം—മരണം' ഇവ രണ്ടുംകൂടിച്ചേർന്നതാണു് ഈ നിർഭാഗ്യാവസ്ഥ. ഇരുപതു മിനിട്ടു നിന്നെ പിരിഞ്ഞിരിക്കാൻ അനുവാദം തരണം. ഞാൻ പെട്ടെന്നു മടങ്ങിവരാം."

അവൾ വിറച്ചു. ഭയന്നുകൊണ്ടു മൂനങ്ങി:

"ഓമനേ, പോയിട്ടുവരൂ."

അവൾ ഭാര്യയായിക്കഴിഞ്ഞിട്ടില്ല. "കാര്യം എന്താണു്?" എന്നു ചോദിക്കാനോ, "പറഞ്ഞേ തീരൂ" എന്നു നിർബന്ധിക്കാനോ, "എല്ലാം അറിഞ്ഞേ തൃപ്തിവരൂ" എന്നു് ആജ്ഞാപിക്കാനോ തക്കവിധത്തിലുള്ള ബന്ധം അവൾക്കു് അയാളോടു് ഉണ്ടായിക്കഴിഞ്ഞിട്ടില്ല. അയാൾ പൊയ്ക്കഴിഞ്ഞു. അവൾ തനിച്ചിരുന്നു. നൃത്തത്തിൻെറ വാദ്യം അടുത്ത മുറിയിൽനിന്നു് ഇങ്ങോട്ടു കടന്നുവരുന്നതും കേട്ടുംകൊണ്ടു്, തനിച്ചു ചിന്തിച്ചുംകൊണ്ടു് അവിടെ ഇരുന്നു.

ആദ്യംകണ്ട റൗറു് ആരുടേതെന്നുപോലും നോക്കാതെ അയാൾ തലയിൽ തിരുകി. ഏതോ ഒരു പുറക്കുപ്പായവും എടുത്തണിഞ്ഞു. കോവണിപ്പടികൾ ഓടിയിറങ്ങുകയാണു ചെയ്തതു്. തെരുവിലേക്കു് ഇറങ്ങുംമുമ്പു ഹാളിൽ കത്തിച്ചുതൂക്കിയിരുന്ന 'ഗ്യാസ്‌ലൈറ്റി'ൻെറ

പ്രകാശത്തിൽ ആ എഴുത്തു് അയാറം ഒന്നുകൂടി വായി ച്ചു. ആ എഴുത്തു് ഇതാണു്:

സർ,

റാവററ് എന്ന പേരുള്ള ഒരു യുവതി ഒരു കുഞ്ഞിനെ പ്രസവിച്ചു. ആ യുവതി നിങ്ങളുടെ പഴയ വെപ്പാട്ടി ആണത്രേ. കുഞ്ഞു് നിങ്ങളുടേതാണു് എന്നുതന്നെ ആ സ്ത്രീ ഉറപ്പിച്ചു പറയുന്നു. അമ്മ മരിക്കാറായി. നിങ്ങറം അവളെവന്നു് ഒന്നു കണ്ടാൽ കൊള്ളാം എന്നു് അവറം അഭ്യർത്ഥിക്കുന്നു. യാചിക്കുന്നു അതുകൊണ്ടാണു് നിങ്ങളുടെ അടുക്കൽ ഈ സ്വാതന്ത്ര്യം ഉപയോഗിക്കുന്നതു്. 'ഈ സ്ത്രീയുടെ അന്ത്യാഭിലാഷം നിങ്ങറം നിറവേററാൻ തയ്യാറാണോ?' എന്നു ഞാൻ എഴുതി ചോദിച്ചുകൊള്ളട്ടെ. അവറംക്കു് ഏറെ അസുഖം വന്നുചേർന്നിട്ടുണ്ടു്. ദയയ്ക്കു പാത്രവും ആണുതാനും.

എന്നു്,

നിങ്ങളുടെ വിശ്വസ്തൻ,

ഡോ. ബൊണാർഡു്.

അയാറം മുറിയിൽ കടന്നുചെന്നപ്പോഴേക്കും ആ സ്ത്രീ അവസാനവേദന അനുഭവിക്കയാണു്. അയാറം ആദ്യം അവളെക്കണ്ടിട്ടു് അറിഞ്ഞില്ല. ഡാക്കുറും രണ്ടു ധാത്രികളും അവളെ പരിചരിക്കുന്നു. ആ സ്ഥലംമുഴുവൻ പാത്രങ്ങറം. അതിലെല്ലാം മഞ്ഞുകട്ട, തുണിക്കഷണങ്ങറം. എല്ലാം രക്തം പുരണ്ടതു്.

നിലത്തുമുഴുവൻ വെള്ളം. ഒരു മേശപ്പുറത്തു രണ്ടു മെഴുകുതിരി ഇരുന്നു കത്തുന്നു. കിടക്കയുടെ പിറകിലായി ഒരു ചൂരത്തൊട്ടിൽ. അതിനകത്തു കിടന്നുംകൊണ്ടു്

ഒരു കുഞ്ഞു കരയുന്നുണ്ട്. കുഞ്ഞിൻെറ ഓരോ കരച്ചിൽ കേൾക്കുമ്പോഴും മഞ്ഞുവെച്ചു കെട്ടിക്കിടക്കുന്ന അമ്മ അനങ്ങുന്നുണ്ട്. തണുപ്പുകൊണ്ട് അവൾ വിറയ്ക്കുന്നു.

അവളിൽനിന്നു രക്തം വർഷിക്കയാണ്. ഈ രക്തവർഷംകൊണ്ട് അവൾ മരിക്കാറായി. ഈ പ്രസവമാണ് അവളെ കൊന്നതു്. അവളുടെ ജീവിതം തപ്പിപ്പിഴയ്ക്കുകയാണ്. പരിചരണങ്ങൾകൊണ്ടൊന്നും ഫലം ലഭിച്ചില്ല ചോരപ്പുഴ നിന്നില്ല. രക്തസ്രാവം തുടന്നു. ഒടുവിലത്തെ നിമിഷം അടുത്തു.

ജേക്കബ്സ്സിനെ അവൾ തിരിച്ചറിഞ്ഞു. കൈ ഉയത്താൻ ശ്രമിച്ചു. അതിനുവേണ്ട ബലം അവൾക്കു ശേഷിച്ചിരുന്നില്ല. എന്നാൽ ചൂടുള്ള കണ്ണീർ കവോലത്തിൽക്കൂടി ഒഴുകിത്തുടങ്ങി.

അയാൾ കിടക്കയുടെ സമീപം മുട്ടുകുത്തി. അവളുടെ ഒരു കൈ കൈക്കലാക്കി. അതിൽ വികാരാവേശനായി ചുംബിച്ചു. പിന്നീട് അല്പാല്പമായി ആ വാടിയ മുഖത്തിൻെറ സമീപം അയാൾ നീങ്ങിച്ചെന്നു. അയാളുടെ സ്പർശനംകൊണ്ട് ആ മുഖം ത്രസിച്ചു. മെഴുകുതിരിയുമായി അടുത്തുനിന്ന ധാത്രി വെളിച്ചം ഇവരുടെ മുഖത്തു വീഴത്തക്കവിധം ആ മെഴുകുതിരി പിടിച്ചു. പിറകോട്ടു മാറിനിന്നിരുന്ന ഡാക്ടർ മുറിയുടെ ഒരു മൂലയിൽനിന്നു് അവരെ സൂക്ഷിച്ചുനോക്കി.

ഏറെ ദൂരത്തെങ്ങോ സംസാരിച്ചാൽ കേൾക്കുന്ന വിധത്തിലുള്ള ശബ്ദത്തോടുകൂടി, അസ്പഷ്ടമായി അവൾ പറഞ്ഞുതുടങ്ങി:

"ഓമനേ, ഞാൻ മരിക്കാൻ പോവുകയാണ്. എൻെറ അവസാനംവരെ ഇവിടെ നില്ക്കാമെന്നു് എനിക്കു

വാക്കുതരണം. എന്നെ ഇപ്പോൾ ഉപേക്ഷിക്കരുതേ! ഈ അവസരത്തിൽ ഉപേക്ഷിക്കരുതേ!"

അയാൾ ഉറക്കെ കരഞ്ഞു. അവളുടെ നെററിയിൽ, മുടിയിൽ ഇവിടെല്ലാം ചുംബിച്ചു. അയാൾ പതുക്കെ പറഞ്ഞു: "വിഷമിക്കരുതു്. ഞാൻ താമസിക്കാം."

പിന്നെ വർത്തമാനംപറയാൻ അല്പനേരത്തേക്കു് തടസ്സം അവൾക്കുണ്ടായി. അവൾ ക്ഷീണിച്ചു. വിഭ്രമിച്ചു. അതെല്ലാം അല്പം ഭേദമായപ്പോൾ അവൾ തുടന്നു:

"അതു്, ആ കൊച്ചു കുഞ്ഞു് നിങ്ങളുടേതാണു്. ഞാൻ ദൈവത്തിന്റെ മുന്നിൽനിന്നാണു് ആണയിടുന്നതു്. എന്റെ ആത്മാവിനെ സാക്ഷിനിറുത്തിയാണു്, ഞാൻ മരിക്കാൻ തയ്യാറായി കിടക്കുമ്പോഴാണു് ഈ സത്യം ചെയ്യുന്നതു്. നിങ്ങളെ അല്ലാതെ മററാരെയും ഞാൻ സ്നേഹിച്ചിട്ടില്ല. ഇതിനെ ഉപേക്ഷിക്കയില്ലെന്നു് എനിക്കു വാക്കുതരണം."

ജീവരക്തം മുഴുവൻ ചോർന്നുതീർന്ന ആ ദയനീയസ്ത്രീപിണിയെ അയാൾ വാരിക്കോരി എടുക്കാൻ തയ്യാറായി. അയാൾക്കു് പശ്ചാത്താപവും സങ്കടവും ഏറെ വന്നുചേർന്നു. അയാൾ കുഴങ്ങി

"ഞാൻ നിന്നോടു് ഏററുപറയുന്നു. സത്യം ചെയ്യുന്നു. ഞാൻ അതിനെ വളർത്താം. സ്നേഹിക്കാം. ആ കുഞ്ഞുമായി ഞാൻ ഒരിക്കലും വേർപെട്ടിരിക്കയില്ല."

അവൾ ജേക്കസ്സിനെ ആലിംഗനംചെയ്തു. തല ഉയർത്താൻ ശേഷി ഇല്ലായ്കയാൽ അവളുടെ വരണ്ട അധരങ്ങൾ ഒരു ചുംബനം യാചിച്ചു. ഈ വിനീതമായ സ്നേഹപ്രകടനം സ്വീകരിക്കാൻ അയാൾ തലകുനിച്ചു.

അല്പം സമാധാനം ലഭിച്ചതുകൊണ്ടു് അവൾ പിന്നെയും പതുക്കെ മുനങ്ങി:

"അതിനെ ഒന്നെടുക്കു. നിങ്ങൾ അതിനെ ലാളിക്കുന്നതു് ഞാൻ ഒന്നു കാണട്ടെ."

അയാൾ തൊട്ടിക്കു സമീപംചെന്നു് കുഞ്ഞിനെ എടുത്തു.

അതിനെ തങ്ങളുടെ ഇടയിലായി അയാൾ കിടത്തി. ആ കൊച്ചുജീവി കരച്ചിൽ നിറുത്തി.

അവൾ പറഞ്ഞു:

"അനങ്ങരുതു്."

അയാൾ നിശ്ചലനായി സ്ഥിതിചെയ്തു.

അയാൾ അവിടെ തങ്ങി. മരണത്തിൻെറ വേദന അനുഭവിക്കുന്ന ആ ചൂടുപിടിപ്പിക്കുന്ന കൈയ്യുടവും കൈയ്യുള്ളിലാക്കി, അല്പംമുമ്പു് സ്നേഹത്തിൻെറ തുടിപ്പുചേർന്ന മറെറാരു കൈ സ്വീകരിച്ചുകഴിഞ്ഞതുപോലെതന്നെ അനങ്ങാതെ അവിടെ അയാൾ ഇരുന്നു. ഇടക്കിടയ്ക്കു് അറിയാതെ അയാളുടെ കണ്ണുകൾ നാഴികമണിയിൽ നോക്കിപ്പോയി. ആ സൂചി മുറയ്ക്കു് പന്ത്രണ്ടു്, ഒന്നു്, രണ്ടു് ഇങ്ങനെ കറങ്ങിനീങ്ങി.

ഡാക്ടർ കിടക്കാൻ പോയി. നടന്നുനടന്നു് കാലുകുഴഞ്ഞ ധാത്രികൾ അവൾക്കു്നിശ്ചയിച്ചിരുന്ന കസാലയിൽ വിശ്രമിച്ചു. കുഞ്ഞു് ഉറങ്ങി. കണ്ണടച്ചുകിടക്കുന്ന അമ്മയും വിശ്രമിക്കുകയാണു് എന്നു തോന്നി.

പെട്ടെന്നു് വിളറിയ വെള്ളനിറം അവളുടെ മുഖത്തു വ്യാപിച്ചു. അവൾ വല്ലാതെ ഞെട്ടി പരിഭ്രമത്തോടെ കൈ നീട്ടി. ഈ ഇളക്കംകൊണ്ടു് കുഞ്ഞു മിക്കവാറും താഴെവീണു എന്ന നിലയായി. കണ്ഠത്തിൽ ഒരു കിലുങ്ങുന്ന ശബ്ദം. അവൾ അനങ്ങാതെ മലൎന്നുകിടന്നു. അവൾ മരിച്ചു.

ഓടിയെത്തിയ ധാത്രികൾ ഉറച്ചുപറഞ്ഞു:

"എല്ലാം കഴിഞ്ഞു."

അയാൾ സൂക്ഷിച്ചു നോക്കി, ഒരുകാലത്തു് താൻ സ്നേഹിച്ചിരുന്ന ആ യുവതിയെ. നാഴികമണിയിലും. നാലായി മണി എന്നു സൂചികൾ സൂചിപ്പിച്ചു. പുറങ്കുപ്പായത്തിന്റെ കാര്യം ഓക്കാതെ കുഞ്ഞിനേയുംകൊണ്ടു് അയാൾ ഓട്ടമായി.

തന്നെ തനിച്ചു് ഇരുത്തിയിട്ടു ഭത്താവു പോയിട്ടും കുറച്ചുനേരം അവൾ തനിച്ചു് ആ മുറിയിൽ ഇരുന്നു ശാന്തചിത്തയായിത്തന്നെ സമയം പോക്കി. ഭത്താവു മടങ്ങിവന്നുകാണായ്കയാൽ അവളും തിരിച്ചു സ്വീകരണമുറിയിലേക്കു മടങ്ങി. അനാസ്ഥയും നിശ്ചലതയും മുഖത്തു ഭാവിച്ചെങ്കിലും ഉള്ളിൽ വിഷമം ഏറെയുണ്ടായിരുന്നു. ഇങ്ങനെ ആദ്യത്തെ രാത്രിയിൽ മണവാട്ടിയെ തനിച്ചുകണ്ടതുകൊണ്ടു് അമ്മ ചോദിച്ചു:

"നിന്റെ ഭത്താവു് എവിടെ?"

അവൾ മറുപടി പറഞ്ഞു:

"അദ്ദേഹത്തിന്റെ മുറിയിൽ. ഇപ്പോൾ മടങ്ങിവരും."

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ എല്ലാവരും കാര്യം അന്വേഷിച്ചുതുടങ്ങി. അവൾ എഴുത്തിന്റെ കാര്യം പറഞ്ഞു. മുഖം വിളറിയ കഥ. എന്തോ ആപത്തുവരാൻപോകുന്നുണ്ടു് എന്ന സംശയവും.

അവർ പിന്നീടും കാത്തിരുന്നു. വിരുന്നുകാർ മടങ്ങിപ്പോയി. അച്ഛനമ്മമാരും അടുത്ത ബന്ധുക്കളും മാത്രം അവിടെ ശേഷിച്ചു. അർദ്ധരാത്രി കഴിഞ്ഞപ്പോൾ അവർ വധുവിനെക്കൊണ്ടു കിടക്കയിൽ കിടത്തി. എല്ലാവക്കും വിമ്മിഷ്ടമായി.

അമ്മയും രണ്ടമ്മായിമാരും ആ കിടക്കയിൽത്തന്നെ ഇരുന്നു. അവർ വധുവിൻെറ വിലാപം കേൾക്കുന്നുണ്ടു്. അച്ഛൻ പോലീസ് സ്റ്റേഷനിൽ വിവരംപറഞ്ഞു കാര്യം അന്വേഷിച്ചറിയാൻ വേണ്ട ഏർപ്പാടിനായി ഇറങ്ങിപ്പുറപ്പെട്ടു.

അഞ്ചുമണിക്കു് ഇടനാഴിയിൽ ഒരു ചെറിയ അനക്കംകേട്ടു. വാതിൽ തുറന്നു. വേഗം അടഞ്ഞു.

ഉടൻതന്നെ ഒരു പൂച്ചയുടെ കരച്ചിൽപോലുള്ള ശബ്ദം വീട്ടിൽ ഉള്ളവർ എല്ലാം കേട്ടു. അങ്ങനെ ആ വീട്ടിലെ നിശ്ശബ്ദത നീങ്ങിവാങ്ങി.

ഒററച്ചാട്ടത്തിന്നു് ആ വീട്ടിൽ ഉണ്ടായിരുന്ന സ്ത്രീകൾ എല്ലാം എഴുന്നേററു. ആദ്യം താഴത്തേക്കു ചാടിയതു വധുതന്നെ ആയിരുന്നു. അമ്മയും അമ്മായിമാരും മുറിയിൽത്തന്നെ ഉണ്ടായിരുന്നെന്നു് ആ മണവാട്ടി ഓത്തില്ല. താൻ നേരിയ വസ്ത്രങ്ങളെ അണിഞ്ഞിരുന്നുള്ളു എന്നതും ആ ലജ്ജാവതി മറന്നു.

ജേക്കബ്സ്സ് മുറിയുടെ നടുക്കു നില്ക്കുന്നു. മുഖം കരിവാളിച്ചിട്ടുണ്ടു്. ശ്വാസംമുട്ടിക്കൊണ്ടാണു നില്ക്കുന്നതു്. കൈക്കുള്ളിൽ ഒരു ചോരക്കുഞ്ഞും.

ഭയത്തോടെ നാലു സ്ത്രീകളും ഇതെല്ലാം നോക്കിനിന്നു. എന്നാൽ ബർത് വേഗം ധൈര്യം അവലംബിച്ചു. ഹൃദയം വേദനകൊണ്ടു പൊടിഞ്ഞെങ്കിലും ആ യുവതി അയാളുടെ അടുക്കൽ ഓടിയെത്തി.

“ഇതെന്തു്? എന്നോടു പറയൂ. ഇതിൻെറ കാര്യം എന്താണു്?”

ബോധം നശിച്ചവനെപ്പോലെ ആയിരുന്നു അയാളുടെ നോട്ടം. അയാൾ തൊണ്ട ഇടറിക്കൊണ്ടു പറഞ്ഞു:

“ഇതാണു്, ഇതാണു കാര്യം. എനിക്കു് ഒരു

കുഞ്ഞുണ്ടായി. അതിൻെറ അമ്മ ഇപ്പോൾ മരിച്ചതേ ഉള്ളു."

ആ കരയുന്ന ചോരക്കുഞ്ഞിനെ അയാൾ അവളെ ഏല്പിച്ചു.

ബർത് ഒരക്ഷരവും ഉരിയാടിയില്ല. കുഞ്ഞിനെ വാങ്ങി മാറോടണച്ചു.

ഭത്താവിൻെറ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. ആ മണവാട്ടി കണ്ണീരോടാണു മടങ്ങിവന്ന മണവാളനു സ്വാഗതം നല്കിയതു്.

"അമ്മ മരിച്ചുപോയെന്നുതന്നെയാണോ നിങ്ങൾ പറയുന്നതു്?"

അയാൾ മറുപടി പറഞ്ഞു:

"അതെ. ഇപ്പോഴാണു മരിച്ചതു്. എൻെറ കൈകളിൽ കിടന്നുതന്നെ. കഴിഞ്ഞ വേനലിനു ഞാൻ അവളുമായുള്ള ബന്ധം മുറിച്ചുകളഞ്ഞതാണു്. എനിക്കു് ഇതിനെപ്പററി അറിഞ്ഞുകൂടായിരുന്നു. ഡാക്ടർ എഴുത്തുംകൊടുത്തയച്ചിട്ടാണു് ഞാൻ പോയതു്. പിന്നെ—പിന്നെ—

ബർത് പതുക്കെ പറഞ്ഞു:

"ഈ കുഞ്ഞിനെ നമുക്കു വളത്താം."

# കുമ്പസാരം

സാബട്ട് സത്രത്തിലേക്കു വരുന്നെന്നു് അറി ഞ്ഞാൽത്തന്നെ അയാളുടെ വരവിനെ പ്രതീക്ഷിച്ചു് ഒരു ആരവം അവിടെ സ്ഥാനംപിടിക്കും. ഒരു പ്രഹസനം അഭിനയിക്കുന്നതിലും രസികത്തമുണ്ടു് അയാളെ ഒന്നുകണ്ടാൽ. അയാൾക്കു പുരോഹിതന്മാരെ കണ്ടുകൂടാ. അവരെ അയാൾ പച്ചജീവനോടെ സാപ്പിടും.

ആ പട്ടണത്തിലെ സമതപവാദികളുടെ നേതാവാണു് മരപ്പണിക്കാരൻ സാബട്ടു്. ചടച്ചു നീളംകൂടിയ മനുഷ്യൻ. കള്ളനോട്ടമുള്ള ചെങ്കണ്ണൻ. തലമുടി ഒരു വശത്തേക്കു് ഒതുക്കിവെയ്ക്കും. അയാളുടെ വായ്ക്കു വലിയ വിസ്താരമില്ല.

"നമ്മുടെ വിശുദ്ധ പിതാവു്—പാപ്പരായിപ്പോയി" എന്നു പ്രത്യേകരീതിയിൽ പറയുമ്പോഴേക്കു് എല്ലാവരും ചിരിച്ചുപോകും. ഞായറാഴ്ച 'ദിവ്യപൂജ' നടത്തുമ്പോഴും അയാൾ പണിയും. അതു നിർബന്ധമുള്ള കാര്യമാണു്. വിശുദ്ധവാരത്തിൽ, തിങ്കളാഴ്ചതന്നെ അയാൾ പന്നിയെ കൊല്ലും. ഈസ്റ്റർ മുഴവൻ ഇറച്ചിതിന്നാൻ. പുരോഹിതൻ കടന്നുപോകുന്നതു കണ്ടാൽ അയാൾ വിളിച്ചുപറയും: "അതാ പോകുന്നു. സ്വന്തം ദൈവത്തിനെ പെരുങ്കൊടത്തിൽനിന്നു് ഇപ്പോൾ വിഴുങ്ങിയേച്ചു വരുന്നവൻ."

പുരോഹിതനും പൊക്കവും വണ്ണവും ഒക്കെ ഉണ്ടെങ്കിലും സാബട്ടിനെ ഭയമാണു്. അയാളുടെ 'കളിയാക്കൽ' അദ്ദേഹത്തിനു് അസഹ്യമാണുതാനും. അതുമല്ല

ഈ കളിയാക്കൽകൊണ്ടു് സാബട്ടിനു കൂട്ടുകാർ വർദ്ധി ക്കുന്നുമുണ്ടു്. എന്നാൽ പുരോഹിതനും നല്ല നയതന്ത്ര ജ്ഞനാണു്. രഹസ്യമാർഗ്ഗങ്ങളാണു് അദ്ദേഹത്തിനു് ഇ ഷ്ടം. പത്തുകൊല്ലമായിട്ടു് ഇവർ തമ്മിൽ മത്സരം നടക്കു കയാണു്. ഇടവിടാതെ, കാര്യമായി, രഹസ്യമായി, എ ല്ലാവിധത്തിലും. സാബട്ടു് കൗൺസിൽ മെമ്പറാണു്. അയാളെ മേയർ ആക്കാൻവേണ്ടിയുള്ള ശ്രമവും നടക്കു ന്നുണ്ടു്. അങ്ങനെ സംഭവിച്ചാൽ അതു പള്ളിയുടെ അ ററ പരാജയമാണെന്നതും തീർച്ചയാണു്.

തിരഞ്ഞെടുപ്പു് അടുത്തു. പള്ളിക്കാർക്കു് ഉള്ളിൽ വിറയലും. ഒരുദിവസം പുരോഹിതൻ റുവെങ്ങിലേക്കു പോയി. ബിഷപ്പിനെ കാണാനാണു് താൻ പോകുന്ന തെന്നു് അദ്ദേഹം പറഞ്ഞു.

രണ്ടുദിവസം കഴിഞ്ഞേ അദ്ദേഹം മടങ്ങിയുള്ളു. ഉല്ലസിച്ചും വിജയഭാവം നടിച്ചും ആണു് അദ്ദേഹം മട ങ്ങിവന്നതു്. പള്ളിയിലെ കിഴക്കേഭാഗം അഴിച്ചുപ ണിയാൻ നിശ്ചയിച്ചുകഴിഞ്ഞു എന്നു നാട്ടിൽ പ്രസിദ്ധ മായി. ബിഷപ്പുതിരുമേനി സ്വന്തവകയിൽനിന്നുതന്നെ ഇതിനു് അറുനൂറു ഫ്രാങ്കു ദാനംചെയ്തിട്ടുണ്ടു്. വീഞ്ഞപ്പ ലകവച്ചു തറച്ചതെല്ലാം എടുത്തുകളഞ്ഞിട്ടു നല്ലതരം തടി ഉപയോഗിച്ചാണു് ഇനിയും പണിയുന്നതു്. നല്ല തച്ചു്. ഏറെ പണിയണം. എല്ലാരും ഇതുതന്നെ പറ ഞ്ഞുതുടങ്ങി.

സാബട്ടു് അന്നു ചിരിച്ചില്ല. അടുത്തദിവസം ഗ്രാ മത്തിൽക്കൂടി അയാൾ നടക്കുമ്പോൾ, അയൽക്കാരും, സ്നേഹിതന്മാരും, ശത്രുക്കൾപോലും അയാളോടു ചിരി ച്ചുംകൊണ്ടു ചോദിച്ചു: "നിങ്ങളാണോ പള്ളിയുടെ

പുതുക്കിപ്പണി ഏററതു്?" അയാൾക്കു മറുപടിയില്ല. എന്നാൽ കോപംകൊണ്ടു് അകം കറുത്തു.

"ഒന്നാന്തരം പണി." അവർ ദയവില്ലാതെ പറഞ്ഞു: "ഇരുന്തൂറു മുന്തൂറു ഫ്രാങ്കു ലാഭംകിട്ടും."

രണ്ടുദിവസംകഴിഞ്ഞു. പള്ളിയിലെ പണി ഏല്പിക്കുന്നതു് അടുത്തുള്ള പട്ടണത്തിലെ ചെമ്പർലിൻ എന്ന പണിക്കനെയാണു്. അതു വെറും കേട്ടുകേൾവിമാത്രം. പിന്നെ കേട്ടതു പള്ളിയിലെ ഇരിപ്പടങ്ങളും മാററി പണിയിക്കുന്നെന്നാണു്. ഇതിനെല്ലാംകൂടി രണ്ടുമൂന്നു് ആയിരം വേണം. പണത്തിനു ഗവണ്മെൻറിനോടു് അഭ്യർത്ഥിച്ചിട്ടുണ്ടു്. ഇതുകൂടി കേട്ടപ്പോഴേക്കു സർവ്വത്ര ബഹളം. സാബട്ടിനു് ഉറക്കമില്ല. ഓർമ്മയ്ക്കിടയിൽ ഇത്രവലിയ ഒരു പണിയും സ്ഥലത്തെ പണിക്കന്മാരെ ഏല്പിച്ചിട്ടില്ല. അതുമല്ല അച്ചനു മനസ്സു പൊട്ടിപ്പോകുന്നപോലും! ഈ പട്ടണക്കാരനല്ലാത്ത ഒരാൾക്കു് ഈ പണി കൊടുക്കണമെന്നാണല്ലൊ വന്നുകൂടിയിരിക്കുന്നതു്. സാബട്ടിനു കൊടുത്താൽകൊള്ളാം. എന്നാൽ ഇത്ര വലിയ പണി, അതും പള്ളിയിലെ പണി ഒരവിശ്വാസിയെ എങ്ങനെ ഏല്പിക്കും! അയാളുടെ അഭിപ്രായങ്ങളാണു് ഈ പണി അയാളെ ഏല്പിക്കാതിരിക്കാനുള്ള വിലങ്ങുതടി.

സാബട്ടു് ഇതറിഞ്ഞു. രാത്രിയിൽ അച്ചൻെറ താമസസ്ഥലത്തു് അയാൾ പോയി. അച്ചൻ പള്ളിയിലാണു് എന്നു ശേവുകൻ അറിയിച്ചു. അയാൾ അവിടെത്തി.

രണ്ടു കന്യാസ്ത്രീകൾ, ഉണങ്ങി വരണ്ടവർ, ആൾത്താര അലങ്കരിക്കുന്നു. കന്യകാമറിയത്തിൻെറ മാസമാണു് അതു്. പുരോഹിതൻ നിർദ്ദേശംകൊടുക്കുന്നുണ്ടു്.

അദ്ദേഹം പള്ളിയുടെ നടുക്കാണു നില്ക്കുന്നതു്. കുടവയർ ഉന്തിക്കാണാം. വിശുദ്ധവിഗ്രഹത്തിനു ചുററും പൂവുവെച്ചു് അലങ്കരിക്കുന്ന മാന്യകൾക്കു് അദ്ദേഹം നിർദ്ദേശംകൊടുക്കുന്നു.

സാബട്ടിനു് അസ്വസ്ഥത. ഏററവും പകവച്ചു പോററുന്ന ശത്രുവിൻെറ വീട്ടിൽ കയറിച്ചെന്നാൽ ഉണ്ടാകുന്ന അസ്വസ്ഥത അയാൾക്കുണ്ടായെങ്കിലും അയാളുടെ പണക്കൊതി അയാളെ മുന്നോട്ടു തള്ളിവിട്ടു. അയാൾ തൊപ്പിയൂരി. ഈ മനുഷ്യൻെറ വരവുകണ്ടു് അമ്പരന്നു പണിനിറുത്തിയ സ്ത്രീജനങ്ങളിൽ അയാൾ ശ്രദ്ധിച്ചില്ല. അവർ അത്ഭുതാവേശരായി സ്തംഭിച്ചിരിപ്പായി.

"നല്ല സമയം!" അയാൾ പുരോഹിതനെ വന്ദിച്ചു.

"സ്വാഗതം—ശില്പിവര്യനു സ്വാഗതം!" തലതിരിക്കാതെ, നടക്കുന്ന പണിയിൽ ശ്രദ്ധിച്ചുംകൊണ്ടു് പുരോഹിതൻ മറുപടി പറഞ്ഞു.

എന്തുവേണം എന്നു നിശ്ചയമില്ലാത്തവനെപ്പോലെ പകച്ചുപോയ സാബട്ടു് പിന്നീടു് ഒന്നും പറഞ്ഞില്ല. കുറച്ചുകഴിഞ്ഞു് അയാൾ ചോദിച്ചു: ഏതാണ്ടെല്ലാം ഒരുക്കുകയാണല്ലോ." "അതെ," പുരോഹിതൻ മറുപടിപറഞ്ഞു: "വിശുദ്ധമറിയത്തിന്റെ മാസം അടുത്തു."

"ശരി. ശരി." സാബട്ടും പറഞ്ഞു. പിന്നെയും മൗനം.

ഒന്നും പറയാതെ തിരിഞ്ഞു നടന്നാൽമതി എന്നു് അയാൾക്കു തോന്നി. എന്നാൽ പള്ളിക്കകത്തൊന്നു കണ്ണോടിച്ചപ്പോൾ അയാളുടെ കാലു തനിയെ നിന്നു. പതിനാറു് ഇരിപ്പിടങ്ങൾ മാറിപ്പണിയണം. എട്ടെണ്ണം ഒരു വശത്തു്. ആറു് മറുവശത്തു്. വേറെ രണ്ടും. ഓക്കു

കൊണ്ടു പണിഞ്ഞതു വാങ്ങിക്കാൻ ഇരുന്നൂറു ഫ്രാങ്കിൽ കൂടുതൽ വേണ്ട. വച്ചുറപ്പിച്ചുകഴിയുമ്പോൾ ഇരുന്നൂറു ഫ്രാങ്ക് കുറഞ്ഞതു ലാഭം കിട്ടും.

സാബട്ട് വിഷമിച്ചു പറഞ്ഞു: "ഞാൻ ജോലിക്കു വന്നതാണ്." പുരോഹിതൻ അത്ഭുതത്തോടെ ചോദിച്ചു: "എന്തു ജോലി?" സാബട്ട് തടസ്സം എല്ലാം നീക്കുവാനുള്ള സ്വരത്തിൽ പറഞ്ഞു:

"ചെയ്യാനുള്ള ജോലി. ചെയ്യേണ്ട ജോലി."

പുരോഹിതൻ തിരിഞ്ഞു് അയാളുടെ മുഖത്തു നോക്കി.

"ഈ പള്ളിക്കകത്തു ചെയ്യേണ്ട പണിയെപ്പററിയാണോ പറയുന്നതു്?" ഈ ചോദ്യം ചോദിച്ച സ്വരം കേട്ടപ്പോൾ സാബട്ടിൻെറ എല്ലുപോലും മരവിച്ചു. ഇവിടുന്നു കടന്നാൽ മതി എന്നുപോലും അയാൾക്കു തോന്നി. എന്നാൽ അയാൾ വിനീതനായി മറുപടി പറഞ്ഞു: "ബഹുമാന്യനായ പിതാവേ!"

പുരോഹിതൻ കൊടവയററിൽ കരിശുവരച്ചു് ഇടിയേററ ആളെപ്പോലെ മറുപടി പറഞ്ഞു: "താൻ—താൻ—സാബട്ട്—ഇവിടെവന്നു ചോദിക്കാൻ ധൈര്യപ്പെട്ടോ? എന്റെ നാട്ടിൽ, ഇടവകയിൽ, ഉള്ള ഏക—അവിശ്വാസി—അതു വഴക്കിനു് ഇടവരുത്തും. പൊതുവെ നാണക്കേടാവും. ബിഷപ്പുതിരുമേനി എന്നെ കുററം പറയും. എന്റെ ജോലിതന്നെ പോകും." ശ്വാസം മുട്ടാതിരിക്കാൻ മാത്രമാണ് അദ്ദേഹം ഇടയ്ക്കു തടഞ്ഞതു്. പിന്നെ കുറച്ചുകൂടി ശാന്തമായി പറഞ്ഞു: "ഈ നല്ല ജോലി വേറൊരാളെ വരുത്തി ചെയ്യിച്ചാൽ നിങ്ങൾക്കുണ്ടാകുന്ന വ്യസനം എനിക്കു പറയാതറിയാം. എനിക്കു വേറെ നിവൃത്തിയില്ല. അല്ല—അല്ലെങ്കിൽ...

അതു്—അസാദ്ധ്യമാണു്. നിങ്ങൾ അതിനു വഴങ്ങുകയില്ല. അസാദ്ധ്യം.'' സാബട്ട് ആ ഇരിപ്പടങ്ങളെല്ലാം എണ്ണുകയാണു്. ഇതെല്ലാം മാറി പണിയണം.

"ഞാൻ എന്തുവേണമെന്നാ പറഞ്ഞതു്?'' അയാൾ ചോദിച്ചു.

''പറയുന്നതുകൊണ്ടു ദോഷം ഒന്നുംവരാനില്ലല്ലൊ.''

"നിങ്ങളുടെ ഉദ്ദേശശുദ്ധിയെപ്പററി ശരിയായ തെളിവു വേണം.'' പുരോഹിതൻ ഉറപ്പിച്ചു പറഞ്ഞു.

''ഞാൻ അങ്ങനല്ലെന്നു പറഞ്ഞില്ലല്ലൊ.'' സാബട്ടു് പറഞ്ഞു.

"ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരരുതോ?''

"അടുത്ത ഞായറാഴ്ച നിങ്ങൾ പരസ്യമായി കുരുബാന കൊള്ളണം.'' പുരോഹിതൻ വിധിച്ചു

സാബട്ടു് വിളറിപ്പോയി. അതു് അയാൾക്കും മനസ്സിലായി. ചോദ്യത്തിനു മറുപടികൊടുക്കാതെ അയാൾ മററൊരു ചോദ്യം പുരോഹിതനോടു ചോദിച്ചു:

"ഇതെല്ലാം അഴിച്ചു പണിയണോ?''

"വേണം.'' പുരോഹിതൻ പറഞ്ഞു: "അതെല്ലാം പിന്നീടു്.''

ഞാൻ അങ്ങനൊന്നും പറഞ്ഞില്ലല്ലൊ. ഒന്നും പറഞ്ഞില്ലല്ലൊ. ഞാൻ നിരീശ്വരവാദിയല്ല. ഞാൻ നാസ്തികനല്ല. മതവും ആയി എനിക്കു വഴക്കും ഇല്ല. അതിലെ നടപടികളാണു് എനിക്കു രസിക്കാത്തതു്. ഇങ്ങനെ ഒരു കാര്യത്തിൽ എനിക്കു നിർബന്ധം ഇല്ല. മക്കടമുഷ്ടിയില്ല

അലങ്കരിക്കുന്നവർ സ്ഥാനം വിട്ടിറങ്ങി. ആൾത്താരയുടെ മറവിൽനിന്നു് അത്ഭുതത്തോടെ നോക്കി നില്പായി.

പുരോഹിതനു മനസ്സിലായി, താൻ ജയിച്ചെന്നു്. അദ്ദേഹം പ്രസന്നനായി. രസികനായി. "ഏറെ നന്നു്. ബോധപൂർവ്വം നിങ്ങൾ പറയുന്നല്ലൊ. കാത്തു കാത്തു കിടച്ചതു് കല്യാണം."

സാബട്ടം വല്ലാതെ ചിരിച്ചുംകൊണ്ടു ചോദിച്ചു: "ഈ കുർബാനക്കാര്യം കുറച്ചു നീക്കിവെക്കരുതോ?"

പുരോഹിതൻ ഗൗരവം ഭാവിച്ചു. "നിങ്ങളുടെ മതംമാററം ഉണ്ടായി എന്നു് ഉറപ്പുവന്നാൽ ആ നിമിഷത്തിൽ പണികഴിച്ചുതരാം ചെയ്യാം." അദ്ദേഹം സൗമ്യമായി പറഞ്ഞു: "നിങ്ങൾ നാളത്തന്നെവന്നു് കുമ്പസാരിക്കണം. നിങ്ങളെ രണ്ടുപ്രാവശ്യമെങ്കിലും പരിശോധിക്കണം."

സാബട്ടു് എടുത്തുചോദിച്ചു: "രണ്ടുപ്രാവശ്യമോ?"

പുരോഹിതൻ ചിരിച്ചു. "അതെ. നിങ്ങളെ അപ്പടി ശുദ്ധമാക്കണം. നല്ലപോലെ തേച്ചുകഴുകണം. നാളെ ഞാൻ നിങ്ങളെ പ്രതീക്ഷിച്ചിരിക്കും."

"അച്ചനെ എവിടെക്കാണും?" സാബട്ടു് ചോദിച്ചു,

"ഇവിടെത്തന്നെ, കുമ്പസാരമുറിയിൽ."

"എവിടാ, ആമൂലയ്ക്കുള്ള പെട്ടിയിലോ? പിന്നെ, ഒന്നു കേട്ടാട്ടെ. എനിക്കു് ആ പെട്ടിയോടു് അത്ര ഇഷ്ടമില്ല."

"എന്താ കാര്യം?"

"എന്താണെന്നോ? എനിക്കതു പരിചയമില്ല. പിന്നെ എന്റെ ചെവി പതുക്കയാ."

വിട്ടുവീഴ്ചചെയ്യാൻ പുരോഹിതനും തയ്യാറായി. "ശരി, ഞാൻ താമസിക്കുന്നിടത്തു വന്നാൽമതി. വായനമുറിയിൽ. അതു രഹസ്യമായി നമുക്കു നടത്താം. അതു സമ്മതമാണോ?"

"ഓ, അതു സമ്മതമാ. ഈ പെട്ടിക്കകത്തു കയറാതെകഴിച്ചാൽമതി."

"ശരി നാളെ പണികഴിഞ്ഞു് ആറുമണിക്കു്."

"ശരിതന്നെ. സമ്മതിച്ചു. അതു തീരുമാനിച്ചുകഴിഞ്ഞു. നാളെ കാണാം. പറഞ്ഞാൽ പറഞ്ഞപോലെ ചെയ്യുന്നവനാണു് സാബട്ടു് എന്നു് അച്ചനും ബോദ്ധ്യം വരും. ഞാൻ മുന്നോട്ടുവച്ച കാൽ പിൻവലിക്കില്ല." അയാം തൻെറ പരുപരുത്ത കൈ നീട്ടി. പുരോഹിതൻ സ്വന്തം കൈ അതിൽ ചേർത്തു. ഇങ്ങനെ അവർ കൈ അടിച്ചു ശബ്ദമുണ്ടാക്കി സത്യംചെയ്തു. ഈ ശബ്ദത്തിൻെറ പ്രതിധ്വനി മച്ചിട്ട മുറിയിൽക്കൂടി സഞ്ചരിച്ചു സംഗീതയന്ത്രത്തിൻെറ പിറകിൽച്ചെന്നു് അവസാനിച്ചു.

പിറെറ പകൽ മുഴവൻ സാബട്ടിനു് അസുഖമായിരുന്നു. ഒരു പല്ലുപറിക്കുന്നതിനുമുമ്പുണ്ടാകാവുന്ന അസുഖം. എപ്പോഴും അയാം ഓർക്കും. ഇന്നു കുമ്പസാരിക്കണമല്ലൊ. അതും സന്ധ്യയ്ക്കു്. അങ്ങനെ കുഴങ്ങിയ മനസ്സു്, അതായതു തീരെ നാസ്തികനായിത്തീർന്നിട്ടില്ലാത്ത ഒരാളുടെ മനസ്സു്, വല്ലാതെ വിഷമിച്ചു. ഏതോ അലൗകികമായ അത്ഭുതത്തിനെപ്പററിയുള്ള അജ്ഞാതമായ ഭീതിയാൽ.

പണി അവസാനിച്ച ഉടൻതന്നെ അയാം പുരോഹിതൻെറ താമസസ്ഥലത്തേക്കു നടന്നു. വീട്ടുടമസ്ഥൻ അയാളുടെ വരവുംകാത്തു് തോട്ടത്തിൽ പുസ്തകവും വായിച്ചുകൊണ്ടു നടക്കുന്നു. അയാളുടെ ആഗമനംതന്നെ ആനന്ദപ്രദമാണെന്ന ഭാവത്തിൽ ചിരിച്ചുംകൊണ്ടാണു പുരോഹിതൻ അയാളെ സ്വാഗതംചെയ്തതു്.

"ആഹാ. നിങ്ങളും ഇങ്ങോട്ടു വന്നല്ലൊ. ഒട്ടക്കം.

അകത്തേക്കു വരൂ, മാന്യനായ സാബട്ടെ! അകത്തേക്കു വരൂ. നിങ്ങളെ ഇവിടെ ആരും കടിച്ചുചീന്താൻ പോകുന്നില്ല."

സാബട്ടാണു മുന്നോ നടന്നതു്. "എല്ലാം നിങ്ങളുടെ ഇഷ്ടം. ഈ കൊച്ചുകാര്യം അങ്ങു വേഗംകഴിഞ്ഞാൽ നന്നായിരിക്കും." അയാഠം വിഷമത്തോടെ പറഞ്ഞു.

"നിങ്ങളുടെ സൗകര്യം നോക്കാനാണല്ലോ ഞാൻ ഇവിടെ ഇരിക്കുന്നതു്. എൻെറ സ്ഥാനവസ്ത്രവും ഇവിട്ടുണ്ടു്. ഒരു മിനിട്ടു താമസിച്ചാൽമതി. ഞാൻ നിങ്ങഠം പറയുന്നതു കേഠംക്കാൻ തയ്യാർ." പുരോഹിതൻ മറുപടി പറഞ്ഞു.

സാബട്ടു് കുഴങ്ങി. അയാളുടെ മനസ്സു് ശൂന്യമായി. ഏറെ മടക്കും വച്ചുകെട്ടും ഉള്ള കുപ്പായം പുരോഹിതൻ എടുത്തു ധരിക്കുന്നതുംനോക്കി അയാഠം നിലയായി. പുരോഹിതൻ അയാളുടെനേക്കു നോക്കിക്കൊണ്ടു കൈ കാണിച്ചു.

"മുട്ടുകുത്തണം ആ ഇരിപ്പടത്തിൽത്തന്നെ."

സാബട്ടു് മുട്ടുമടക്കിയില്ല. അയാഠം പിന്നീടും നിന്നു. മുട്ടുകുത്തുന്നതു നാണക്കേടാണു് എന്നു് അയാഠംക്കു തോന്നി.

"അങ്ങനെ ചെയ്യുന്നതുകൊണ്ടു് പ്രത്യേക ഗുണം വല്ലതും ഉണ്ടാകുമോ?" അയാഠം സംശയിച്ചു ചോദിച്ചു.

പുരോഹിതൻ ഗാംഭീര്യം ഭാവിച്ചു ചോദിച്ചു: "മുട്ടുമടക്കിയല്ലാതെ പശ്ചാത്താപപ്രായശ്ചിത്തം സഭയിൽ ഏററുപറയാൻ പാടുണ്ടോ?"

സാബട്ടും കുനിഞ്ഞു. "പ്രാത്ഥനചൊല്ലു." പുരോഹിതൻ കല്പിച്ചു.

"ഏ...?" സാബട്ടു് ചോദിച്ചു.

"പ്രാർത്ഥന അറിഞ്ഞു കൂടെ ഇല്ലേ? അതോ മറന്നു പോയോ? ഞാൻ പറയുന്ന വാക്കുകൾ ഓരോന്നും എടുത്തു പറയൂ." പുരോഹിതൻ പ്രാർത്ഥനചൊല്ലി. സാവധാനത്തിൽ ഓരോ വാക്കും നിറുത്തി, നിറുത്തി. അവയെല്ലാം സാബട്ട് ഏററുചൊല്ലി.

"ഇനിയും ഏററുപറയൂ."

സാബട്ട് ഒന്നും പറഞ്ഞില്ല. എവിടെയാണു തുടങ്ങേണ്ടതെന്ന് അയാൾക്ക് ബുദ്ധിയിൽ തോന്നിയില്ല. സഹായിക്കാനായി പുരോഹിതൻ മുറയ്ക്കു വിസ്തരിച്ചു.

"നിനക്കു പരിചയക്കുറവുള്ളതുകൊണ്ട്, എന്റെ കുഞ്ഞേ! ഞാൻ എടുത്തുചോദിക്കാം. ദൈവത്തിൻെറ കല്പന ഓരോന്നായി നമുക്കു പരിശോധിക്കാം. ഞാൻ പറയുന്നതു കേൾക്കു്. വിഷാദിക്കേണ്ട. എല്ലാം തുറന്നു പറയണം. കൂടുതൽ പറഞ്ഞുപോയെന്നു ഭയവും വേണ്ടാ.

"'ഏകദൈവത്തെ മാത്രമേ നീ വിശ്വസിക്കാവൂ. അദ്ദേഹത്തെ മാത്രമെ നീ വന്ദിക്കാവൂ! ഉള്ളുനിറഞ്ഞ ഭക്തിയോടെ.' നീ ദൈവത്തെപ്പോലെ, മറേറതിനെയെങ്കിലുമോ, ആരെയെങ്കിലുമോ സ്നേഹിച്ചിട്ടുണ്ടോ? നിന്റെ ആത്മാവ് മുഴുവനും ഉപയോഗിച്ച് അദ്ദേഹത്തെ വന്ദിച്ചിട്ടുണ്ടോ? മനസ്സു മുഴുവനുംകൊണ്ട്, നിനക്കുള്ള സ്നേഹത്തിൻെറ ശക്തിയെല്ലാം ഉപയോഗിച്ച് നീ അദ്ദേഹത്തിനെ വന്ദിച്ചിട്ടുണ്ടോ?"

സാബട്ട് ആലോചിച്ചു വിഷമിച്ചു. വിയർത്തു.

"ഇല്ല." അയാൾ പറഞ്ഞു. "ഇല്ലില്ല. എന്റെ അച്ചാ, ബഹുമാനപ്പെട്ട അച്ചാ, അങ്ങനൊന്നും ഉണ്ടായിട്ടില്ല. നല്ല ദൈവത്തിനെ കഴിവിനൊത്തു ഞാനും സ്നേഹിച്ചിട്ടുണ്ട്.ഞാൻ അദ്ദേഹത്തെ സ്നേഹിച്ചിട്ടുണ്ട്. എൻ്റെ

കുഞ്ഞുങ്ങളെ സ്നേഹിച്ചിട്ടില്ലെന്നു പറയാൻ വയ്യ. അതു ഞാൻ സമ്മതിക്കയില്ല. അവരെയും ദൈവത്തിനെയും തമ്മിൽ എന്റെ സ്നേഹകാര്യത്തിൽ തൂക്കിനോക്കാനും ഞാൻ തയ്യാറില്ല. ദൈവത്തിനെ സ്നേഹിച്ചാൽ ഞാൻ ഫ്രാങ്ക് നഷ്ടംവരുമെങ്കിൽ ഞാൻ എന്താണു ചെയ്യുന്നതെന്നു പറയാനും തയ്യാറില്ല. ഞാൻ ദൈവത്തിനെ സ്നേഹിക്കുന്നുണ്ട്, ശരിയായി. അതു നിശ്ചയം. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നുണ്ട്."

"ദൈവത്തിനെ മറ്റെല്ലാത്തിലും ഉപരിയായി നീ സ്നേഹിക്കണം." പുരോഹിതൻ ഗൗരവത്തിൽ കല്പിച്ചു.

സാബട്ട് സത്ഭാവംപൂണ്ടു പറഞ്ഞു: "എന്നാൽ കഴിയുംവിധം നോക്കാം. അതുപോരേ അച്ഛാ?"

"നീ ദൈവനാമം ഉപയോഗിച്ചോ, മറ്റേതുപേരു് ഉപയോഗിച്ചോ ആണയിടരുതു്." പുരോഹിതൻ പറഞ്ഞു: "നീ വല്ലപ്പോഴുമൊക്കെ ആണയിട്ടിട്ടില്ലേ?"

"ഓ, അത്ര കടന്നു് ആണയിട്ടിട്ടില്ല. ഞാൻ ആണയിടാറുമില്ല. ചിലപ്പോഴൊക്കെ എനിക്കു് ദേഷ്യംവരുമ്പോൾ 'ദൈവം തുലഞ്ഞുപോകട്ടെ' എന്നു പറഞ്ഞുകാണും. ആണയിട്ടിട്ടില്ല."

"അതാ 'ആണയിടീൽ' എന്നു പറയുന്നതു്." പുരോഹിതൻ ഗൗരവത്തിൽ ഉച്ചരിച്ചു. "ഇനിയും അതു ചെയ്യരുതു്. ഇനിയും അടുത്തതു് 'ദൈവത്തിനെ വിചാരിച്ചുതന്നെ സാബത്തുദിവസം കഴിയണം.' ഞായറാഴ്ച നീ എന്തു പണി എടുക്കുന്നു?"

ഈ ചോദ്യം കേട്ടപ്പോൾ സാബട്ട് ചെവി ചൊ

റിഞ്ഞു. "ഞാൻ നല്ല ദൈവത്തിന്റെ ജോലിനോക്കി അദ്ദേഹത്തെ സേവിക്കുന്നു. വീട്ടിലിരുന്നു ഞാൻ ഞായറാഴ്ച പണിയെടുക്കുന്നു."

പുരോഹിതൻ അത്യന്തം കാരുണ്യത്തോടെ കല്പിച്ചു: "ഇനിയുമെങ്കിലും ഭേദപ്പെട്ടു ജീവിക്കണം. അങ്ങനെ ചെയ്യും എന്നു ഞാൻ വിശ്വസിക്കുന്നു. അടുത്ത മൂന്നു കല്പനയും നമുക്കങ്ങു വിടാം. ആദ്യത്തെ രണ്ടിൻെറയും പിഴ നീ ചെയ്യുകാണുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ആറാമത്തേതും ഒൻപതാമത്തേതും കൂടി ഒന്നിച്ചാക്കാം. 'നീ അന്യരുടെ മുതൽ എടുക്കരുതു്. അറിഞ്ഞുംകൊണ്ടു് അവ സൂക്ഷിക്കരുതു്.' നിന്റേതല്ലാത്തതു് നീ എപ്പോഴെങ്കിലും കൈവശം വച്ചിരുന്നിട്ടുണ്ടോ?"

സാബട്ടിനു കോപംവന്നു: "ഇല്ലില്ല. തീർച്ചയായും ഇല്ല. എന്റെ അച്ചാ ഇല്ല. ഞാൻ ഒരു സത്യവാനാണു്. അതു സത്യം ചെയ്യാം. വേണ്ട സമയത്തിൽക്കൂടുതൽ മെനക്കേടുണ്ടാക്കി ഒന്നുരണ്ടു മണിക്കൂറുകൾ ചില ജോലിക്കാലത്തു്, തച്ച് അനുസരിച്ചു പണിചെയ്യുമ്പോൾ, ഞാൻ അറിഞ്ഞുംകൊണ്ടു വെറുതേ കളഞ്ഞുകാണും. ചില ബില്ലിലൊക്കെ അല്പസ്വല്പം കള്ളക്കൂലി കണക്കുകൂട്ടി എഴുതിക്കാണും. തുക തിരുത്തിക്കാണും. അതൊന്നും ഇല്ലാത്തതാണെന്നു പറയണോ? ദൈവത്തിനാണെ ഞാൻ ഒരു കള്ളനല്ല."

"ഒരു കാശു കൂടുതൽ വാങ്ങുന്നതും കളവാണു്." പുരോഹിതൻ കനപ്പിച്ചു പറഞ്ഞു: "ഇനിയും അതു ചെയ്യരുതു്. നീ കള്ളസ്സാക്ഷി പറയരുതു്. ഒരുതരത്തിലും കള്ളം പറയരുതു്. നീ കള്ളം പറഞ്ഞിട്ടില്ലേ?"

"ഇല്ല. അതു ഞാൻ ചെയ്തിട്ടില്ല. ഞാൻ കള്ളനല്ല.

ഈ അഭിമാനം ഞാൻ ഏറെ കരുതുന്നതും വിലവെയ്ക്കു ന്നതും ആണ്. ഞാൻ കാര്യം വലുതാക്കി പറഞ്ഞു കാണും. എന്നാൽ സത്യം തൊട്ടുതേച്ചിട്ടില്ലാത്ത കാര്യം അന്യനെ ബോദ്ധ്യപ്പെടുത്താനായി ഞാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. ഇതുകൊണ്ട് എനിക്ക വല്ല കാര്യസാദ്ധ്യ വും വരുമെങ്കിലേ കാര്യം ഞാൻ പറയുന്നുമില്ല. ഞാൻ കള്ളനാണോ എന്നു ചോദിച്ചാൽ 'അല്ല' എന്ന് ഉറപ്പി ച്ചുപറയും."

"നീ നിന്നെത്തന്നെ കുറച്ചുകൂടി സൂക്ഷിക്കണം." പുരോഹിതൻ പറഞ്ഞു: "കല്യാണം ചെയ്തതല്ലാതെ, മാംസത്തിൻെറ സാധനങ്ങളെ നീ ആഗ്രഹിക്കരുത്, സ്വന്തം ഭാര്യയല്ലാത്ത വല്ല പെണ്ണുങ്ങളിലും നീ ആശ വച്ചിട്ടുണ്ടോ? സ്വീകരിച്ചിട്ടുണ്ടോ?"

ആത്മാർത്ഥതയോടെ സാമ്പട്ട് മറുപടി പറഞ്ഞു: "ഇല്ല. ഇല്ലച്ചാ, ഇല്ല. എന്റെ പാവപ്പെട്ട കെട്ടിയോളെ പററിച്ചിട്ടില്ല. ഇല്ല. ഇല്ല, വിരലിൻെറ അററംകൊണ്ടു പോലും, വിചാരത്തിൽപ്പോലും, പിന്നെവേണ്ടേ പ്രവൃ ത്തിയിൽ. അതു സത്യം ചെയ്യാം.'' അയാൾ നിറുത്തി. കുറച്ചുകഴിഞ്ഞു പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു. അല്പം സംശയം ഈ ഉറപ്പിന് ഉണ്ടായിത്തുടങ്ങിയതുപോലെ. "പിന്നെ പട്ടണത്തിൽ പോകുമ്പോൾ—അത്തരം വീടു കളിൽ, ഏതുതരം വീടാണെന്ന് അച്ചനറിയാമല്ലോ— പോയി ചില മണ്ടത്തരങ്ങൾ ഞാനും കാണിച്ചിട്ടുണ്ട്. ഒരുകൊച്ചു മാററംമാത്രം. തൊലിയുടെ നിറം എപ്പോഴും ഒന്നായാലോ എന്നുവച്ചുമാത്രം. അതുണ്ടായിട്ടില്ല എ ന്ന് എങ്ങനെ പറയും? എങ്കിലും, അച്ചാ, പണം കൊടു ത്തിട്ടാണ് അതു വാങ്ങിച്ചിട്ടുള്ളതു്. പിന്നെ പണം

കൊടുത്താൽ, വിലകൊടുത്താൽ എടപാടു ശുദ്ധമായില്ലേ?"

പുരോഹിതൻ ഇതേപ്പററി അത്ര നിർബന്ധം കാണിച്ചില്ല. അയാൾക്കും പാപമോചനം നല്കി.

സാബത്ത് പള്ളിയിൽ പണിയേററു. മാസത്തിലൊരിക്കൽ കുമ്പസാരത്തിനു പോകാറുമുണ്ട്.

# മാപ്പുകൊടുത്തു

തന്നത്താനെ ഒഴിഞ്ഞുജീവിക്കുന്ന ഒരു കുടുംബത്തി ലാണു് അവർ വളന്നതു്. എല്ലാത്തിൽനിന്നും അക ന്നാണു് അവർ വത്തിച്ചതും. രാഷ്ട്രീയസംഭവവികാസ ങ്ങളിൽ അവർ അശ്രദ്ധരാണു്. ഭക്ഷണസമയത്തു് ഇ തേപ്പററി ഉന്മേഷംകൂടാതെ പറയും. ഗവണ്മെൻറിനു വ ന്നുചേരുന്ന മാററം അവരെ സംബന്ധിച്ചിടത്തോളം വ ളരെ അകലെയാണു നടക്കുന്നതു്. ചരിത്രസംഭവങ്ങൾ എന്നതുപോലെ ആണു് ഇവയെപ്പററിയും പറയാറുള്ള തു്. ലൂയി പതിനാറാമൻെറ മരണമോ, നെപ്പോളിയ ൻെറ വരവോപോലെയാണു് ഇന്നത്തെ കാര്യവും സ്മരി ക്കുന്നതു്.

നാട്ടുനടപ്പു മാറും. പരിഷ്കാരത്തിൻെറ വേഷം മാ റിമാറി വരും. എന്നാൽ, ഈ കുടുംബത്തെ ഇതൊന്നും സ്പർശിക്കയില്ല. പഴയ ചിട്ടയേ അവിടെ നടപ്പുള്ളൂ. ചുററു പാട്ടിലെവിടെങ്കിലും ഒരു വിശ്വസിക്കാൻ സാധിക്കാ ത്ത കഥ പരക്കുന്നുണ്ടെങ്കിൽ അതിൻെറ മൂട്ട് ഈ വീ ട്ടിൻെറ അങ്കണമാണു്. അല്ല, കൊള്ളരുതായ്മകൾ വല്ല തും ഈ നാട്ടുമുഴുവൻ പരന്നു കടന്നു് ഈ വീട്ടിൻെറ പ ടിവാതിലിൽ എത്തുമ്പോൾ അതു തുലഞ്ഞുതന്നെതീരും. അകത്തേക്കു കടക്കുകയില്ല എന്നതു നിശ്ചയംതന്നെ.

ഗൃഹനായകനും, ഗൃഹനായികയുംകൂടി രാത്രിയിൽ രഹസ്യമായി ഇതേപ്പററി രണ്ടുവാക്കു പറയും. ഇതും ഏറെ പയ്യെ. ചുവരിനുപോലും ചെവിയുണ്ടെന്നു ഭയ ന്നാണു് ഇവർ ഈ രഹസ്യം പറയുന്നതും.

ഏറ്റെ കരുതലോടെ ഗൃഹനാഥൻ പറയും:

"റിവേൾകുടുംബത്തിൽ നടന്ന ഭയങ്കരസംഭവം കേട്ടോ?"

ഗൃഹനായിക മറുപടി പറയും:

"അതു് ആരു വിശ്വസിക്കും? ഇങ്ങനെ നടക്കുവാൻ പോകുന്നെന്നു പറഞ്ഞാൽ വല്ലവരും വിശ്വസിക്കുമായിരുന്നോ? അത്രയ്ക്കു ഭയം ഉണ്ടാക്കുന്നതല്ലേ അതു്?"

കുട്ടികൾക്കു് ഒന്നിനെപ്പററിയും ഒരു ഊഹംപോലും നേരെ ലഭിച്ചിരുന്നില്ല. അവർ തൻേറടത്തോടെ ജീവിക്കാൻ പ്രായമാകുമ്പോഴും കണ്ണും മനസ്സും മൂടിക്കെട്ടിയവർതന്നെ ആയിത്തീരും. ഇത്തരത്തിൽ അല്ലാത്ത ഒരു ജീവിതം ഉണ്ടെന്നുപോലും ഇവക്കു ബോദ്ധ്യമാകയില്ല. പറയുന്നതുപോലെതന്നെയല്ലാതെ അകത്തു വിചാരിക്കുന്നവർ ഉണ്ടെന്ന വിചാരവും ഇവക്കു് ഇല്ല. പറയുന്നതുപോലെ അല്ല ചെയ്യുന്നതെന്നു വിശ്വസിക്കാൻ ഇവക്കു സാധിക്കയില്ല. ലോകവും ആയി പൊരുതുവേണം ജീവിക്കാൻ എന്നു് ഇവക്കു് അറിഞ്ഞുകൂടാ. പൊരുതില്ലെങ്കിലും പോരിനു തയ്യാറായി ആയുധം ധരിച്ചാണു് സമാധാനം നേടേണ്ടതു് എന്നും ഇവർ പഠിച്ചിട്ടില്ല. കൗശലക്കാക്കു പലപ്പോഴും കളിപ്പുപാററം. ആത്മാത്ഥതയ്ക്കു് അമളി പിണയും. നല്ലവർ ഉപദ്രവത്തിൽ ചെന്നു ചാടും. ഈ കാര്യങ്ങളൊന്നും ഈ കൂട്ടക്കു് ഊഹിക്കുവാൻപോലും സാധിക്കയില്ലതന്നെ.

ഇങ്ങനെ കണ്ണും അടച്ചു് ഇവർ മരണംവരെ സത്യസന്ധരായി കഴിയും. മൈത്രിയും, അഭിമാനവും ഇവക്കു് ഉടപ്പിറപ്പായി വത്തിക്കും. ചിലക്കു് ഈ കള്ളത്തരം ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല. കാര്യം മനസ്സിലാകാതെ അരക്ഷിതരായി 'ഇനിയും കരകേറാൻ

വഴിയില്ല' എന്നുതന്നെ കണക്കാക്കി കഴിഞ്ഞുകൂടും. ത ങ്ങളുടെ കാര്യത്തിൽമാത്രം വിധി വിചിത്രാവസ്ഥയാ ണു സ്വീകരിച്ചതെന്നു വിശ്വസിച്ചു വിഷാദിക്കും. അ ല്ലാഞ്ഞിൽ ദുഷ്ടന്മാരുടെ കൈകളിൽവീണു പന്താടും.

സാഹഞ്ജൽകുടുംബക്കാർ ബത്തിനെ പതിനെട്ടാ മത്തെ വയസ്സിൽ വിവാഹം ചെയ്തുകൊടുത്തു. അവളുടെ ഭത്താവു് പാരീസുകാരനായ ജാർജ്ജു ബാരൺ എന്ന യുവാവാണു്. അയാൾക്കു ജോലി സ്റ്റോക്ക്എക്സ്-ചേ ഞ്ചിലാണു്. കണ്ടാൽ കൊള്ളാവുന്ന ഒരു ചെറുപ്പക്കാ രൻ. ആരെയും വശീകരിക്കാൻതക്ക നാവു്. എന്നല്ല പുറമെ കാണിക്കേണ്ട മര്യാദകൾ എല്ലാം നല്ലവണ്ണം ഉരുക്കഴിച്ച ആളാണു്. എന്നാൽ ഹൃദയാന്തർഭാഗത്തു് തന്റെ ശ്വശുരന്മാരെപ്പററി അവജ്ഞയുടെ ലേശം അയാൾക്കു് ഉണ്ടെന്നും, ചങ്ങാതികളുടെ ഇടയിൽ ഈ നിഷ്കളങ്കരെ 'എന്റെ പ്രിയപ്പെട്ട പഴഞ്ചരക്കുകൾ' എന്നാണു് ഇദ്ദേഹം പറയാറുള്ളതെന്നും പരമാത്ഥം മാത്രമാണു്.

അയാളും ഒരു നല്ല കുടുംബത്തിൽ പിറന്നവനാ ണു്. യുവതിക്കു സ്വത്തും ധാരാളം. അയാൾ അവളെ കൂട്ടിക്കൊണ്ടു് പാരീസിൽ പോയി താമസമാക്കി.

പാരീസിൽതാമസിക്കുന്ന നാട്ടുംപുറത്തുകാരികളിൽ ഒരുവളായി അവളും ജീവിച്ചു. ആ വലിയ പട്ടണത്തിൽ നടക്കുന്നതു് ഒന്നുംതന്നെ അവൾ അറിയാറില്ല. പാരീ സിന്റെ പരിഷ്കാരം, സുഖഭോഗങ്ങൾ, നടപടികൾ, ഇവയൊന്നും അവൾ അറിഞ്ഞേ ഇല്ല. വഞ്ചനയും, ജീ വിതരഹസ്യവും ഇവൾക്കു് അറിയാൻ പാടില്ലാത്ത കാ ര്യങ്ങളായിരുന്നതുപോലെതന്നെ ഇവയും ഇവൾക്കു് അ ജ്ഞാതമായിത്തന്നെ വത്തിച്ചു.

അവൾ വീട്ടിൽത്തന്നെ കഴിഞ്ഞു. താമസിക്കുന്ന തെരുവുമാത്രമേ അവൾക്കു പരിചയമുള്ളു. വേറൊരു സ്ഥലത്തേക്കു യാത്രചെയ്തുകഴിയുമ്പോൾത്തന്നെ താൻ വളരെദ്ദൂരം സഞ്ചരിച്ചു കഴിഞ്ഞു എന്നായിരുന്നു അവളുടെ വിചാരം. അജ്ഞാതവും അസാമാന്യവും ആയ എന്തോ ദർശനം നടത്തി എന്നു് അവൾ വിചാരിച്ചുപോകും. അവൾ സന്ധ്യയ്ക്കു പറയും:

"ഞാൻ ഇന്നു് നടക്കാവു കടന്നു് അപ്പുറം പോയി."

ആണ്ടിൽ രണ്ടുമൂന്നു പ്രാവശ്യം ഭർത്താവു് അവളെ കൂട്ടിക്കൊണ്ടുപോയി നാടകം കാണിക്കും. ഇതു് ഒരിക്കലും മറക്കാൻപാടില്ലാത്ത മഹാകാര്യങ്ങളായിട്ടാണു് അവൾ കരുതിയതു്. ഇതെല്ലാം അവൾ ഇടയ്ക്കിടയ്ക്കു് ഓർമ്മിച്ചു പറകയും ചെയ്യും.

നാടകം കണ്ടിട്ടു മൂന്നുമാസം കഴിഞ്ഞുകാണും. അവൾ പൊട്ടിച്ചിരിച്ചുംകൊണ്ടു പറഞ്ഞുതുടങ്ങും. അതും ഭക്ഷണം കഴിക്കുമ്പോൾ!

"കോഴി കരയുംപോലെ കരഞ്ഞ ആ വിദൂഷകനെ നിങ്ങൾക്കു് ഓർമ്മയില്ലേ?"

ബന്ധുത്വം ഉള്ള രണ്ടു കുടുംബങ്ങളിൽ മാത്രമായിരുന്നു അവളുടെ ശ്രദ്ധ പതിഞ്ഞിരുന്നതു്. അവളുടെ 'മനുഷ്യലോകത്തിൽ' ഇവർ മാത്രമേ ജീവിച്ചിരുന്നുള്ളു. ആ കുടുംബക്കാരെ 'ആ' എന്ന വിശേഷണം കൂട്ടിയേ അവൾ വിളിക്കു. 'ആ മാട്ടിനെററ് വീട്ടുകാർ,' 'ആ മിച്ചലിന്റ്'വീട്ടുകാർ' എന്നു് ഇവരെപ്പററി മാത്രമേ അവൾ പറയുകയുള്ളു.

അവളുടെ ഭർത്താവു് അയാൾക്കു തോന്നിയവിധം ജീവിച്ചു. അയാൾക്കു ബോധിച്ച സമയത്തിനു വീട്ടിൽ വരും. ചിലപ്പോൾ വെളുപ്പിനായിരിക്കും വരുന്നതു്.

ജോലിത്തിരക്ക് ഉണ്ടായിരുന്നെന്നു ചിലപ്പോൾ സൂചിപ്പിക്കും. ഒരു തടസ്സവും തനിക്ക് ഉണ്ടാകാനില്ലെന്ന് അയാൾക്കു ബോദ്ധ്യമുണ്ട്. അത്ര ഉറപ്പുണ്ടായിരുന്നതുകൊണ്ട്, ഈ സ്ഫടികംപോലെ സ്ഫുടമായ ഹൃദയത്തിൽ ഒരു കാററും കോളും കടക്കില്ലെന്ന് അയാൾ വിശ്വസിച്ചുപോയി.

എന്നാൽ ഒരുദിവസം അവൾക്ക് ഒരു പേരില്ലാകത്ത് കിട്ടി. അവൾക്ക് അതിനോടുകൂടി നിരാശ വന്നുചേൻു. ഇതിൽ സൂചിപ്പിച്ചിരുന്ന അപവാദങ്ങൾ നടന്ന കാര്യങ്ങളേക്കാൾ ഏറെ വഷളാക്കിയാണ് പ്രതിപാദിച്ചിട്ടുള്ളതെന്ന് ഈ സാധുവിന് അറിയാൻ സാധിച്ചില്ല. "എഴുതുന്ന ആളിനു വായിക്കുന്ന ആളിൻെറ സുഖത്തേപ്പററിയുള്ള ചിന്ത ഒന്നുമാത്രമാണ് പ്രേരണ നല്കിയതു്" എന്ന വാചകം അവൾ അപ്പടി വിശ്വസിച്ചു. പോരെങ്കിൽ, "ദുഷ്ടതയോട്ട് ഉള്ള വൈരവും, സത്യത്തോടുള്ള പ്രേരണയും ഇതിനു കൂട്ടമായി" എന്നും എഴുതിയിരുന്നു.

ആ കത്തിൽ വിവരിച്ചിരുന്ന കാര്യം ഇതാണ്: "ബത്തിൻെറ ഭത്താവിനു രണ്ടു കൊല്ലമായി ഒരു വെപ്പാട്ടിയുണ്ട്. ഒരു യുവവിധവ. പേരു റോസറെറന്ന്. അവളുടെ കൂട്ടത്തിലാണ് അയാൾ അന്തിമയങ്ങുന്നതും."

കള്ളം ഉള്ളിൽ മറച്ചുവെക്കാനോ, അതു് അറിഞ്ഞേയില്ലെന്നു ഭാവിക്കാനോ ബത്തിനു സാധിച്ചില്ല. ഒരു കൗശലംകൊണ്ടു ഭത്താവിൻെറ രഹസ്യം പുറത്താക്കാനോ, അയാൾ അറിയാതെതന്നെ അയാളെ പരിശോധിക്കാനോ അവൾക്കു കഴിവില്ല. ലഘുഭക്ഷണത്തിനായി അയാൾ വീട്ടിൽ വന്നപ്പോൾ ഭാര്യ ഏങ്ങലടിച്ചു കരഞ്ഞുംകൊണ്ട് എഴുത്തെടുത്ത് അയാളുടെ മുന്നി

ലേക്കെറിഞ്ഞു. അതുകഴിഞ്ഞു മുറിയിൽനിന്നു കരഞ്ഞും കൊണ്ടു് ഓടിക്കളയുകയും ചെയ്തു.

ഇങ്ങനെ കാൎയ്യം മനസ്സിലാക്കാനും, ഉത്തരം ശരിക്ക പറഞ്ഞു നില്ക്കത്തക്കവണ്ണം ആലോചിക്കാനും അയാൾക്ക സമയംകിട്ടി. ഇതെല്ലാം ഉറച്ചുംകൊണ്ടാണു് അവളുടെ മുറിയുടെ വാതിലിനു് അയാൾ മുട്ടിയതു്. അവൾ ഉടൻ കതകുതുറന്നു. എന്നാൽ മുഖത്തു നോക്കിയില്ല. അയാൾ പുഞ്ചിരിതൂവി. ഇരുന്നു. അവളെ പിടിച്ചു മടിയിലിരുത്തി. സ്വസ്ഥതരത്തിൽ, അല്പം വിനോദം കലൎത്തി അയാൾ പറഞ്ഞുതുടങ്ങി:

"എൻെറ കൊച്ചുതങ്കം! ആ റോസററു് എന്റെ ഒരു സ്നേഹിതയാണു്. എനിക്കു് അവളെ പത്തു വൎഷമായി പരിചയം ഉണ്ടു്. എനിക്കു് അവളോടു് ഇഷ്ടവും തന്നെ. ഇതുപോലെതന്നെ എനിക്ക മറ്റു് ഇരുപതു കൂട്ടുകാരോടും ഇഷ്ടമുണ്ടു്. ഇവരുടെ ആരുടേയും കഥ നിന്നോടു ഞാൻ പറഞ്ഞിട്ടും ഇല്ല. നിനക്കു് ഇതിൽ ഒന്നും രസമില്ലാത്തതുകൊണ്ടും പുത്തൻകൂട്ടുകാരെ സമ്പാദിക്കണം എന്നു ചിന്തയില്ലാത്തതുകൊണ്ടും മാത്രമാണു ഞാൻ ഇതൊന്നും പറയാത്തതും. ഈ അയോഗ്യത ചേൎക്കുന്ന അവാസ്തവപ്രസ്താവനകൾകൊണ്ടു നീ ഒരിക്കലും വിഷമിക്കരുതു്. ഇനിയും അതിനു് അവസരം ഉണ്ടായിക്കൂടാ താനും. നീയും വല്ലതും കഴിക്കു്. അതുകഴിഞ്ഞു നമുക്കു് ഈ മാന്യയുവതിയെത്തന്നെ പോയി കാണാം. കാണുമ്പോൾത്തന്നെ നിനക്കു് അവളോടു സ്നേഹം തോന്നാതിരിക്കില്ല—എനിക്കു് ആ കാൎയ്യത്തിൽ നല്ല നിശ്ചയമുണ്ടു്."

ബത്ത് ഭൎത്താവിനെ കൊതിയോടെ ആലിംഗനം ചെയ്തു. സ്ത്രീകളുടെ ജിജ്ഞാസ ഒരിക്കൽ ഉണൎന്നാൽ

പിന്നീടു മയങ്ങുകയില്ല. ഈ വിധം ജിജ്ഞാസയാൽ പ്രേരിതയായി ഈ അപരിചിതയെ കാണുവാൻ അവൾ വിസമ്മതിച്ചില്ല. അതുമല്ല, ഈ റോസററിനേപ്പററി അവൾക്കുണ്ടായ സംശയം മാറിയും ഇല്ല. കാൎയ്യം എല്ലാം ഭൎത്താവു ശരിക്കു പറഞ്ഞു് ഒപ്പിച്ചെങ്കിലും ബൎത്തിൻെറ സംശയം സംശയമായിത്തന്നെ പിന്നെയും ശേഷിച്ചു. ആപത്തിൻെറ സ്വഭാവം ശരിക്കറിഞ്ഞാൽ അതിൽനിന്നു രക്ഷനേടാൻ വഴിയും കാണും. ഈ സ്വഭാവം സ്ത്രീകൾക്കു സഹജമാണു് എന്നതിൽ സംശയവും ഇല്ല. അല്ലെങ്കിൽ ഈ നിഷ്കളങ്കശിശുവിനു് ഇതു തോന്നുകയും ഇല്ലായിരുന്നു.

കാഴ്ചയ്ക്കുതന്നെ ചന്തമുള്ള ഒരു വീടിൻെറ നാലാമത്തെ നിലയിലുള്ള ഒരു മുറിയിലാണു് അവർ കടന്നുചെന്നതു്. നല്ലപോലെ അലങ്കരിച്ച മുറി. വേണ്ടത്ര സുഖസൗകൎയ്യങ്ങൾ. അവർ ആ സ്വീകരണമുറിയിൽ കുറച്ചു കാത്തുനില്ക്കേണ്ടതായി വന്നു. അവിടെ കടക്കുന്ന വെളിച്ചത്തിനുപോലും ഒരു സൗകുമാൎയ്യം ഉണ്ടായിരുന്നു. കാരണം അഴകുള്ള വെളിയടകളുടെ നിറപ്പകിട്ടും വെളിച്ചം അരിച്ചുകടത്തുവാനുള്ള കെല്പും വേണ്ടവിധത്തിൽ അവിടെ ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. വാതിൽ തുറന്നു് ഒരു യുവതി ആ സ്വീകരണമുറിയിലേക്കു വന്നു. അല്പം കറുപ്പുകലൎന്ന നിറം. ചെറിയ ഉടൽ. അല്പം 'ഭൂഷണിച്ച' പ്രകൃതം. അല്പം ആശ്ചൎയ്യഭാവം മുഖത്തു് ഉണ്ടായെങ്കിലും പുഞ്ചിരി പറന്നുപോയില്ല.

ജാർജ് ആ മാന്യകളെ പരിചയമാക്കി:

"എൻെറ ഭാൎയ്യ, ജൂലി റോസററ് മദാമ്മ."

ആ യുവവിധവ ആശ്ചൎയ്യം വെളിപ്പെടുത്തുന്ന ഒരു ശബ്ദം ആദ്യം പുറപ്പെടുവിച്ചുപോയി. അതോടുകൂട

സന്തോഷവും പ്രദശിപ്പിച്ചു. രണ്ടുകൈകയും നീട്ടിക്കൊണ്ടാണു മുന്നോട്ടുവന്നതു്.

ഈ ആനന്ദം ആശിച്ചിരുന്നതല്ല. ബാരൺമദാമ്മ ആരെയും സ്വീകരിക്കുക പതിവില്ലെന്നു താൻ നേരത്തെ അറിഞ്ഞിരുന്നു. എന്നാലും ഏറെ സന്തോഷമായി. ജാർജ്ജും ജാർജ്ജുകളും അവരുടെ മിത്രങ്ങളാണു്. ജാർജ്ജുകൾ, എന്നു പറഞ്ഞതുതന്നെ ഏറെ പരിചയഭാവത്തിലും. സഹോദരഭാവം ഈ വാക്കുകളിൽ ആ മദാമ്മ ഏറെ പ്രകാശിപ്പിച്ചു. ജാർജിൻെറ കളത്രത്തെ കാണണമെന്നും, പരിചയപ്പെടണമെന്നും, ആ മാന്യയുമായി സ്നേഹഭാവത്തിൽ കഴിയണമെന്നും താൻ ഏറെനാളായി കൊതിക്കുന്നു. ഇതെല്ലാം ആയിരുന്നു റോസറ്റ്മദാമ്മയുടെ സ്വാഗതവചസ്സുകൾ.

രണ്ടുമാസക്കാലംകൊണ്ടു രണ്ടുപേരും പിരിഞ്ഞാൽ പിടയുന്ന കൂട്ടുകാരായി. അവർ എന്നും കണ്ടു. ചിലദിവസം രണ്ടുപ്രാവശ്യം. മിക്കപ്പോഴും ഭക്ഷണം കഴിക്കുന്നതും ഒന്നിച്ചുതന്നെ. ഒന്നുകിൽ റോസററിൻെറ വീട്ടിൽ അല്ലെങ്കിൽ ബാരൻെറ ഗൃഹത്തിൽ. ജാർജ് വെളിയിലെങ്ങും പോകാറില്ല. ജോലിക്കൂടുതലിനെപ്പററി പറയാറും ഇല്ല. സ്വന്തം വീട്ടിൻെറ ചൂടാണു കൂടുതൽ നല്ലതെന്നു് അയാൾ പറയാനും തുടങ്ങി.

റോസറ്റ് മദാമ്മ താമസിച്ചിരുന്ന കെട്ടിടത്തിൽ തന്നെ ചില മുറികൾ ഒഴിവുവന്നു. ഒരു കുടുംബത്തിനു കഴിയുവാനുള്ള സൗകര്യം എല്ലാം അവിടുണ്ടു്. പോരെങ്കിൽ റോസററ്മദാമ്മയുടെ മുറികൾക്കു തൊട്ടടുത്തതും. ബാരൻമദാമ്മ ഈ സ്ഥലം വേഗം വാടകയ്ക്കെടുത്തു. തോഴിയുടെ കൂട്ടു് എപ്പോഴും ലഭിക്കുമല്ലോ എന്നായിരുന്നു ആശ.

രണ്ടുകൊല്ലംമുഴവൻ ഇവർ മൈത്രിയിൽത്തന്നെ വത്തിച്ചു. ഇതിനിടയിൽ ഒരു കരിങ്കാറും കടന്നില്ല. ഹൃദയത്തിൽ, ആത്മാവിൽ, പൂണ്ണമായി, ലളിതമായി, ലാവണ്യപൂണ്ണമായി, ആനന്ദമയമായി, അന്യോന്യാവലംബിയായി ഇവരുടെ സ്നേഹം വത്തിച്ചു. ബത്തിന ജൂലിയുടെ പേരുകൂട്ടാതെ ഒരുകായ്യവും പറയാനില്ല. ജൂലി പരിപൂണ്ണയാണ്. അവൾക്കു ശാന്തിയും, രമ്യതയും ചേന്ന പൂണ്ണസൗഖ്യം ഈ സ്ഥലംമാററത്തോടെ ലഭിച്ചു.

റോസററ് മദാമ്മയ്ക്കു സുഖമില്ല. ബത്ത് അവളുടെ അടുക്കൽനിന്നു് ഒഴിയാറെ ഇല്ല. നിരാശനിറഞ്ഞ രാത്രികൾ. ഭത്താവിനും ഹൃദയം പൊട്ടി.

ഒരു ദിവസം രോഗിണിയെ കണ്ടിട്ട് ഡാക്ടർ ഭായ്യാഭത്താക്കന്മാരെ പ്രത്യേകം വിളിച്ചു. അവരുടെ മിത്രത്തിൻെറ അവസ്ഥ ആശങ്കാജനകംതന്നെ എന്നു് ഇവരെ അറിയിച്ചു. അയാൾ പോയിക്കഴിഞ്ഞപ്പോൾ ഭായ്യാഭത്താക്കന്മാർ അന്യോന്യം നോക്കി. പിന്നീടു കരയാൻതുടങ്ങി. അന്നു രണ്ടുപേരും രാത്രിമുഴവൻ രോഗിണിയുടെ സമീപംതന്നെ ഇരുന്നു.നിമിഷംപ്രതി ബത്ത് രോഗിണിയെ സസ്നേഹം ആലിംഗനംചെയ്യും. ആലിംഗനത്തിൽ അലിയുകതന്നെ ചെയ്യും. ജാർജ് കിടക്കയുടെ കാല്ക്കൽ അനങ്ങാതെനിന്നു കാണും. അടുത്തദിവസം രോഗം വദ്ധിച്ചു.

ഒടുവിൽ സന്ധ്യയോടു് അടുത്തപ്പോൾ രോഗിണിതന്നെ പറഞ്ഞു. തനിക്കു സുഖമുണ്ടെന്നു്. അവരെ ഭക്ഷണത്തിന് അവൾ പറഞ്ഞു നിർബന്ധിച്ചു് അയച്ചു.

അവർ വിഷാദത്തോടാണ് ഭക്ഷണം കഴിക്കാൻ ഇരുന്നതു്. ഒന്നും വായിലേക്കു കൊണ്ടുപോയില്ല. പരി

ചാരിക ഒരു കവർ അപ്പോൾ അവിടെ കൊണ്ടുവന്നു. അയാൾ അതു പൊട്ടിച്ചുനോക്കി. വിളറി. വല്ലാതായി. തൊണ്ട അടഞ്ഞുപോയവിധത്തിലാണ് ഭാര്യയോടു സംസാരിച്ചതു്:

"എനിക്കു സമ്മതം തരണം, നിന്നെ വിട്ടിട്ട് അല്പനേരം മാറിനിക്കേണ്ട ആവശ്യം ഉണ്ടു്. ഞാൻ പത്തു മിനിട്ടിനകം വരാം. എനിക്കായി കാത്തിരിക്കേണ്ട."

തൊപ്പി എടുക്കാനായി അയാൾ മുറിയിലേക്ക് ഓടി. ബത്ത് കാത്തിരുന്നു. അവൾക്കു പുതിയ ഒരു പേടി. എന്നാൽ എല്ലാററിനും വഴങ്ങിക്കൊടുക്കുന്ന പ്രകൃതക്കാരി ആയിരുന്നതുകൊണ്ടു് ഭർത്താവു് തിരിച്ചുവരുംവരെ അവൾ രോഗിണിയുടെ മുറിയിലേക്കു പോയില്ല.

അയാൾ മടങ്ങിവന്നില്ല. അയാളുടെ മുറിയിൽ പോയി ഒന്നു നോക്കിക്കളയാം എന്നു് അവൾക്കു തോന്നി. മറെറാന്നിനുമല്ല. അയാൾ 'കൈ ഉറ' മറന്നിട്ടാണോ പോയതെന്നു നോക്കാൻമാത്രം. ഇവ ഇല്ലാതെ അദ്ദേഹം പുറത്തെങ്ങും പോവുക പതിവില്ല. കൈ ഉറ കണ്ടില്ലെങ്കിൽ അയാൾ മററു വല്ലയിടത്തും ആയിരിക്കും പോയതു് എന്നു നിശ്ചയംവരുത്താം.

ആദ്യം നോക്കിയപ്പോൾത്തന്നെ അവ അവിടെ കിടക്കുന്നതുകണ്ടു. അതിനടുത്തു് ഒരു കടലാസും. ഒടിച്ചു മടക്കിയ ഒരു കടലാസുകഷ്ണം. അയാൾ ധിറുതിയിൽ അവിടെ ഇട്ടിട്ടുപോയതു്.

അവൾക്കു് ആ കടലാസ് ഏതെന്നു് ഉടൻ മനസ്സിലായി. ജാർജിനു പരിചാരിക കൊണ്ടുകൊടുത്ത കടലാസ്. അവൾക്കു് അന്നു ജീവിതത്തിൽ ആദ്യമായി ഒരു അത്യാശ ജനിച്ചു. തെററായ തോന്നൽ. അതു വായിച്ചുനോക്കണം. അവളുടെ ആത്മവീര്യം ആ വിചാ

രത്തിനോടു ചെറുത്തുനിന്നു. എന്നാൽ ജിജ്ഞാസ അവ ളുടെ കൈക്കു കൊതികൂട്ടി. അവൾ ആ കടലാസ് എടു ത്തു. തുറന്നു. അതു് ജൂലിയുടെ കൈപ്പടയാണെന്നു മന സ്സിലാക്കി. വിറയലുള്ള ഒരു കൈകൊണ്ടു് എഴുതിയ തു്. അവൾ വായിച്ചു:

"തനിച്ചു വരണം. എന്നെ ആലിംഗനം ചെയ്യണം. എൻെറ സാധ്യൂ! ഓമനേ! ഞാൻ മരിക്കാൻപോകുന്നു."

ഇതു് എല്ലാം ഒരുമിച്ചു് അവൾക്കു മനസ്സിലാ ക്കാൻ സാധിച്ചില്ല. അവൾ സ്തംഭിച്ചു നിന്നു. മരണത്തെ പ്പററി ഉള്ള വിചാരമാണു് ഈ 'മരവിപ്പിക്കലിനു' പ്ര ധാനകാരണം.

പെട്ടെന്നു് അതിൻ്റെ അതിപരിചയം അവളുടെ വിഷമം കുറച്ചു. ഇതു് ഒരു വലിയപ്രകാശംപോലെയാണു അവളുടെ ജീവിതത്തിൽ പ്രവേശിച്ചതു്. ഈ നഗ്നസ ത്യം. കൊള്ളരുതായ്മയുടെ പരമാത്ഥം, അവരുടെ വഞ്ചന, അവരുടെ അവിശ്വാസം നിറഞ്ഞ പെരുമാററം. ആത്മവ ഞ്ചനയുടെ ആഴം, അവളുടെ സൽസ്വഭാവത്തിനു് അ വർ കല്പിച്ചുകൂട്ടിചെയ്ത അവമതി. തന്നെ അവർ ഇങ്ങ നെ വഞ്ചിച്ചതു്, എല്ലാം അവൾ ഉടൻ കണ്ടറിഞ്ഞു.

അവർ രണ്ടുപേരും അന്യോന്യം മുഖംകാണിച്ചു ര സിക്കുന്നു. മുഖാനോക്കി രസിക്കുന്നു. വിളക്കിൻെറ പ്രകാ ശത്തിൽ അവൾ ഇതു തെളിഞ്ഞു കണ്ടു. ഒരേ പുസ്തകം തന്നെ ഒരുമിച്ചു വായിക്കുന്നു. ഓരോ താളുതീരുമ്പോഴും, മറിക്കുമ്പോഴും പിന്നെയും കടാക്ഷിക്കുന്നു.

അവളുടെ ഉള്ളു് പിടച്ചു. അവൾക്കു് അസഹ്യമാ യ കോപംവന്നു. അവളുടെ ഉള്ളു നീറി. അതിരററ വ്യ സനത്തിൽ അവൾ പതിച്ചു.

അവൾ കാലൊച്ച ശ്രദ്ധിച്ചുകേട്ടു. സ്വന്തം മുറിയിലേക്ക് അവൾ ഓടിമറഞ്ഞു.

അവളുടെ ഭർത്താവ് വിളിച്ചുപറഞ്ഞു:

"വേഗംവരൂ. റോസററ്മദാമ്മ മരിക്കാറായി."

അവൾ സ്വന്തം മുറിയുടെ വാതിൽപ്പടിയിൽ നില്ക്കുന്നു.

"നിങ്ങൾ തനിച്ചു പോയാൽ മതി. എന്റെ സാമീപ്യം അവിടെ ആവശ്യമില്ല."

അയാൾ അമ്പരന്ന് അവളെ നോക്കി. സങ്കടം സഹിക്കാൻ സാധിക്കാതെ അയാൾ പിന്നീടും പറഞ്ഞു:

"വേഗം, വേഗം. അവൾ മരിക്കാറായി."

ബർത്ത് മറുപടി പറഞ്ഞു:

"ഞാനായിരിക്കണം ഈ നിലയിൽ എത്തേണ്ടതെന്നല്ലേ നിങ്ങളുടെ ഉള്ളിലെ വിചാരം? അതു ഞാനായിരുന്നെങ്കിൽ എന്നു നിങ്ങൾക്ക് ആശ തോന്നുന്നില്ലേ?"

അപ്പോൾ അയാൾക്കും മനസ്സിലായിക്കാണണം. അവളെ തനിച്ചാക്കിയിട്ട് അയാൾ പിന്നീടും മരിക്കാൻ കിടക്കുന്ന സ്ത്രീയുടെ അടുക്കലേക്കു തിരിച്ചുചെന്നു.

അവിടെ അയാൾ ഭയം കൂടാതെ കരഞ്ഞു. അയാൾക്കു ലജ്ജ തോന്നിയില്ല. ഭാര്യയുടെ വിഷാദത്തെപ്പററി അനാസ്ഥ തോന്നി. അവൾ അയാളോടു സംസാരിച്ചില്ല. നോക്കിയില്ല. വെറുപ്പു വർദ്ധിച്ചു. തന്നിൽത്തന്നെ ലയിച്ച് അവൾ ഭർത്താവിനോടു കലഹിച്ച്, സദാസമയവും ദൈവത്തിനോടു നേരിട്ടു കാര്യം ബോധിപ്പിച്ച് പ്രാർത്ഥിച്ചു ജീവിച്ചു.

അവർ ഒന്നിച്ചു താമസിച്ചു. എന്നാലും, ഒന്നിച്ചു ഭക്ഷണം കഴിച്ചെങ്കിലും, ഭക്ഷണത്തിന് ഇരുന്നതു മുഖ

ത്തോടു മുഖംനോക്കിയാണെങ്കിലും രണ്ടുപേരും ഒരക്ഷരവും ഒന്നിനെപ്പററിയും ഉരിയാടിയില്ല.

ഒരു കൊല്ലം ഇവർ ഇങ്ങനെ അപരിചിതരായി കഴിഞ്ഞു. ഭാൎയ്യയ്ക്കു് ഉന്മാദം വന്നുചേൎന്നു എന്നുതന്നെ തോന്നി.

ഒരു ദിവസം രാവിലെ അവൾ ഇറങ്ങിപ്പോയി. എട്ടുമണിക്കു് മടങ്ങിവന്നു. കൈവശം ഒരു പൂച്ചെണ്ടു് ഉണ്ടായിരുന്നു. വെളുത്ത റോസാപ്പൂകൊണ്ടുമാത്രം കെട്ടിയുണ്ടാക്കിയ ഒരു വലിയ പൂച്ചെണ്ടു്.

തനിക്കു ഭൎത്താവിനോടു ചില കാൎയ്യങ്ങൾ പറയാനുണ്ടെന്നു് അവൾ പരിചാരികവഴി അറിയിച്ചു. അയാൾ അമ്പരന്നു വന്നുചേൎന്നു.

അവൾ അയാളോടു പറഞ്ഞു:

"നമ്മൾക്കു് ഒന്നിച്ചു പോകണം. ഈ പൂച്ചെണ്ടു് പിടിച്ചുകൊള്ളണം. ഇതു് എനിക്കു് എടുക്കാൻ വയ്യാത്തവിധം ഭാരമുള്ളതാണു്."

അയാൾ ഈ പൂച്ചെണ്ടും പിടിച്ചുംകൊണ്ടു ഭാൎയ്യയുടെ പിറകേ പോയി. ഒരു വണ്ടി അവിടെ കാത്തുനില്പുണ്ടു്. അവർ കയറിയിരുന്ന ഉടൻതന്നെ വണ്ടി വിട്ടു.

ശ്മശാനത്തിൻെറ മുന്നിൽ വണ്ടി നിന്നു. ഭാൎയ്യ കണ്ണീരോടുകൂടി ഭൎത്താവിനെ അറിയിച്ചു:

"അവളുടെ ശ്മശാനത്തിലേക്കു് എന്നെ കൊണ്ടുപോകൂ."

അയാളും വിറച്ചു. കാരണം മനസ്സിലാക്കാതെ വിറച്ചു. കാൎയ്യം നേരേ അറിയാതെ വിറച്ചു. അയാൾ പൂച്ചെണ്ടുംകൊണ്ടു മുന്നേ നടന്നു. ഒടുവിൽ വെളുത്ത മാർബിൾകൊണ്ടു പണിഞ്ഞ ഒരു സ്മാരകത്തിൻെറ

മുന്നിൽ അയാൾ നിന്നു. അയാൾ നിശ്ശബ്ദം ആ സ്ഥലം അവളെ ചൂണ്ടിക്കാണിച്ചു.

അവൾ അയാളുടെ പക്കൽനിന്നും പൂച്ചെണ്ടു വാങ്ങി. മുട്ടുകുത്തി. ആ പൂച്ചെണ്ടു് ആ സ്മാരകത്തിൻെറ കാല്ക്കൽ അർപ്പിച്ചു. അവൾ സാധാരണ ചൊല്ലാറില്ലാത്ത ഒരു സമർപ്പണപ്രാർത്ഥന ചൊല്ലി. ഭർത്താവു് ഭാർയ്യയുടെ പിറകിൽനിന്നു കരഞ്ഞു. പഴയ ഓർമ്മ മുഴുവൻ അയാൾക്കു തിരിച്ചുവന്നു. അവ അയാളെ വല്ലാതെ ശല്യം ചെയ്തു.

അവൾ എഴുനേററു. കൈ അയാളുടെനേർക്കു നീട്ടി.

അവൾ പറഞ്ഞു:

"നിങ്ങൾക്കു് ആഗ്രഹം ഉണ്ടെങ്കിൽ ഇനിയും നമുക്കു് മിത്രങ്ങളായി കഴിഞ്ഞുകൂടാം."

SAHITHYA VILASINI LIBRARY
AYATHIL.
KILIKOLLOOR
SPO

# അന്തോണീസ് പുണ്യവാളൻ

അയാളെ, അന്തോണീസ് പുണ്യവാളൻ എന്നാണു വിളിക്കാറുള്ളതു്. കാരണങ്ങൾ: (1) അയാളുടെ പേർ അന്തോണി എന്നാണു്. (2) അതുമല്ല അയാൾ ഒരു സരസനും, കൂട്ടുകൂട്ടാൻ കൊള്ളാവുന്നവനും ആയിരുന്നു. (3) മററുള്ളവരുടെ ഹൃദയം നോവുന്നവിധത്തിലുള്ള വിഡ്ഢിത്തങ്ങൾ കാണിക്കാൻ അയാൾക്കു യാതൊരു മടിയുമില്ല. (4) വലിയ തീററിപ്പണ്ടം, മുക്കുടിയൻ ഇതു രണ്ടുംകൂട്ടി ഉരുട്ടിയ തക്കിടിമുണ്ടനാണയാൾ. (5) പരിചാരികകളുടെ ഇടയിൽ ഈ അറുപതുകഴിഞ്ഞ കിഴവച്ചാർ ഒരു വലിയ ആളുംകൂടി ആണുതാനും.

അയാൾ കാക്സ് പ്രവിശ്യയിലുള്ള ഒരു തടിയൻ കൃഷിക്കാരനാണു്. മുഖം ചുവന്നു്, നെഞ്ചു വിതിർന്നു്, വയറു ചാടിയ ഈ തടിച്ച ഉടൽ താങ്ങാൻ കരുത്തില്ലാത്ത ചടച്ച കാലുകളുടെ മുകളിൽ പടച്ചുവിട്ട ഒരു പ്രത്യേകസത്വം; എന്ന വിധമാണു് കാഴ്ചക്കാർക്കു് തോന്നിച്ചതു്.

അയാൾ ഒരു വിഭാര്യനായിരുന്നു. എന്നു പറഞ്ഞാൽ ഭാര്യ മരിച്ചുപോയി എന്നു വ്യാഖ്യാനിച്ചുകൊള്ളണം. രണ്ടു് ആണുങ്ങൾ, ഒരു പെണ്ണു്, ഇവരായിരുന്നു ഇദ്ദേഹത്തിൻെറ പരിചാരകസംഘം. ഇവർ ഒന്നിച്ചു് അദ്ദേഹം കൃഷിസ്ഥലത്തുതന്നെ താമസിക്കയാണു്. ഈകൃഷി നല്ല നോട്ടത്തോടുകൂടിത്തന്നാണു നടത്തുന്നതും. സ്വന്തം കാര്യം നല്ലപോലെ ശ്രദ്ധിച്ചുനോക്കും. വ്യവസായകാര്യം മനസ്സിലാക്കിയിട്ടുണ്ടു്. കന്നുകാലിവളർത്തലും,

കൃഷിയും അയാൾക്കു നല്ലപോലെ അറിയാവുന്ന കാര്യങ്ങളാണു്. അയാൾക്കു രണ്ടു് ആൺമക്കളും മൂന്നു പെൺമക്കളും ഉണ്ടായി. അവരെല്ലാം നല്ലവിധത്തിൽ വിവാഹിതരായി, അടുത്തടുത്തു താമസിക്കുന്നുണ്ടു്. മാസത്തിലൊരിക്കൽ ഭക്ഷണത്തിനു് ഇവരും പിതാവിന്റെ വീട്ടിൽ വരാറുണ്ടു്. ആ നാട്ടിലെല്ലാം അദ്ദേഹത്തിൻെറ ഉന്മേഷം പ്രസിദ്ധികേട്ടതാണു്. 'അന്തോണീസ്പുണ്യവാളൻെറ സമം കരുത്തുള്ള ആൾ' എന്ന ചൊല്ലു് ആ നാട്ടിൽ ഒരു പഴഞ്ചൊല്ലായി.

പ്രഷ്യാക്കാർ കടന്നുകയറി നാട്ടിൽ വന്നപ്പോൾ, വങ്കത്തംപറയാൻ ആ നാട്ടുകാൎക്കുള്ള വിരുതിൽ ഒട്ടും കുറയ്ക്കാത്ത അന്തോണിയും മദ്യഷാപ്പിൽവച്ചു്, 'താനും ഒരു പട്ടാളം തിന്നൊടുക്കും' എന്നു വീമ്പു പറഞ്ഞു. ഭയവും, ഗേഹേശൂരതവും നാർമൻഡിക്കാരിൽനിന്നു് ഒരിക്കലും വിട്ടുപിരിയാത്ത ഗുണങ്ങളാണു്. അയാൾ മരംകൊണ്ടു നിൎമ്മിച്ച ആ മേശപ്പുറത്തു് ഉറപ്പിച്ചിടിച്ചു. കോപ്പകളും, ബ്രാൻഡിടംബ്ലറുകളും കുലുങ്ങിവിറച്ചു. ഒരു രസികൻ സാധാരണ ചെയ്യാറുള്ളതുപോലെ വിളിച്ചുപറഞ്ഞു: "ദൈവത്താണേ, ഇവരിൽ ചിലരെ ഞാൻ തന്നെ തിന്നുതീൎക്കാതിരിക്കില്ല." അയാളുടെ ചുവന്ന മുഖത്തു കൂടുതൽ ചുവപ്പു വ്യാപിച്ചു. കണ്ണിൽ കൗശലവും.

ടാൻവിൽവരെത്തന്നെ ശത്രുക്കൾ കടന്നുവരില്ലെന്നാണു് അയാൾ കണക്കുകൂട്ടിയതു്. എന്നാൽ ശത്രുക്കൾ റൗട്ടോട്ടിൽ എത്തിയെന്നറിഞ്ഞതിനോടുകൂടി അയാൾ പുറത്തേക്കു് ഇറങ്ങാതായി. പാകശാലയുടെ കിളിവാതിലിൽക്കൂടി റോഡിലേക്കു നോക്കി ഇരിപ്പായി.

ത്തോക്കും കുന്തവുമായി പട ഇപ്പോഠം ഇവിടെക്കൂടെ കടന്നുപോകുമെന്നാണ് അയാളുടെ വിചാരം.

ഒരു ദിവസം പരിചാരകന്മാരാൽ പരിസേവിതനായി അയാഠം ഉച്ചഭക്ഷണം കഴിക്കുമ്പോഠം അവിടത്തെ മേയറായ മിയ്ററർ ചിക്കോട്ട് അവിടെ വന്നുകയറി. ആ അധികാരിയുടെ പിറകെ കറുത്ത തൊപ്പിയും ധരിച്ച് ഒരു പട്ടാളക്കാരനും. അന്തോണീസ്പുണ്യവാളൻ ചാടി എഴുന്നേറ്റു. പരിചാരകർ എല്ലാം നോക്കിനിന്നു. ഈ ശത്രുവായ പട്ടാളക്കാരനെ അവരുടെ യജമാനൻ വെട്ടിവീഴ്ത്തുമെന്നാണ് അവർ വിചാരിച്ചതു്. എന്നാൽ നമ്മുടെ പുണ്യവാളൻ ഉദ്യോഗസ്ഥൻെറ കൈപിടിച്ചു കുലുക്കുകമാത്രമാണു ചെയ്തതു്.

"അന്തോണീസ്പുണ്യവാളാ! തനിക്കും ഒരാഠം ഇരിക്കട്ടെ. അവർ ഇന്നലെരാത്രി വന്നു. ഒരു മണ്ടത്തരവും കാണിക്കരുതു്. അതു് ഏറെ സൂക്ഷിക്കണം. അല്പം അസ്വാരസ്യം വല്ലതും ഉണ്ടായാൽ അവർ വെടിവെക്കാനും ചുട്ടുകരിക്കുവാനും കല്പനനല്കാൻ തയ്യാറുമാണ്. ഈ മനുഷ്യനു വല്ലതും തിന്നാൻ കൊടുക്കണം. കണ്ടിട്ടു നല്ല ആളാണെന്നാണു തോന്നുന്നതു്. സുദിനംതന്നെ. ഞാൻ മററുള്ളവരെ പോയിക്കാണട്ടെ. എല്ലാക്കും വേണ്ടത്ര ആളുണ്ടു്." എന്നുപറഞ്ഞു് ആ അധികാരി യാത്രയായി.

കിഴവൻ വിളറിപ്പോയി. അയാഠം പട്ടാളക്കാരനെ സൂക്ഷിച്ചുനോക്കി. അയാളും ഒരു തടിയനാണ്. ചെറുപ്പക്കാരൻ. ഏറെ ചതയുണ്ടു്. വെളുത്ത നിറം. നീലക്കണ്ണുകഠം, ചെമ്പൻ തലമുടി, തടിമുഴവൻ രോമംപിടിച്ചു കിടക്കുന്നു. കാഴ്ചയ്ക്കു മണ്ടനാണ്, ഭയമുള്ളവനാണ്, ഒതുക്കം കാണും. സൗമ്യവും ഉണ്ടായിരിക്കണം. ഇങ്ങനെ ബുദ്ധിമാനായ നാർമൻഡിക്കാരൻ ഈ

പട്ടാളക്കാരൻെറ സ്വഭാവം പെട്ടെന്നു മനസ്സിലാക്കി. അതോടെ സമാധാനവും ആയി. പട്ടാളക്കാരനോട്ട് ഇരിക്കാൻ ആംഗ്യം കാണിച്ചു.

പിന്നെ അയാൾ ചോദിച്ചു: "സ്വല്പം സൂപ്പുവേണോ?"

ആ അപരിചിതനു കാര്യം മനസ്സിലായില്ല. അന്തോണിക്കു ധൈര്യം കൂടിവന്നു. ശത്രുവിൻെറ മൂക്കിനു താഴെ കുറെ സൂപ്പു നീക്കിവച്ചിട്ട് ഉച്ചത്തിൽ പറഞ്ഞു:

"ഇതാ, നോക്കു്. എടാ പന്നീ, ഇതു് ഉള്ളിലാക്കിക്കോളൂ."

"യാ" എന്നുമാത്രം മറുപടി പറഞ്ഞുംകൊണ്ടു പട്ടാളക്കാരൻ ആർത്തിയോടെ ആഹാരം കഴിക്കാൻ തുടങ്ങി. നമ്മുടെ പുണ്യവാളൻെറ മുഖത്തു വിജയഭാവം കളിയാടി. തൻെറ സൽപേരു പോയില്ല. വല്ലാത്ത മുഖഭാവങ്ങൾ കാണിച്ചുതുടങ്ങിയ പരിചാരകരുടെനേക്കു കണ്ണിറുക്കിക്കാണിച്ചു. ഭയത്തിനിടയ്ക്കും ചിരിക്കാൻ തുടങ്ങിയവരെ, ശാസിച്ചു വിലക്കി.

ഒരുപാത്രം സൂപ്പു പട്ടാളക്കാരൻ ഉള്ളിലാക്കിക്കഴിഞ്ഞപ്പോൾ പുണ്യവാളൻ അയാൾക്കു് ഒരുപാത്രം കൂടി സല്ക്കരിച്ചു. അതും പഴയതുപോലെ വേഗം ഉള്ളിലായി. എന്നാൽ മൂന്നാമതും ഒരുപാത്രം മുമ്പിൽ വച്ചപ്പോൾ അയാൾ മടിച്ചു. എന്നാൽ കൃഷിക്കാരൻ നിർബ്ബന്ധിച്ചു. ആംഗ്യംകാട്ടി മനസ്സിലാക്കിയതോടെ അയാൾ പറഞ്ഞു:

"അതും വയററിൽ സൂക്ഷിക്കു്. ഞങ്ങൾ നിന്നെ തീററിക്കൊഴുപ്പിക്കും. ഞങ്ങൾക്കു് അതിനു കാര്യമുണ്ടു്. അതു് അറിയുകയും ചെയ്യാം. മനസ്സിലായോ പന്നീ!"

പട്ടാളക്കാരനു് ഒരു കാര്യമേ മനസ്സിലായുള്ളു.

താൻ ഈ സൂപ്പു മുഴവൻ കഴിക്കണം എന്നുമാത്രം. സംതൃപ്തനായ വിധത്തിൽ അയാൾ ചിരിച്ചു. ഇനിയും തന്റെ വയററിൽ സ്ഥലമില്ലെന്നു് ആംഗ്യംകൊണ്ടു കാണിച്ചു.

പുണ്യവാളൻ ചങ്ങാത്തം ഭാവിച്ചു. അയാളുടെ വയററിന്നുമുകളിൽ വിരലുകൊണ്ടു കൊട്ടി.

"അയ്യ! ഈ പന്നിയുടെ വയററിൽ ഏറെ കൊണ്ടിട്ടുണ്ടല്ലോ."

പെട്ടെന്നു് ഒരു കാര്യം അയാൾ ഓർമ്മിച്ചു. ഒരു രസികത്തം. അതു് ഓർത്തപ്പോൾത്തന്നെ പുണ്യവാളൻ ചിരിച്ചു പുളഞ്ഞുപോയി. "അതുകൊള്ളാം. അന്തോണീസ് പുണ്യവാളനും പന്നിയും. അതാണു് എന്റെ പന്നി." ഇതുകേട്ടപ്പോൾ മൂന്നു പരിചാരകരും പൊട്ടിച്ചിരിച്ചുപോയി. ഈ ആശയം നമ്മുടെ രസികന്മാൎക്കു നല്ലവണ്ണം രുചിച്ചു. ഒന്നാംതരം ബ്രാൻഡി, എന്നു പറഞ്ഞാൽ ഏററവും വിലകൂടിയ ബ്രാൻഡിതന്നെ കൊണ്ടുവന്നു് എല്ലാവരെയും പുണ്യവാളൻതന്നെ സല്ക്കരിച്ചു. അവർ ആ പട്ടാളക്കാരന്റെ ഗ്ലാസ്സും *ഒത്തുചേൎത്താണു് ഈ നല്ല മദ്യം കുടിച്ചതു്. ആ ജൎമ്മൻകാരനും തന്റെ സന്തോഷം കാണിക്കുവാനായി നാവുകൊണ്ടു ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു് താനും മദ്യത്തിൽ രസിക്കുന്നു എന്നു പ്രത്യക്ഷമാക്കി. പുണ്യവാളൻ ആ പട്ടാളക്കാരന്റെ മുഖത്തുനോക്കി പറഞ്ഞു: "എടോ! പന്നീ. ഇതു് ഒന്നാന്തരമല്ലേ? നിങ്ങടെ നാട്ടിൽ ഇതു കണികാണാൻ കിട്ടുമോ?"

ഈ സംഭവത്തിന്നശേഷം പുണ്യവാളൻ ഈ പട്ടാ

---

*മദ്യപാനത്തിന്നുമുമ്പു ഗ്ലാസുകൾ തമ്മിൽ മുട്ടിക്കുക എന്നതു് ഒരു ചടങ്ങാണു്.

ളക്കാരൻെറ കൂട്ടില്ലാതെ പുറത്തെങ്ങും പോവുകയില്ല. അയാൾക്ക് ആവശ്യമുള്ളതു കിട്ടിക്കഴിഞ്ഞു. ഇതായിരുന്നു അയാളുടെ പ്രതികാരം. അതേ, ഒരു ആത്മാർത്ഥതയില്ലാത്ത ആളിൻെറ പ്രതികാരം. ഈ പുണ്യവാളന്റെ രസികതയിൽ, ശത്രുവിനെ ഭയന്നുകഴിഞ്ഞ നാട്ടുകാരെല്ലാം പൊട്ടിച്ചിരിച്ചുതുടങ്ങി. ചിരിച്ചു ചിരിച്ചു് രണ്ടുവശവും അവർക്ക് ഇളക്കാൻ വയ്യാതായി. അതുമല്ല, വിനോദഭാവം പ്രകടിപ്പിക്കാൻ അന്തോണീസ് പുണ്യവാളനൊപ്പം ആർക്കുംസാദ്ധ്യമല്ലതാനും. ഇതുപോലെ ഒരു 'രസികത്തം' മററാരും കണ്ടുപിടിക്കയുമില്ല. ആലോചിക്കയും ഇല്ല. അയാൾ ഇങ്ങനെ വിഡ്ഢിവേഷം കെട്ടാനായിത്തന്നെ പിറന്നവനാണു്.

ജർമ്മൻകാരൻെറ കൈ പിടിച്ചുംകൊണ്ടാണു് പുണ്യവാളൻ അയൽവീടുകളിലെല്ലാം പോയതു്. ആ ജർമ്മൻകാരനോടു ചങ്ങാത്തം ഭാവിച്ചു, തോളുപിടിച്ചു കുലുക്കിയാണു് പരിചയപ്പെടുത്തിയതും. "കണ്ടോ എൻെറ പന്നിയെ. തടിച്ചുകൊഴുത്തു തക്കിടിമുണ്ടനായിട്ടല്ലേ ഇരിക്കുന്നതെന്നു നോക്കിൻ."

കൃഷിക്കാരൊക്കെ പുഞ്ചിരിതൂകും. "അന്തോണിയോ, അയാൾ വിനോദിപ്പിക്കാനായി ജനിച്ചവനാണു്. എന്തു രസികത്തം."

"എടോ സീസയർ! നിനക്കു വേണമെങ്കിൽ ഇവനെ മുപ്പതു ഫ്രാങ്കിനു വിലയ്ക്കുതരാം."

"ഓഹോ ഞാൻ എടുത്തോളാം. കുറച്ചു പുഡ്ഡിങ്ങ്* തിന്നാൻ നിങ്ങളെ ഞാൻ വിളിക്കാം."

"എനിക്കു് ഈ പന്നിയുടെ തുട മതി."

---

* പന്നിയിറച്ചിചേർത്തു് ഉണ്ടാക്കിയ പലഹാരം.

"തൊട്ടുനോക്കു്. ഈ പന്നിയുടെ ദേഹംമുഴവൻ കൊഴപ്പാണ്."

അവർ എല്ലാം തമ്മിൽ നോക്കി കണ്ണിറുക്കി. ഉറച്ചു ചിരിച്ചാൽ ഈ ജർമ്മൻപട്ടാളക്കാരനും കാര്യം മനസ്സിലാക്കുമോ എന്നു് അവർക്കു ഭയം. എന്നാൽ അന്തോണിമാത്രം ദിവസങ്ങൾ കഴിയുന്തോറും കൂടുതൽ കൂടുതൽ ധൈര്യം പുറത്തുകാട്ടി. "കൊഴപ്പുമാത്രമേയുള്ളു" എന്നു പറഞ്ഞു് തുടയിൽ നുള്ളിനോക്കും. ആസനം കൊട്ടിക്കാണിക്കും. ഉറച്ചുപറയും: "ഇതെല്ലാം ഉപ്പിട്ടു സൂക്ഷിക്കേണ്ട പന്നിയിറച്ചിയാണു്." എന്നും പൊക്കാവുന്ന പണ്ടത്തെ ഭീമകായന്മാർക്കൊപ്പം നിഷ്പ്രയാസം ഈ 'പന്നിയെ' പൊക്കിയെടുത്തിട്ടു് പറയും: "അറുനൂറു റാത്തൽ. അതിൽ പോക്കു് അധികമില്ലതാനും."

തൻെറ 'പന്നി'ക്കു് എന്തെങ്കിലും എല്ലാരും കൊടുക്കണം എന്നു് ഒരു പതിവുതന്നെ അന്തോണി ഉണ്ടാക്കിവച്ചു. ഇതായിരുന്നു അയാളുടെ നിത്യവിനോദം. എല്ലാർക്കും നിത്യവും രസിക്കാനുള്ള വഴി.

"എന്തുവേണമെങ്കിലും ഈ പന്നിക്കു കൊടുക്കാം. അവൻ അതെല്ലാം തിന്നോളും. എന്താണെന്നുപോലും നോക്കാതെ വിഴുങ്ങിക്കോളും."

അവർ ഈ പട്ടാളക്കാരനു് റൊട്ടി, വെണ്ണ, ഉരുളക്കിഴങ്ങു്, ഉണ്ടാക്കിവച്ചിട്ടു് ഏറെക്കാലം കഴിഞ്ഞ ഇറച്ചിക്കൂട്ടുകൾ, പന്നിയുടെ ചെറുകുടൽ ഇവയെല്ലാം സമ്മാനിച്ചു. "പന്നിയുടെ സ്വന്തം ഇറച്ചിതന്നെ പന്നിയെക്കൊണ്ടു തീററാം." എന്നുവരെ അവർ വിനോദം പറഞ്ഞുതുടങ്ങി. ഈ പട്ടാളക്കാരൻ വലിയ ബുദ്ധിമാനല്ലായിരുന്നു. അത്രമല്ല, വഴക്കാളിയും അല്ലായിരുന്നതുകൊണ്ടു് മര്യാദയ്ക്കുമാത്രമായി ഇവയെല്ലാം ഭക്ഷിച്ചു. ഇങ്ങനെ

തൻെറ കാൎയ്യത്തിൽ എല്ലാവരും ശ്രദ്ധിക്കുന്നുണ്ടല്ലൊ എന്നു് അയാൾക്കു സന്തോഷവും ഉണ്ടായി. തനിക്കു രോഗവും അസുഖവും വന്നാലും വേണ്ടില്ല, ഇവരുടെ സല്ക്കാരങ്ങൾ സ്വീകരിക്കാതിരിക്കുന്നതു സൗമുഖ്യത്തിനു വിപരീതമായിരിക്കുമല്ലൊ എന്നായിരുന്നു ആ പട്ടാളക്കാരനു തോന്നിപ്പോയതു്. എന്നുമാത്രമല്ല, അയാൾ ഇതുകൊണ്ടു വല്ലാതെ തടിച്ചുംതുടങ്ങി. അയാൾ അണിഞ്ഞിരുന്ന പടച്ചട്ടയുള്ളിൽ അയാൾ ഒതുങ്ങാതായി. സന്തോഷംകൊണ്ടു തിമിൎത്തുതുടങ്ങിയ പുണ്യവാളൻ പറഞ്ഞു:

"എൻെറ പന്നീ, നിനക്കു് ഒരു പുത്തൻകൂട്ടു് കിടക്കാൻ പണിയണമല്ലൊ."

ഇവരു രണ്ടുപേരും തമ്മിൽ വലിയ കൂട്ടായി. സ്വന്തം കൃഷികാൎയ്യം നോക്കാൻ പോകുമ്പോഴൊക്കെ അന്തോണിയുടെകൂടെ പട്ടാളക്കാരനും കൂടും. താനും കൂട്ടുകൂടി നടക്കുന്നതു് അന്തോണിക്കും നന്നാണെന്നാണു് ആ പട്ടാളക്കാരൻ വിചാരിച്ചതും.

കലാവസ്ഥ വഷളായി. വല്ലാത്ത വിധത്തിൽ തണുപ്പു വന്നുകയറി. 1870-ൽ ഫ്രാൻസിനു് എല്ലാ ബാധകളും ഒന്നിച്ചാണു ബാധിച്ചതു്. എല്ലാത്തിലും മുൻകരുതലുണ്ടായിരുന്ന പുണ്യവാളൻ എല്ലാ അവസരവും തന്റെ ഉപയോഗത്തിനായി ലാഭക്കച്ചവടത്തിനു വഴിയാക്കും. വസന്തകാലത്തിൽ കൃഷിക്കു വേണ്ടത്രയും ഉരം കിട്ടാൻ ഈ ആണ്ടിൽ വിഷമമായിരിക്കും എന്നു പുണ്യവാളനു മനസ്സിലായി. പണത്തിനു് അത്യാവശ്യമുണ്ടായിരുന്ന അയൽവീട്ടുകാരൻെറ പക്കൽ ഉണ്ടായിരുന്ന ഉരം എല്ലാം അയാൾ നേരത്തെക്കൂട്ടി വാങ്ങി ശേഖരിച്ചു.

ഓരോ ദിവസവും വണ്ടിയുംകൊണ്ടുചെന്നു് അന്നന്ന ത്തേതു കൊണ്ടുപോരുക എന്നതായിരുന്നു ഏർപ്പാടു്.

എന്നും സന്ധ്യയ്ക്കു വണ്ടിയുംകൊണ്ടു് അന്തോണി ഈ വളം ശേഖരിക്കാൻ പുറപ്പെടും. പുണ്യവാളനൊപ്പം 'പന്നി'യും ചെല്ലാതിരിക്കയില്ല. അപ്പോഴൊക്കെ ആ അയൽവീട്ടുകാരൻ 'പന്നി'യ്ക്കു തീററി കൊടുക്കും. ഈ 'പന്നിയുടെ തീററി' എന്നതു് ആ ദിക്കിൽ എല്ലാം പ്ര സിദ്ധമായി. ഇതു കാണാൻ അയൽവീട്ടുകാർ എല്ലാം ഓടിയെത്തും. കുർബാനയ്ക്കു പള്ളിയിൽ എത്തുന്നതു പോലെ.

എന്നാൽ പട്ടാളക്കാരനും കുറേശ്ശെ സംശയം തുട ങ്ങി. ചുററുമുള്ളവർ വല്ലാതെ അട്ടഹാസം തുടങ്ങിയാൽ അയാളും കണ്ണുരുട്ടിത്തുടങ്ങി. അവയിൽ കോപം നിഴ ലിച്ചു.

ഒരു ദിവസം അയാളുടെ വയർ നിറഞ്ഞുകഴിഞ്ഞ പ്പോഠം ഇനിയും തിന്നില്ല എന്നു് അയാഠം വിസമ്മതം ഭാവിച്ചു. എഴുനേററു മേശയുടെ സമീപത്തുനിന്നും പോ കാൻ തുടങ്ങി. എന്നാൽ അന്തോണീസ് പുണ്യവാളൻ അയാളെ കൈക്കുപിടിച്ചുനിറുത്തി. രണ്ടു കൈകളും തോളിൽ അമർത്തി അയാളെ കസേരയിൽത്തന്നെ പിടി ച്ചിരുത്തി. ഈ ഇരുത്തലിൻെറ ശക്തികൊണ്ടു കസേര തകന്നു.

എല്ലാവരും ചിരിച്ചു രസിച്ചു. അന്തോണി തന്റെ 'പന്നി'യെ എടുത്തുപൊക്കി മുറിവെല്ലാം തുടച്ചു ശരിയാ ക്കുന്നവിധം അഭിനയിച്ചു.

"ശരി ഇനിയും തിന്നാൻവയ്യായെങ്കിൽ വേണ്ട. കുടിച്ചാൽമതി." എന്നുപറഞ്ഞു രണ്ടുപേരുംകൂടി മദ്യ ശാലയിലേക്കു യാത്രയായി.

കണ്ണ് ഉരുട്ടിക്കൊണ്ടാണെങ്കിലും പട്ടാളക്കാരനും കുടിച്ചു. അവർ കൊടുത്തതെല്ലാം അയാൾ കുടിച്ചു.

എന്നല്ല അന്തോനീസ് പുണ്യവാളൻ ആ പട്ടാളക്കാരനെ തോല്പിക്കാൻതന്നെ കുടിച്ചുനോക്കി. ഇതു് അവിടുള്ളവക്കു് എല്ലാം രസിച്ചു.

തക്കാളിപ്പഴംപോലെ പുണ്യവാളന്റെ മുഖം ചുവന്നു. കണ്ണുകൾ തിളങ്ങി. രണ്ടു ഗ്ലാസുകളുംതമ്മിൽ കൂട്ടിമുട്ടിച്ചിട്ടു് "ഇതു തനിക്കുവേണ്ടി" എന്നു പറഞ്ഞു.

ഗ്ലാസ് നിറച്ചു പിന്നീടും കുടിച്ചു. ഒരക്ഷരവും പറയാതെ ജമ്മൻകാരനും വീര്യമുള്ള മദ്യം മുറയ്ക്കു് ഉള്ളിൽ നിറച്ചു.

അതു് ഒരു പന്തയംവച്ചു കുടിയായി. യുദ്ധം, പകരംവീട്ടൽ. ആരാണു കൂടുതൽ കുടിക്കുന്നതു് എന്നായിരുന്നു പന്തയത്തിലെ മത്സരം. കുപ്പികൾ ഒഴിഞ്ഞു. ഒരു തുള്ളിയും ഇനിയും ഉള്ളിലാക്കാൻ സാദ്ധ്യമല്ലെന്നു രണ്ടുപേരും നടിച്ചു. എന്നാൽ രണ്ടുപേരും ജയിച്ചുമില്ല. തോററുമില്ല. ഒരേനിലയിൽത്തന്നെ, സമജോടിയിൽ, മത്സരം അവസാനിച്ചു. ഒടുവിൽ അടുത്ത ദിവസം ഒന്നുകൂടി പരിശോധിച്ചു് ജയാപജയങ്ങൾ നിശ്ചയിക്കാം എന്ന തീരുമാനത്തിൽ മത്സരം മാററിവച്ചു.

അവർ ഇളകിയാടിയാണു പുറത്തുകടന്നതു്. അവർ വീട്ടിലേക്കു തിരിച്ചു. വളം കയററിയിരുന്ന വണ്ടിയുടെ ഇരുവശങ്ങളിലുമായി നടന്നു. രണ്ടു കുതിരകളെ കെട്ടിയ ഒരു വണ്ടിയിലാണു വളം കയററിയിരുന്നതു്. വണ്ടി വളരെ സാവധാനത്തിലാണു സഞ്ചരിച്ചതു്.

മഞ്ഞു വീണുതുടങ്ങി. ചന്ദ്രനില്ല. പിന്നെ ചന്ദ്രികയുടെകാര്യം ചോദിക്കേണ്ടല്ലോ. സമതലത്തിൽ വീണുറഞ്ഞുകിടന്ന മഞ്ഞിന്റെ തിളക്കം മാത്രമാണു നാട്ടുവെ

ളിച്ചം. അതു് ചത്ത ജീവിതത്തിൻെറ വിളത്ത മുഖത്തു പ്രത്യക്ഷപ്പെട്ടുന്ന വിളർച്ചപോലെ തോന്നിച്ചു. ഇവരെ രണ്ടുപേരെയും തണുപ്പു വല്ലാതെ വിഷമിപ്പിച്ചു. തണു പ്പുപിടിച്ചതോടുകൂടി തലയ്ക്കു മത്തും കൂടി. തനിക്കു് ജ യിക്കാൻ സാധിക്കാഞ്ഞതിൽ ഉണ്ടായ പകപോക്കാൻ പട്ടാളക്കാരനെ വഴിവക്കത്തുള്ള ഓടയിലേക്കു പിടിച്ചു തള്ളി. തള്ളിയതു വിനോദഭാവത്തിലാണു് എങ്കിലും ജ ർമ്മൻകാരനു് ഇതു് അത്ര രസിച്ചില്ല. അയാഠം ജർമ്മൻഭാ ഷയിൽ ദേഷ്യംതോന്നിക്കുന്ന ചീത്തവാക്കുകഠം പറ ഞ്ഞുംകൊണ്ടു് പിറകോട്ടു് ഒഴിഞ്ഞുമാറി രക്ഷപ്പെട്ടു. അന്തോണി ചിരിച്ചു് അട്ടഹസിച്ചു. ഒടുവിൽ പട്ടാള ക്കാരനു ദേഷ്യംവന്നുതുടങ്ങി. തന്നെ ഉരുട്ടിയിടാൻ ശ്ര മിക്കുന്ന പുണ്യവാളനു് കണക്കിനു് ഒരു വീക്കു് അയാ ളും ഏല്പിച്ചു. ഈ കൈചുരുട്ടിയുണ്ടായ മുഷ്ടിപ്രഹര ത്തിൻെറ ശക്തി ഏററു പുണ്യവാളനും വിറച്ചുപോയി.

ബ്രാൻഡി കുടിച്ചു ബോധംകെട്ടിരുന്ന പുണ്യവാ ളൻ പട്ടാളക്കാരൻെറ അരയ്ക്കു കടന്നുപിടിച്ചു പൊക്കി യെടുത്തു. കുട്ടികളെ എടുത്തു കുടയുന്നതുപോലെ അയാഠം പട്ടാളക്കാരനെ പിടിച്ചു കുടഞ്ഞു; എന്നിട്ടു റോഡിനപ്പു റത്തേക്കു് ഒരു ഏറും. ഇതുകൊണ്ടു സംതൃപ്തനായവിധം മാറിനിന്നു കൈകൊട്ടിക്കൊണ്ടു ചിരിച്ചുതുടങ്ങി.

എന്നാൽ പട്ടാളക്കാരൻ വേഗം എഴുന്നേററു. അ യാളുടെ തൊപ്പി എവിടോ ഉരുണ്ടുപോയിക്കഴിഞ്ഞു. നഗ്നശിരസ്കനായ പട്ടാളക്കാരൻ വാളുവലിച്ചൂരി. പു ണ്യവാളൻെറ നേൎക്കു പാഞ്ഞു.

ഇങ്ങനെ തന്റെ നേൎക്കുള്ള ആക്രമണം കണ്ടപ്പോഠം പുണ്യവാളനും ചാട്ടയെടുത്തു തിരിച്ചുപിടിച്ചു. കാളയു ടെ എല്ലുപോലെ വഴക്കവും ശക്തിയും ഉണ്ടായിരുന്ന

ആ വലിയ ചാട്ടയും നല്ല ഒരായുധംതന്നെ. ചാട്ട പിടിച്ചിരിക്കുന്നതു് ഒരു ഭീമസേനനും.

തല കുനിച്ചുംകൊണ്ടു് ഓടിവന്ന ജർമ്മൻകാരൻ ഒററക്കുത്തിനു പുണ്യവാളൻെറ കഥകഴിക്കാനാണു് തീരുമാനിച്ചതു്. എന്നാൽ വാളിൽത്തന്നെ പുണ്യവാളൻ നല്ല ഒരു തല്ലുകൊടുത്തു. തന്നെ കീറിത്തുളച്ചു കടക്കാൻ വന്ന വാൾ തല മടങ്ങി. അതുകഴിഞ്ഞു് ആ ചാട്ടയുടെ പിടികൊണ്ടു പട്ടാളക്കാരൻെറ ചെകിടിനു നല്ല ഒരു അടിയും കൊടുത്തു. അടി വല്ലാതെ ഏററ പട്ടാളക്കാരൻ മറിഞ്ഞുവീണു.

ഇതു കഴിഞ്ഞപ്പോൾ പുണ്യവാളനും അമ്പരന്നു. ഭയന്നു നോക്കി. വീണ ശരീരം ആദ്യം പിടഞ്ഞു. പിന്നെ അനങ്ങാതെ കിടപ്പായി. അന്തോണി കുനിഞ്ഞു നോക്കി. ആ ദേഹം തിരിച്ചിട്ടു. പിന്നെയും കുറച്ചുനേരം നോക്കിനിന്നു. ആ പട്ടാളക്കാരൻെറ കണ്ണുകൾ അടഞ്ഞുകാണായി. തലയുടെ ഒരു വശത്തുനിന്നും രക്തം ചാടുന്നു. അവിടെ ഒരു വലിയ മുറിവുണ്ടായിട്ടുണ്ടു്. രാത്രിയിലെ ഇരുട്ടിലും മഞ്ഞിൽ പടരുന്ന ചുവപ്പുനിറം അന്തോണിക്കു കാണുവാൻ കഴിഞ്ഞു.

അയാൾ അവിടെ നിലയായി. എന്താണു വേണ്ടതെന്നു നിശ്ചയമില്ലാതെ അവിടെ പകച്ചുനിന്നു. കുതിരകൾ വണ്ടിയുംവലിച്ചുകൊണ്ടു മുന്നോട്ടുപോയി.

ഇനിയും എന്തുചെയ്യാനാണു്. അവർ തന്നെ വെടിവെക്കും. തൻെറ കൃഷിക്കും വീടിനും തീവെക്കും. ആ പ്രവിശ്യ മുഴുവൻ പട്ടാളക്കാർ നശിപ്പിക്കും. ഈ ജഡം എങ്ങനെ ഒളിക്കും? ഈ മരണത്തിൻെറ കഥ എങ്ങനെ മറച്ചുവെക്കും? എങ്ങനെ ജർമ്മൻകാരെ പററിക്കും?

കുറച്ചു ദൂരെയായി ചില ശബ്ദങ്ങൾ, മഞ്ഞിൻെറ

നിശ്ചലതയിൽക്കൂടി അയാളുടെ കാതിലണഞ്ഞു. ഇത് അയാളുടെ ബുദ്ധി ചലിപ്പിച്ചു. പ്രവത്തിപ്പിച്ചു. താഴെ വീണുകിടന്ന തൊപ്പിയെടുത്തു പട്ടാളക്കാരൻെറ തല യിൽ തിരുകിവച്ചു ദേഹം വലിച്ചെടുത്തുംകൊണ്ടു് അ യാഠം മുന്നോട്ടു നടന്നു. വേഗം നടന്നു വണ്ടിയുടെ കൂടെ ത്തന്നെ അയാഠം എത്തി. വളത്തിൻെറ മുകളിൽ ഈ ദേഹവും നിക്ഷേപിച്ചു. വീട്ടിനകത്തു് ഈ ശവം എത്തി ച്ചാൽ പിന്നെ എന്തെങ്കിലും മാഗ്ഗം കണ്ടുപിടിക്കാം എ ന്നായിരുന്നു അയാളുടെ വിശ്വാസം.

അയാഠം പതുക്കെ നടന്നു. ബുദ്ധി ഏറെ വിഷമി പ്പിച്ചു. ഫലം ഉണ്ടായില്ല. അയാഠം അറിഞ്ഞു, അയാഠം ക്കു ബോദ്ധ്യമായി, താൻ മുടിഞ്ഞുവെന്നു്.

അയാഠം തൻെറ വീട്ടിൻെറ മുററത്തെത്തി. തട്ടു മ്പുറത്തു് ഒരു വിളക്കുണ്ടെന്നു് അതിൻെറ ജന്നലിൽക്കൂ ടി പ്രവഹിച്ച പ്രകാശം വിളിച്ചറിയിച്ചു. അയാളുടെ പരിചാരകൻ ഉറങ്ങിക്കാണില്ല. വളക്കുഴിയിലേക്കു വണ്ടി അയാഠം വേഗം തിരിച്ചുകൊണ്ടുവന്നു: വണ്ടി മറി ക്കുമ്പോഠം മുകളിൽ കിടക്കുന്ന ശവം അടിയിലായി ആ വളക്കുഴിയിൽ വീഴും. അതിൻെറ പുറത്തു വണ്ടിയിലുള്ള ഉരവും. അയാഠം വണ്ടിയുടെ മുൻഭാഗം പിടിച്ചുയത്തി വണ്ടി മറിച്ചുകുത്തി.

അയാഠം വിചാരിച്ചതുപോലെതന്നെ സംഭവിച്ചു:

ശവം വളത്തിനകത്തുവീണു മറഞ്ഞു. അന്തോണി *'ഹോക്കു'കൊണ്ടു വളം നേരെ നിരത്തിയിട്ടു. എന്നിട്ടു് ആ ഇരുമ്പുപല്ലി അടുത്തു താഴെ കുത്തിനിറുത്തി.

അയാഠം പരിചാരകനെ വിളിച്ചു. കുതിരകളെ

---

* മുന്നുമുനയുള്ള വലിയ ഇരുമ്പുപല്ലി.

നേരെ കെട്ടിനിറുത്താൻ ഏർപ്പാടുചെയ്തിട്ട് അയാൾ സ്വന്തം മുറിയിലേക്കു പോയി.

അയാൾ കിടക്കയിൽപ്പോയി കിടന്നു. എന്താണു ചെയ്യാവുന്നതിൽ ഏററവും നല്ലതെന്നായിരുന്നു ആലോചന. എന്നാൽ ഒന്നും തോന്നിയില്ല. മുറിയിലെ നിശ്ശബ്ദത അയാളുടെ പേടിക്കു കനംകൂട്ടി. അവർ തന്നെ വെടിവച്ചു കൊല്ലും! ഭയംകൊണ്ട് അയാൾ വിയർത്തുകുളിച്ചു. പല്ലുതമ്മിൽ കൂട്ടിയുരഞ്ഞു. അയാൾ വിറച്ചുംകൊണ്ട് എഴുനേററു. അയാൾക്കു കിടക്കാൻ സാധിച്ചില്ല.

അയാൾ പാചകശാലയിലേക്കു കടന്നു. അലമാരിയിൽ സൂക്ഷിച്ചുവച്ചിരുന്നതിൽനിന്ന് ഒരു കുപ്പി ബ്രാൻഡി എടുത്തുംകൊണ്ട് പിന്നെയും മുറിയിലേക്കു മടങ്ങിവന്നു. മുറയ്ക്കു വലിയ ടംബ്ലർനിറച്ച് ഒന്നിനുപിറകെ ഒന്നായി രണ്ടുപാത്രം കുടിച്ചു. പണ്ടേ ഉണ്ടായിരുന്ന ലഹരി ഇങ്ങനെ വർദ്ധിപ്പിച്ചെങ്കിലും മനസ്സിലെ വിഷമം തീർന്നില്ല.

"താൻ ചെയ്തതു വല്ലാത്ത പണിതന്നെ. എന്തു വന്നുകൂടുമെന്നു ദൈവത്തിനേ അറിയാവൂ. താൻ ഇത്ര മണ്ടനായിപ്പോയല്ലൊ." അയാൾ അങ്ങോട്ടും ഇങ്ങോട്ടും കാലടികൾ പെരുക്കിവച്ചു നടന്നു. എന്തെങ്കിലും ഒരു വിദ്യ കണ്ടുപിടിക്കണം. സമാധാനം കണ്ടുപിടിക്കണം. ഒരു കൗശലം ഉണ്ടാക്കണം. ഇതിനെല്ലാംവേണ്ടി ആ നല്ല മദ്യം ഇടയ്ക്കിടയ്ക്ക് അയാൾ രുചിച്ചുനോക്കും. ധൈര്യം പിന്നെയുംകൂടാൻ ഇതു നല്ല മരുന്നായി.

എങ്കിലും ഒരു സൂത്രവും ഈ വലിയ സൂത്രക്കാരനു തോന്നിയില്ല.

അർദ്ധരാത്രിയായപ്പോൾ അയാളുടെ കാവൽപ്പട്ടി വല്ലാതെ വിഷമിച്ചു കരച്ചുതുടങ്ങി. ചെന്നായും പട്ടിയും

ചേൎന്നുണ്ടായ ഒരു പ്രത്യേകജാതി പട്ടിയായിരുന്നു അതു്. 'ദെവോറന്റി'ന്റെ കുര അയാളെ കൂടുതൽ ഭയപ്പെടുത്തി. അന്തോണീസ് പുണ്യവാളൻ എല്ലുവരെ വിറച്ചു. അല്ല, എല്ലിനുള്ളിലുള്ള മജ്ജപോലും കിടുകിടുക്കുന്നൊന്നു് അയാൾക്കു തോന്നി. ഓരോ പ്രാവശ്യവും പട്ടി ഏറെനേരം നീണ്ടുനിന്നതും, നെഞ്ചിനകത്തുനിന്നുതന്നെ പുറപ്പെട്ടതും, ആയ ശബ്ദം പുറപ്പെടുവിക്കുമ്പോഴെല്ലാം അയാൾ പേടിച്ചു കിടുങ്ങി. പുറംതൊലിപോലും ചുളുങ്ങി. അയാൾ ഒരു കസാലയിൽ വീണു. കാലിനു ശക്തിയില്ല. ബുദ്ധി നശിച്ചു. അയാൾ മിക്കവാറും മോഹാലസ്യം പ്രാപിച്ചു. എങ്കിലും പട്ടിയുടെ അടുത്ത കുര കേൾക്കാൻ അയാൾ കാൎത്തിരിക്കും. ചെവികൊടുക്കും. ഭയംകൊണ്ടു് ഈ കുര കേൾക്കുമ്പോഴെല്ലാം അയാൾ വിറച്ചുതുടങ്ങും. മററു പല ഗോഷ്ടികളും കാട്ടും.

താഴെ തൂക്കിയിരുന്ന നാഴികമണി അഞ്ചടിച്ചു. അപ്പോഴും പട്ടി മോങ്ങുന്നുണ്ടു്. ആ കൃഷിക്കാരനു മിക്കവാറും ഭ്രാന്തായി. അയാൾ എഴുനേററു. ഇനിയും ഈ മരണവിളി കേൾക്കാൻ വിഷമിച്ചു് അയാൾ പട്ടിയെ അഴിച്ചുവിടാൻ നിശ്ചയിച്ചു. അയാൾ കോവണി ഇറങ്ങി. പുറവാതിൽ തുറന്നു. ഇരുട്ടിലേക്കു് ഇറങ്ങി. മഞ്ഞു വീഴുന്നുണ്ടു്. ഭൂമിമുഴുവൻ വെളുത്തുകാണായി. ഇതിനിടയിൽ ആ കെട്ടിടം ഒരു കറുത്ത പാടായി തോന്നി. അയാൾ പട്ടിയെ പൂട്ടിയിട്ടിരിക്കുന്നിടത്തു ചെന്നു. പട്ടി ചങ്ങല പൊട്ടിക്കാൻ പണിപ്പെടുന്നു. അയാൾ പട്ടിയെ അഴിച്ചുവിട്ടു. പട്ടി ഒരു ചാട്ടം ചാടി. അതുകഴിഞ്ഞു് അതു് അനങ്ങാതെനിന്നു. അതിന്റെ രോമം ഓരോന്നു് ഉയൎന്നു നില്ക്കുന്നു. കാലുകൾ നേരെ നിവൎന്നുതന്നെ. മുഖം മുകളിലേയ്ക്കു് ഉയൎന്നിട്ടുണ്ടു്. മൂക്കു വളക്കുഴിയിലേക്കുതന്നെ.

അന്തോണീസ്പുണ്യവാളൻ അടിമുടി വിറച്ചും കൊണ്ടു ചോദിച്ചു:

"എടാ, നാശംപിടിച്ചോനേ! നിനക്കു് എന്തു പററി?"

അയാറം രണ്ടുമൂന്നടി മുന്നോട്ടുവച്ചു. നേരെ തെളിഞ്ഞിട്ടില്ലെങ്കിലും ഏതോ ഒരു രൂപം ആ മുററത്തു് ഇരിപ്പുണ്ടു്. അതേ, വളക്കുഴിയിൽ ഏതോ ഒരു രൂപം ഇരിക്കുന്നു.

അയാറം അതുതന്നെ നോക്കിനിന്നു. പേടികൊണ്ടു വിറുങ്ങലിച്ചു. അയാറംക്കു ശ്വാസിക്കാൻ വിഷമമായി. എന്നാൽ അടുക്കൽത്തന്നെ താൻ കുത്തിനിറുത്തിയിരുന്ന ഇരുമ്പുപല്ലി അയാറം കണ്ടു. ഭയം ഏറെ വന്നുകയറിയതുകൊണ്ടു് എന്താണു ചെയ്യുന്നതെന്നു് ഓർമ്മിക്കാതെ അയാറം അതു വലിച്ചൂരി. വലിയ ഭീരുവിനേപ്പോലും വിപത്തു്, രക്ഷയ്ക്കു വഴിയില്ലാത്ത വിപത്തു് ധീരരിൽ ധീരനാക്കും. ഈ മനസ്ഥിതിയാണു് അന്തോണീസ്പുണ്യവാളനെ മുന്നോട്ടു നയിച്ചതും. കാര്യം എന്താണെന്നു ശരിക്കു മനസ്സിലാക്കാനാണു് അയാറം മുന്നോട്ടു നടന്നതും. അതേ, അവൻതന്നെ, ആ ജന്മൻകാരൻ, ജീവനോടെ അവിടിരിക്കുന്നു. അഴുക്കിൽ ആറാടി. ആ അഴുക്കിന്റെ ചൂടാണു് അയാളെ രക്ഷിച്ചതു്. അയാറം ഒരു യന്ത്രംപോലെ എഴുന്നേററു് ആ വളത്തിൽത്തന്നെ ഇരിക്കയാണു്. പുറമെ മഞ്ഞുവീഴുന്നുണ്ടെങ്കിലും അതെല്ലാം ഏററുംകൊണ്ടു് അനങ്ങാതെയിരിക്കയാണു്. ദേഹംമുഴുവൻ ചോരയും ചളിയും അണിഞ്ഞുംകൊണ്ടു് അനങ്ങാതെ ഇരിക്കയാണു്. കുടികൊണ്ടുനശിച്ച ബോധം തിരിച്ചുവന്നിട്ടില്ല. അടികൊണ്ടതുകൊണ്ടല്ല, പെരുപ്പു മാറി

യിരുന്നില്ല. ചോര ഒലിച്ചുപോയതുകൊണ്ടു് ഉണ്ടായ ക്ഷീണം മാറിയിട്ടില്ല. അയാളും അന്തോണിയെ കണ്ടു. ഒന്നും നേരെ ഓർമ്മയില്ലായിരുന്നതിനാൽ അയാൾ പിടഞ്ഞെഴുന്നേല്ക്കാൻ ശ്രമിച്ചു. എന്നാൽ ഇരിക്കുന്ന ആളെ ശരിക്കു മനസ്സിലായപ്പോൾ പുണ്യവാളനു കലികയറി. അയാളുടെ വായിൽനിന്നു ചില ജന്തുക്കളുടെ വായിൽനിന്നെന്നപോലെ നുരയും പതയും വീണുതുടങ്ങി.

“എടാ പന്നീ, പന്നീ! പന്നീ!” അയാൾ അട്ടഹസിച്ചു. “നീ ചത്തില്ലിയോടാ? നീ എന്നെ കുററവാളിയാക്കാനായി എണീററുവന്നിരിക്കയാണു്, ഇല്ലേ? ഞാൻ ഇപ്പോൾ കാണിച്ചുതരാം. നോക്കിക്കോ!”

പുണ്യവാളൻ പ്രഷ്യാക്കാരനെൻറനേക്കു് തൻെറ സർവ്വശക്തിയും ഉപയോഗിച്ചു കുതിച്ചുപാഞ്ഞു. കൈക്കുള്ള ശക്തിയെല്ലാം ഒന്നിച്ചുചേർത്തു് ആ പല്ലിവച്ചു് ആ പട്ടാളക്കാരൻെറ വയററിനു് ഒരു തള്ളുകൊടുത്തു. ഇരുമ്പുപല്ലു നാലും കുന്തമുന തറച്ചിറങ്ങുന്നതുപോലെ പട്ടാളക്കാരൻെറ ദേഹം തുളച്ചു് അപ്പുറത്തിറങ്ങി. പട്ടാളക്കാരൻ പിറകോട്ടു മരണവിളിയും വിളിച്ചുംകൊണ്ടു മലച്ചുവീണു. പല്ലി വിഷമിച്ചു വലിച്ചെടുത്തിട്ടു് പുണ്യവാളൻ പിന്നെയും വീണുകിടക്കുന്ന അവശനെ കുത്തിത്തുടങ്ങി. മുറയ്ക്കു വയററത്തും, നെഞ്ചത്തും, കഴുത്തിലും എല്ലാം ഒരു ഭ്രാന്തനെപ്പോലെ അയാൾ കുത്തിത്തുടങ്ങി. എവിടെല്ലാം അനങ്ങുന്നോ അവിടെല്ലാം അയാൾ കുത്തിക്കുത്തി അനക്കം നിറുത്തി. ആറുപോലെ ചോര ഒഴുകി.

ഒടുവിൽ അയാൾ നിറുത്തി. തൻെറ ഈ വൻശ്രമത്തിൻെറ ക്ഷീണം അയാളെ ബാധിച്ചു. അയാൾ വാപൊളിച്ചു കാററു മുറയ്ക്കുവിഴുങ്ങി. അതുമല്ല, കൊല

പരിപൂർണ്ണമായി എന്നു ബോദ്ധ്യം ആയപ്പോൾ അയാൾക്ക മനഃശാന്തിയും വന്നു.

കോഴിപ്പുരയിൽനിന്നു പൂവങ്കോഴികളുടെ 'ക്രൂകൽ' കേൾക്കാറായി. നേരം വെളുക്കാറായി. ആ ശവം അയാൾ മറവുചെയ്യാൻ തുടങ്ങി.

അയാൾ വളക്കുഴിയിൽത്തന്നെ ഒരു കുഴിയുണ്ടാക്കി. മണ്ണ് അടിയിൽകാണുംവരെ ഈ കുഴി പുണ്യവാളൻ വലുതാക്കി. അതും മതിയാവില്ലെന്നുവച്ചു പിന്നെയും അടിയിലേക്ക കുഴിച്ചു. കാലും കൈകളും ഇളക്കി വേഗംവേഗം ജോലിചെയ്തു.

കുഴി വേണ്ടവിധത്തിൽ താണുകഴിഞ്ഞപ്പോൾ, ആ പല്ലികൊണ്ടുതന്നെ അയാൾ ശവം കുഴിയിലേക്ക മറിച്ചിട്ടു. മുകളിൽ മണ്ണിട്ടു ചവിട്ടിയുറപ്പിച്ചു. പിന്നീട് അതിനുമേൽ വളം നിരത്തി. ഇതിനെല്ലാം മുകളിൽ മഞ്ഞു മുറയ്ക്കു വീണ് താൻ ചെയ്തതിൻെറ ലക്ഷ്യമെല്ലാം മറയ്ക്കുന്നതു കണ്ടപ്പോൾ അയാൾക്കുതന്നെ സന്തോഷമായി. ഈ മഞ്ഞു്, ശവക്കുഴിയായിത്തീന്ന വളക്കുഴിക്ക് നല്ല ഒരു വെള്ളവിരിപ്പായി.

പല്ലി വളത്തിന്റെ മുകളിൽത്തന്നെ കുത്തിനിറുത്തിയിട്ട് വീട്ടിലേക്കുതന്നെ അയാൾ കയറിപ്പോയി. മേശപ്പുറത്തു പകുതി നിറച്ച കുപ്പി അപ്പോഴും ഇരിപ്പുണ്ട്. അയാൾ ഒററവലിക്ക് അതുമുഴുവൻ ഉള്ളിലാക്കി. പിന്നീടു കിടക്കയിൽപോയി വീണു. വല്ലായ്മയില്ലാതെ നല്ലവണ്ണം കിടന്നുറങ്ങി.


ഉണന്നപ്പോൾ പുണ്യവാളനു നല്ല ബോധം ഉണ്ടായിരുന്നു. അയാളുടെ മനസ്സ് ശാന്തമായി. ബുദ്ധി തെളിഞ്ഞു. ആലോചിച്ചുനിശ്ചയിക്കാൻ അയാൾക്ക കെല്പും വന്നു.

ഒരു മണിക്കൂർ കഴിഞ്ഞു. തൻെറ വീട്ടിൽ താമസിച്ച പട്ടാളക്കാരനെ കണ്ടോ എന്നു് അയാം നാട്ടനീളെ അന്വേഷിച്ചു നടന്നു. അതുമല്ല, അയാം പട്ടാളനായകനെ ചെന്നുകണ്ടു. "എന്തുകൊണ്ടാണു് തൻെറക്കൂടെ താമസിപ്പിച്ചിരുന്ന പട്ടാളക്കാരനെ മടക്കിവിളിച്ചതു്?" എന്നാണു് അയാം പട്ടാളനായകൻെറ അടുക്കൽ ചോദിച്ചതും.

ഇവർ രണ്ടുപേരും വലിയ ചങ്ങാതികളായി കഴിഞ്ഞിരുന്നതുകൊണ്ടു് ആരും പുണ്യവാളനെ സംശയിച്ചേയില്ല. എന്നു മാത്രമല്ല, അന്വേഷിക്കാൻ പുറപ്പെട്ടവരെ വേണ്ട നിർദ്ദേശം കൊടുത്തു് സഹായിക്കാനും അയാം തയ്യാറായി. എല്ലാ രാത്രിയും ഈ പട്ടാളക്കാരൻ യുവതികളെ അന്വേഷിച്ചു വെളിയിൽ പോയിരുന്നു എന്നായിരുന്നു നിർദ്ദേശം.

അടുത്ത ഗ്രാമത്തിൽ ഒരു പെൻഷൻഡ് പോലീസുകാരൻ നിത്യവൃത്തിക്കായി ഒരു സത്രം നടത്തിയിരുന്നു. ചന്തം ചാർത്തിയ ഒരു യുവതിയുടെ പിതാവായിരുന്നു അയാം. അയാളെ അറസ്ററു ചെയ്തു് വെടിവച്ചു കൊന്നു.

★



HYA VILASINI LIBRA
AYATHIL.
KILIKOLLOOR P.O.
SPO. TS

## മോപ്പസാങ്ങിൻെറ കഥകൾ

മോപ്പസാങ്ങിൻെറ കഥകളിൽ ഭൂരിഭാഗവും പ്ലോട്ടില്ലാത്തവയാണു്. അന്തരീക്ഷത്തിനോ ഭാവത്തിനോ മാത്രമേ പ്രാധാന്യമുണ്ടായിരിക്കയുള്ളു. സൂക്ഷ്മതയും ഭംഗിയും കലർന്ന ഭാഷാരീതിയും ഏററവും കാര്യക്ഷമമായ സാങ്കേതികമാർഗ്ഗവും ഉണ്ടായിരിക്കും. കഥാപാത്രങ്ങൾക്കും രംഗങ്ങൾക്കും അത്ഭുതകരമാംവണ്ണം വ്യക്തമായ ഔട്ട്ലൈനും സത്യാത്മകത്വവും, സജീവത്വവും കാണും. കഥകളി ദുർല്ലഭമായ അയത്നകൃതത്വം ഉണ്ടായിരിക്കും. ത കൃതികളുടെ ഉദ്ദേശ്യത്തെക്കുറിച്ചു മോപ്പസാങ്ങ ന്നെ ഇപ്രകാരം പറഞ്ഞിട്ടുണ്ടു്: "സഭ്യതയുടെ മാന്യതയുടെയും മൂടുപടങ്ങൾ നീക്കുക. പ്രത്യക്ഷത്തിൽ കാണുന്നതിനും മനുഷ്യരുടെ കൃത്രിമവേഷങ്ങൾക്കും പിന്നിൽ അവർ എല്ലാവരും എല്ലായ്പോഴും ഒന്നുപോലെ ഉള്ളവരാണെന്നു കാണിക്കുക." ഇതേസമയം മോപ്പസാങ്ങിൻെറ ഭൂതദയയെക്കുറിച്ചു് ജോസഫ് കൊൺറാഡ് എന്ന പ്രസിദ്ധ നോവലെഴുത്തുകാരൻ പ്രസ്താവിച്ചിട്ടുള്ളതു ശ്രദ്ധേയമാണു്. "കരുണാർദ്രമായ ഒരു ഹൃദയത്തോടുകൂടിയാണു് ഈ മനുഷ്യൻ തൻെറ കൃതികൾ രചിച്ചതു്. തൻെറ കഥാപാത്രങ്ങളെ നിഷ്കരുണമായും എന്നാൽ സൗമ്യതയോടുകൂടിയും ആ മനുഷ്യൻ ചിത്രീകരിച്ചിരിക്കുന്നു. അവരുടെ കഷ്ടപ്പാടുകളെയും, വഞ്ചനകളെയും, ദുഃഖങ്ങളെയു അഗാധമായ കരുണ നിറഞ്ഞ ദൃഷ്ടികളോടുകൂടിയാണു് അദ്ദേഹം വീക്ഷിക്കുന്നതു്. സകലരേയു ഒന്നുപോലെ നിരീക്ഷിക്കുന്നു. മോപ്പസാങ്ങ എല്ലാം കാണുന്നു. കണ്ടിട്ടു മുഖം തിരിക്കുന്നുമില്ല."

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

SAHITH VIL
KILIK
SPO T

# അന്തോണീസ് പുണ്യവാളൻ

SAHITYA PRAVARTHAKA C.S. LTD.
KOTTAYAM

3882